Date of publication: 9 ജൂലൈ 2015
വോള്യം 10 / ലക്കം 1 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## സ്ത്രീയും വിവർത്തനവും




**അഡ്വ. സുഭദ്ര പരമേശ്വരൻ(1920 – 67) – റഷ്യൻ, ജർമ്മൻ ഭാഷയിലെ പതിനഞ്ചോളം നോവലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.**


എഡിറ്റർ :
ഷീബ കെ.എം.

മാനേജിംഗ് എഡിറ്റർ:
കെ. അജിത

എക്സി.എഡിറ്റർ:
രാജലക്ഷ്മി കെ.എം.

ഗസ്റ്റ് എഡിറ്റർ :
ഷീബ എം. കുര്യൻ

പത്രാധിപ സമിതി :
ഡോ. ജാൻസി ജോസ്,
ഗിരിജ പി. പാതേക്കര,
ജ്യോതി നാരായണൻ,
ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത,
ഡോ.ഖദീജ മുംതാസ്,
സുനീത ടി.വി.,
അഡ്വ.കെ.കെ.പ്രീത,
ഷീബാ ദിവാകരൻ,
ഷംഷാദ് ഹുസൈൻ,
കുസുമം ജോസഫ്, സുൽഫത്ത്

സർക്കുലേഷൻ മാനേജർ :
ചാരുലത എ.എസ്.

ഉപദേശകസമിതി :
സുഗതകുമാരി,
പ്രൊഫ. എം. ലീലാവതി,
ഡോ. ശാരദാമണി,
ഡോ. മല്ലികാസാരാഭായ്,
ഡോ. ബീനാപോൾ

ലേഔട്ട് & കവർ:
സുവിജ

പ്രിന്റിംഗ് :
ഏ - വൺ ഓഫ്സെറ്റ് പ്രിന്റ്സ്,
0495 2441934, 2442934

സംഘടിത മാസിക
അന്വേഷി വിമൻസ് കൗൺസലിംഗ്
സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ.,
കോഴിക്കോട്, ഫോൺ: 0495 2354041
09495230146

sanghadithacalicut@gmail.com,
anweshicalicut@gmail.com
www.anweshi.org
www.sanghaditha.com


# സംഘടിത

# ഉള്ളടക്കം


ജൂലൈ 2015 |വോള്യം 10 |ലക്കം 1



7. വിവർത്തനസാഹിത്യം - **ലീലാ സർക്കാർ**
8. വിവർത്തനം ഒരാവശ്യമോ അതോ കലയോ - **വാസന്തി ശങ്കരനാരായണൻ**
10. വിവർത്തനവിമർശനത്തിന്റെ ആവശ്യകത - **കെ. പി. പ്രമീള**
11. പരിഭാഷയുടെ വഴിയിൽ - **രമാ മേനോൻ**
13. എൻഗുഗിയുടെ അനുഭവങ്ങൾ - **സുപ്രിയ എം.**
14. എന്തിന് വിവർത്തനം ചെയ്യുന്നു? - **പ്രേമ ജയകുമാർ**
16. യുലീസസിന് മലയാളത്തിൽ ഒരു മൊഴിമാറ്റം: വിവർത്തനപ്രക്രിയയിൽ സൈദ്ധാന്തീകരണത്തിനുള്ള സ്ഥാനം - **ചിത്ര പണിക്കർ**
19. ഇട്ടിക്കോരയുടെ മൊഴിമാറ്റവഴികൾ - **പ്രിയ കെ. നായർ**
20. പരിഭാഷ എന്റെ കാഴ്ചപ്പാടിൽ - **ബി. എം. സുഹറ**
22. ട്രാൻസ്‌ലേഷനല്ല, ട്രാൻസ്ക്രിയേഷൻ - **ശ്രീകുമാരി രാമചന്ദ്രൻ**
23. ഫെമിനിസ്റ്റ് ജാഗ്രതയും പരിഭാഷയും: പ്രാദേശികഫെമിനിസത്തെക്കുറിച്ചു ചില ചിന്തകൾ - **ജെ. ദേവിക**
25. മൊഴിമാറ്റത്തിന്റെ അനിവാര്യത - രാധിക പി മേനോൻ
26. വിവർത്തനം എന്ന സർഗ്ഗക്രിയ - **കൃഷ്ണവേണി**
27. പരിഭാഷ നൽകുന്ന സംതൃപ്തി - **ഗൗരി എം. കെ.**
28. താളുകൾക്കിടയിലെ പ്രപഞ്ചം - **ജെനി ആൻഡ്രൂസ്**
29. എഴുത്തിന്റെ ഉൾപുളകങ്ങൾ - **പി. സീമ**
30. വിവർത്തനം എന്ന അനുഭവം - **കെ. മുത്തുലക്ഷ്മി**
32. വിവർത്തനം, സ്ത്രീ... - **കബനി സി.**
36. ഉണർവിലേക്കുള്ള ദൂരം (കവിത) - **ആർഷ ചന്ദ്രൻ**
37. എന്റെ വിവർത്തനാനുഭവങ്ങൾ - **ഹഫ്സത്ത്**
38. പെൺപക്ഷം - **അജിത കെ.**
39. രാഷ്ട്രീയനിരീക്ഷണം - **ജ്യോതിനാരായണൻ**
41 ഉപ്പും മുളകും - **ഗീത**
42. വാസ്തവം - **ഡോ. ജാൻസി ജോസ്**
43. രാത്രിയിൽ ഒറ്റക്കിറങ്ങി നടക്കുന്നവൾ (കഥ) - **രുഗ്മിണി**
45 പരിഭാഷയുടെ വെല്ലുവിളികൾ - **പി. ജയലക്ഷ്മി**
46. 'ഈ നേരം കൊണ്ട് സ്വന്തമായെന്തെങ്കിലും എഴുതിക്കൂടേ' - **എം. സാജിത**
47. സീത ചോദിച്ചു പിന്നെയും (കവിത) - **ജാനമ്മ കുഞ്ഞുണ്ണി**
48. വാക്ക് തിരികെ വന്ന വഴി - **സുനീത ബാലകൃഷ്ണൻ**
49. വിവർത്തനവും ഞാനും - **കെ. ഉഷ**
50. ചില വിവർത്തനാനുഭവങ്ങൾ - **സി. കമലാദേവി**
52. വിവർത്തനവഴികൾ - **പ്രഭ സക്കറിയാസ്**
53. വിവർത്തനം ഒരു ഉൾവിളിയാണ് - **ഐറിസ്**
54. പരിസ്ഥിതിയും പരിഭാഷയും - **മിനിപ്രിയ ആർ.**
54. എന്റെ വിവർത്തനാനുഭവം - **അനിത എം. പി.**
55. ടച്ച് ൽ നിന്ന് സ്പർശത്തിലേക്ക് - **ബിന്ദു വി. എസ്**
57. വിവർത്തകർ അനുഭവിച്ചു വായിച്ചില്ലെങ്കിൽ വിവർത്തനം വായിക്കുന്നവർ അനുഭവിക്കും - **റിൻസി എബ്രാഹം**
58. ഇലകളിലേക്ക് വിവർത്തനം ചെയ്തവ - **രോഷ്നി സ്വപ്ന**
59. ശാസ്ത്രം - **സീമ ശ്രീലയം**
60. വിവർത്തനവും ലിംഗപരതയും - **കാതറിൻ തങ്കമ്മ**



# പത്രാധിപക്കുറിപ്പ്



ഷീബ കെ.എം.

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളോടുള്ള പൊതുമനോഭാവം തന്നെയാണ് ഈയിടെ ചെന്നൈ ഹൈക്കോടതിയിലെ ന്യായാധിപനും പ്രകടിപ്പിച്ചിട്ടുള്ളത്. കാലങ്ങളായി, ഇന്ത്യയുടെ പലഭാഗത്തും ബലാത്സംഗത്തിനിരയാവുന്ന പെൺകുട്ടികളേയും സ്ത്രീകളേയും പ്രതികളായ പുരുഷന്മാരെക്കൊണ്ടു തന്നെ വിവാഹം ചെയ്യിപ്പിക്കുന്ന 'നീതി' നടപ്പാക്കപ്പെടുന്നുണ്ട്. സ്വന്തം ശരീരത്തിനും മനസ്സിനും നേരെ അതിക്രൂരമായ കൈയ്യേറ്റങ്ങൾ നടത്തിയ ആളെത്തന്നെ ജീവിതപങ്കാളികളായി സ്വീകരിക്കാനുള്ള സമ്മർദ്ദങ്ങൾ എത്രമേൽ നീചമാണ്! സുപ്രീംകോടതി ഈ കേസിൽ ഇടപെട്ടത് ആശാവഹമായ തിരുത്തലുകൾക്ക് വഴിതെളിച്ചുവെന്നത് ആശ്വാസകരം തന്നെ.

അമേരിക്കയിലെ സുപ്രീംകോടതി സ്വവർഗ്ഗവിവാഹങ്ങൾക്ക് പിന്തുണയേകിക്കൊണ്ട് ജൂൺ 26ന് പുറപ്പെടുവിച്ച ചരിത്രപ്രധാനമായ വിധി മനുഷ്യസമൂഹത്തിന്റെ ജനാധിപത്യവത്ക്കരണത്തിന് വഴിതെളിയിക്കുമെന്ന് പ്രത്യാശിക്കട്ടെ. വർണ്ണവെറിയും അതുയർത്തിവിടുന്ന കൂട്ടക്കുരുതികളും സാധാരണമായിത്തീർന്നിരിക്കുന്ന അമേരിക്കൻ സമൂഹത്തിൽ ഇതൊരു ആശാദീപമാവട്ടെ. ഭരണഘടനയിലെ 377–ാംവകുപ്പ് പിൻവലിക്കാൻ ഇനിയും തയ്യാറായിട്ടില്ലാത്ത ഇന്ത്യക്കും ഇതൊരുപാഠമാവട്ടെ. ഉയർന്ന സാമൂഹ്യപദവിയോ സാമ്പത്തികവ്യവസ്ഥയോ ലിംഗപരമായ വസ്തുവത്ക്കരണത്തിൽ നിന്നു സ്ത്രീകളെ മോചിപ്പിക്കുന്നില്ലെന്ന യാഥാർത്ഥ്യം വീണ്ടും വെളിവാക്കിയിരിക്കുകയാണ് ഹൈദ്രബാദിലെ ഐ.എ.എസ് ഉദ്യോഗസ്ഥ പ്രമുഖ പ്രസിദ്ധീകരണമായ 'ഔട്ട് ലുക്കി'നെതിരെ പരാതി നൽകാൻ ഇടയാക്കിയ സംഭവം. ഭരണസാരഥ്യത്തിലിരിക്കുമ്പോഴും തന്റെ സാന്നിദ്ധ്യം കണ്ണിനു മധുരം (eye candy) ആണെന്നതാണ് പ്രസിദ്ധീകരണത്തിലെ പരാമർശം. ഒപ്പം വരച്ചുചേർത്ത ചിത്രമാവട്ടെ അതിലും തരംതാഴ്ന്നതും. മറ്റൊരുസംഭവം പൈലറ്റും കൊച്ചി എയർ ഇന്ത്യ എക്സ്പ്രസ്സ് ചീഫ് ഓഫ് ഓപ്പറേഷൻസുമായ ആർ.പി സിങ്ങിനെതിരെ മഹാരാഷ്ട്രക്കാരിയായ എയർഹോസ്റ്റസ് നൽകിയ പരാതിയാണ്. താൻ നിരന്തരമായി പീഡിപ്പിക്കപ്പെടുന്നുണ്ടെന്ന പരാതി നൽകിയിട്ട് മൂന്ന് മാസമായിട്ടും നടപടിയൊന്നുമുണ്ടായില്ലെന്ന് അവർ പറയുന്നു. ഇങ്ങനെ പുറത്തറിയുന്നതിലും അനേകം മടങ്ങ് സംഭവങ്ങൾ ആരാലും അറിയാതെ തേച്ചുമാച്ചു കളയപ്പെടുന്നു. പരിഹാരങ്ങൾ എവിടെ നിന്നു തുടങ്ങണം. പോലീസ്, നിയമം, കോടതി, മാധ്യമങ്ങൾ, സർക്കാർ നയങ്ങൾ അങ്ങനെയങ്ങനെ നിരന്തരപ്രക്ഷോഭങ്ങൾ ഏറ്റെടുക്കാനുള്ള മേഖലകൾ അവസാനിക്കുന്നില്ല തന്നെ.

സ്ത്രീകളുടെ നാനാമേഖലകളിലുമുള്ള നേട്ടങ്ങൾ കാലാകാലങ്ങളിൽ വ്യവസ്ഥിതിയാൽ തമസ്ക്കരിക്കപ്പെട്ടിട്ടുണ്ട്. കുടുംബജീവിതത്തിലെന്നപോലെ കലയിലും സാഹിത്യത്തിലും ശാസ്ത്രരംഗങ്ങളിലുമൊക്കെ സ്ത്രീകൾ ഗണ്യമായ സംഭാവനകൾ ഒന്നും തന്നെ നൽകിയിട്ടില്ലെന്ന പ്രതീതി ഉളവാക്കുംവിധം ചരിത്രാഖ്യാനങ്ങൾ തുടർന്നിട്ടുണ്ട്. കമ്പ്യൂട്ടറിന്റെ ഉപജ്ഞാതാവായി ചാൾസ് ബാബേജ് കുട്ടികൾക്കുപോലും സുപരിചിതനാണെങ്കിലും കമ്പ്യൂട്ടർ കോഡ് എഴുതിയത് ഏടാ ലാവ്‌ലോസ് എന്ന സ്ത്രീയായിരുന്നു എന്നത് ആർക്കും അറിഞ്ഞുകൂടാ. യൂറോപ്യൻ നവോത്ഥാന ചരിത്രത്തിലെ റാഫേലും മൈക്കൽ ആഞ്ജലോയുമൊക്കെ നമ്മെ രോമാഞ്ചം കൊള്ളിക്കുമ്പോൾ കാറ്ററീന വെൻഹെമെസ്സൻ, ലവീനിയ ഫൊന്റാന, ലെവീന ടീർലിങ്ക് തുടങ്ങിയ നൂറോളം പ്രഗത്ഭമതികളായ ചിത്രകാരികൾ അന്നു ജീവിച്ചിരുന്നുവെന്ന് ചിത്രകലാവിദ്യാർത്ഥികൾക്കുപോലും അറിയാമോ എന്ന് സംശയം. പ്രശസ്തിയിൽ നിന്നും പരിഗണനയിൽ നിന്നും സ്ത്രീകളെ ക്രമമായി മാറ്റി നിർത്താൻ ആൺകോയ്മ വ്യവസ്ഥിതിക്ക് സാധ്യമായിട്ടുണ്ട്. അതിനാൽ തന്നെ ഇത്തരം വീണ്ടെടുപ്പുകൾ ചരിത്രമെഴുത്തുകളുടെ അവശ്യഘടകങ്ങൾ ആവേണ്ടതുണ്ട്.

സാഹിത്യലോകം വളരെ കാലത്തോളം പുരുഷപ്രമാണിത്തത്തിന്റെ ഇടമായി അവരോധിക്കപ്പെട്ടിട്ടുണ്ട്. എഴുതാൻ മടിച്ച, എഴുതിയത് പ്രസിദ്ധീകരിക്കാൻ ധൈര്യമില്ലാതിരുന്ന, പ്രസിദ്ധീകരിക്കുമ്പോൾ പുരുഷനാമധേയങ്ങളിലറിയപ്പെടാൻ ശ്രമിച്ച ആദ്യകാല എഴുത്തുകാരികളെക്കുറിച്ച് നമുക്ക് അറിയാം. ഒരിക്കലും വെളിച്ചം കാണാതെ മണ്ണടിഞ്ഞ സ്ത്രീസർഗ്ഗഭാവനകൾ ചരിത്രത്തിലടയാളപ്പെടുത്താതെ പോയി! സാഹിത്യത്തിൽ പ്രത്യേകിച്ചും വളരെ കുറഞ്ഞ ശ്രദ്ധമാത്രം കിട്ടിയിട്ടുള്ള വിവർത്തനരംഗത്തെ സജീവ സ്ത്രീസാന്നിദ്ധ്യം കുറിയ്ക്കുന്നതാണ് ഷീബ എം.കുര്യൻ സമ്പാദകയായ ഈ ലക്കം സംഘടിത. സ്ത്രീരാഷ്ട്രീയത്തിന്റെ സുപ്രധാനമായ ഒരു ഇടം കുറിക്കൽ കൂടിയാണീ ലേഖനങ്ങൾ എന്ന് ഞാൻ വിശ്വസിക്കുന്നു. വായനക്കാർക്ക് സ്ത്രീവിവർത്തനങ്ങളിലേക്ക് സ്വാഗതം.

## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



# വിവർത്തനരംഗത്തെ സ്ത്രീസാന്നിദ്ധ്യം

ഷീബ എം. കുര്യൻ

സമകാലികമലയാളത്തിൽ സാഹിത്യരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീവിവർത്തകരുടെ എണ്ണമെടുത്തപ്പോൾ അത്ഭുതമാണുണ്ടായത്.. നൂറോളം പേർ. സാഹിത്യേതരമേഖലകൾ കൂടി കണക്കാക്കിയാൽ അതിലുമധികം.. ഇവരിൽ കുറച്ചുപേരെങ്കിലും സർഗ്ഗാത്മക സാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. വിവർത്തനരംഗത്ത് മാത്രമുള്ളവരാണ് കൂടുതലും. വിവർത്തനപുസ്തകങ്ങളിൽ പേരുണ്ടെന്നല്ലാതെ വിലാസം പോലുമില്ലാത്ത വിവർത്തകരെയാണ് ആദ്യം ഓർത്തത്. പുസ്തകത്തിനു പിന്നിൽ അദൃശ്യരായ വിവർത്തകരുടെ പേരുകളുമായി പ്രസിദ്ധീകരണശാലകളിലും സുഹൃത്തുക്കൾക്കിടയിലും നടത്തിയ അന്വേഷണങ്ങൾക്കൊടുവിലാണ് അമ്പതോളം പേരുടെ ഫോൺനമ്പരുകൾ സംഘടിപ്പിക്കാനായത്. പറയാനൊരുപാട് ഇവർക്കുമുണ്ട്. ഈലക്കം സംഘടിത ഈ സ്ത്രീക്കൂട്ടത്തിന് കാതോർക്കുകയാണ്.

ഇതൊരു സ്ത്രീക്കൂട്ടം തന്നെയാണ്. കേരളത്തിൽ സ്ത്രീവിവർത്തകരെന്ന കൂട്ടം അവരറിയാതെ രൂപമെടുക്കുന്നു. കുടുംബത്തിനും ജോലിസ്ഥലത്തുമൊതുങ്ങിപ്പോകുന്നതിന് പകരം, പഠിക്കാനും ചിന്തിക്കാനും എഴുതാനും ലഭിച്ച അവസരം /സ്വാതന്ത്ര്യമുപയോഗിച്ച് സാധ്യമായ ഒരു ലോകം കെട്ടിപ്പടുത്തവരാണ് ഈ കൂട്ടത്തിലുള്ളത്. ആത്മസംതൃപ്തി നൽകുന്ന ഒരു പ്രവൃത്തി ചെയ്യാൻ അഥവാ ചരിത്രത്തിൽ അടയാളപ്പെടുത്താൻ ലഭിച്ച അവസരം ഫലപ്രദമായി വിനിയോഗിച്ച ഇവർ ഓരോ സ്ത്രീയ്ക്കും മാതൃകയാണ്. കഠിനാധ്വാനം ചെയ്യാനുള്ള സ്ത്രീയുടെ സ്വതഃസിദ്ധമായ കഴിവാണവർ വിനിയോഗിച്ചത്. അതുവഴി അവരുടെ ജീവിതത്തിന് ക്രിയാത്മകമായ ഒരർത്ഥമുണ്ടായി. നിശ്ചിതസമയത്തിനുള്ളിൽ ഇഷ്ടമുള്ള ഒരു ജോലി ചെയ്തുതീർക്കുമ്പോൾ ലഭിക്കുന്ന സുഖം, ആത്മസംതൃപ്തി അവരനുഭവിക്കുന്നു. പ്രസാധനരംഗത്തെ മത്സരങ്ങളും വിവർത്തനപുസ്തകങ്ങളുടെ സ്വീകാര്യതയും വിവർത്തകരുടെ ആവശ്യകതയിലേക്ക് നയിച്ചു. അങ്ങനെയാണ് അറിവും കഴിവുമുള്ള ഒരു കൂട്ടം സ്ത്രീകളെ തേടി 'ഇതൊന്ന് വിവർത്തനം ചെയ്ത് തരുമോ' എന്ന അഭ്യർത്ഥനയെത്തുന്നത്. പ്രസാധകരുടെ മുന്നിൽ ചിലവു കുറഞ്ഞ തൊഴിലാളികളായി അവർ മാറുന്നുണ്ടോ എന്നത് സൂക്ഷിക്കേണ്ട സംഗതിയാണ്.

എഴുത്തുകാരെ സംബന്ധിച്ച്, പ്രസിദ്ധീകരണശാല ഒരധികാരകേന്ദ്രമാണ്. അത് കനിഞ്ഞാൽ മാത്രമേ എഴുതിയത് സമൂഹത്തിലെത്തിക്കാനാവൂ. പ്രസാധകർ നേരിട്ടേൽപ്പിക്കുന്ന കമ്മീഷൻ ചെയ്തെത്തുന്ന വിവർത്തനങ്ങളുടെ പ്രസാധനം നിരവധി കോപ്പികൾ വിറ്റഴിക്കുക എന്ന മുന്നസ്തിത്വമുള്ളതാണ്. വിശ്വസിച്ചേല്പിക്കുന്ന ജോലിക്ക് തക്ക പ്രതിഫലവും ലഭിക്കും. വിവർത്തനത്തെ പ്രൊഫഷണലായി സമീപിക്കുന്നവരും ഈ സ്ത്രീവിവർത്തകരിലുണ്ട്. സ്വതന്ത്രരചന നേരിടുന്ന പ്രസാധനത്തിന്റെ വെല്ലുവിളികളൊന്നുമില്ലാതെ സമൂഹത്തിൽ സ്വയം അടയാളപ്പെടുത്താൻ കഴിയുമെന്ന തിരിച്ചറിവാണ് വിവർത്തനത്തിനു വേണ്ട സമയം ബാക്കി വെയ്ക്കുന്നതിന്/ കണ്ടെത്തുന്നതിന് വിദ്യാസമ്പന്നരായ ഈ സ്ത്രീകളെ പ്രേരിപ്പിച്ചത്. കുടുംബത്തിന്റെ ഉത്തരവാദിത്തവും ഔദ്യോഗിക ഉത്തരവാദിത്തങ്ങളും കഴിഞ്ഞ് ലഭിക്കുന്ന ഇടവേളകളാണ് ഈ സാഹിതീയ പ്രക്രിയയ്ക്ക് നൽകിയത്. ജോലിയിൽ നിന്ന് വിരമിച്ചതിനു ശേഷം സജീവവിവർത്തനത്തിലേക്കിറങ്ങിയവരും ഇവരിലുണ്ട്. ജോലി വേണ്ടെന്ന് വെച്ച് ഈ തൊഴിലിലേർപ്പെട്ടവരും കുറവല്ല.

മറ്റുള്ളവർ തിരിച്ചറിയുന്നതാണ് ഓരോരുത്തരുടെയും വ്യക്തിസ്വത്വം(identity). ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നത് വ്യക്തിയുടെ അകംപുറം സ്വത്വത്തിൽ വലിയ പരിവർത്തനങ്ങളുണ്ടാക്കുന്നുണ്ട്. പിതൃകേന്ദ്രിതസമൂഹത്തിൽ സ്ത്രീക്ക് മേൽവിലാസം ലഭിക്കുന്ന എല്ലാ പ്രതിനിധാനപ്രക്രിയകളും രാഷ്ട്രീയ(political)മാണ്. പുരുഷന്റെ സ്ഥാനത്ത് സ്ത്രീ പരിഗണിക്കുന്നു എന്നതു മുതൽ സൃഷ്ടിക്കുന്നതും പുനർസൃഷ്ടിക്കുന്നതുമായ എല്ലാ ഭാഷാപ്രയോഗങ്ങളും ജീവിതാനുഭവങ്ങളും സാമൂഹികാനുഭവങ്ങളും രാഷ്ട്രീയമെന്ന നിലയിൽ പ്രവർത്തിക്കുന്നു. സ്ത്രീയുടെ സ്വതന്ത്രരചനകൾ സത്യത്തിനും കെട്ടുകഥയ്ക്കുമിടയിൽ നിർത്തി ചോദ്യം ചെയ്യുന്ന അധികാരവ്യവസ്ഥ വിവർത്തനങ്ങളെ വെറുതെവിടുന്നു! ഇവിടെ സ്ത്രീസ്വത്വം മറ്റൊരാളിന്റെ നിഴലിലാണല്ലോ നിൽക്കുന്നത്. ആ ഒളിഞ്ഞുനോട്ടങ്ങളിൽ നിന്നും ചുഴിഞ്ഞുനോട്ടങ്ങളിൽ നിന്നും വിവർത്തനകൃതി സുരക്ഷിതമാണ്. അതായത്, സ്ത്രീയെഴുത്തിന് ലഭിക്കുന്ന മുൻവിധികൾ വിവർത്തനങ്ങൾക്ക് ബാധകമല്ല എന്നർത്ഥം. സമൂഹത്തിന്റെ മുൻവിധികളിൽ നിന്ന് മാറിനിൽക്കുന്നത് സ്ത്രീവിവർത്തകർ ആഘോഷമാക്കി മാറ്റിയതാണ് ഇന്ന് പ്രസാധനരംഗത്ത് കാണുന്നത്. സർഗ്ഗാത്മകതയുടെ പുതിയ പ്രകടനരൂപങ്ങൾ കണ്ടെത്താൻ സ്ത്രീക്കൂട്ടത്തിന് കഴിയുന്നുവെന്നതിന്റെ ഉദാഹരണമാണിത്. മാത്രമല്ല, സ്ത്രീരചനകളുടെ വിവർത്തനങ്ങളിൽ സ്ത്രീകൾ തന്നെ ഏർപ്പെടുന്നതും പരസ്പരവിശ്വാസത്തോടെ ഏല്പിക്കുന്ന സമകാലികമലയാളസ്ത്രീരചനകളുടെ വിവർത്തനശ്രമങ്ങളും സ്ത്രീഎഴുത്തുകാരിൽ പ്രവർത്തിക്കുന്ന സൂക്ഷ്മരാഷ്ട്രീയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അത് തെളിയിക്കുന്നവയാണ് ഈ അനുഭവക്കുറിപ്പുകളെല്ലാം. വിവർത്തനപ്രക്രിയയെക്കുറിച്ച് ഇവർക്കൊരുപാട് പറയാനുണ്ട്. സ്ഥലപരിമിതി വലിയ ലേഖനങ്ങളെ അനുവദിക്കുന്നില്ലെന്നേയുള്ളൂ.

റഷ്യൻ, ജർമ്മൻ ഭാഷകളിലെ പതിനഞ്ചോളം നോവലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത അഡ്വ. സുഭദ്രാ പരമേശ്വരനാ(1920-1967)ണ് കവർച്ചിത്രം. അനുഭവക്കുറിപ്പുകൾ അയച്ചുതന്ന എല്ലാവർക്കും, ഇതൊരു പ്രത്യേക ലക്കമാക്കാൻ സമ്മതിച്ച സംഘടിതയ്ക്കും നന്ദി.



ലീലാ സർക്കാർ

# വിവർത്തന സാഹിത്യം

ഭാഷയുടെ ശക്തമായ ശാഖയാണ് വിവർത്തനം. ഒരുകാലത്ത് വിരലിലെണ്ണാവുന്നവർ മാത്രമുണ്ടായിരുന്ന ഈ മേഖലയിൽ സ്ത്രീകളടക്കം നിരവധിപേർ കടന്നുവന്നത് അഭിമാനകരമാണ്.

ഞാനീരംഗത്ത് കടന്നുവരുന്നത് ഭാഷമറക്കരുത് എന്ന ഒരൊറ്റ വിചാരത്തിലാണ്. 1978ലാണ് ഈ പണി തുടങ്ങിയത്. പഠിച്ചുതുടങ്ങിയ ബംഗാളി ഭാഷ കൂടുതലറിയാനുള്ള ആഗ്രഹത്തിലാണ് വിവർത്തനം ചെയ്തത്. ഒരു കഥ പ്രസിദ്ധീകരിക്കുക എന്നത് എങ്ങനെ സാധ്യമാകുമെന്ന് പോലും ഞാൻ ഭയപ്പെട്ടിരുന്നു. അന്നത്തെ പ്രധാനമാസികകൾക്ക് അയച്ചതിന്റെ ഫലമായി ഓരോരുത്തരായി കഥകൾ സ്വീകരിക്കാനും പ്രസിദ്ധീകരിക്കാനും തുടങ്ങി. ആദ്യം അത് കണ്ടപ്പോഴത്തെ ആനന്ദം പറഞ്ഞറിയിക്കുക പ്രയാസമാണ്. വിവർത്തനം ചെയ്യാനായി കഥകളും നോവലുകളും ഞാനെന്റെ ഇഷ്ടപ്രകാരം സ്വീകരിച്ചു. ബിമൽക്കറിന്റെ *അസമയ*ത്തിനു ലഭിച്ച പണമാണ് ഞാൻ ആദ്യം കണ്ട സ്വന്തം സമ്പാദ്യം. അന്ന് നിലീനാ എബ്രഹാം ചെയ്തതുപോലെ ബംഗാളിയിലേക്കു വിവർത്തനം ചെയ്യാനുള്ള ആഗ്രഹമുണ്ടായെങ്കിലും ഇനിയും നിറവേറ്റാനായില്ല. ബംഗാളി പ്രസാധകരോട് അടുപ്പമോ അറിവോ ഇല്ലാത്തതാണ് പ്രധാന കാരണം. ബംഗാളിയിൽ നിന്നുള്ള വിവർത്തനത്തിൽ എന്നെ ഏറ്റവുമധികം വിഷമിപ്പിച്ചത് വൃക്ഷങ്ങളുടെയും പൂക്കളുടെയും പേരുകളാണ്. ഒടുവിൽ ഒരു നിഘണ്ടുവരെ തയ്യാറാക്കുന്നതിലേക്ക് ആ അന്വേഷണം നീണ്ടു. വംഗഭാഷാപ്രേമികൾക്ക് അത് സഹായകമാകുമെന്ന് കരുതുന്നു.

വിവർത്തനം ഒരു വരുമാനത്തിനുള്ള പണിയായി എടുക്കാൻ സാദ്ധ്യമല്ല. ഇന്നും വിവർത്തകർക്ക് കിട്ടുന്ന പ്രതിഫലമെന്താണെന്ന് എല്ലാ വിവർത്തകർക്കുമറിയാം. അക്കാര്യത്തിൽ പ്രസാധകരും സർക്കാരും മനസ്സിരുത്തേണ്ടതാണ്. മൂലലേഖകരെക്കാളും സമയവും പ്രയത്നവുമാവശ്യമുള്ള പണിയാണ് വിവർത്തനം എന്നാണെന്റെ അഭിപ്രായം. എന്നാലും ഒരു പുസ്തകം തുടങ്ങിയാൽ അത് തീരുംവരെ മനസ്സിന് പിടച്ചിലാണ്. മുഴുവനാക്കാൻ കഴിയില്ലേ എന്ന മനസ്സറിയാത്ത ദുരാഗ്രഹമാണ് നിറയെ. വിവർത്തനം വഴി ലഭിക്കുന്ന ഭാഷാബലം വിവർത്തകർ ആവുന്നത്ര പ്രയോജനപ്പെടുത്തണം. സ്വതന്ത്രകൃതികളെഴുതിയില്ല എന്ന എന്റെ നിരാശ പുതുതലമുറ വിവർത്തകർക്കുണ്ടാവരുത്. ചിന്താഗതിയെ, ഓർമ്മകളെ, അനുഭവങ്ങളെ അതിനുതകിയ ഭാഷയിലെഴുതി ഭാഷയുടെ നീരോട്ടം നനവുള്ളതാക്കിവെയ്ക്കാനോർക്കണം. സഹോദരിമാരേ, വിജയത്തിലെത്താൻ ഒരു കുറുക്കുവഴിയുമില്ല. ആത്മാർത്ഥതയോടു കൂടിയ കഠിനാധ്വാനമൊന്നു മാത്രം. ബംഗാളിയിൽ ഒരു ചൊല്ലുണ്ട്: "കഷ്ട്നാകർലേ കേഷ്ടോ പായ്ന"-ബുദ്ധിമുട്ടുന്നവർക്കേ സഫലത നേടാനാവൂ. ●

*(വിവർത്തനത്തിനുള്ള കേന്ദ്ര-കേരളഅവാർഡുകളുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.)*

കവർസ്റ്റോറി

# വിവർത്തനം ഒരാവശ്യമോ അതോ കലയോ



വാസന്തി ശങ്കരനാരായണൻ

എന്റെ മാതൃഭാഷയായ മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് ഏഴെട്ട് നോവലുകൾ തർജ്ജമ ചെയ്തതിന്റെ അനുഭവത്തിലാണ് ഈ കുറിപ്പെഴുതുന്നത്. പുസ്തകം എഴുതപ്പെട്ട ഭാഷയിൽ സാധാരണഅറിവും വിവർത്തനം ചെയ്യാനുദ്ദേശിക്കുന്ന ഭാഷയിൽ നല്ല അറിവും വേണമെന്ന അഭിപ്രായത്തോടുള്ള വിയോജിപ്പ് സൂചിപ്പിക്കാനാണ് ആദ്യമാഗ്രഹിക്കുന്നത്. ഈ പ്രാദേശികഭാഷ അറിഞ്ഞാൽ മാത്രം പോരാ ആ ഭാഷയോട് അകമഴിഞ്ഞ സ്നേഹവും, ആ ഭാഷയുടെ എല്ലാ വശങ്ങളിലും നല്ല പരിജ്ഞാനവും ഉണ്ടായാലേ വിവർത്തനം വിജയിക്കൂ എന്നാണെന്റെ അനുഭവം. ഇരുഭാഷകളോടുമുള്ള നിരന്തര പരിചയം കൊണ്ടു മാത്രമേ ശൈലിയിലും പ്രമേയത്തിലുമുള്ള മാറ്റങ്ങളെ ഉൾക്കൊള്ളാനാവൂ. കൈകാര്യം ചെയ്യുന്ന രണ്ടു ഭാഷകളോടും ഇത്തരത്തിൽ നീതി പുലർത്താൻ എപ്പോഴും അശ്രാന്തപരിശ്രമം നടത്താറുണ്ട്. രണ്ടു സംസ്കാരങ്ങളും ചരിത്രങ്ങളും ഉൾപ്പൊരുളുകളും ഞാനറിയുന്നു. സ്നേഹവും ആദരവും തോന്നിയ ഈ ഭാഷകളോടുള്ള കൂറു കാണിക്കാനാണ് ഞാൻ വിവർത്തനത്തിലേർപ്പെടുന്നത്. മലയാളം എന്റെ ഹൃദയത്തിന്റെ ഭാഷയാണ്, ഇംഗ്ലീഷ് ബുദ്ധിയുടേയും. അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഈ രണ്ടു ഭാഷകളുമാണ് എനിക്ക് ഭാവനയും പ്രേരണയും ഊർജ്ജസ്വലതയും തരുന്നത്.

ഭാഷയുടെയും ശൈലിയുടെയും വികാരത്തിന്റെയും

തലത്തിൽ ഉദ്ദീപനം നൽകുന്നവയാണ് പുസ്തകങ്ങൾ. ഈ മൂന്നു കാര്യങ്ങളിലും എനിക്കു സന്തുഷ്ടി തരുന്ന പുസ്തകങ്ങളേ ഞാൻ തർജ്ജമയ്ക്കെടുക്കാറുള്ളു. പിന്നീടാണ് ഗ്രന്ഥകർത്താവിന്റെ അനുമതിക്കായി ശ്രമിക്കുക. ആരെയും പ്രീതിപ്പെടുത്താനോ ജനസമ്മതി നേടാനോ അല്ല ഈ പണി ചെയ്യുന്നത്. എനിക്കിഷ്ടപ്പെട്ട പുസ്തകം, മഹനീയമാണെന്ന് എനിക്ക് തോന്നുന്ന പുസ്തകം ലോകരെ അറിയിക്കാനുള്ള വഴിയായാണ് ഞാൻ വിവർത്തനത്തെ കാണുന്നത്. മറ്റൊരു നിർബന്ധം സ്ത്രീവിരുദ്ധമായ ആശയങ്ങളോ എനിക്ക് നല്ലപോലെ അറിയാത്ത കാര്യങ്ങളോ ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ തർജ്ജമയ്ക്കെടുക്കില്ല എന്നതാണ്. സ്ത്രീകൾ എഴുതിയതോ അവരോട് തെളിഞ്ഞ മനസ്സോടെ അനുഭാവമുള്ളവർ എഴുതിയ പുസ്തകങ്ങളോ ഞാൻ സന്തോഷത്തോടെ വിവർത്തനത്തിനായി തിരഞ്ഞെടുത്തു. ഇതു ഞാൻ എന്നോടുതന്നെ പുലർത്തുന്ന സത്യത്തിന്റെ ഭാഗമാണ്.

വിവർത്തനം ഒരു സ്ഥിരം തൊഴിലായോ ജീവിതമാർഗ്ഗമായോ തിരഞ്ഞെടുക്കുന്നവർക്ക് ഒരു താക്കീത്! പുസ്തകവിവർത്തനത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം തുച്ഛമാണ്; അതുകൊണ്ട്മാത്രം ദൈനംദിനജീവിതാവശ്യങ്ങൾ നിറവേറ്റാൻ പ്രയാസമാണ്. മുക്കാലും പ്രസാധകർ മുൻകൂർ തുക കൊടുക്കില്ല. സാഹിത്യ അക്കാദമിയെപ്പോലുള്ള സ്ഥാപനങ്ങൾ വാക്കുകളുടേയോ പേജുകളുടേയോ കണക്കനുസരിച്ച് ആദ്യം തന്നെ തീർച്ചപ്പെടുത്തി കൊടുക്കുന്ന തുക ഒന്നിനും തികയില്ല. എഴുതാനുള്ള കടലാസ്, കമ്പ്യൂട്ടർസമയം, തിരുത്തിയെഴുതി മിനുക്കാനെടുക്കുന്ന സമയം, ഗ്രന്ഥകർത്താവിനോടും മറ്റും കൂടുതൽ വിവരങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന ഫോൺ ചിലവും സമയവും,..ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ആവശ്യമായ തുക നേരിടാനേ ആ വേതനം ഉതകൂ. പ്രസാധനം ചെയ്ത് മാർക്കറ്റിലെത്തുമ്പോൾ അത് വിറ്റഴിയുന്ന കണക്കെടുത്ത് ഒരു പ്രതിഫലം നിശ്ചയിക്കും. പുസ്തകം വിൽക്കുന്നതിന്റെ 10% ത്തിൽ കവിഞ്ഞ റോയൽറ്റി ആരു കൊടുക്കാറില്ല. ആ തുക എഴുത്തുകാരനും/രിയും വിവർത്തകനും/യും പങ്കുവെയ്ക്കേണ്ടി വരും. അതാണ് കണക്ക്. ആ തുക തന്നെ കൃത്യമായി കയ്യിൽ എത്തുകയുമില്ല. വിവർത്തനകൃതിക്ക് വലിയ പ്രാധാന്യം കിട്ടുന്നുണ്ടെന്ന് പ്രസാധകരും വായനക്കാരും കൊട്ടിഘോഷിച്ചേക്കാം. പക്ഷേ, വിവർത്തകർക്ക് ലഭിക്കുന്ന പ്രതിഫലം ആ മതിപ്പിനു ചേർന്നതല്ല. ചെയ്യുന്ന പണി നൽകുന്ന സംതൃപ്തിയാണ് വിവർത്തകർക്ക് ലഭിക്കുന്ന യഥാർത്ഥപ്രതിഫലം. വായനക്കാരുടെ അനുമോദനവും ലഭിക്കുന്ന അവാർഡുകളും ബോണസ്സായിട്ടേ കാണാവൂ. വേതനം തുച്ഛമായിട്ടും വിജ്ഞാനം പകർന്നുകൊടുത്ത പഴയ അധ്യാപകരെപ്പോലെയാണ് വിവർത്തകർ. മനഃസംതൃപ്തിയുടെ അളവുകോൽ പണമാണെന്ന് കരുതുന്നവർക്ക് ഈ പണിയോട് നീതി പുലർത്താനാവില്ല.

സ്വന്തമായൊരു പുസ്തകം എഴുതുന്നതുപോലെ അത്ര ക്ലേശകരമോ ഭാവനാനിബദ്ധമോ അല്ല വിവർത്തനമെന്ന് പലരും കരുതുന്നു. വാസ്തവം അതല്ല. സ്വന്തമായൊരു കൃതിയെഴുതുമ്പോൾ സ്വതഃസിദ്ധമായ സിദ്ധി ഉപയോഗിച്ച് എഴുതിയാൽ മതി. എന്നാൽ വിവർത്തനത്തിൽ ആദ്യകൃതിയോട് നീതിപുലർത്തുന്നുണ്ടോ, എഴുതപ്പെടുന്ന ഭാഷയിൽ വിൽക്കപ്പെടുമോ വായനക്കാർക്ക് (ആദ്യകൃതി വായിച്ചിട്ടുള്ളവർക്കും അല്ലാത്തവർക്കും) ഇഷ്ടപ്പെടുമോ തുടങ്ങിയവയെല്ലാം കണക്കിലെടുക്കേണ്ടതുണ്ട്. ഇതിന് വിശേഷമായ ഒരു പ്രതിഭ ആവശ്യമാണ്. വിവർത്തനത്തിലൂടെ പുതിയൊരു ഭാഷ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതിന് തനിമയും പുതുമയും ഉണ്ടാക്കേണ്ടതുണ്ട്. പരിമിതികളെല്ലാം മറികടന്ന് പുതിയൊരു ഭാഷ സൃഷ്ടിക്കുന്നതിൽ അതിന്റേതായ സ്ഥാനവും വിലയും ഉണ്ട്. അത് വെറും ലക്ഷ്യഭാഷ(വിവർത്തനഭാഷ)യല്ല; സ്രോതഭാഷ(പ്രാദേശികഭാഷ)യുടെ സാരാംശങ്ങൾ അതിലുണ്ട്. രണ്ടു ഭാഷയിൽനിന്നും വ്യത്യസ്തം കൂടിയാണത്. പ്രാദേശികഭാഷയിലെ സത്ത ഊറ്റിയെടുത്ത് വിവർത്തനഭാഷയിലെ പരിമിതികൾക്ക് വിലകൊടുത്ത്, രണ്ടു ഭാഷകളോടും നീതി പുലർത്തി വായനക്കാർക്ക് പുതിയ ഭാഷ പ്രദാനം ചെയ്യുകയാണ് വിവർത്തകർ. ട്രാൻസ്ലേഷനല്ല ട്രാൻസ്ക്രിയേഷനാണ് ഇവിടെ നടക്കുന്നത്. ഭാഷാജ്ഞാനത്തിന് അതീതമായ ജ്ഞാനമാണ് ഇവിടെയുള്ളത്. വിവർത്തനം വെറുമൊരു പരിശ്രമമായി കാണാതെ കലയായി കാണുന്നവർക്ക് മാത്രമേ ഈ സത്യം മനസ്സിലാകൂ. പുതിയ ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ആദ്യപുസ്തകത്തിന് പുതിയ ഓജസ്സും ഊർജ്ജസ്സും ലഭിക്കുന്നു. ചിലപ്പോൾ സ്രോതഭാഷാകൃതിയെക്കാൾ മെച്ചപ്പെട്ടതും ആകാ

സ്വന്തമായൊരു പുസ്തകം എഴുതുന്നതുപോലെ അത്ര ക്ലേശകരമോ ഭാവനാനിബദ്ധമോ അല്ല വിവർത്തനമെന്ന് പലരും കരുതുന്നു. വാസ്തവം അതല്ല. സ്വന്തമായൊരു കൃതിയെഴുതുമ്പോൾ സ്വതഃസിദ്ധമായ സിദ്ധി ഉപയോഗിച്ച് എഴുതിയാൽ മതി. എന്നാൽ വിവർത്തനത്തിൽ ആദ്യകൃതിയോട് നീതി പുലർത്തുന്നുണ്ടോ, എഴുതപെടുന്ന ഭാഷയിൽ വിൽക്കപെടുമോ വായനക്കാർക്ക്(ആദ്യകൃതി വായിച്ചിട്ടുള്ളവർക്കും അല്ലാത്തവർക്കും) ഇഷ്ടപെടുമോ തുടങ്ങിയവയെല്ലാം കണക്കിലെടുക്കേണ്ടതുണ്ട്.

നും സാധ്യതയുണ്ട്.

ഇന്ന് വിവർത്തകരുടെ പേരുകൾ ഗ്രന്ഥകർത്താക്കളുടേതിനൊപ്പം പുസ്തകത്തിന്റെ പുറംതാളുകളിൽ പ്രസിദ്ധീകരിക്കുന്ന ഒരവസ്ഥ കൈവന്നിട്ടുണ്ട്. പേരറിയാത്ത അജ്ഞാതരല്ല ഇന്ന് വിവർത്തകർ; എല്ലാവരും ബഹുമതി നൽകുന്ന കർമ്മചാരികളാണ്. ഈ ബഹുമതി തെറ്റായ കാര്യങ്ങൾ കൊണ്ടാകാനും വഴിയുണ്ട്. പുറംരാജ്യങ്ങളിൽ നിന്ന് ബഹുമതി ലഭിച്ചാലേ നമ്മുടെ ആൾക്കാരുടേയും ബഹുമതി നേടാനാവൂ എന്ന അവസ്ഥാവിശേഷം ഇന്ത്യയിൽ പുതിയതല്ല. ടാഗോറിനെയും സി.വി. രാമനെയും അമർത്യാസെന്നിനെയും ആദരിക്കാൻ അന്യനാട്ടുകാർ നൽകിയ നോബൽസമ്മാനങ്ങൾ വേണ്ടിവന്നുവല്ലോ. എന്തോ ആവട്ടെ; എന്നെ സംബന്ധിച്ചിടത്തോളം പ്രാദേശികഭാഷകളിലെഴുതുന്നവരോടുള്ള ബഹുമാനം കാണിക്കുകയാണ് വിവർത്തനത്തിന്റെ പ്രഥമോദ്ദേശം. ബഹുമാന്യകവയിത്രിയായ സരോജിനി നായിഡു ഇംഗ്ലീഷിൽ കവിതകളെഴുതുന്നതും വീട്ടിലേക്കുള്ള കത്തുകൾ പോലും ഇംഗ്ലീഷിലെഴുതുന്നതും കണ്ട് ഒരു ആംഗലപണ്ഡിതൻ പറഞ്ഞുവത്രേ നിങ്ങൾക്ക് അമ്മയ്ക്ക് കത്തെഴുതാനും കവിതകൾ രചിക്കാനും സ്വന്തമായി ഒരു ഭാഷയില്ലേ എന്ന്. എന്റെ ഭാഷ, എനിക്കിഷ്ടപ്പെട്ട പുസ്തകം, അതെല്ലാം പുറംനാട്ടുകാരും അറിയട്ടെ എന്നു ഞാൻ കരുതുന്നു. അല്ലെങ്കിൽ, അനേകം സൽമാൻ റുഷ്ദിമാർ ഇനിയും പ്രാദേശികഭാഷകളെയും അവയിലെ കൃതികളെയും പുച്ഛിക്കലും അനാദരിക്കലും തുടരും. ഈ ഉന്നതമായ ലക്ഷ്യം മനസ്സിലാക്കിയാലേ വിവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാകൂ. ●

*(വാസന്തി ശങ്കരനാരായണൻ ബാങ്ക് ഓഫ് അമേരിക്കയിലെ ഉദ്യോഗസ്ഥയായിരുന്നു. അഗ്നിസാക്ഷി, ആഗ്നേയം, തട്ടകം, ഭ്രഷ്ട്, ഊരുകാവൽ തുടങ്ങിയ നോവലുകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. സാഹിത്യകലാവിമർശനലേഖനങ്ങളും എഴുതാറുണ്ട്.)*

# വിവർത്തനവിമർശനത്തിന്റെ ആവശ്യകത

**കെ. പി. പ്രമീള**

സർഗ്ഗാത്മകസാഹിത്യകൃതികൾ വരുന്നതോടൊപ്പം തന്നെ അതിന്റെ വിമർശനങ്ങളും തുടർവായനകളും വരുന്നുണ്ട്. വിവർത്തനകൃതികൾക്കതിനുള്ള സാധ്യത കുറവായത് ഭാഷയുടെ പതനത്തിന് ആക്കം കൂട്ടുന്നതിലേക്കാണ് നയിക്കുക. ഭാഷകൾ തമ്മിലുള്ള പ്രവർത്തനമായതും സാംസ്കാരികസാമൂഹികവ്യത്യാസങ്ങളുമൊക്കെ ഈ വിശകലനങ്ങൾക്ക് തടസ്സം നിൽക്കുന്നു. ഓരോ ഭാഷാന്തരണവും സാഹിത്യശാസ്ത്രപരമായും സാംസ്കാരിക നിർമ്മിതി എന്നുള്ളനിലയിലും മാത്രമല്ല നിലവിലുള്ള എല്ലാ ഭാഷാസൈദ്ധാന്തികസമീപനങ്ങളുടെ വെളിച്ചത്തിലും ചർച്ച ചെയ്യേണ്ടതുണ്ട്. മാധവിക്കുട്ടിയും ഒ. വി.വിജയനും മൈ സ്റ്റോറിയും ദ ലെജന്റ് ഓഫ് ഖസാക്കും പുനർനിർമ്മിച്ചത് സമാന്തര/സമമൂല്യ തർജ്ജമയായല്ല. ഈ പുനർനിർമ്മാണങ്ങളെകുറിച്ച് വിമർശനാത്മകപഠനങ്ങളുമുണ്ടായി. ഭാഷയിൽ ചാപില്ല സംസ്കാരമോ വൈകല്യമോ വരുത്തിവെയ്ക്കുന്ന തർജ്ജമകൾ ചെറുക്കേണ്ടത് ഭാഷയുടെ ആവശ്യമാണ്.വികലതർജ്ജമകളുടെ സ്വഭാവവും രാഷ്ട്രീയവും ചർച്ചാവിഷയമാകണം. ഭാഷാനുകരണം, പ്രയോഗവൈകല്യം, മിശ്രിതഭാഷ തുടങ്ങിയവയെക്കുറിച്ച് പരിതപിക്കുമ്പോഴും അവയൊക്കെ മനുഷ്യന്റെ ദൈനംദിനപ്രക്രിയാവ്യവഹാരമായ തർജ്ജമയുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നത് കുറവാണ്. തനതു ഭാഷാപരിസരത്തെ അസ്ഥിരപ്പെടുത്തുന്ന വിവർത്തനശ്രമങ്ങൾ തിരിച്ചറിയേണ്ടതാണ്. ഒത്തുനോക്കലും ഇകഴ്ത്തലും പുകഴ്ത്തലുമല്ല സാംസ്കാരികമായ ദ്വിമാനസമീക്ഷയാണ് ആവശ്യം. സാഹിത്യപഠനവസ്തുവെന്നതിനു മുകളിലായി തർജ്ജമ എന്ന വ്യവഹാരത്തിന്റെ സമയ-കാലാധിഷ്ഠിതമായ സാഹിത്യസാംസ്കാരിക ഇടപെടലുകളും സ്വാധീനവും കണ്ടെത്തേണ്ടതുണ്ട്. ഭാഷയെ സമ്പന്നവും സമ്പുഷ്ടവുമാക്കാനുള്ള ഉപയോഗ-പ്രയോഗമെന്ന നിലയിൽ ഓരോ തർജ്ജമയും ലക്ഷ്യഭാഷാപരിസരത്തുവെച്ച് വിലയിരുത്തേണ്ടതുണ്ട്. തർജ്ജമകൾ വികലമാകാതിരിക്കാൻ മാത്രമല്ല, എണ്ണത്തിൽ കൂടുതലിറങ്ങുന്ന പുസ്തകശാല എന്ന നിലയിലും പരിഭാഷകപ്രവർത്തനങ്ങളുടെ സാംഗത്യത്തെക്കുറിച്ച് ഏറെ ചിന്തിക്കേണ്ടതുണ്ട്.തർജ്ജമകളുടെ വിമർശനാത്മ-താരതമ്യ പഠനം ഉദാസീനമായെടുത്താൽ ഭാഷാപ്രേമികൾ വലിയ വിലകൊടുക്കേണ്ടി വരുമെന്ന് തീർച്ച.

'വിവർത്തനയുഗചിന്തകൾ' എന്ന ലേഖനത്തിലെ ഒരു ഭാഗം ●

*(ഡോ. കെ.പി..പ്രമീള ഹിന്ദി- മലയാളം വിവർത്തകയും സംസ്കൃതസർവ്വകലാശാല അധ്യാപികയുമാണ്.)*

കവർസ്റ്റോറി

# പരിഭാഷയുടെ വഴിയിൽ



രമാ മേനോൻ



എഴുത്ത് എന്നും എനിക്കൊരു രസമായിരുന്നു. കണ്ടതും കേട്ടതും അറിഞ്ഞതുമൊക്കെ കഥകളാകുകയായിരുന്നു അന്നത്തെ പതിവ്. അതല്ലാതെ വേറെയൊരു മേഖലയെക്കുറിച്ചു ചിന്തിച്ചിരുന്നില്ല. അങ്ങനെയിരിക്കേ തീരെ ഓർക്കാതിരുന്നപ്പോഴാണ് വിവർത്തനത്തിന്റെ വഴി മുന്നിൽ തെളിഞ്ഞത്. കുറുമ്പു കാട്ടുന്ന കുട്ടിയുടെ മനോഭാവത്തോടെ, വെറുതെ ഒരു ശ്രമം എന്ന മട്ടിലാണ് ആദ്യ പുസ്തകം വിവർത്തനം ചെയ്തത്. പിന്നെ അതായി എന്റെ വഴി.

1998 ലെ വേനൽക്കാലം ഞങ്ങൾ ചിലവഴിച്ചത് അർജന്റീനയുടെ തലസ്ഥാനമായ ബ്യൂനോസ് എയേറ്റഡിലായിരുന്നു. മകൻ മധുവിനും അവന്റെ ഫ്രഞ്ചുകാരിയായ ഭാര്യ സബീനും ഒപ്പം. രണ്ടുപേരും നല്ല വായനക്കാർ. അവരാണ് ആദ്യമായി പറഞ്ഞത് *ആൽകെമിസ്റ്റി*നെ പറ്റി. രണ്ടുപേരും അത് സ്പാനിഷിൽ വായിച്ചിരുന്നു. മകൻ കഥ പറഞ്ഞപ്പോൾ എനിക്കും കൗതുകമായി. അങ്ങനെ അതിന്റെ ഇംഗ്ലീഷ് പരിഭാഷ അവൻ എനിക്കായി വാങ്ങിക്കൊണ്ടു വന്നു. ഏതാണ്ട് 'ഒരേ ഇരുപ്പിൽ' എന്നു പറയാം. ഞാൻ *ആൽകെമിസ്റ്റ്* വായിച്ചു തീർത്തു. അത്രയും പുതുമ തോന്നി ആ പ്രമേയവും ആഖ്യാനശൈലിയും.

'അമ്മക്കിത് മലയാളത്തിലേക്കു വിവർത്തനം ചെയ്തുകൂടെ?' മകൻ കാര്യമായി ചോദിച്ചു. മലയാളം മാത്രം വായിക്കുന്നവർക്ക് ഇത് തീർച്ചയായും പുതിയൊരനുഭവമായിരിക്കും.

ഞാനറിയാതെ എന്റെ മനസ്സിൽ ഒരു തീപ്പൊരി വന്നു വീണു. അതിനെ ഊതിക്കത്തിച്ചു തെളിവാർന്ന ഒരു നാളമാക്കാൻ പറ്റുമെന്ന് തീരെ വിശ്വാസം തോന്നിയില്ല. എന്നിട്ടും ഞാൻ ശ്രമം തുടങ്ങി. ഒട്ടും പ്രയാസം കൂടാതെ, കാലതാമസമില്ലാതെ ഞാൻ ആ പരിഭാഷ നിർവഹിച്ചു. വായിച്ചു നോക്കിയപ്പോൾ 'തരക്കേടില്ലല്ലോ' എന്ന് എനിക്കും തോന്നി. ആയിടയ്ക്ക് തൃശ്ശൂരിലെ സാഹിത്യ അക്കാദമി ഹാളിൽ ഡി.സി ബുക്സിന്റെ ആഭിമുഖ്യത്തിലൊരു യോഗം. അവിടെ വെച്ചാണ് ഞാൻ ശ്രീ ഡി.സി.രവിയെ ആദ്യമായി കണ്ടത്. മുൻപരിചയമൊന്നുമുണ്ടായിരുന്നില്ല. എന്നിട്ടും നേരെ ചെന്ന് പരിചയപ്പെട്ടു. *ആൽകെമിസ്റ്റി*ന്റെ പരി

വാക്കുകൾ എന്നെ സാധാരണയായി പരിഭ്രമിപ്പിക്കാറില്ല. ആശയങ്ങൾക്കാണ് കൂടുതൽ ഊന്നൽ നൽകാറ്. ഇംഗ്ലീഷിലുള്ള ഒരു ആശയം... അല്ലെങ്കിൽ പ്രയോഗം ഏറ്റവും സ്വാഭാവികമായ വിധത്തിൽ മലയാളത്തിൽ എങ്ങനെ ആവിഷ്കരിക്കാം എന്നതിലാണ് ഞാൻ കൂടുതൽ ശ്രദ്ധിക്കാറുള്ളത്. മലയാളം മാത്രം അറിയുന്നവരാണല്ലോ വിവർത്തനങ്ങൾ ഏറെയും വായിക്കുന്നത്.

ഭാഷയെപ്പറ്റി പറഞ്ഞു. കൂടുതൽ വിസ്താരമൊന്നുമുണ്ടായില്ല. 'അയച്ചു തരൂ നോക്കട്ടെ' എന്നു മറുപടി പറഞ്ഞു. വലിയ കാലതാമസം കൂടാതെ പുസ്തകം പ്രസിദ്ധീക്കപ്പെട്ടു. വായനക്കാർ നന്നായി സ്വാഗതം ചെയ്യുകയും ചെയ്തു.

ചില മുഹൂർത്തങ്ങൾ അങ്ങനെയാണ്. വിത്തിടുകയെ വേണ്ടു. വളരാനും വികസിക്കാനും പടർന്നു പന്തലിക്കാനും സ്വാഭാവികമായി സാധിക്കുന്നു. എന്റെ കാര്യത്തിലും അതാണ് സംഭവിച്ചത്. *ആൽക്കെമിസ്റ്റ്* അക്ഷരാർത്ഥത്തിൽത്തന്നെ നിനച്ചിരിക്കാത്തൊരു വഴിത്തിരിവായി. കഥകളുടെ വഴിയിലേക്ക് ഞാൻ പിന്നെ തിരിഞ്ഞു നോക്കിയതുമില്ല. കഥകളുടെ കാര്യത്തിൽ, ഞാൻ ഒരു തള്ളക്കോഴിയെ പോലെയായിരുന്നു. അവനവന്റെ ചുറ്റുവട്ടത്തുള്ളതുമാത്രം കൊത്തിയും... പെറുക്കിയും. സാധാരണ ഒരു വീട്ടമ്മയുടെ വളരെ സാധാരണമായ ലോകം, അനുഭവങ്ങൾ. എന്നാൽ വിവർത്തനത്തിൽ ചെന്നുപെട്ടതോടെ... എന്റെ ലോകം വിശാലമായി... അതിനു തക്കവണ്ണം കാഴ്ചപ്പാടും വളർന്നു. ഏതെല്ലാം തരത്തിലുള്ള പുസ്തകങ്ങൾ, പ്രമേയങ്ങൾ, ഭാഷാശൈലികൾ. ഒന്നുമൊന്നും പരിചിതമായിത്തോന്നിയില്ല. ഓരോ പുസ്തകവും ഓരോ പ്രവാഹമായി... അതിലൂടെ എന്റെ മനസ്സും സ്വച്ഛന്ദം തുഴഞ്ഞു നീങ്ങി. ഒന്നും വേറെ ഒരാൾ എഴുതിയതാണ് എന്നു തോന്നാറില്ല. എന്നാൽ തന്നെ എഴുതുന്നതാണെന്നൊരു ഭാവം. അത് മനസ്സുകാട്ടുന്ന ഒരു സൂത്രവിദ്യയാകാം. അതുകൊണ്ടുതന്നെ വിവർത്തനം പ്രയാസമേറിയ ഒരു പണിയാണെന്ന് ഇതുവരെ തോന്നിയിട്ടില്ല. ആശയം മനസ്സിലാക്കാൻ കഴിഞ്ഞാൽ എഴുത്ത് എളുപ്പമായി. രസകരമായി. വാക്കുകൾ എന്നെ സാധാരണയായി പരിഭ്രമിപ്പിക്കാറില്ല. ആശയങ്ങൾക്കാണ് കൂടുതൽ ഊന്നൽ നൽകാറ്. ഇംഗ്ലീഷിലുള്ള ഒരു ആശയം.. അല്ലെങ്കിൽ പ്രയോഗം ഏറ്റവും സ്വാഭാവികമായ വിധത്തിൽ മലയാളത്തിൽ എങ്ങനെ ആവിഷ്കരിക്കാം എന്നതിലാണ് ഞാൻ കൂടുതൽ ശ്രദ്ധിക്കാറുള്ളത്. മലയാളം മാത്രം അറിയുന്നവരാണല്ലൊ വിവർത്തനങ്ങൾ ഏറെയും വായിക്കുന്നത്. ആ വായന കഴിയുന്നതും ആസ്വാദ്യകരമാകേണ്ടത്, വിവർത്തനം ചെയ്യുന്ന ആളുടെ കടമയാണ്. മാതൃഭാഷയിലുള്ള ഒരു പുസ്തകം വായിക്കുന്നതു പോലെ എളുപ്പത്തിൽ വായിച്ചു മനസ്സിലാക്കാൻ സാധിക്കണം. വായന സുഖമുള്ള ഒരു അനുഭവമാകണം. ഇനിയുമിനിയും വായിക്കാനുള്ള ഉത്സാഹമുണ്ടാകണം.

വിവർത്തനത്തിൽ എന്നെ ഏറ്റവുമധികം സഹായിച്ചിട്ടുള്ളത് എന്റെ വായനാശീലം തന്നെയാണ്. കുട്ടിക്കാലം മുതലേ പലതരത്തിലുള്ള ധാരാളം പുസ്തകങ്ങൾ വായിക്കാൻ അവസരം കിട്ടിയിരുന്നു. അങ്ങനെ വായനയിലൂടെ പല നാടുകളും ഭാഷകളും സംസ്ക്കാരങ്ങളുമായി ചെറിയൊരു പരിചയം വളർത്തിയെടുക്കാനും സാധിച്ചിരുന്നു. അതുപോലെ തന്നെ പത്രവായനയും വളരെ സഹായമായി. പുതിയ ശൈലികളും വാക്കുകളും പ്രയോഗങ്ങളും മനസ്സിലാക്കാൻ നല്ല അവസരമായി. വിവർത്തനം, അറിവിന്റെ പുതിയൊരു ലോകം എന്റെ മുമ്പിൽ മലർക്കെ തുറന്നിടുകയായിരുന്നു. വിവർത്തനം ചെയ്ത ഓരോ പുസ്തകവും എന്നെ സംബന്ധിച്ചിടത്തോളം ഓരോ പാഠപുസ്തകമായിരുന്നു.

നോവലുകളും ആത്മകഥകളും ജീവിചരിത്രവും അദ്ധ്യാത്മിക ഗ്രന്ഥങ്ങളും ബാലസാഹിത്യവും അങ്ങനെ ഒട്ടനവധി പുസ്തകങ്ങൾ പരിഭാഷപ്പെടുത്താൻ ഭാഗ്യം സിദ്ധിച്ചു. അതിൽ ബുദ്ധിമുട്ടനുഭവപ്പെട്ടത് ദലായ്‌ലാമയുടെ *ദി പാത്ത് ഓഫ് ടിബറ്റൻ ബുദ്ധിസം* എന്ന കൃതി പരിഭാഷപ്പെടുത്തുമ്പോഴാണ്. ആശയം മനസ്സിലാക്കാനുള്ള പ്രയാസം തന്നെയായിരുന്നു ഏറ്റവും വലിയ തടസ്സം. അർത്ഥം മനസ്സിലാക്കിക്കഴിഞ്ഞാൽ അത് മലയാളത്തിലാക്കുക ഒട്ടും പ്രയാസമുള്ള കാര്യമല്ല. പറഞ്ഞു കേട്ടിട്ടുണ്ട്, സൈക്കിളോടിക്കാൻ പഠിച്ചിട്ടുണ്ടെങ്കിൽ സ്കൂട്ടർ ഓടിക്കുക എളുപ്പമാവുമെന്ന്. ആദ്യകാലങ്ങളിൽ ചെറുകഥകളെഴുതി ശീലിച്ചതുകൊ

ഓരോ പുസ്തകവും ഓരോ പ്രവാഹമായി... അതിലൂടെ എന്റെ മനസ്സും സ്വച്ഛന്ദം തുഴഞ്ഞു നീങ്ങി. ഒന്നും വേറെ ഒരാൾ എഴുതിയതാണ് എന്നു തോന്നാറില്ല. എന്നാൽ തന്നെ എഴുതുന്നതാണെന്നൊരു ഭാവം. അത് മനസ്സുകാട്ടുന്ന ഒരു സൂത്രവിദ്യയാകാം. അതുകൊണ്ടുതന്നെ വിവർത്തനം പ്രയാസമേറിയ ഒരു പണിയാണെന്ന് ഇതുവരെ തോന്നിയിട്ടില്ല. ആശയം മനസ്സിലാക്കാൻ കഴിഞ്ഞാൽ എഴുത്ത് എളുപ്പമായി.

ണ്ടാവാം. പരിഭാഷയിലും ആശയങ്ങളെ വാചകങ്ങളാക്കാൻ ബുദ്ധിമുട്ട് തോന്നിയിട്ടില്ല.

പൗലോ കോയ്‌ലയുടെ *ഫിഫ്ത് മൗണ്ടൻ* എന്ന നോവലിലെ പ്രധാനകഥാപാത്രം. 'മിസ് ഫ്രം ആൻഡ് ദി ഡെവിൾ' എന്നാണ് ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നത്. എന്റെ എഴുത്തിൽ അവർ ബർത്ത മുത്തശ്ശി എന്നായി. അതിനെപ്പറ്റി വിമർശകനായൊരു സുഹൃത്ത് ചോദിച്ചു: 'ദി ഓൾഡ് വുമൻ എന്നതിന് വയസ്സായ, പ്രായമായ, വൃദ്ധയായ എന്നൊക്കെയല്ലേ... അവിടെ എങ്ങിനെ ഒരു മുത്തശ്ശി കടന്നു വന്നു? 'ശരിയാണ്. സാങ്കേതികമായി. എന്നാലും എനിക്കങ്ങനെ എഴുതാനല്ല തോന്നിയത്. ആ ഗ്രാമത്തിൽ അവർക്കുള്ള സ്ഥാനം. നാട്ടുകാർക്ക് അവരോടുള്ള സ്നേഹാദരങ്ങൾ. അവരുടെ പ്രായം. എല്ലാം കൂടി നോക്കുമ്പോൾ മുത്തശ്ശി എന്ന പദമാണ് അവിടെ ഏറ്റവും നല്ലതെന്ന് എനിക്ക് തോന്നി. ഇതുപോലെയുള്ള സ്വാതന്ത്ര്യം എന്റെ എഴുത്തിന്റെ ഭാഗമാകാറുണ്ട്. അതല്ലാതെ തനതായി എന്തെങ്കിലും മാറ്റം വരുത്താൻ ഞാൻ ശ്രമിക്കാറില്ല. ചില സമ്പ്രദായങ്ങൾ, ഉദാഹരണത്തിന് താങ്ക്യൂ, സോറി, എക്സ്ക്യൂസ്മി, ഗുഡ്മോണിംഗ് – പാശ്ചാത്യർക്കിടയിൽ വളരെ സാധാരണമാണ്. അതവരുടെ രീതിയാണ്. പക്ഷെ അത് നമ്മുടെ ഭാഷയിൽ അടിക്കടി അതേപടി ഉപയോഗിച്ചാൽ തീർച്ചയായും അതൊരു 'കല്ലുകടി' യാകും. അതൊഴിവാക്കാൻ സന്ദർഭോചിതമായ മാറ്റങ്ങൾ വരുത്തുന്നതിൽ തെറ്റില്ല എന്നാണെന്റെ പക്ഷം. മറ്റൊരു പ്രശ്നം അന്യഭാഷകളിലെ പേരുകളാണ്. നമ്മൾ വിചാരിക്കുന്നതു പോലെയാകണമെന്നില്ല തദ്ദേശീയഭാഷയിൽ അതിന്റെ ഉച്ചാരണം. അത് ഞാൻ പ്രസാധകർക്ക് വിട്ടുകൊടുക്കുകയാണ് പതിവ്. അവർ അത് അത്ര കാര്യമായി എടുക്കുന്നുണ്ടെന്നു തോന്നുന്നില്ല.

വിവർത്തനത്തിലൂടെ വായനക്കാരിലേക്കെത്തുന്നത് പുതിയ അറിവുകളും അനുഭവങ്ങളും സംസ്കരിച്ച സവിശേഷതകളുമാണ്. പഴയതുപോലെ വട്ടത്തിലൊതുങ്ങി നിൽക്കുന്നവരല്ല നമ്മളാരും തന്നെ. പുതിയ കാര്യങ്ങൾ അറിയാനും ആസ്വദിക്കാനും എല്ലാവർക്കും താല്പര്യമുണ്ട്. അന്യഭാഷയിലെ കൃതികൾ നല്ല രീതിയിൽ പരിഭാഷപ്പെടുത്തി വായനക്കാരുടെ മുമ്പിലെത്തിക്കാൻ കഴിഞ്ഞാൽ തീർച്ചയായും അത് വളരെ നല്ല ഒരു കാര്യം തന്നെയായിരിക്കും.

ഏതായാലും ഇനി എന്റെ വഴി ഇതു തന്നെയാണെന്നാണ് എനിക്ക് തോന്നുന്നത്. അതിന്റെ ഗുണങ്ങൾ പലതാണ്. അതിൽ പ്രധാനം ചെറുകഥയെഴുതിക്കൊണ്ടിരുന്നപ്പോൾ കിട്ടാതിരുന്ന പണവും പേരും ഇപ്പോഴാണ് എന്നെത്തേടി വരുന്നത്. അതിലും പ്രധാനപ്പെട്ട കാര്യം, ലോക പ്രശസ്ത സാഹിത്യകാരന്മാരുടെ പേരിനു തൊട്ടുതാഴെയായി ചെറിയ അക്ഷരത്തിൽ, വിവർത്തനം രമ മേനോൻ എന്ന പേരും. ആനന്ദലബ്ധിക്കിനിയെന്തുവേണം? പലരും വന്ന് നേരിട്ടും അല്ലാതേയും അറിയിക്കാറുണ്ട്. നിങ്ങൾ വിവർത്തനം ചെയ്തതുകൊണ്ടാണല്ലോ ആ പുസ്തകം വായിക്കാൻ സാധിച്ചത്. വളരെ നന്ദി. അതു കേൾക്കുമ്പോൾ തോന്നുന്ന സന്തോഷം എത്രയാണെന്നോ! അതിലുമധികം സന്തോഷം തോന്നാറുണ്ട് വേറെ ചിലർ പറയുമ്പോൾ : 'ഇംഗ്ലീഷിൽ ആ പുസ്തകം വായിച്ചിരുന്നു. എന്നാൽ കാര്യങ്ങൾ ശരിക്കും മനസ്സിലായത് നിങ്ങളുടെ മലയാള പരിഭാഷ വായിച്ചപ്പോഴാണ്!' ●

*(രമ മേനോൻ ദീർഘകാലം അഹമ്മദാബാദിൽ അധ്യാപികയായിരുന്നു. ഇപ്പോൾ തൃശ്ശൂരിൽ സ്ഥിരതാമസം.)*

# എൻഗുഗിയുടെ അനുഭവങ്ങൾ



**സുപ്രിയ എം.**

ആഫ്രിക്കൻ നോവലിസ്റ്റായ എൻഗുഗി വാതിയൊങ്'ഒയുടെ *മതിഗരി* എന്ന നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തപ്പോഴും റിസിയോ യോഹന്നാൻ രാജിന്റെ *അവിനാശം* ഇംഗ്ലീഷിലേക്ക് ചെയ്തപ്പോഴും എന്നെ അലട്ടിയത് കഥാപാത്രങ്ങളോട് തോന്നിയ എംപതിയായിരുന്നു. അധിനിവേശസംസ്കാരത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിയാൻ തന്റെ ജനങ്ങളോടുള്ള ആഹ്വാനമാണ് *മതിഗരി*. മതിഗരി എന്ന കഥാപാത്രത്തിന്റെ വ്യാകുലതകളും നീതിബോധവും നിസ്സഹായാവസ്ഥയും ഏതൊരു വായനക്കാരെയും നിശബ്ദരാക്കും. ഒരു ആഫ്രിക്കൻ നാടൻ കഥയെ ആസ്പദമാക്കി രചിച്ച കഥയും കഥാപാത്രവും മലയാളിവായനക്കാർക്കായി പരിചയപ്പെടുത്തുക എന്നതായിരുന്നു എന്റെ ദൗത്യം.

'വിവർത്തനത്തിന്റെ സർഗ്ഗാത്മകത' എന്ന ലേഖനത്തിൽ നിന്നെടുത്തത്. ●

*(ഡോ. സുപ്രിയ എം.- കൊല്ലം ഫാത്തിമകോളേജിൽ അധ്യാപികയാണ്.)*



കവർസ്റ്റോറി

# എന്തിന് വിവർത്തനം ചെയ്യുന്നു?



പ്രേമ ജയകുമാർ

**വി**വർത്തനം ഒരു ദീർഘകാല പദ്ധതി യായി മുന്നിൽ കണ്ടൊന്നുമല്ല ഞാൻ ഒരു മല യാളം നോവൽ ഇംഗ്ലീഷിലാക്കിയത്. മാടമ്പ് കു ഞ്ഞുക്കുട്ടന്റെ *അശ്വത്ഥാമാവി*ലെ ഇട്ടിച്ചിരിയെ വല്ലാതെ ഇഷ്ടമായി. അവരെ പറ്റിയുള്ള വിവര ണങ്ങളും. സുഹൃത്തുക്കളെ ഇത് പറഞ്ഞ് ബോറ ടിപ്പിച്ചപ്പോൾ അവരിലാരോ പറഞ്ഞു ഇംഗ്ലീഷി ലാക്കിക്കൊടുക്കാൻ. മലയാളം വായിക്കാൻ അറി യാത്ത മറ്റുസുഹൃത്തുക്കളും ഏറ്റുപിടിച്ചു. അങ്ങിനെ എപ്പോഴോ കുറച്ച് സമയം കിട്ടിയപ്പോൾ അത് ചെയ്തു. സുഹൃത്തുക്കൾക്കിഷ്ടമായി, അതിനേക്കാൾ ഉപരി ഒരു ഭാഷയെ മറ്റൊന്നായ് മാറ്റുന്ന ആ വിദ്യ എനിക്കിഷ്ടമായി. എനിക്ക് എല്ലാ ഭാഷകളും ഇഷ്ടമാണ്. വാക്കുകളുടെ ഈണവും സന്ദർഭവും അവയുടെ തൂക്കത്തിലുള്ള ഏറ്റക്കുറച്ചിലുകളും എന്നെ വെല്ലുവിളിച്ചു. അങ്ങനെ തുടങ്ങിയ വിനോദം കുറച്ചു കൂടി കാ ര്യമായി വന്നു.

ഇഷ്ടമുള്ള പുസ്തകങ്ങളാണ് ചെയ്യാറ്. ഇത് ഈ ഭാഷയിൽ മാത്രം ആളുകൾ വായിച്ചാൽ പോരാ എന്ന് തോന്നുന്നവ. മറ്റുഭാഷകൾ മാത്രം അറിയുന്നവർ കൂടി ഈ കഥ വായിക്കണം. ഈ കഥാപാത്രങ്ങളെ പരിചയപ്പെടണം എന്ന് തോന്നുമ്പോഴാണ് ഒരു പുസ്തകം എടുത്ത് നിവർത്താറ്. *അശ്വത്ഥാമാവി*ന് ശേഷം മലയാറ്റൂ രിന്റെ *യക്ഷി*, സേതുവിന്റെ *പാണ്ഡ വപുരം*, മുകുന്ദന്റെ *ദൈവത്തിന്റെ വികൃതികൾ* , എസ്.കെ.പൊറ്റക്കാ ടിന്റെ *ഒരു ദേശത്തിന്റെ കഥ* കുറേ ഇഷ്ടപ്പെട്ട ചെറുകഥകൾ അങ്ങനെ ഏറെ തർജ്ജമകൾ ചെയ്തു. ഇവ യെല്ലാം സ്വന്തം ഇഷ്ടപ്രകാരം ചെയ്തതാണെങ്കിൽ, വളരെ ശ്രമക രമായ ഒരു ജോലി ഡോ.അയ്യപ്പപ്പണി ക്കർ ഏല്പിച്ചിട്ട് ചെയ്യേണ്ടി വന്നു. സി.വി.രാമൻപിള്ളയുടെ *രാമരാജാബ ഹദൂർ*. മലയാളത്തിൽ തന്നെ വായി ക്കാൻ ടിപ്പണി വേണ്ട ഒരു പു സ്തകം തീരെ സാമ്യമല്ലാത്ത ഭാഷ യിലേക്ക് മൊഴിമാറ്റുക എന്നത് തീർത്തും ദുഷ്കരമായിരുന്നു.

കവിതയിൽ ഏറ്റവും ബുദ്ധിമു ട്ടുള്ളിടത്തു നിന്നാണ്





വിവർത്തനശ്രമങ്ങൾ തുടങ്ങിയത് ശ്രീ.എൻ.എൻ.കക്കാടിന്റെ ചില കവിതകളിൽ നിന്ന്. ഒരു വാക്കിന് പിന്നിൽ പത്തുവാക്കും അതിലേറെ അർത്ഥങ്ങളും നിറന്നും ഒളിച്ചും നിൽക്കുന്ന ആ കവിതകൾ ചെയ്യുക എന്നത് ഒരു വെല്ലുവിളി തന്നെ ആയിരുന്നു. പക്ഷേ ഒരുവരി ഇംഗ്ലീഷിലും മലയാളത്തിന്റെ അർത്ഥം എത്തിയിട്ടുണ്ട്, അതിന്റെ താളത്തിന്റെ അംശമെങ്കിലും വന്നിട്ടുണ്ട് എന്ന് ബോദ്ധ്യമായാൽ തോന്നുന്ന ചാരിതാർത്ഥ്യം എന്തിന് വിവർത്തനം ചെയ്യുന്നു എന്ന ചോദ്യത്തിന് മതിയായ ഉത്തരമാകാറുണ്ട്. കെ.ജി.ശങ്കരപിള്ളയുടെ പല കവിതകളും വിവർത്തനം ചെയ്യുമ്പോൾ അവയിൽ ശബ്ദത്തിനുള്ള പ്രാധാന്യമാണ് എന്നെ കുഴക്കാറ്. 'കഠം' എന്ന വാക്ക് ഇംഗ്ലീഷിൽ എന്താകും? എന്നാലും 'ലോകോന്നത' 'worlditude' ഉം, മലയാളത്തിലെ ഉദ്ധരണി ഷേക്സ്പിയറിന്റെ ഉദ്ധരണിയും ആയി മാറുമ്പോഴും ഒരു യുദ്ധം ജയിച്ച വിജയാഹ്ലാദമാണ്.

ഇവയെല്ലാം എന്തിന് വിവർത്തനം ചെയ്യുന്നു എന്ന സ്ഥിരം ചോദ്യത്തിനുള്ള ഉത്തരമാണ് നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ എന്നറിയില്ല 1997ൽ ഡാൽമൻ റുഷ്ദിയുടെ ഒരു പ്രസ്താവന ഉയർത്തിയ കൊടുങ്കാറ്റ്. റുഷ്ദി എഡിറ്റ് ചെയ്ത ഇന്ത്യൻ എഴുത്തിന്റെ ഒരു സമാഹാരത്തിന്റെ ആമുഖത്തിലായിരുന്നു ആ പ്രസ്താവന. ഇന്ത്യയിൽ നിന്ന് വരുന്ന അടുത്ത ലോകോത്തര സാഹിത്യകൃതി ഇംഗ്ലീഷിൽ എഴുതിയതായിരിക്കും എന്നും. ഇന്ത്യൻ ഭാഷകളിൽ നല്ല എഴുത്തൊന്നും ഇപ്പോൾ നടക്കുന്നില്ല എന്നും ആയിരുന്നു റുഷ്ദി പറഞ്ഞത്. ഇന്ത്യൻ ഭാഷകളിൽ എഴുതുന്ന എഴുത്തുകാർ – യു.ആർ. അനന്തമൂർത്തി മുതലായവർ ശക്തമായി തന്നെ പ്രതികരിച്ചു. അവരുടെ അഭിപ്രായത്തിൽ ഇന്ത്യൻ എഴുത്തുകാർ എഴുതുന്ന ഇംഗ്ലീഷ് സാഹിത്യത്തിൽ ഒരിക്കലും ഒരു ലോകോത്തര കൃതിയുണ്ടാവില്ല. കാരണം, അത് വേരുകളില്ലാത്ത എഴുത്താണ്. രണ്ട് ഭാഗത്തും


> സ്വയം ചോദിക്കാറുള്ള ചോദ്യമാണ് ഞാൻ എന്തിന് വിവർത്തനം ചെയ്യുന്നു എന്നത്. എന്റെ ഭാഷയിൽ മാത്രമുള്ള മറ്റു ഭാഷകളിൽ നിന്ന് വായനക്കാരന് ലഭിക്കാത്ത എന്തൊക്കെയോ പുറം ലോകത്തിന് കൊടുക്കാൻ എന്നത് തീർച്ചയായും ഒരുത്തരം. മറ്റൊന്നു ഒരു ഭാഷയെ മറ്റൊരു ഭാഷയാക്കുന്ന ജാലവിദ്യയിൽ ഞാൻ രസിക്കുന്നു എന്നത്. ഇത്തരം സംതൃപ്തികളില്ലാതെ ആരും ഈ ശ്രമകരമായ കാര്യം ചെയ്യും എന്ന് തോന്നുന്നില്ല.


പറയാൻ ധാരാളം ആളുകളുണ്ടായിരുന്നു. പക്ഷേ, എല്ലാവരും വിട്ടുപോയ ഒരു കാര്യമുണ്ടായിരുന്നു. ഇംഗ്ലീഷ് മാത്രം നന്നായി അറിയുന്ന റുഷ്ദി തന്റെ അഭിപ്രായം ഇന്ത്യൻ ഭാഷയിലുള്ള കൃതികളുടെ പലപ്പോഴും മോശമായ വിവർത്തനങ്ങളെ ആസ്പദമാക്കിയാണ് പറഞ്ഞത് എന്ന്.

മറ്റുള്ളവർ വിവർത്തനം ചെയ്തു തന്നില്ലായിരുന്നുവെങ്കിൽ ലോകസാഹിത്യരചനകളൊന്നും ഞാൻ വായിക്കുമായിരുന്നില്ല. എന്റെ നഷ്ടം. ഒരു കണക്കിന് എഴുത്തുകാരന്റെയും നഷ്ടം. അപ്പോൾ വിവർത്തനം അത്യാവശ്യമാണെന്ന് നമുക്ക് തോന്നും. എന്നാൽ ഇന്നും ഒരു രണ്ടാംകിടസാഹിത്യപ്രവർത്തനമായിട്ടാണ് വിവർത്തനത്തെ കാണുന്നത്. ആദ്യമൊക്കെ എന്നാണ് സ്വന്തമായി എഴുതാൻ തുടങ്ങുക എന്ന ചോദ്യം സ്ഥിരം അഭിമുഖീകരിച്ചു. ഇപ്പോൾ, സ്വന്തമായി എഴുതില്ല എന്ന് ചോദ്യകർത്താക്കൾ തീർച്ചയാക്കി എന്ന് തോന്നുന്നു. ഈ പതിത്വം കഴിഞ്ഞ തലമുറയിൽ അത്രയുണ്ടായിരുന്നില്ല എന്ന് വേണം കരുതാൻ. സഞ്ജയൻ *ഒഥല്ലോ*വും നാലപ്പാട്ട് നാരായണമേനോൻ *പാവങ്ങളും* , ചങ്ങമ്പുഴ *ഗീതാഗോവിന്ദ*വും വിവർത്തനം ചെയ്തുവല്ലോ. കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ മഹാഭാരതമില്ലെങ്കിൽ മലയാളിയുടെ കഥാസമ്പത്ത് എത്ര ശുഷ്കമായേനെ.

സ്വയം ചോദിക്കാറുള്ള ചോദ്യമാണ് ഞാൻ എന്തിന് വിവർത്തനം ചെയ്യുന്നു എന്നത്. എന്റെ ഭാഷയിൽ മാത്രമുള്ള മറ്റു ഭാഷകളിൽ നിന്ന് വായനക്കാരന് ലഭിക്കാത്ത എന്തൊക്കെയോ പുറം ലോകത്തിന് കൊടുക്കാൻ എന്നത് തീർച്ചയായും ഒരുത്തരം. മറ്റൊന്നു ഒരു ഭാഷയെ മറ്റൊരു ഭാഷയാക്കുന്ന ജാലവിദ്യയിൽ ഞാൻ രസിക്കുന്നു എന്നത്. ഇത്തരം സംതൃപ്തികളില്ലാതെ ആരും ഈ ശ്രമകരമായ കാര്യം ചെയ്യും എന്ന് തോന്നുന്നില്ല. വലിയ അഭിനന്ദനപ്രവാഹമോ പണമോ പ്രശസ്തിയോ ഇതിൽ നിന്ന് ഒരു വിവർത്തകയും പ്രതീക്ഷിക്കുന്നുണ്ടാകില്ല. പുസ്തകത്തിന്റെ വിവർത്തനം ചെയ്ത നിരൂപകർ വിവർത്തനത്തിന്റെ നിലവാരത്തെക്കുറിച്ച് ഒരു വാചകമോ മറ്റോ എഴുതുന്നത് തന്നെ വളരെ ചുരുക്കം.

എന്നാലും ഇട്ടിച്ചിരിയെ എന്റെ സ്നേഹിതർ മനസ്സിലാക്കുമ്പോൾ രാഗിണി എന്ന യക്ഷിയോ മനുഷ്യസ്ത്രീയോ ഇന്നും ഒരു ഹ്രസ്വചിത്രമാകുമ്പോൾ, *പാണ്ഡവപുര*ത്തിലെ ദേവി ബംഗാളി സിനിമയിൽ പ്രത്യക്ഷപ്പെടുമ്പോൾ, *രാമരാജാബഹദൂർ* മലയാളത്തിൽ എത്രയോ പ്രാവശ്യം വായിച്ച വായനക്കാരി, ഇംഗ്ലീഷിൽ വായിച്ചപ്പോൾ കൂടുതൽ മനസ്സിലായി. എന്ന് പറയുമ്പോൾ അടുത്ത പുസ്തകം കൈയ്യിൽ എടുക്കാൻ തോന്നും. ●

*( പ്രേമ ജയകുമാർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഉദ്യോഗസ്ഥയായിരുന്നു. വിവർത്തനങ്ങളെ കൂടാതെ പത്രമാസികകളിൽ കോളമിസ്റ്റ്, ടെലിവിഷൻ ചാനലിൽ പുസ്കനിരൂപണം എന്നിവ ചെയ്തിട്ടുണ്ട്.)*



# *യുലീസസി*ന് മലയാളത്തിൽ ഒരു മൊഴിമാറ്റം: വിവർത്തനപ്രക്രിയയിൽ സൈദ്ധാന്തീകരണത്തിനുള്ള സ്ഥാനം



ചിത്ര പണിക്കർ

**ജോ**യ്സിന്റെ ഐതിഹാസിക നോവലായ *യുലീസസ്* ഞാൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തപ്പോൾ ലഭിച്ച അനുഭവങ്ങളുടെ ഒരു ഓർമ്മിച്ചെടുക്കലും ആ വിവർത്തനപ്രക്രിയയുടെ സൈദ്ധാന്തീകരണത്തിനുള്ള ശ്രമവുമാണ് ഈ പ്രബന്ധം. പരിഭാഷയുടെ ഏഴ് അധ്യായങ്ങൾ മലയാള പ്രസിദ്ധീകരണമായ *കേരളകവിത*യുടെ വാർഷികപതിപ്പുകളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇനി ചെയ്യാനുള്ള വിവർത്തനഭാഗങ്ങളുടെ പശ്ചാത്തലത്തിൽ ഉൾക്കാഴ്ചയും ഗവേഷണവും സംയോജിപ്പിച്ചുകൊണ്ടുള്ള വിവർത്തനപദ്ധതി എന്ന നിലപാടാണ് ഇവിടെ വ്യക്തമാക്കാൻ ശ്രമിക്കുന്നത്. മൊഴിമാറ്റം ചെയ്യുന്ന പാഠത്തെപറ്റി നിരന്തരം നവീകരിക്കപ്പെടുന്ന അറിവുകൾ സ്വായത്തമാക്കുകയും നിരൂപണപഠനങ്ങൾ ധാരാളമായി വായിക്കുകയും ചെയ്യേണ്ടതാണെന്ന സുപ്രധാന ആവശ്യകതയാണ് ഈ പ്രബന്ധം മുന്നോട്ട് വെയ്ക്കുന്നത്.

ഐറിഷ്-കത്തോലിക്ക എഴുത്തുകാരനായ ജെയിംസ് ജോയിസ്(1882 -1941) ക്ലിഷ്ടമായ കൃതികളുടെയും

ദുർഗ്രഹശൈലിയുടെയും പ്രയോക്താവ്, ശുദ്ധസൗന്ദര്യവാദി, അരാഷ്ട്രീയനിലപാടുകാരൻ,യൂറോപ്യൻ മാനസികഘടനയുടെ ഉടമ തുടങ്ങിയ പ്രതിച്ഛായകളിലാണ് ദീർഘകാലം അറിയപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ സാഹിത്യ ഭൂമികയിൽ അത്യന്താധുനികരുടെ നിരയിലായിരുന്നു ജോയ്സിന്റെ സ്ഥാനം. എന്നാൽ കാലം ജോയ്സിനെ മാറ്റി പ്രതിഷ്ഠിച്ചു. സ്ത്രീപക്ഷവാദിയും സാമ്രാജ്യത്വവിരുദ്ധനും വൈകാരികതയിൽ തികഞ്ഞ അയർലണ്ടുകാരനും കടുത്ത രാഷ്ട്രീയ നിലപാടുള്ള എഴുത്തുകാരനുമായാണ് ഇന്ന് നിരൂപണവൃത്തങ്ങളിൽ അദ്ദേഹം കണക്കാക്കപ്പെടുന്നത്. ഇംഗ്ലീഷുകാരോടു പോരാടാനുള്ള മുഖം മൂടിയായിരുന്നു അദ്ദേഹത്തിന്റെ ശൈലി എന്നു കൂടി പരിഗണിക്കുമ്പോൾ സാമ്രാജ്യത്വവിരുദ്ധ എഴുത്തുകാരുടെ ചേരിയിൽ ജോയ്സ് സ്ഥാനം പിടിക്കുന്നു. ജോയ്സിനെ വിവർത്തനം ചെയ്യുമ്പോൾ ഈ സ്ഥാനചലനത്തിന്റെ വിവിധവശങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട് എന്നതാണ് വിവർത്തക എന്ന നിലയിലുള്ള എന്റെ അനുഭവപാഠം.

ജോയ്സിന്റെ രചനകളിൽ അത്ര പ്രശസ്തമാകാത്ത രചനകളാണ് വിവർത്തക എന്ന നിലയിൽ എന്നെ ആദ്യം ആകർഷിച്ചത്. തന്റെ നാലു വയസ്സുകാരനായ സ്റ്റീഫൻ എന്ന കൊച്ചുമകനുവേണ്ടി എഴുതിയ *The Cat and the Devil* എന്ന കഥയാണ് ആദ്യം എന്നിൽ താല്പര്യം ജനിപ്പിച്ചത്. പിന്നീട്, പ്രേമകവിതാസമാഹാരമായ *Chamber Music*, *Dubliners*ൽ നിന്ന് അത്രയൊന്നും ശ്രദ്ധിക്കപ്പെടാത്ത 'Eveline' എന്ന കഥ എന്നിവ പരിഭാഷപ്പെടുത്തി. *A Portrait of The artist As a Young Man* എന്ന നോവൽ ഇംഗ്ലീഷ് ബിരുദാനന്തരബിരുദത്തിന് പാഠപുസ്തകമായതിനാൽ മൊഴിമാറ്റത്തിന് പരിഗണിക്കാൻ എന്റെ കാഴ്ചപ്പാട് അന്നെന്നെ അനുവദിച്ചില്ല. *യുലീസസ്* വളരേ പ്രസിദ്ധമായിരുന്നെങ്കിലും പലർക്കുമത് ഭക്ത്യാദരങ്ങളോടെ സമീപിക്കാനും സ്പർശിക്കാനും മാത്രമുള്ള പുസ്തകമായിരുന്നു. പിന്നീട് *യുലീസസ്* അടിസ്ഥാനമാക്കിയ ഡോക്ടറൽപഠനത്തിന്റെ ഏറ്റവും ഒടുവിലത്തെ കാലയളവിലാണ് ഞാൻ ഗ്രന്ഥകർത്താവിനെ 'മനസ്സിലാക്കാനുള്ള' ഒരു അഭ്യാസമെന്ന നിലയിൽ തിരഞ്ഞെടുത്ത ഭാഗങ്ങൾ വിവർത്തനം ചെയ്യാനാരംഭിച്ചത്.

ഏറ്റവും ഒടുവിലത്തെ അധ്യായമായ 'Penelope' ആണ് യുലീസസിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ആദ്യത്തെ സുദീർഘമായ ഭാഗം. ഒരു സ്ത്രീയുടെ ആഖ്യാനശബ്ദത്തിലാണ് ആ അദ്ധ്യായം. അന്തസത്തയിലും സ്വരത്തിലും തികച്ചും അനൗപചാരികമായ സംഭാഷണശൈലിയുള്ള, ചിഹ്നരഹിതമായ ആ അദ്ധ്യായം മലയാളത്തിൽ എങ്ങനെ മുഴങ്ങുമെന്ന് കേൾക്കാനുള്ള ജിജ്ഞാസയായിരുന്നു അന്നെനിക്കുണ്ടായിരുന്നത്. ഇംഗ്ലീഷിലുള്ള ശൈലീപരവും ഭാഷാപരവുമായ നേരിയ ശബ്ദാർത്ഥവ്യന്യാസാന്തരങ്ങളും ചിഹ്നങ്ങളുടെ വളരെ പരിമിതമായ ഉപയോഗവും മലയാളത്തിൽ ശ്രദ്ധിക്കപ്പെടാതെ പോകുമെന്ന് വളരെ പെട്ടെന്ന് ഞാൻ മനസ്സിലാക്കി. ഈ അദ്ധ്യായത്തിന്റെ ആത്മഗതരൂപത്തിനനുയോജ്യമായ പരുക്കൻതാളം മൊഴിമാറ്റത്തിൽ ധ്വനിപ്പിക്കുക പ്രധാനമായിരുന്നു. എങ്കിലും ഒരു മധ്യവർഗ്ഗസ്ത്രീകഥാപാത്രം സ്വന്തം ലൈംഗികതയെപ്പറ്റി പുരുഷാധിപത്യവ്യവസ്ഥയുടെ അതിർത്തികൾ ലംഘിച്ചും നാട്ടുനടപ്പുകൾക്കു വിരുദ്ധമായും നടത്തിയ ബോധധാരാഖ്യാനം മലയാളവായനക്കാരെ ഞെട്ടിക്കുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു. സ്ത്രീകഥാപാത്രത്തിന്റെ നാടകീയസ്വഗതാഖ്യാനസങ്കേതത്തിലൂടെ ചുരുളഴിയുന്ന ജോയ്സിന്റെ ആഖ്യാനപരീക്ഷണത്തിനുപരി എന്റെ പരിഭാഷ ശക്തമായ സ്ത്രീപക്ഷപാഠമായാണ് മലയാളത്തിൽ മാറിയത്. അതുവഴി ആധുനികസാഹിത്യവ്യവസ്ഥയിലെ ജോയ്സിന്റെ സുരക്ഷിതമായ പീഠത്തിന് സ്ഥാനഭ്രംശവും സംഭവിച്ചു. ആധുനികസാഹിത്യത്തിൽ പുരുഷാധികാരവ്യവസ്ഥയെ വെല്ലുവിളിക്കുന്ന പുരുഷശബ്ദം ആരാണ് എപ്പോഴെങ്കിലും കേട്ടിരിക്കുന്നത്?

*യുലീസസ്* സൂക്ഷ്മമായി വായിക്കുന്ന ആർക്കും തന്നെ രചനാരീതിയിലെ വിധ്വംസകസ്വഭാവവും ആഖ്യാനത്തിൽ ഉള്ളടക്കം ചെയ്ത സമൃദ്ധമായ രാഷ്ട്രീയധ്വനികളും ശ്രദ്ധിക്കാതിരിക്കാനാവില്ലെങ്കിലും എനിക്ക് ഇവയെല്ലാം സവിശേഷമായി വ്യക്തമായത് 'Penelope'ന്റെ വിവർത്തനാനുഭവത്തിന്റെ വെളിച്ചത്തിലാണെന്ന് ഉറപ്പിച്ചുപറയാൻ കഴിയും. യുലീസസിനെ യൂറോപ്യൻ പശ്ചാത്തലത്തിൽ വായിക്കുന്നതിനു പകരം ഐറിഷ് പശ്ചാത്തലത്തിലും അതിലുപരിയായി ഡബ്ലിൻ പരിസരത്തിലും ഞാൻ വായിച്ചുതുടങ്ങി. സാമ്രാജ്യത്വഭരണത്തിൻകീഴിൽ അടിമപ്പെട്ടു കിടന്ന രാജ്യമെന്ന നിലയിൽ അയർലണ്ടും തലസ്ഥാനമായ ഡബ്ലിനും എന്റെയുള്ളിൽ സ്ഥാനം നേടി. സാമ്രാജ്യത്വരാജ്യങ്ങളുടെ ചരിത്രവും അവരുടെ അധിനിവേശിതരാജ്യങ്ങളുടെ ചരിത്രവും എങ്ങനെ കൂട്ടിക്കുഴയ്ക്കാനാവും? സാമ്രാജ്യത്വശക്തികൾ കീഴ്പ്പെടുത്തിയവരുടെ ചരിത്രം കൂടി മോഷ്ടിച്ചെടുക്കുന്നതിന്റെ,

യുലീസസ് സൂക്ഷ്മമായി വായിക്കുന്ന ആർക്കും തന്നെ രചനാരീതിയിലെ വിധ്വംസകസ്വഭാവവും ആഖ്യാനത്തിൽ ഉള്ളടക്കം ചെയ്ത സമൃദ്ധമായ രാഷ്ട്രീയധ്വനികളും ശ്രദ്ധിക്കാതിരിക്കാനാവില്ലെങ്കിലും എനിക്ക് ഇവയെല്ലാം സവിശേഷമായി വ്യക്തമായത് Penelope ന്റെ വിവർത്തനാനുഭവത്തിന്റെ വെളിച്ചത്തിലാണെന്ന് ഉറപ്പിച്ചുപറയാൻ കഴിയും.

അത് ചോദ്യം ചെയ്യാതെ പോയതിന്റെ ഉദാഹരണമാണോ ഇത്? ഇന്ത്യയിലെ ഇംഗ്ലീഷ് സാഹിത്യ പഠനപദ്ധതിയിൽ ഇംഗ്ലീഷ്, ഐറീഷ് എന്നീ വ്യത്യസ്ത സാഹിത്യചരിത്രങ്ങൾ ഒരു വിഭാഗമായി കൈകാര്യം ചെയ്യപ്പെടുന്നതെന്തുകൊണ്ട്? തുടങ്ങിയ ചോദ്യങ്ങൾ എന്നെ തീവ്രമായി അലട്ടി.

ഒരിടവേളയ്ക്കു ശേഷം ആദ്യ അധ്യായം മുതൽ *യുലീസസ്* വിവർത്തനം ചെയ്യാൻ തുടങ്ങിയപ്പോൾ ജോയ്സിനെ ഐറിഷ് എഴുത്തുകാരൻ എന്ന നിലയിൽ പരിഗണിച്ച് *യുലീസസി*ന് കോളനിഭരണാനന്തരകാലത്തെ പുനർവായന നൽകാനാണ് ഞാൻ ലക്ഷ്യമിട്ടത്. അക്കാലയളവിൽ പ്രസിദ്ധീകരിച്ച *Joyce, Race and the Empire* (Vincent Cheng, 1995 Cambridge University Press, Cambridge), *The Irish Ulysses* (Maria Tymoczko,1994, Unversity of California, Berkley) എന്നീ വിമർശനഗ്രന്ഥങ്ങളും എനിക്ക് പിൻബലം നൽകി. "Penelope"ന്റെ പരിഭാഷയിൽ നിന്ന് വ്യത്യസ്തമായി ഇംഗ്ലീഷിൽ നിന്നും ഐറിഷിൽ നിന്നുമുള്ള ചില അടിസ്ഥാനപദങ്ങളെ അതേപടി നിലനിർത്തുകയും ഇംഗ്ലീഷുകാരെ സൂചിപ്പിക്കാൻ അയർലണ്ടുകാർ ഉപയോഗിക്കുന്ന sassenach, strangers തുടങ്ങിയ വാക്കുകൾ അടിക്കുറുപ്പുകളാൽ വിശദീകരിക്കുകയും ചെയ്തു. പ്രധാന കഥാപാത്രമായ സ്ററീഫന്റെ സംഭാഷണത്തിൽ കടന്നുവരുന്ന സാമ്രാജ്യത്വവിരുദ്ധവും സഭാവിരുദ്ധവുമായ ചില പ്രസ്താവനകൾക്ക് പരിഭാഷയിൽ കൂടുതൽ പ്രഹരശക്തി ലഭിക്കുന്നത് ഞാൻ തിരിച്ചറിഞ്ഞു. ഐറിഷ്ചരിത്രത്തെക്കുറിച്ച് കൂടുതൽ അടിക്കുറിപ്പുകൾ നൽകാൻ വായനക്കാർ തന്നെ ആവശ്യപ്പെട്ടു. "ഡീസിയും സ്റ്റീഫനും തമ്മിലുള്ള സംഭാഷണത്തിൽ നിന്നും ചിന്തയിൽ നിന്നുമുള്ള കഷണങ്ങൾ കൂട്ടിച്ചേർത്താൽ ഇംഗ്ലണ്ടിനെതിരെ അയർലണ്ടു നടത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള സ്വാതന്ത്ര്യപോരാട്ടത്തിന്റെ ചരിത്രം മനസ്സിലാക്കാം" എന്നും "ഇപ്പോൾ വടക്കൻ അയർലണ്ട് അൾസ്റ്റർ എന്നാണറിയപ്പെടുന്നത്. വടക്കൻ അയർലണ്ടിലെ പ്രൊട്ടസ്റ്റന്റ് സമുദായം അയർലണ്ടിന്റെ സ്വയംഭരണപ്രസ്ഥാനത്തെ അനുകൂലിച്ചിട്ടില്ല" എന്നുമുള്ള പ്രമേയപരമായ പ്രാധാന്യം ഉയർത്തിക്കാട്ടാൻ പര്യാപ്തമായ അടിക്കുറിപ്പുകൾ, നോവലിലെ വഞ്ചനയുടെയും അപഹരണത്തിന്റെയും മുഹൂർത്തങ്ങളോട് അനായാസവും സ്വാഭാവികവുമായി രമ്യപ്പെടാൻ അവർക്കാവശ്യമായിരുന്നു.

കോളണിഭരണം നിലനിന്നിരുന്ന രണ്ടുരാജ്യങ്ങളെന്ന നിലയിൽ ഇന്ത്യയിലെ വായനക്കാർക്ക് *യുലീസസി*ലെ വഞ്ചനയുടെയും അപഹരണത്തിന്റെയും പ്രമേയങ്ങളോടും ആശയങ്ങളോടും മുഹൂർത്തങ്ങളോടും പൊരുത്തപ്പെടാൻ എളുപ്പമാണ്. ഓരോ അധ്യായത്തിലുമുള്ള കൊളോണിയൽ അധിനിവേശചരിത്രത്തിന്റെ അടയാളങ്ങളെ വേർതിരിച്ചെടുക്കുകയാണ് വിവർത്തനപ്രക്രിയയിൽ ആദ്യമായി ചെയ്തത്. ഇംഗ്ലീഷുകരോടുള്ള ദാസ്യമനോഭാവം, ഇംഗ്ലണ്ടിന്റെ വിജയത്തിലും ശക്തിയിലും അത്യാദരവ് പ്രകടിപ്പിക്കുന്ന വിദ്യാലയത്തിലെ പ്രധാനാധ്യാപകൻ തുടങ്ങി വഞ്ചനയുടെയും അധിനിവേശത്തിന്റെയും ബിംബങ്ങൾ സമൃദ്ധമായി ഓരോ അധ്യായത്തിലും കണ്ടെത്താൻ കഴിഞ്ഞു. അയർലണ്ടിനോടുള്ള ഇംഗ്ലണ്ടിന്റെ അധിനിവേശത്തിന്റെയും വഞ്ചനയുടെയും അപഹരണത്തിന്റെയും താങ്ങാനാവുന്നതിലുമധികമുള്ള അനുഭവങ്ങളെ ഐറിഷ് ബുദ്ധിജീവിയായ സ്റ്റീഫൻ ബുദ്ധിപരമായി കൈകാര്യം ചെയ്യുമ്പോൾ അധിനിവേശത്തിനിരയാക്കപ്പെട്ടവരുടെ ആഗോളപ്രതിനിധിയായ ലിയോപ്പാർഡ് ബ്ലൂം അവയെ വ്യക്തിപരമായി നേരിടുന്നു.എല്ലാക്കാലത്തും പ്രാന്തവൽക്കരിക്കപ്പെടുകയും തങ്ങളുടേതല്ലാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്യുന്നവരുടെ പ്രതിനിധിയായി യഹൂദനായ ബ്ലൂം നിലകൊള്ളുന്നത് കാണാൻ കഴിയും. ഈവക പ്രമേയങ്ങൾക്കും വസ്തുതകൾക്കും പ്രാധാന്യം നൽകുമ്പോൾ പരിഭാഷയിൽ വ്യക്തമായി തെളിയുന്നത് *യുലീസസി*ന്റെ ഐറിഷ്പാഠവും ജോയ്സ് എന്ന രാഷ്ട്രീയചായ്‌വുള്ള എഴുത്തുകാരനുമാണ്.

ഇത്രയും കാലം 'വ്യത്യസ്ത ശൈലി'യെന്നും 'പരീക്ഷണങ്ങളെ'ന്നുമുള്ള ഇംഗ്ലീഷ് പാരമ്പര്യവ്യാഖ്യാനങ്ങളുടെ ആവരണങ്ങളാണ് ഇവിടെ പൊളിഞ്ഞുവീഴുന്നത്. ജോയ്സിന്റെ ബോധപൂർവ്വമുള്ള ഭാഷയും ശൈലിയും ഒരു പുനർനിർമ്മാണശ്രമത്തിന്റെ ഭാഗമായാണ് ഞാൻ കാണുന്നത്. അത് പൈതൃകമായും സാമ്രാജ്യത്വപരമായും അടിച്ചേല്പിക്കപ്പെട്ട ഭാഷകളോടുള്ള നിരന്തര എതിർപ്പിന്റെ ഭാഗമാണ്. ഈ നിലപാടിന് ഉദാഹരണമായി ആദ്യ അധ്യായമായ 'ടെലിമാക്കസ്'-ൽ നിന്നുള്ള ചില ഭാഗങ്ങൾ ഇവിടെ എടുത്തു കാട്ടാം.

1. മള്ളിഗൻ സ്റ്റീഫനോട് ഇംഗ്ലീഷുകാരനായ ഹേൻസ്-നെ പറ്റി:

ഇത്രയും കാലം വ്യത്യസ്ത ശൈലിയെന്നും പരീക്ഷണങ്ങളെന്നുമുള്ള ഇംഗ്ലീഷ് പാരമ്പര്യവ്യാഖ്യാനങ്ങളുടെ ആവരണങ്ങളാണ് ഇവിടെ പൊളിഞ്ഞുവീഴുന്നത്. ജോയ്സിന്റെ ബോധപൂർവ്വമുള്ള ഭാഷയും ശൈലിയും ഒരു പുനർനിർമ്മാണശ്രമത്തിന്റെ ഭാഗമായാണ് ഞാൻ കാണുന്നത്. അത് പൈതൃകമായും സാമ്രാജ്യത്വപരമായും അടിച്ചേല്പിക്കപ്പെട്ട ഭാഷകളോടുള്ള നിരന്തര എതിർപ്പിന്റെ ഭാഗമാണ്.

“ദൈവമേ ഈ നശിച്ച ഇംഗ്ലീഷുകാർ... കാശും ദഹനക്കേടുംകൊണ്ട് വീർത്തു പൊട്ടുന്നവർ”, 2. പാൽക്കാരിയായ ഐറിഷ് കിഴവിയെപ്പറ്റി സ്റ്റീഫൻ: “ അലഞ്ഞു നടക്കുന്ന തള്ള..തന്നെ അടിമപ്പെടുത്തിയവനെ നിസ്സാരമാക്കി, ആഹ്ലാദത്തോടെ വഞ്ചിച്ചവനെ സേവിച്ചുനിൽക്കുന്ന അനശ്വരതയുടെ ശ്രേണിയിൽ ഏറ്റവും താഴെയുള്ള കുനിഞ്ഞ രൂപം” 3. ഹേൻസ് സ്റ്റീഫനോട്: “നീ സമ്മതിക്കുമെങ്കിൽ നിന്റെ ചൊല്ലുകളുടെ ഒരു ശേഖരം എനിക്ക് ഉണ്ടാക്കിയാൽ കൊള്ളാം. സ്റ്റീഫന്റെ മറുപടി: എനിക്കതിൽ നിന്നെന്താ പണം കിട്ടുമൊ” 4. “ഞാൻ രണ്ടു യജമാനന്മാരുടെ വാല്യക്കാരനാണ്. ഒന്ന് ഇംഗ്ലീഷ്. മറ്റത് ഇറ്റാലിയൻ. സർവ്വാധികാരവും കയ്യടക്കിയ ബ്രിട്ടീഷ് സാമ്രാജ്യം. പിന്നെ കാതോലികവും അപ്പോസ്തോലികവുമായ പരിശുദ്ധ റോമാസഭ” 5. ഹേൻസിന്റെ ചിരിയെ നോക്കി സ്റ്റീഫന്റെ നിരീക്ഷണം: “കാളക്കൂറ്റന്റെ കൊമ്പ്. കുതിരയുടെ കുളമ്പ്. ഇംഗ്ലീഷുകാരന്റെ ചിരി.” വിവർത്തകർക്ക് എപ്രകാരം സാഹിത്യപാരമ്പര്യത്തെ തിരുത്തിയെഴുതാമെന്ന് തെളിയിക്കുന്നവയാണ് ഈ ഉദാഹരണങ്ങൾ. “സഭയുടെയും രാഷ്ട്രത്തിന്റെയും ഉദ്ധതമായ ആജ്ഞകളോടുള്ള ഒരു സാധാരണ ഐറിഷ് പൗരന്റെ രോഷവും അമർഷവും ജ്വലിച്ചുനിൽക്കുന്ന ജോയ്സിന്റെ രചനകളെ സ്വീകാര്യമാക്കിക്കൊണ്ട് അതുവഴി ബഹുമാനിതവുമാക്കി, അവയെ തങ്ങളുടേതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാവാം അദ്ദേഹത്തെ മഹത്തായ ആംഗലസാഹിത്യപാരമ്പര്യത്തിൽ ആധുനികതയുടെ പ്രതീകമായി മഹത്വവൽക്കരിക്കുന്നത്.” എന്ന Vicent Chengന്റെ നിരീക്ഷണത്തിന്റെ സ്വാധീനം ഈ പരിഭാഷയിൽ ചെറുതല്ലായിരുന്നു. കേവലം യാന്ത്രികമായ വായനയെന്നതിൽ കവിഞ്ഞ് ഒരു ചെറുത്തുനില്പ്പിന്റെ സാധ്യതകൾ കൂടി വിവർത്തനപ്രക്രിയയിൽ നിലനിൽക്കുന്നുണ്ടെന്ന് ഇത് കാണിച്ചു തരുന്നു. പരിഭാഷയുടെ ലക്ഷ്യം പരിഭാഷകർക്ക് വ്യക്തമായി അറിയാവുന്ന സാഹചര്യത്തിൽ ഭാഷാശാസ്ത്രപരവും ശൈലീപരവുമായ തിരഞ്ഞെടുപ്പുകൾ പ്രാധാന്യം അർഹിക്കുന്നില്ല. വിവർത്തകക്കുറിപ്പില്ലാതെയുള്ള പരിഭാഷാഗ്രന്ഥങ്ങൾ സ്വാഗതം ചെയ്യപ്പെടാത്ത ഇക്കാലഘട്ടത്തിൽ വിവർത്തകരുടെ ഉത്തരവാദിത്തം വളരെ വലുതാണ്. വിവർത്തകർ ഒരേസമയം നിരൂപകദൃഷ്ടിയിലൂടെയും സൈദ്ധാന്തികദൃഷ്ടിയിലൂടെയും മറ്റു വിവിധകാഴ്ചപ്പാടുകളിലൂടെയും ലക്ഷ്യഭാഷാകൃതിയെ വിലയിരുത്തുക എന്ന ഉത്തരവാദിത്തം കൂടി ഏറ്റെടുക്കേണ്ടതുണ്ട്. ചുരുക്കത്തിൽ, മലയാളത്തിലേക്കുള്ള ഈ വിവർത്തനസംരംഭത്തിൽ ഞാനേർപ്പെടുമ്പോൾ “എന്തിനുവേണ്ടിയാണിത് ചെയ്യുന്നത് ” എന്ന ചോദ്യത്തിൽ നിന്ന് നിരൂപകസമൂഹം എന്നെ ഒഴിവാക്കുമോ? ●

*(ഡോ. ചിത്രാ പണിക്കർ ബാംഗ്ലൂർ സർവ്വകലാശാലയിൽ ഇംഗ്ലീഷ്വിഭാഗത്തിൽ അധ്യാപികയാണ്. 2007ൽ ഇംഗ്ലീഷിലെഴുതി പ്രസിദ്ധീകരിച്ച ലേഖനത്തിന് ശ്രീ. പ്രസാദ് ജേക്കബ് നൽകിയ പരിഭാഷയുടെ സംഗ്രഹമാണ് ഈ ലേഖനം)*

# ഇട്ടിക്കോരയുടെ മൊഴിമാറ്റവഴികൾ



പ്രിയ കെ. നായർ

ഏതു ഭാഷയിലാണോ ചിന്തിക്കുന്നത് അതിലേക്ക് വിവർത്തനം ചെയ്യുന്നതാണ് നല്ലത് എ ന്ന് ഞാൻ കരുതുന്നു.കേരളത്തിൽ മാത്രം ജീവിച്ച മലയാളികളായിരുന്നിട്ടും ഇംഗ്ലീഷിൽ സംസാരിച്ച മാതാപിതാക്കളാണ് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യാൻ എനിക്ക് ധൈര്യം തന്നത്. അമർച്ചിത്രകഥകളും മറ്റും വായന ആരംഭിച്ചതും ഇംഗ്ലീഷിൽ തന്നെ. പിന്നീടെപ്പോഴോ ഇംഗ്ലീഷിൽ ചിന്തിക്കാനും തുടങ്ങി. ഓരോ ഭാഷയിലെയും സാംസ്കാരികതനിമയുള്ള പദങ്ങളാണ് വിവർത്തകരെ വിഷമിപ്പിക്കുന്നത് എന്നാണ് എന്റെ അനുഭവം. ടി. ഡി. രാമകൃഷ്ണന്റെ നോവലായ *ഫ്രാൻസിസ് ഇട്ടിക്കോര*യുടെ തർജ്ജമയിൽ ഏറ്റവുമധികം വിഷമിപ്പിച്ചതും ഇത്തരം പദങ്ങളാണ്.

നീളം കൂടിയ വാക്യങ്ങളോടാണ് ടി.ഡി.രാമകൃഷ്ണനു പ്രിയം. ഒരു വാക്യത്തിൽ തന്നെ രണ്ടോ മൂന്നോ ആശയങ്ങളുമുണ്ടാവും. ഈ വാക്യഘടന നിലനിർത്തിയാൽ ആസ്വാദനത്തിന് തടസ്സമാകും എന്നു തോന്നി. എഴുത്തുകാരന്റെ ശൈലി തർജ്ജമയിൽ അദൃശ്യമാകുകയും ചെയ്യും. എഴുത്തുകാർക്കെല്ലാം അവരുടേതായ ഭാഷാശൈലിയുണ്ട്. പരമാവധി എഴുത്തുകാരന്റെ ശൈലി നിലനിർത്താനാണ് വിവർത്തനത്തിൽ ശ്രമിച്ചത്. *ഇട്ടിക്കോര*യിൽ നിന്നും *ആണ്ടാൾ ദേവനായകി*യിലെത്തിയപ്പോൾ രാമകൃഷ്ണന്റെ ഭാഷാശൈലിയുമായി അനുരൂപപ്പെടാൻ എളുപ്പം സാധിച്ചു. അത് വിവർത്തനപ്രക്രിയയിലും സഹായകമായി.

*(ഡോ. പ്രിയ എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ഇംഗ്ലീഷ് അധ്യാപികയാണ്.)*

കവർസ്റ്റോറി



ബി.എം.സുഹറ

# പരിഭാഷ എന്റെ കാഴ്ചപ്പാടിൽ



എഴുത്തുകാരുടെ ചിന്തകളും ആശയങ്ങളും വികാരവിചാരങ്ങളും മൂലഭാഷയിൽനിന്ന് ലക്ഷ്യഭാഷയിലേക്ക് മാറ്റുന്ന പ്രക്രിയയാണ് പരിഭാഷ. മൗലികരചനയെപ്പോലെതന്നെ പരിഭാഷയും സർഗ്ഗാത്മകമായ പ്രവൃത്തിയാണെന്ന കാര്യത്തിൽ സംശയമില്ല. സർഗ്ഗാത്മകകലാകാരന് നല്കുന്ന പരിഗണന പക്ഷേ വിവർത്തകർക്ക് ആരും നല്കാറില്ല. വാസ്തവത്തിൽ സ്വന്തമായി കഥയോ നോവലോ എഴുതുന്ന തിനേക്കാൾ പ്രയാസകരമായ ജോലിയാണ് പരിഭാഷ. മൂലരചയിതാവിന്റെ സൃഷ്ടിമൂല്യമൊന്നും ചോരാതെ മറ്റൊരു ഭാഷയിലേക്കു മാറ്റുക എന്നതാണ് വിവർത്തകന്റെ ദൗത്യം. ഭാഷ മാത്രമേ മാറുന്നുള്ളൂ. അർത്ഥം, ആശയം, ഭാവം, കാവ്യഭംഗികൾ എല്ലാം അതേപടി നിലനിർത്തേണ്ടതുണ്ട്. ഒരു ഭാഷയിലെ പദങ്ങൾ മറ്റൊരു ഭാഷയിൽ കണ്ടെന്നു വരില്ല. കാരണം, ഭാഷ അതു സംസാരിക്കുന്നവരുടെ ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതുകൊണ്ടാണ് ഒരു ഭാഷയിലെ പദങ്ങൾ മററു ഭാഷയിലേക്കു പകർത്തുമ്പോൾ സമാനമായ വാക്കുകൾ കിട്ടാതെ വിവർത്തകർ നട്ടംതിരിയുന്നത്.

മനസ്സിനെ ആഹ്ലാദിപ്പിക്കുകയോ നിരന്തരം വേദനിപ്പിക്കുകയോ ചെയ്യുന്ന എനിക്കിഷ്ടപ്പെട്ട കൃതികൾ മാത്രമേ ഞാൻ വിവർത്തനത്തിനു തെരഞ്ഞെടുക്കാറുള്ളൂ. അപ്പോൾ മാത്രമേ മൂലകൃതിയോടും രചയിതാവിനോടും സത്യസന്ധത പു

ലർത്താൻ സാധിക്കുകയുള്ളൂ എന്നു ഞാൻ കരുതുന്നു. മുമ്പ് വായിച്ചതാണെങ്കിലും വിവർത്തനത്തിനുമുമ്പ് വീണ്ടും വായിക്കുക പതിവാണ്. മൂലകൃതിയുടെ സൗന്ദര്യവും ഭാഷയുടെ സവിശേഷതകളും അന്യഭാഷയിൽനിന്ന് മലയാളത്തിലേക്കു കൊണ്ടുവരാൻ ഏറെ ബുദ്ധിമുട്ടനുഭവപ്പെടാറുണ്ട്. ഒരെഴുത്തുകാരൻ ഒരേ കൃതിയുടെ ആഖ്യാനത്തിൽ ചിലപ്പോൾ പല രീതികളായിരിക്കും ഉപയോഗിക്കുക. ചിന്തകൾ, കഥാപാത്രങ്ങളുടെ സൃഷ്ടി, സംഭാഷണങ്ങൾ, ബിംബകല്പന – ഇവയിലൊക്കെ അവർ ചിലപ്പോൾ പരീക്ഷണങ്ങൾ നടത്തിയേക്കാം. അവ മൂലഭാഷയിൽ നിന്ന് ലക്ഷ്യഭാഷയിലേക്ക് മൊഴിമാറ്റം നടത്തുക ശ്രമകരമായ ജോലിയാണെന്നാണ് അനുഭവത്തിൽനിന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ചില ഭാഷകളിലെ സാംസ്കാരിക സന്ദർഭങ്ങൾക്ക് പകരംവയ്ക്കാൻ മറ്റൊരു ഭാഷയിൽ ചിലപ്പോൾ വാക്കുകളുണ്ടായെന്നു വരില്ല. ഭാഷയിൽ വാക്കുകളുണ്ടാവുന്നത് മനുഷ്യരുടെ ആവശ്യങ്ങൾക്കനുസരിച്ചാണ്. അതുകൊണ്ടുതന്നെ അറബിഭാഷയിൽ നിന്ന് ഇംഗ്ളീഷിലേക്കു വിവർത്തനം ചെയ്യപ്പെട്ട കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ സമാനമായ വാക്കുകൾ കണ്ടെത്തുക ശ്രമകരമായ പ്രവൃത്തിയായി മാറുന്നു.

മൂലകൃതിയുടെ സൗന്ദര്യവും ഭാഷയുടെ സവിശേഷതകളും അന്യഭാഷയിൽനിന്ന് മലയാളത്തിലേക്കു കൊണ്ടുവരാൻ ഏറെ ബുദ്ധിമുട്ടനുഭവപ്പെടാറുണ്ട്. ഒരെഴുത്തുകാരൻ ഒരേ കൃതിയുടെ ആഖ്യാനത്തിൽ ചിലപ്പോൾ പല രീതികളായിരിക്കും ഉപയോഗിക്കുക. ചിന്തകൾ, കഥാപാത്രങ്ങളുടെ സൃഷ്ടി, സംഭാഷണങ്ങൾ, ബിംബകല്പന – ഇവയിലൊക്കെ അവർ ചിലപ്പോൾ പരീക്ഷണങ്ങൾ നടത്തിയേക്കാം.

കുട്ടിക്കാലംമുതൽ ധാരാളം വായിക്കുമായിരുന്നു. വായനയിലൂടെയാണ് മലയാളഭാഷ എനിക്കു വശപ്പെട്ടത്. സ്വന്തമായി എന്തെങ്കിലും ചെയ്യണമെന്നുള്ളത് ചെറുപ്പത്തിലേയുള്ള എന്റെ സ്വപ്നമായിരുന്നു. എന്റെ വീട്ടിൽ മുമ്പ് സ്ത്രീകളാരുംതന്നെ കോളേജിൽ പോയി പഠിക്കുന്നതോ ജോലിക്കുപോകുന്നതോ ഞാൻ കണ്ടിട്ടില്ല. എന്നിട്ടും പഠിച്ച് സ്വന്തം കാലിൽ നില്ക്കണമെന്ന ഒരാശ എന്റെ ഉള്ളിൽ നാമ്പിട്ടു. തലതിരിഞ്ഞ ആലോചനയാണെന്നു പറഞ്ഞ് എന്റെ ഉമ്മ അത് ചെറുപ്പത്തിലേ നുള്ളിക്കളയാൻ കഠിനമായി ശ്രമിച്ചു. പതിനെട്ടാം വയസ്സിൽ പഠനം പൂർത്തിയാക്കാതെ വിവാഹിതയാവുന്നതുവരെ ഞാൻ എന്റെ മോഹം ഉള്ളിൽകൊണ്ടു നടന്നു. വിവാഹിതയായി കുടുംബപ്രാരാബ്ധം തലയിലായതോടെ എന്റെ സ്വപ്നവും പൊലിഞ്ഞു. എന്റെ രണ്ട് മക്കളെ വളർത്തുന്നതിൽമാത്രമായി പിന്നീടെന്റെ ശ്രദ്ധ. അവർ മുതിർന്ന് പഠിക്കാനും ജോലിക്കുമൊക്കെയായി വീടുവിട്ടപ്പോൾ ഏകാന്തത വല്ലാതെ അലട്ടി. അതിൽനിന്നൊരു മോചനത്തിനായി വീണ്ടും വായന ശീലമാക്കി. സമയം പോക്കാൻ മാത്രമായിട്ടാണ് ആദ്യകാലത്ത് എനിക്കിഷ്ടപ്പെട്ട ചില കഥകൾ ഞാൻ ഇംഗ്ളീഷിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തു തുടങ്ങിയത്. അത് പ്രസിദ്ധീകരിക്കണമെന്ന ഉദ്ദേശമൊന്നും ഇല്ലായിരുന്നു. ഭാഷ തരക്കേടില്ലെന്നും പ്രസിദ്ധീകരണയോഗ്യമാണെന്നും ഭർത്താവ് (ഡോക്ടർ എം.എം. ബഷീർ) നിർബന്ധിച്ചിട്ടും എനിക്കതിനുള്ള ധൈര്യമുണ്ടായില്ല. ഞാനറിയാതെയാണ് അവ പ്രസിദ്ധീകരണത്തിനയച്ചത്. ആദ്യത്തെ നോവലായ കിനാവ് എഴുതുമ്പോഴും പ്രസാധകരോ വായനക്കാരോ മനസ്സിലുണ്ടായിരുന്നില്ല. കണ്ടറിഞ്ഞതും കേട്ടറിഞ്ഞതുമായ കഥകൾ എമ്പാടും ഉള്ളിലുണ്ടെന്ന് എഴുതിത്തുടങ്ങിയപ്പോഴാണ് അറിഞ്ഞത്. അങ്ങനെ ഒരു നിയോഗംപോലെ സാഹിത്യരംഗത്ത് കടന്നുവന്നപ്പോൾ ആദ്യം കുറച്ചൊന്നുമല്ല അമ്പരന്നത്. എഴുത്താണ് എന്റെ ദൗത്യമെന്ന് പിന്നീടാണ് ബോദ്ധ്യപ്പെട്ടത്. അതോടെ എഴുത്ത് എനിക്ക് പുറംലോകത്തേക്കുള്ള വാതിലായി.

നോവലെഴുത്തിന്റെ ഇടവേളകളിലാണ് എനിക്കിഷ്ടപ്പെട്ട ഏതെങ്കിലും കൃതി വിവർത്തനം ചെയ്യാനൊരുമ്പെടുക. കുട്ടികൾക്കുവേണ്ടി അറബിക്കഥകളും പേർഷ്യൻ–റഷ്യൻ നാടോടിക്കഥകളും വിവർത്തനം ചെയ്യുമ്പോൾ മനസ്സ് വീണ്ടും കുട്ടിക്കാലത്തേക്ക് ഊളിയിടും. വിവർത്തനം ചെയ്യുന്ന കൃതികളിലെ കഥാപാത്രങ്ങൾ അതോടെ എന്റെ ചങ്ങാതിമാരാകുന്നു. മാന്ത്രികപ്പരവതാനിയിൽ ഞാൻ ലോകം ചുറ്റും. അത്ഭുതവിളക്ക് കൈകൊണ്ട് തടവി ജിന്നിനെ പുറത്തുവിളിച്ച് നാട്ടുകാരുടെ കണ്ണീരൊപ്പും. കുട്ടികൾക്കു രസിക്കുന്ന വിധത്തിൽ ആ കൃതി എങ്ങനെ മൊഴിമാറ്റാ മെന്നു മാത്രമായിരിക്കും പിന്നീടെന്റെ ചിന്ത. മറ്റു ഭാഷകൾ വശമില്ലാത്തതിനാൽ ഇംഗ്ളീഷിൽ നിന്നാണ് ഞാൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാറുള്ളത്. മൂലഭാഷകൾ വശമില്ലാത്തതിന്റെ കുറവ് അപ്പോഴെല്ലാം അനുഭവപ്പെട്ടിട്ടുണ്ട്.

അറബിയിൽനിന്നുള്ള രണ്ടുനോവലുകൾ ഞാൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. തയ്യിബ് സ്വാലിഹിന്റെ സൈനിന്റെ കല്യാണവും നഗീബ് മെഹഫൂസിന്റെ കൊട്ടാരത്തെരുവും. വായിച്ച് ഇഷ്ടപ്പെട്ട്, ഇംഗ്ലീഷറിയാത്ത മലയാളികൾകൂടി വായിക്കണമെന്നു തോന്നിയതുകൊണ്ടുമാത്രമാണ് ഈ രണ്ടു കൃതികളും ഞാൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയത്.

സൈനിന്റെ കഥ കേരളത്തിലെ വിടെയോ നടന്നിട്ടുള്ളതുപോലെയാണ് എനിക്കു തോന്നിയത്. ഗ്രാമീണാന്തരീക്ഷത്തിന് അത്രമാത്രം സാമ്യമുണ്ട്. പ്രകൃതിയും ആളുകളും അവരുടെ സംസ്കാരവും നമ്മുടേതല്ലേ എന്നു തോന്നിപ്പോയി. ആ

പ്രത്യേകത നിലനിർത്താൻ സഹായിക്കുന്നതരത്തിൽ നാടൻശൈലിയും ആഖ്യാനവും മൂലകൃതിയുടെ സത്ത ചോർന്നുപോകാതെ പരിഭാഷയിൽ സ്വീകരിക്കാനാണ് ഞാൻ ശ്രമിച്ചത്.

നഗീബ് മെഹഫൂസിന്റെ ബൈനുൽ ഖസറൈൻ എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷയായ പാലസ് വാക്കാണ് ഞാൻ കൊട്ടാരത്തെരുവ് എന്ന പേരിൽ മലയാളത്തിലേക്ക് മൊഴിമാററിയത്. മെഹഫൂസിന്റെ നോവൽത്രയത്തിലെ ഒന്നാമത്തെ നോവലാണ് ബൈനുൽ ഖസറൈൻ. ഖസറൽ ശൈഖ് (പ്രേമത്തെരുവ്) അൽശുഖറിയ( മിഠായിത്തെരുവ്) എന്നിവയാണ് നോവൽത്രയത്തിലെ മറ്റു രണ്ടു നോവലുകൾ. മൂന്നുനോവലുകളും എനിക്ക് വായിക്കാൻ സാധിച്ചു. ഈജിപ്തിലെ മുസ്ലിം ജീവിതം അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. മൂന്നുനോവലുകളും വേറിട്ട് നില്ക്കുമെങ്കിലും ഒന്നു മറ്റൊന്നിന്റെ തുടർച്ചയായി വായിക്കാം. ഒറ്റയ്ക്കൊറ്റയ്ക്ക് പൂർണ്ണം. അതേസമയം പരസ്പരബന്ധവുമുണ്ട്. അകത്തളങ്ങളിൽ കഴിയാൻ വിധിക്കപ്പെട്ട സ്ത്രീകളുടെ കണ്ണീരും വിഹ്വലതകളും ജീവിതവും മനസ്സിൽതട്ടുന്നവിധത്തിൽ ചിത്രീകരിച്ചിരിക്കുന്നത് വായിച്ചപ്പോൾ ഇതുതന്നെയാണല്ലോ എന്റെ മിക്ക നോവലുകളിലേയും പ്രമേയം എന്നു തോന്നി. അതോടെ ആദ്യത്തെ നോവലെങ്കിലും വിവർത്തനം ചെയ്യണമെന്ന് അതിയായി മോഹിച്ചു. നോവലിന്റെ വലിപ്പം കണ്ട് ആകെയൊന്നമ്പരന്നെങ്കിലും രണ്ടുംകല്പിച്ചിറങ്ങുകയായിരുന്നു. പരിഭാഷ എന്ന തോന്നലുണ്ടാവാതെ ഈ നോവൽ മലയാളം മാത്രമറിയാവുന്നവർക്കും വായിക്കാൻ സാധിക്കണമെന്ന ഉദ്ദേശത്തോടെയാണ് ഞാൻ നോവൽ പരിഭാഷപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളത്. ലോകത്തിലെവിടെയും പ്രണയം, ഭാര്യാഭർതൃബന്ധങ്ങൾ, മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള അടുപ്പം, സ്നേഹം, സത്യം, ധർമ്മം, നീതി, മൂല്യസങ്കല്പങ്ങൾ തുടങ്ങിയവയിലെല്ലാം എമ്പാടും സമാനതകളുണ്ട്. അത് കണ്ടെത്തി മനുഷ്യമനസ്സുകളെ ഒന്നിപ്പിക്കുകയാണ് വാസ്തവത്തിൽ പരിഭാഷയുടെ ലക്ഷ്യം. ആ ലക്ഷ്യം നിറവേറ്റണ്ടവരാണ് പരിഭാഷകർ എന്ന ഉൾക്കാഴ്ചയുണ്ടെങ്കിലേ പരിഭാഷകരുടെ ദൗത്യം വിജയിക്കുകയുള്ളൂ.

●

*ബി. എം. സുഹറ, മാളിയക്കൽ, പി. ഒ. ചേവായൂർ, കോഴിക്കോട് 673017.*

# ട്രാൻസ്‌ലേഷനല്ല, ട്രാൻസ്ക്രിയേഷൻ



**ശ്രീകുമാരി രാമചന്ദ്രൻ**

മകന്റെ നിർബന്ധം കൊണ്ടാണ് 2008ൽ ഒരു മലയാള പുസ്തകം ആദ്യമായി ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തത്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ *ഐതിഹ്യമാല*! തുടക്കത്തിൽ അല്പം ആശങ്കയുണ്ടായെങ്കിലു ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ആത്മവിശ്വാസം നേടാനായി. തികച്ചും ലളിതമായ ശൈലിയിൽ, ഏകദേശം ഒരു പദാനുപദ തർജ്ജമ എന്ന രീതിയിൽ തന്നെ ഒന്നരക്കൊല്ലം കൊണ്ട് അതു പൂർത്തിയാക്കി. മുമ്പ് ചിലർ *ഐതിഹ്യമാല*യിലെ തിരഞ്ഞെടുത്ത ചില കഥകളുടെ, തിരഞ്ഞെടുത്ത ചില ഭാഗങ്ങൾ തർജ്ജമചെയ്തിരുന്നെങ്കിലും ഈ ഗ്രന്ഥത്തിന് ഒരു സമ്പൂർണ്ണ തർജ്ജമ ആദ്യമായി ഉണ്ടായത് എന്റെ തൂലികയിലൂടെയാണ് എന്നതിൽ ആഹ്ലാദവും സംതൃപ്തിയുമുണ്ട്. 2010ൽ ആദ്യപതിപ്പിന്റെ പ്രകാശനം നടന്ന തർജ്ജമ നാലാംപതിപ്പിലേക്കു പ്രവേശിക്കുന്നതിലും ഏറെ അഭിമാനമുണ്ട്. *ഐതിഹ്യമാല*യുടെ ജനപ്രീതി മൂലമാവാം തർജ്ജമക്കായി തുടരെത്തുടരെ ഗ്രന്ഥങ്ങൾ എന്നെ തേടിയെത്തുന്നത് സമയപരിമിതിമൂലം തിരഞ്ഞെടുത്ത ഗ്രന്ഥങ്ങൾ മാത്രമേ മൊഴിമാറ്റം ചെയ്യാറുള്ളൂ.

ജെയ്ൻ ഓസ്സ്റ്റിന്റെ *പ്രൈഡ് ആന്റ് പ്രെജുഡിസ്*, അശ്വതി തിരുനാൾ ഗൗരിലക്ഷ്മീ ബായിയുടെ *ഗ്ലിംപ്സസ് ഓഫ് കേരള കൾച്ചർ*, *പാലിയം ഹിസ്റ്ററി* എന്നീ പുസ്തകങ്ങൾ ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്കും. ഡോക്ടർ മുരളീധരൻ രചിച്ച *എന്നെന്നും സ്നേഹത്തോടെ പി.കെ.വാരിയർ*, ആചാര്യ എ.കെ.ബി നായരുടെ *വിഷ്ണുസഹസ്രനാമം വ്യാഖ്യാനം* എന്നീ ഗ്രന്ഥങ്ങൾ മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേത്തും വിവർത്തനം ചെയ്തു. പദാനുപദ തർജ്ജമയല്ല എന്റെ ശൈലി. എന്റേതായ സ്വാതന്ത്ര്യം ഉപയോഗിക്കാമെന്ന് ഉറപ്പിച്ചതിനു ശേഷമേ തർജ്ജമകൾ ഏറ്റെടുക്കാറുള്ളൂ. എന്റെ വിവർത്തനങ്ങളെ ട്രാൻസ്‌ലേഷൻ എന്നല്ല ട്രാൻസ്ക്രിയേഷൻ എന്നു വിശേഷിപ്പിക്കാനാണു താൽപര്യം. വായിച്ചു നോക്കിയാൽ ആർക്കും ഇക്കാര്യം ബോദ്ധ്യപ്പെടും.

തർജ്ജമയെ ഒരു രണ്ടാംകിട സാഹിത്യപ്രവർത്തനമായി കാണുന്നില്ല. ലോകക്ലാസ്സിക്കുകളും ഇതരഭാഷാകൃതികളും പ്രചുരപ്രചാരം നേടിയത് വിവർത്തനങ്ങളുണ്ടായതു കൊണ്ടു മാത്രമാണല്ലോ! ഐതിഹ്യമാലയെ ലോകത്തിന്റെ മുമ്പിലെത്തിക്കാനായതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. ചെറുകഥയായാലും വിവർത്തനമായാലും എഴുത്താണ് എന്റെ പ്രാണവായു. എഴുത്തില്ലാതെ ഞാനില്ല. എഴുത്തു തന്നെ എല്ലാം!

●

കവർസ്റ്റോറി



ജെ. ദേവിക

# ഫെമിനിസ്റ്റ് ജാഗ്രതയും പരിഭാഷയും: പ്രാദേശികഫെമിനിസത്തെക്കുറിച്ചു ചില ചിന്തകൾ

'പരിഭാഷ' എന്ന പദത്തിന് സാഹിത്യവ്യവഹാരങ്ങളെ കവിഞ്ഞു നിൽക്കുന്ന അർത്ഥതലങ്ങളുണ്ട്. ഒരു ഭാഷയിൽ രചിക്കപ്പെട്ട സാഹിത്യകൃതിയെ മറ്റൊരു ഭാഷയിലേക്ക് മൊഴിമാറ്റുക എന്നതിനു പുറമേ ഒരു സവിശേഷ ചരിത്ര അല്ലെങ്കിൽ സാംസ്കാരിക സാഹചര്യത്തിൽ ഉടലെടുത്ത ആശയങ്ങളെ മറ്റൊരു സാഹചര്യത്തിലേക്ക്, അവിടുത്തെ പ്രത്യേക ആവശ്യങ്ങളനുസരിച്ച്, കടമെടുക്കുക എന്ന അർത്ഥത്തിലും ആ വാക്ക് ഇന്ന് പ്രയോഗിക്കപ്പെടുന്നു. ഇതിനു പുറമേ ഒരു സംസ്കാരത്തെയോ ജീവിതശൈലിയെയോ മറ്റൊരു സംസ്കാരത്തിനു പരിചയപ്പെടുത്താനുള്ള ശ്രമത്തെയും 'പരിഭാഷ' എന്നു വിളിക്കാം. ഇതിനു മൂന്നിനും പൊതുവായ ഒരു കാര്യം, രണ്ടു പാഠങ്ങളോടും/ സംസ്കാരങ്ങളോടും/ആശയവ്യവസ്ഥകളോടും പ്രയോഗങ്ങളോടും നീതിപുലർത്തണമെന്ന ധാർമ്മികബാദ്ധ്യതയാണ്. പരിഭാഷാവസ്തു സ്വന്തം സാഹചര്യങ്ങളിൽ സൃഷ്ടിക്കുന്നതിനോട് സമാനമായ ഫലം (അതേ ഫലം എന്നല്ല ഇതിനർത്ഥം) പുതിയ ഭാഷയിൽ/ സംസ്കാരത്തിൽ/ രാഷ്ട്രീയപരിസരത്തിൽ സൃഷ്ടിക്കുന്നതാണ് പരിഭാഷയുടെ ലക്ഷ്യം. ആ ഫലമെന്തെന്ന് നിർണ്ണയിക്കുന്നത് സ്വീകരിക്കുന്ന സമൂഹത്തിന്റെ സവിശേഷസാഹചര്യമായിരിക്കും. ഈ രണ്ടു സമൂഹങ്ങൾ തമ്മിലുള്ള അധികാരബന്ധത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണയുണ്ടെങ്കിൽ മാത്രമേ പരിഭാഷ സഫലമാകൂ എന്ന വസ്തുതയും ഇവിടെ പ്രസക്തമാണ്.

ഇങ്ങനെ, കൂടുതൽ സങ്കീർണ്ണമായാണ് നാം പരിഭാഷയെ കാണുന്നതെങ്കിൽ, ഇന്നത്തെ കേരളീയജനജീവിതത്തിൽ ക്രിയാത്മമായി ഇടപെടാൻ ശ്രമിക്കുന്നവർക്ക് അത് ഒഴിവാക്കാനാവാത്ത വൃത്തിയാണെന്ന് കാണാം. ദേശീയപ്രാദേശികവാദങ്ങളുടെ പരിമിതികൾ ഇന്ന് എന്നത്തെക്കാളധികം സുവ്യക്തമാണ്.കേരളമെന്ന പ്രാദേശിക ഇടത്തിന്റെ പരിമിതികളെക്കുറിച്ചുള്ള ബോദ്ധ്യത്തിൽ നിന്നാണ് ഫെമിനിസമടക്കമുള്ള ബദൽരാഷ്ട്രീയങ്ങൾ മുളപൊട്ടിയത്. പക്ഷേ അതിനു പരിഹാരമായി ദേശീയതയിൽ അഭയംപ്രാപിക്കാനുമാവില്ല. ദേശീയവാദത്തിന്റെ ഹൈന്ദവഛായയുള്ള വകഭേദത്തിന് നാട്ടിലെ പ്രബല മദ്ധ്യവർഗ്ഗങ്ങൾക്കിടയിൽ അധീശത്വം ലഭിച്ചുവരുന്ന പശ്ചാത്തലത്തിൽ പ്രാദേശികതയ്ക്ക്, വിശേഷിച്ചും കേരളംപോലെ മിശ്രജനസംസ്കാരം ദൈനംദിനതലത്തിൽ നിലവിലുള്ള ഒരു പ്രാദേശികതയ്ക്ക്, പ്രത്യേകഭീഷണിയുണ്ട്. ഒപ്പം, ആഗോളീകരണം തീവ്രമായതോടെ പ്രാദേശികസംസ്കാരം ആഗോളവിപണിയുടെയും സാംസ്കാരിക ഒഴുക്കുകളുടെയും സ്വാധീനത്തിൽ വന്നു. ഹൈന്ദവദേശീയത ഉയർത്തുന്ന ഭീഷണിയെ നേരിടാൻ ആവശ്യമായ ബൗദ്ധികസാംസ്കാരികവിഭവങ്ങൾ എങ്ങനെ കണ്ടെത്തുമെന്ന പ്രശ്നത്തെ നാമിന്നു നേരിടുന്നു. ആഗോളസാംസ്കാരിക ഒഴുക്കുകളെ തദ്ദേശതലത്തിൽ നിന്നുകൊണ്ട്, തദ്ദേശീയതാത്പര്യങ്ങൾക്കനുസൃതമായി, തിരുത്തിയെഴുതിക്കൊണ്ടു വേ

ണം നാം ഈ ഏറ്റുമുട്ടലിനു തയ്യാറാകാനെന്നാണ് എന്റെ അഭിപ്രായം. അതായത്, ആഗോളീകരണത്തെ സംശയദൃഷ്ട്യാ മാത്രം നോക്കിക്കാണരുതെന്നും, ആഗോളീകരണപ്രക്രിയകളെ പ്രാദേശികതയ്ക്കു പുതിയ വേരുകൾ കണ്ടെത്താനുള്ള സ്രോതസ്സുകളായി എണ്ണണമെന്നുമർത്ഥം. ഈ പരിശ്രമത്തിൽ പലതരത്തിലുള്ള പരിഭാഷകൾ അനിവാര്യമാണെന്നു തീർച്ചയാണ്.

ഫെമിനിസത്തിന്റെ കാര്യത്തിലും മേൽപ്പറഞ്ഞതു ബാധകമാണ്. ഫെമിനിസത്തെ ഇന്ന് ഇന്ത്യയിൽ ദേശീയവികസനവാദങ്ങൾ വാരിപ്പുണർന്നിരിക്കുന്നു. ഒരു വശത്ത് സ്ത്രീകളെ വികസനപങ്കാളികളാക്കാനുള്ള ആവേശം വലതുപക്ഷ സർക്കാരുകൾക്കും പ്രതിപക്ഷഇടതുകൾക്കും ഒരുപോലെയുണ്ട്. എന്നാൽ സാമൂഹ്യജീവിതത്തിൽ സ്ത്രീകൾക്കു ലഭിക്കുന്ന ഇടത്തെയും മാന്യതയെയും അങ്ങേയറ്റം ചുരുക്കിക്കളയാനുള്ള തീവ്രശ്രമങ്ങളാണ് എവിടെയും. ഇതിനെതിരെ ഭരണം കയ്യാളുന്നവരും അല്ലാത്തവരുമായ രാഷ്ട്രീയപാർട്ടികൾ പ്രതികരിക്കുന്നില്ല. സ്ത്രീകളുടെ വികസനപങ്കാളിത്തത്തെ വാഴ്ത്തിപ്പാടുന്ന സർക്കാരുകളെ നിയന്ത്രിക്കുന്ന രാഷ്ട്രീയകക്ഷികളുടെ വിഭാഗങ്ങൾ സ്ത്രീമർദ്ദനക്കാര്യത്തിൽ ഒന്നാമതാകാൻ പരസ്പരം മത്സരിക്കുകയും ചെയ്യുന്നു. സർക്കാർഔദ്യോഗികവികസനവാദവൃത്തങ്ങളിൽ അമേരിക്കൻ ഉദാരവാദ ഫെമിനിസ്റ്റ് ആശയങ്ങൾക്കും (മാർത്താ നുസ്ബോമിനെപ്പോലുള്ളവരുടെ ആശയങ്ങൾക്ക്) അശ്ലീലലൈംഗികത്തൊഴിൽ വിരുദ്ധരായ ആഗോള റാഡിക്കൽ ഫെമിനിസ്റ്റുകളുടെ ആശയങ്ങൾക്കും (കാതറൈൻ മാക്കിന്നോണിനെപ്പോലുള്ളവരുടെ ആശയങ്ങൾക്ക്) വളരെ സ്വാധീനമുണ്ട്. ഇന്ത്യൻ യാഥാർത്ഥ്യങ്ങളിൽ നിന്ന് ചോദ്യങ്ങളുയർത്തുകയും നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന ഫെമിനിസ്റ്റുകളെക്കാളെറെ സ്വാധീനം ഇന്നവർക്കുണ്ട്, നിസ്സംശയം പറയാം. ഇവിടുത്തെ ഫെമിനിസ്റ്റുകൾ

ഫെമിനിസത്തെ ഇന്ന് ഇന്ത്യയിൽ ദേശീയവികസനവാദങ്ങൾ വാരിപ്പുണർന്നിരിക്കുന്നു. ഒരു വശത്ത് സ്ത്രീകളെ വികസനപങ്കാളികളാക്കാനുള്ള ആവേശം വലതുപക്ഷ സർക്കാരുകൾക്കും പ്രതിപക്ഷഇടതുകൾക്കും ഒരുപോലെയുണ്ട്. എന്നാൽ സാമൂഹ്യജീവിതത്തിൽ സ്ത്രീകൾക്കു ലഭിക്കുന്ന ഇടത്തെയും മാന്യതയെയും അങ്ങേയറ്റം ചുരുക്കിക്കളയാനുള്ള തീവ്രശ്രമങ്ങളാണ് എവിടെയും.

തങ്ങൾ നിർവ്വഹിക്കേണ്ട ബൗദ്ധികകർമ്മങ്ങളിൽ നല്ലൊരു പങ്ക് അവർക്ക് ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നുവെന്നതാണ് ഇതിന് ഏറ്റവും നല്ല തെളിവ്. ഇത് അവരുടെ വ്യക്തിപരമായ വീഴ്ചയാണെന്നല്ല. ആഗോളതലത്തിൽ അമേരിക്കൻ യാഥാസ്ഥികത്വത്തിന് പ്രിയങ്കരമായ ചില അജണ്ടകളുടെ നടത്തിപ്പുകാരികളായ ഫെമിനിസ്റ്റ് ടെക്നോക്രാറ്റുകൾ സ്ഥാപിക്കുന്ന ലക്ഷ്യങ്ങൾക്ക് മിക്കവാറും എതിരില്ലാതെ കീഴ്വഴങ്ങി നിലനിൽക്കുന്ന സ്ഥാപനങ്ങളായി മാറാൻ പാശ്ചാത്യേതര ഫെമിനിസ്റ്റ്സംഘടനകളുടെ മേൽ വൻ സമ്മർദ്ദമാണിന്ന്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഒന്നാംലോകത്തു നിന്നുണ്ടാകുന്ന ഫെമിനിസ്റ്റ് ആശയപ്രവാഹത്തെ തദ്ദേശീയരാഷ്ട്രീയസാഹചര്യങ്ങൾക്കനുസൃതമായ വിധത്തിൽ പരിഭാഷപ്പെടുത്താൻ, അതുവഴി ആ പ്രവാഹത്തിന്റെ അധികാരസൂചനകളെ തിരുത്തിയെഴുതാൻ, ഇവിടുത്തെ ഫെമിനിസത്തിന് കഴിയുന്നുണ്ടോ എന്ന് സംശയമാണ്.

ഈ കഴിവുകേടിന്റെ സങ്കടകരമായ ഒരുദാഹരണമായിരുന്നു അഫ്ഘാനിസ്ഥാനിലെ RAWA എന്ന ഫെമിനിസ്റ്റ്പ്രസ്ഥാനം. അവിടുത്തെ സ്ത്രീവിരുദ്ധരാഷ്ട്രീയത്തെയും സാമ്രാജ്യത്തിന്റെ റഷ്യൻഅമേരിക്കൻ പതിപ്പുകളെയും അനേകം ദശകങ്ങളായി വെല്ലുവിളിച്ചുവന്ന ആ സംഘടന അമേരിക്കൻ ആക്രമണകാലത്ത് അമേരിക്കൻ ഉദാരവാദഫെമിനിസ്റ്റുകളുടെ ഉപകരണമായി മാറി. ആ സംഘടന വർഷങ്ങളായി താലിബാനിന്റെ സ്ത്രീവിരുദ്ധതയ്ക്കെതിരെ നടത്തിയ പോരാട്ടത്തെ അമേരിക്കൻ ഉദാരവാദഫെമിനിസത്തിന്റെ ഇസ്ലാംവിരുദ്ധതയ്ക്ക് അടിയറവയ്ക്കുന്ന തരം തെരെഞ്ഞെടുപ്പുകളാണ് നടത്തിയത്. അമേരിക്കൻ ഉദാരവാദ ഫെമിനിസ്റ്റുകളുടെ മുഖ്യപ്രശ്നം, അധിനിവേശത്തെയും സാമ്രാജ്യത്വത്തെയും സംബന്ധിച്ച് അവർ പുലർത്തിവരുന്ന അന്ധതയാണ്. അതൊഴിവാക്കിക്കൊണ്ടല്ലാതെ അവരുടെ ആശയങ്ങളെ സ്വീകരിക്കുന്നത് പ്രാദേശികഫെമിനിസങ്ങളെ സംബന്ധിച്ചിടത്തോളം ആശാസ്യമല്ല. അതൊഴിവാക്കാൻ ആവശ്യമായ ബൗദ്ധികരാഷ്ട്രീയപ്രവർത്തനങ്ങളെയും പരിഭാഷ എന്നുതന്നെ വിളിക്കേണ്ടതുണ്ട്. കാരണം പലതരത്തിലുള്ള, പല സ്ഥലത്തുള്ള ഫെമിനിസങ്ങളുടെ പങ്കുവയ്ക്കലുകളെയും വിയോജിപ്പുകളെയും ഒരേ വില കല്പിച്ച് ഒരുപോലെ വെളിവാക്കുന്ന പദമാണത്. അതായത്, ആശയങ്ങളുടെ പരിഭാഷ കേവലം സ്വീകരണമോ സ്വാംശീകരണമോ അല്ല. അഫ്ഘാനിസ്ഥാനിൽ അമേരിക്ക നടത്തിയ അധിനിവേശയുദ്ധത്തെ അതായത്, മൂർത്തമായ പ്രാദേശിക രാഷ്ട്രീയാവസ്ഥയെ പരിഗണിയ്ക്കാതെയാണ് RAWA സ്വന്തം രാജ്യത്തിന്റെ സാമ്രാജ്യത്വ അജണ്ടയെ മുഖ്യപ്രശ്നമായി കാണാൻ കൂട്ടാക്കാത്ത അമേരിക്കൻ ഫെമിനിസ്റ്റുകളുടെ താലിബാൻവിരുദ്ധതയെ തങ്ങളുടെ താലിബാൻവിരുദ്ധപോരാട്ടത്തോടു ചേർത്തുവച്ചത്. നേരത്തെ സൂചിപ്പിച്ച തരത്തിലുള്ള പരിഭാഷ

ഇരുപക്ഷങ്ങൾ തമ്മിൽ നിലവിലുള്ള അധികാരബന്ധമെന്തെന്ന സൂക്ഷ്മചിന്തയിലൂന്നിയ പരിഭാഷ നടത്താൻ പറ്റാതെ പോയതാണ്

RAWAയ്ക്കു പറ്റിയ അബദ്ധം.

സൂക്ഷ്മപരിശോധനയിലൂന്നിയ പരിഭാഷയെ സംബന്ധിച്ച ജാഗ്രത നമുക്കും വേണ്ടതാണെന്നാണ് എന്റെ തോന്നൽ. ഈവ് എൻസ്ലറിനെപ്പോലുള്ള ഒരു ആഗോളഫെമിനിസ്റ്റിനെ (മേൽപ്പറഞ്ഞ ഇസ്ലാംവിരുദ്ധതയിൽ കലാശിച്ച അമേരിക്കൻ ഫെമിനിസ്റ്റ് ആഗോള ഇടപെടലിന്റെ മുഖ്യവക്താവു കൂടിയായിരുന്നു അവർ) ഇവിടെ സ്വാഗതം ചെയ്യും മുൻപ് അത്തരമൊരു പരിഭാഷ ആവശ്യമാണെന്നു തന്നെയാണ് എന്റെ അഭിപ്രായം. ലോകഫെമിനിസത്തിലെ അമേരിക്കൻ അധീശത്വം ഗുണത്തെക്കാളേറെ ദോഷമാണ് സൃഷ്ടിക്കുക. ഇസ്ലാംവിരുദ്ധതയെ കാര്യമായെടുക്കാതെ അതിനെ പരോക്ഷമായി വളർത്തുന്ന ഫെമിനിസങ്ങൾ കേരളത്തെപ്പോലുള്ള പ്രദേശങ്ങളിൽ ആവശ്യമുണ്ടോ എന്ന് ഗാഢമായി ചിന്തിക്കേണ്ടതുണ്ട്. ഈവ് എൻസ്ലറുടെ ഡാൻസ് പരിപാടി നമ്മുടെ പതിവുശീലങ്ങളെ പിടിച്ചുലയ്ക്കുന്നു, അവരുടെ നാടകം ശക്തമാണ്, ഇതൊന്നും സമ്മതിക്കാൻ ബുദ്ധിമുട്ടില്ല. എന്നാൽ അവരുടെ പുരുഷാധികാരവിമർശനത്തിന്റെ സാർവ്വത്രികതയും സ്ത്രീകളെ ആഗോളതലത്തിൽത്തന്നെ ഏകസംവർഗ്ഗമായിക്കാണുന്ന പ്രവണതയും സൂക്ഷ്മപരിഭാഷ കൂടാതെ സ്വീകരിച്ചുകൂടാ. കാരണം, അതില്ലാതെയുള്ള സ്വീകാരം അധിനിവേശ സംസ്കാരത്തിന്റെ അടിസ്ഥാനധാരണകളെ ഊട്ടി ഉറപ്പിക്കും. അമേരിക്കൻ ഫെമിനിസത്തിന് ആഗോളരക്ഷകപ്പട്ടം ധരിക്കാൻ വഴിയൊരുക്കുകയും ചെയ്യും.

ഈ ജാഗ്രത മുഖ്യധാരാ സ്ത്രീവാദത്തിന്റെ വിമർശകർക്കും ആവശ്യമാണെന്ന് എടുത്തുപറയണം. പൊതുവെ മുഖ്യാധാരാ ഫെമിനിസത്തെ രാഷ്ട്രീയവത്ക്കരിക്കപ്പെട്ട ജാതിമതതന്മകളിൽ നിന്നു വിമർശിക്കുന്നവർ അമേരിക്കയിലെ മുൻനിര സർവ്വകലാശാലകളിൽ നടക്കുന്ന ചർച്ചകളെയും അവയിൽ ഉയർന്നുവരുന്ന നിലപാടുകളെയും അതുപടി ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യുന്ന, അല്ലെങ്കിൽ പരിഭാഷ കൂടാതെ സ്വീകരിക്കുന്ന, പതിവാണ് ഇന്ന്. യൂറോ അമേരിക്കൻ പശ്ചാത്തലങ്ങളോട് പ്രതികരിക്കുന്ന റൂത്ത് പിയർസണിനെയും സബാ മെഹമ്മൂദിനെയും മേൽസൂചിപ്പിച്ച അർത്ഥത്തിൽ പരിഭാഷ കൂടാതെ സ്വീകരിക്കുന്നത് ബുദ്ധിയാണെന്ന് എനിക്കു തോന്നുന്നില്ല. അതുപോലെ യൂറോ അമേരിക്കൻ പരിസരങ്ങൾക്കു പുറത്ത് രൂപമെടുക്കുന്ന ഫെമിനിസങ്ങളെ നാം ചർച്ചചെയ്യുന്നതുപോലുമില്ലെന്നത് ഖേദകരമാണ്. ഫിലിപ്പീൻസിൽ പ്രവാസികളായി പണിയെടുക്കുന്ന അനേകായിരം സ്ത്രീകളെ സംഘടിപ്പിക്കുന്ന ഗാബ്രിയേലയിൽ നിന്നോ മലേഷ്യയിൽ ഇസ്ലാമികതത്വചിന്തയ്ക്കുള്ളിൽ നിലയുറപ്പിച്ചുകൊണ്ട് സ്ത്രീകളുടെ അവകാശങ്ങൾക്കായി പോരാടുന്ന സിസ്റ്റേഴ്സ് ഇൻ ഇസ്ലാമിൽ നിന്നോ നമുക്കൊന്നും പഠിക്കാനില്ലേ? ഇവരെ പരിഭാഷ കൂടാതെ സ്വീകരിക്കാമെന്നല്ല. പക്ഷേ ഈ സംഘടനകൾ നടത്തുന്ന പോരാട്ടങ്ങൾ കേരളത്തിന്റെ സമകാലികാവസ്ഥയോട് കൂടുതൽ അടുത്തുനിൽക്കുന്നുവെന്ന് (പ്രവാസികളായി തൊഴിലെടുക്കുന്ന സ്ത്രീകളുടെ സാന്നിദ്ധ്യം മൂലവും, ഇസ്ലാമികവിശ്വാസത്തിന്റെ ഉണർച്ച മൂലവും) നിസ്സംശയം പറയാം.

സാഹിത്യപരിഭാഷ മലയാളത്തിൽ നിന്ന് ഇംഗ്ളിഷിലേക്കും തിരിച്ചും ഇന്ന് ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ ആവശ്യമായിരിക്കുന്നതെന്തുകൊണ്ടെന്ന് ഞാൻ മറ്റൊരിടത്ത് വിശദമായി വാദിച്ചിട്ടുണ്ട്. പുരുഷാധികാരപൂരിതമായ മലയാളസാഹിത്യപൊതുമണ്ഡലത്തിന്റെ അതിരുകളിൽ നിന്നും പരിമിതപ്പെടുത്തലുകളിൽ നിന്നും പിതൃമേധാവിത്വവിരുദ്ധ എഴുത്തിനെ വിമോചിപ്പിക്കുന്നതിൽ ഇംഗ്ളിഷിലേക്കുള്ള പരിഭാഷയ്ക്ക് വലിയ പ്രാധാന്യമുണ്ട്. സമീപകാലത്ത് കെ ആർ മീരയുടെ ആരാച്ചാർ എന്ന കൃതിയെക്കുറിച്ചുണ്ടായ വിവാദത്തിൽ എന്റെയീ ധാരണ ശരിയാണെന്നു തെളിഞ്ഞു. മലയാളസാഹിത്യപൊതുമണ്ഡലത്തിന്റെ ഇടുക്കങ്ങളിൽ ഒതുങ്ങിപ്പോയിരുന്നെങ്കിൽ ആ കൃതിക്കു നേരെ തൊടുക്കപ്പെട്ട ദുരാരോപണാസ്ത്രങ്ങൾ കുറേക്കൂടി ഫലം കണ്ടേനെ. ദേശീയതലത്തിൽ അതിനു ലഭിച്ച അംഗീകാരം അത്തരം ശബ്ദങ്ങളുടെ ശക്തി കുറയ്ക്കുതന്നെ ചെയ്തു. അതുപോലെ ദേശീയ അക്കാദമിക രംഗത്തുണ്ടാകുന്ന ഫെമിനിസ്റ്റ് ചിന്തയും ഗവേഷണവും, പിതൃമേധാവിത്വവിരുദ്ധ ലോകസാഹിത്യവും മലയാളത്തിലെത്തേണ്ടതുമാണ്. എന്നാൽ പരിഭാഷ എന്ന സങ്കല്പത്തെ ഇതു മാത്രമായി കുറച്ചുകൂടെന്നു വാദിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. ●

*(ഗവേഷകയും വിവർത്തകയുമാണ് ജെ. ദേവിക.)*

**രാധിക പി മേനോൻ**

## മൊഴിമാറ്റത്തിന്റെ അനിവാര്യത

ദേവകി നിലയങ്ങോടിന്റെ *നഷ്ടബോധങ്ങളില്ലാതെ*, പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയായ കെ. മാധവന്റെ *ഒരു ഗാന്ധിയൻ കമ്മ്യൂണിസ്റ്റിന്റെ ഓർമ്മകൾ*, *ഒരു ഗ്രാമത്തിന്റെ ഹൃദയത്തിലൂടെ*, എസ്. കെ. പൊറ്റക്കാടിന്റെ *കാപ്പിരികളുടെ നാട്ടിൽ* എന്നിവ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തിയപ്പോൾ അവ എഴുതിയ വ്യക്തികളുടെ വിശാലമായ കാഴ്ചപ്പാട് സ്വീകരിക്കുകയും, സ്വഭാവത്തിലെ മിതത്വം ബഹുമാനിക്കുകയും യാതൊരു വിധിയെഴുത്തുകളുമില്ലാത്ത ഭാഷയുടെ സൗമ്യത സ്വീകരിക്കുകയും ചെയ്യുന്നതിന്റെ അനിവാര്യത ഞാനറിഞ്ഞു. ●

'വിവർത്തനത്തിൽ ഭാവപ്പകർച്ചയുടെ പ്രസക്തി' എന്ന ലേഖനത്തിൽ നിന്ന്

*(ഡോ.രാധിക പി. മേനോൻകൊല്ലം ഫാത്തിമകോളേജിൽ അധ്യാപികയാണ്. മികച്ച വിവർത്തനത്തിനുള്ള ക്രോസ് വേഡ് പുരസ്കാരം ലഭിച്ചു)*

**കവർസ്റ്റോറി**



**കൃഷ്ണവേണി**

# വിവർത്തനം എന്ന സർഗ്ഗക്രിയ

**ഞാ**നൊരു എഴുത്തുകാരിയല്ല. വിവർത്തക എന്ന നിലയിലും ഏറെയൊന്നും ചെയ്തിട്ടില്ല. എഴുത്ത് എന്നതിലപ്പുറം വായനയാണ് ഇഷ്ടം. വായനയുടെ ഉപോൽപ്പന്നം മാത്രമാണ് എന്നെ സംബന്ധിച്ചിടത്തോളം പരിഭാഷ.

കോളേജ് പഠനകാലത്താണ് ബ്രെഹ്തിന്റെ 'ഇൻവിസിബിൾ ഇൻസ്ക്രിപ്ഷൻസ്' (കീഴടക്കാനാവാത്ത വരികൾ) എന്ന കവിതാപരിഭാഷ അന്ന് അത്രയ്ക്കൊന്നും പ്രചാരമില്ലാതിരുന്ന ബോധി യിൽ അച്ചടിച്ചു വന്നത്. അതായിരുന്നു. എന്റെ അച്ചടിച്ച ആദ്യപരിഭാഷ. "കവികൾ ഏറെപ്പേരുണ്ട്. പരിഭാഷകൾ കുറവാണ്. അതിനാൽ പരിഭാഷ തുടരുക" എന്ന കവി സച്ചിദാനന്ദന്റെ എഴുത്ത് പ്രേരണയും പ്രചോദനവും നൽകി. അക്കാലത്താണ് എന്റെ പ്രിയ എഴുത്തുകാരനായ ഖലീൽജിബ്രാന്റെ പ്രോഫൈറ്റ് വായിച്ചത്. വീണ്ടും വീണ്ടും വായിച്ച് ജിബ്രാന്റെ രചനയിലേക്കിറങ്ങിയത് പരിഭാഷ ചെയ്തുകൊണ്ടായിരുന്നു.




അക്കാലങ്ങളിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സ്ഥിരം ആശാപൂർണ്ണാദേവിയുടേയോ, ബങ്കിംചന്ദ്ര ചാറ്റർജിയുടേയോ, തമിഴ്-കർണ്ണാടക എഴുത്തുകാരുടേയോ ജപ്പാൻ എഴുത്തുകാരുടേയോ ഒക്കെ കൃതികളുടെ മനോഹരപരിഭാഷകൾ വരാറുണ്ടായിരുന്നു. എല്ലാ ഇന്ത്യൻ ഭാഷകളിലേയും ഓരോ കഥകളുടെ പരിഭാഷകൾ ഉൾപ്പെടുത്തി പ്രത്യേക പതിപ്പുകൾ മറ്റ് ഇന്ത്യൻ ഭാഷകളിലെ എഴുത്തിനെ പരിചയപ്പെടുത്തുന്നതായിരുന്നു. പരിഭാഷയുടെ ലോകത്തിലേക്കുള്ള വാതിൽ തുറക്കലുകൾ ആയിരുന്നു അവ.

ഏറെ താമസിയാതെ ജീവിതത്തിന്റെ വഴികൾ എന്നെ സംബന്ധിച്ചിടത്തോളം ദുർഘടവും സങ്കീർണ്ണവും ആവുകയും നീണ്ട വർഷങ്ങൾ പുസ്തകങ്ങളിൽ നിന്നും അകലം പാലിച്ച് ജീവിക്കേണ്ടി വരികയും ചെയ്തു. വ്യക്തിപരമായി "ഇരുണ്ടകാലം" എന്ന് അതിനെ വിശേഷിപ്പിക്കാം. പിന്നീട് ഞാനതിൽ നിന്നൊക്ക പുറത്തുകടന്നു. ഒറ്റപ്പെട്ടുപോയ ജീവിതാവസ്ഥയിൽ അക്ഷരങ്ങളാണ് എനിക്ക് കൂട്ടായതും എന്നെ ആശ്വസിപ്പിച്ചതും. ഇസഡോറ ഡങ്കന്റെ മൈ ലൈഫ് എനിക്ക് ജീവിക്കാനുള്ള ഊർജ്ജം പകർന്നു. എന്റെ ജീവിതം എന്ന പേരിൽ അത് പ്രസിദ്ധീകരിച്ചു(ഒലിവ് പബ്ലിക്കേഷൻസ്). യെവ്തുഷെങ്കോയുടെ ആത്മകഥ, സ്നേഹലതാ റെഡ്ഡിയുടെ സീത, മിഷിമയുടേയും കിഴക്കൻ എഴുത്തുകാരുടേയും കഥകൾ, സിൽവിയാപ്ലാത്തിന്റെ കവിതകൾ, ചെക്കോവി

ന്റേയും കാമുകിയും ഭാര്യയുമായ ഓൾഗനിപ്പറിന്റെ ജീവിതവും പ്രണയവും നിറഞ്ഞ Dear writer, Dear Actress എന്ന കൃതി, സദാചാരത്തിന്റെ പേരിൽ ഒരുകാലത്ത് നിരോധിക്കുകയും പിന്നീട് ക്ലാസിക് രചനയെന്ന പദവി സ്വന്തമാക്കുകയും ചെയ്ത കേറ്റ് ചോപ്പിന്റെ awakeningഎന്ന നോവൽ, അമൃതാപീതത്തിന്റെ റവന്യൂസ്റ്റാമ്പ് എന്ന ആത്മകഥ എന്നിവയുടെ വായനയും പരിഭാഷയും എന്നെ ജീവിതത്തോട് അടുപ്പിച്ചു നിർത്തുന്നതായിരുന്നു. നുജൂദ് അസ്റാനൊമാനിയുടെ താന്ത്രിക വായനക്കിടെ പരിഭാഷപ്പെടുത്തിയത് അനുഭൂതി പകരുന്നതായിരുന്നു. കേരളത്തിലായാലും ആഫ്രിക്കയിലായാലും ജീവിതത്തിൽ സ്ത്രീ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും അപമാനങ്ങളും അവഹേളനങ്ങളും ഒരേപോലെയാണെന്ന് ആഫ്രിക്കൻ പെൺകഥകളുടെ പരിഭാഷ എന്നെ നേരിട്ട് ബോദ്ധ്യപ്പെടുത്തി. പ്രശ്നങ്ങളെ അവർ നേരിട്ടതെങ്ങനെയെന്നറിഞ്ഞു; അടിച്ചമർത്തലുകൾക്ക് ദേശകാലഭേദങ്ങളില്ല എന്ന തിരിച്ചറിവുണ്ടായി.

തീർച്ചയായും പരിഭാഷയ്ക്ക് പരിമിതികൾ ഏറെയുണ്ട്. തീർത്തും അപരിചിതനായ എഴുത്തുകാരിലൂടെ, കഥാപാത്രങ്ങളിലൂടെ സഞ്ചരിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. ഇവിടെ പരിഭാഷകർ പരകായപ്രവേശം നടത്തി വേറൊരു ലോകത്ത് എത്തേണ്ടതുണ്ട്. സ്വന്തം സൃഷ്ടി അവനവനെ മാത്രം ബാധിക്കുന്ന ഒന്നാണ് പക്ഷേ, വേറെ ഒരാളുടെ കൃതിയിൽ അതിന് പരിമിതികളുണ്ട്, ഭയക്കേണ്ടതുണ്ട്. തന്നേക്കാൾ ബുദ്ധിയും വാക്ചാരുതിയും പദസമ്പത്തും ഉള്ള വായനക്കാരെ മുന്നിൽ കണ്ടേ പരിഭാഷ ചെയ്യാനാവൂ. മൂലകൃതിയുടെ വൈകാരികഭാവങ്ങളെ അതേ രീതിയിൽ ഉൾക്കൊള്ളാനും പ്രകാശിപ്പിക്കാനും ഉള്ള സംവേദനക്ഷമതയും വിവേചനബുദ്ധിയും പദസമ്പത്തും തന്നെക്കുറിച്ചുള്ള ശരിയായ ബോധവും ആത്മാർപ്പണവും പരിഭാഷ ഏറെ ആവശ്യപ്പെടുന്നുണ്ട്. ശരിയായ അർത്ഥം ദ്യോതിപ്പിക്കാൻ മലയാളത്തിൽ സമാനപദങ്ങളില്ലാത്ത എത്രയോ വാക്കുകൾ മറ്റു ഭാഷകളിലുണ്ട്. തിരിച്ചും അതേ. (എസ്.എം.എസ്സിലെ ഐ മിസ്സ് യൂ എന്ന് അതേ തീവ്രതയിൽ അനുഭവിപ്പിക്കാൻ ഏത് മലയാളപദത്തിനാവും). ഉചിതമായ ഭാഷാപദത്തിനുള്ള തെരച്ചിൽ അനേകമനേകം പുതുവാക്കുകളിൽ എത്തിക്കും.

ഇത്രയേറെ പ്രാധാന്യമുള്ളതും ക്ലിഷ്ടവുമായ ജോലിചെയ്യുന്ന പരിഭാഷകർക്ക് സാഹിത്യരംഗത്ത് എന്ത് സ്ഥാനമാണ് നാമിന്ന് നൽകുന്നതെന്ന് ഗൗരവത്തോടെ ചിന്തിക്കേണ്ടിയിരിക്കുന്നു. കുറഞ്ഞപക്ഷം ജോലിഭാരമെങ്കിലും കണക്കിലെടുത്ത് സാമ്പത്തികവും സാമൂഹികവുമായ പ്രതിഫലം നൽകാൻ ബന്ധപ്പെട്ടവർ തയ്യാറാകണം. പരിഭാഷയെ എന്നപോലെ പരിഭാഷകരേയും നാമൊരിക്കലും വിസ്മരിച്ചുകൂടാ. ●

# പരിഭാഷ നൽകുന്ന സംതൃപ്തി



**ഗൗരി എം. കെ.**

**മു**ടങ്ങാത്ത ശമ്പളം എന്ന കനിയുടെ പ്രലോഭനത്താൽ ഒരു കേന്ദ്രഗവൺമെന്റ് സ്ഥാപനത്തിലെ ജോലികളുമായി പൊരുത്തപ്പെട്ട് ഒരിരുപത്തെട്ട് വർഷം കഴിഞ്ഞു. വേറെ എന്തങ്കിലും ചെയ്യണമെന്ന എന്റെ ആഗ്രഹമറിഞ്ഞ കഥാകൃത്തായിരുന്ന കെ. വി. അനൂപാണ് യൂജിനി ഫോയുടെ Childhood of Nepolean എന്ന പുസ്തകം വിവർത്തനം ചെയ്തു നോക്കാൻ പറഞ്ഞത്. നെപ്പോളിയൻ ലളിതമായിരുന്നു. പക്ഷേ ഈ മേഖല അത്ര പനനീർമെത്തയൊന്നുമല്ലെന്ന് പെട്ടെന്ന് തന്നെ എനിക്ക് ബോധ്യമായി. ഡി. സി. ബുക്സിനു വേണ്ടി Book Seller of Kabul(അസ്നെ സിയർസ്റ്റെഡിന്റെ നോവൽ) പരിഭാഷപ്പെടുത്തിയപ്പോൾ സർക്കാർ ജോലി വലിച്ചെറിഞ്ഞതിന്റെ കുറ്റപ്പെടുത്തലുകൾ സ്വയം തോന്നിയ സന്ദർഭങ്ങൾ കുറവല്ലായിരുന്നു. അതിലെ കഥാപാത്രങ്ങളുടെ ചൈതന്യം കണ്ട് ഞാനമ്പരന്നു.എന്റെ പരിമിതമായ ഭാഷയിൽ അതെങ്ങനെ അവതരിപ്പിക്കുമെന്നോർത്ത് വിഷണ്ണയായി. അന്താരാഷ്ട്രകാര്യങ്ങൾ പോയിട്ട് ഭാരതത്തിന്റെ ഭൂമിശാസ്ത്രമോ ചരിത്രമോ കൃത്യമായി അറിവില്ലാത്ത എന്നെപ്പോലൊരു വീട്ടമ്മയ്ക്ക് വലിയൊരു വെല്ലുവിളിയായിരുന്നു ആ നോവൽ. റഫറൻസ് പുസ്തകങ്ങളും ഗൂഗിളും ഒക്കെയായി വിവർത്തനം പൂർത്തിയാക്കി, വീണ്ടും വീണ്ടും ആവുന്നത്ര ചെത്തിമിനുക്കി ഒടുവിൽ അയച്ചപ്പോൾ കിട്ടിയ സംതൃപ്തി – അത് അപാരമായിരുന്നു. പ്രശസ്ത നോവലിസ്റ്റ് ശ്രീ. ഇ. എം. ഹാഷിം തന്റെ ബുദ്ധമാനസം എന്ന നോവൽ ഏല്പിച്ചപ്പോഴും മനസ്സിനുറപ്പില്ലായിരുന്നു. വിറച്ചു കൊണ്ട് തുടങ്ങിയ തർജ്ജമ, പിന്നെ ബുദ്ധനിൽ ലയിച്ചുചേർന്ന് ഒരു നദിയൊഴുകും പോലെയായിത്തീർന്നു. പീന്നീട് ചെയ്ത താന്ത്രിക (അസ്രാ. ക്യൂ. നൊമാനി), A Sufi Master Answers (ഡോ. എലിസബത്ത് കീസിങ്ങ്), Man's Fate (ആന്ദ്രേ മൽറോ) എന്നിവയെല്ലാം അക്ഷരാർത്ഥത്തിൽ എന്റെ വ്യക്തിജീവിതത്തിന്റെ അതിജീവനത്തിനുള്ള ഉപാധികളായി, സ്വകാര്യആനന്ദങ്ങളായി മാറി. എങ്കിലും പ്രതിഫലത്തിനായി നിരന്തരം സംസാരിക്കേണ്ടിവരുമ്പോൾ തോന്നുന്ന സ്വയം നിന്ദ ഇവിടെ എഴുതാതിരിക്കാനാവില്ല. അതിനുമപ്പുറം മറ്റ് ചിന്തകളൊന്നും അലട്ടാനനുവദിക്കാതെ ലോകത്തിന്റെ, ഞാൻ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത കോണുകളിലേക്ക്, അനുഭൂതികളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന ഈ വിവർത്തനപ്രക്രിയയിൽ ഞാനഭിരമിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ●

*(ഗൗരി എം. കെ. ബി എസ്.എൻ.എൽ -ൽ ഉദ്യോഗസ്ഥയായിരുന്നു. ഇപ്പോൾ ബാംഗ്ലൂരിൽ താമസിക്കുന്നു.)*

**കവർസ്റ്റോറി**



ജെനി ആൻഡ്രൂസ്

# താളുകൾക്കിടയിലെ പ്രപഞ്ചം

**കൃ**ഷിക്കാരൻ കൃഷിയിടം കൊത്തിക്കിളച്ച് വിത്തുകൾ വിതറി നനച്ചുവളർത്തി പൂപ്പാടമാക്കും പോലെ! വിവർത്തനമെന്ന കലയെ ഇങ്ങനെ നിർവചിക്കുവാനാണ് എനിക്ക് പ്രിയം. വിതയ്ക്കുന്ന വാക്കുകളെല്ലാം പൂവുകളായി വിരിഞ്ഞെത്തി പൂർണജ്യോതി തീർത്തുകൊണ്ട് ഒരു പൂപ്പാടം. പത്തിലേറെ വർഷങ്ങളായി ഏർപ്പെട്ടു കൊണ്ടിരിക്കുന്ന സാധന. പുസ്തകങ്ങളോരോന്ന് പുറത്തിറങ്ങുമ്പോഴും, അതിലേറെ, ഈ സാധന തന്നെയാണ് എനിക്ക് കൂടുതൽ പ്രിയങ്കരം. ഫലത്തേക്കാൾ കർമ്മത്തെ സ്നേഹിക്കാനിടയാകുന്ന അനുഭവം. ഏകാഗ്രതയിലേക്ക് അത് ചുവടുകളാകുന്നു. പദങ്ങൾക്കായി ഹൃദയത്തളമാകെ ഞാൻ പരതുന്നു. പിന്നെയെ നിഘണ്ടു എത്തുന്നുള്ളൂ.

പത്രപ്രവർത്തനത്തിന്റെ മണ്ഡലത്തിൽ ആവേശത്തോടെ പ്രവേശിച്ചുവെങ്കിലും വൈകാതെ തന്നെ നീണ്ട അവധിയിൽ അവിടം വിട്ട്, വീണ്ടും എട്ടുവർഷത്തോളം വായനയോ എഴുത്തോ ഒട്ടുമില്ലാതെ നിൽക്കേയാണ് വിവർത്തനമെന്ന സാധ്യത മുന്നിലെത്തിയത്. കുഞ്ഞുങ്ങളുടെയും വീടിന്റെയും കാര്യങ്ങൾ ക്രമീകരിച്ചുകൊണ്ട് വീട്ടിലിരുന്നു തന്നെ ചെയ്യാനൊക്കുന്ന ജോലി. ഗാന്ധിജി ചർക്കയിൽ നൂൽനൂറ്റിരുന്ന പോലെ, മഠങ്ങളിൽ കന്യാസ്ത്രീമാർ പൂക്കൾ തുന്നും പോലെ, അൾത്താരവസ്തുക്കളൊരുക്കും പോലെ, നിത്യവും ഞാൻ തുടർന്നു പോരുന്ന സാധനയായിരിക്കുന്നു അത്. നിർബന്ധിത സ്വഭാവമില്ലാതെ, അയവുള്ള നേരങ്ങൾ നോക്കി ചെയ്യാനൊക്കുന്ന കർമം.




പുസ്തകങ്ങളിലെ കഥാപാത്രങ്ങൾ എന്നോടിണങ്ങി, ഇഷ്ടംകൂടി, ചിലപ്പോൾ അവർ വിമുഖതയോടെ ദീർഘനേരം പിടിതരാതെ നിന്നു, എന്നെ തിരുത്തി, ചിലപ്പോൾ പരകായപ്രവേശം നടത്തി എന്നിലേയ്ക്കവർ കുടിയേറി. മനോഹരമായ അനുഭവം. ഗ്രന്ഥകാരനൊപ്പം, ഗ്രന്ഥകാരിക്കൊപ്പം ആഴങ്ങളിലേയ്ക്ക് ആണ്ടിറങ്ങുവാൻ, അവർ സഞ്ചരിച്ച വഴികളിലൂടെ ചുറ്റിത്തിരിയുവാൻ, പരിഭാഷ അവസരം തരുന്നു. ഒരു സമാന്തരലോകം തന്നെ അവരെനിക്ക് ഒരുക്കിത്തരുന്നു. ഹൃദയവും മനസ്സും പരിസരങ്ങളെ വിട്ട് അവർക്കൊപ്പം അലയുകയും, വീണ്ടും പരിസരങ്ങളിലേക്ക് തിരിച്ചെത്തുകയും. ഫലത്തിൽ പരിഭാഷ എനിക്ക് ഒരു ആത്മീയ സാധനയായി.

കുഞ്ഞുങ്ങൾ ഓടിക്കളിക്കുന്ന വീട്. അമ്മ സദാ വീട്ടിൽത്തന്നെയുണ്ടെങ്കിലും കടലാസുകൾക്കിടയിൽ പൂഴ്ന്നങ്ങനെ ഇരിക്കുന്നത് അവർക്ക് മടുപ്പിക്കുന്ന കാഴ്ചയാകാതിരിക്കുവാൻ കഴിവതും ശ്രദ്ധിച്ചു. അവർ സ്കൂളുകളിലേക്കു പോകുന്ന നേരം മാത്രം വിവർത്തനത്തിനു നീക്കിവെച്ചു. എങ്കിലും കുഞ്ഞുങ്ങളും അവരുടെ അപ്പായും മടങ്ങിയെത്തുന്ന

വൈകുന്നേരത്തും മനസ്സ് വാക്കുകളുടേയും വാക്യങ്ങളുടേയും ചേർച്ച നോക്കലിൽ നിന്ന് പിരിയാൻ മടിച്ച് നിന്നിട്ടുള്ള നേരങ്ങളും പലപ്പോഴുമുണ്ടാകാറുണ്ട്. ഒരു കനത്ത കുഴയൽ. മനസ്സിനെ വേഗം അതിൽ നിന്ന് പിടിവിടുവിച്ച് വീണ്ടും ഞാൻ പരിചരണപ്പാതയിലേക്ക്.

നിശ്ശബ്ദമായ പകലുകളിൽ ഒരു ഗ്രാമത്തിലെ വീട്ടിൽ ഏകാഗ്രമിരുന്ന് വായനയും എഴുത്തും നടത്താനൊക്കുക- അനുഗ്രഹം എന്നുതന്നെ ഞാനതിനെ കരുതുന്നു. ഒരു ഗ്രാമാന്തരീക്ഷത്തെ, നിശ്ശബ്ദ പ്രകൃതിയെ, കൂട്ടായി കിട്ടിയിരിക്കുന്നു. ചുറ്റുമുള്ള പച്ചകൾ തരുന്ന ഒരു താളത്തിലാണ് പകലുകൾ. കൂടെ പുസ്തകങ്ങൾ തരുന്ന താളവും.

ഈടുറ്റ പുസ്തകങ്ങൾ വിത്തിനുള്ളിൽ മറഞ്ഞിരിക്കുന്ന മഹാമരത്തെപ്പോലെയാണ്. താളുകളിൽ മറഞ്ഞിരിക്കുന്നത് ഒരു മഹാപ്രപഞ്ചം. മിർദാദിന്റെ ഗ്രന്ഥം അപ്രകാരമൊരു സംശുദ്ധവിത്താണ്. ദർശനങ്ങളുടെ ഒരു നിധിയറയാണ് അതിനുള്ളിൽ. യോഗാത്മകതയുടെ കേന്ദ്രബിന്ദുവിലെത്തിച്ചേർന്ന ഒരു ഗുരു നിശ്ചലമിരുന്ന് ഉരുവിടുന്ന വാക്കുകൾ. അവയുടെ വ്യാപ്തി അനന്തവിസ്തൃതികളെയും അത്യഗാധങ്ങളെയും ചേർത്തുകൊണ്ടുള്ളതാണ്. ആ ഗ്രന്ഥപരിഭാഷ (തിയോ ബുക്സ്, കൊച്ചി) എന്നെ ആഴങ്ങളിലേക്കു കൂട്ടി. ഓർഹൻ പാമുക്കിന്റെ നിശബ്ദഭവനം (Silent House) ആഖ്യാനശൈലിയുടെ മാന്ത്രികത കൊണ്ട് എന്നെ തുടിപ്പിച്ച ഗ്രന്ഥമാണ് (ഡി.സി.ബുക്സ്). സാധാരണ സംഭവങ്ങളെയും അസാധാരണ സംഭവങ്ങളാക്കിക്കൊണ്ട് പാമുക്ക് കഥ മെനയുന്ന രീതി വിസ്മയകരമാണ്. കഥാപാത്രങ്ങളുടെ മനോഗതങ്ങൾ അപ്രതീക്ഷിത ഇടങ്ങളിലൂടെ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. ഭൂത-വർത്തമാനഭാവികാലങ്ങളുടെ മാറിമാറിക്കളി. ഒരാഴ്ചയുടെ കഥയിൽ ഒരു നൂറ്റാണ്ടിന്റേയും ഒരു രാഷ്ട്രത്തിന്റേയും കഥ. പാമുക്കിന്റെ തന്നെ White Castle എന്ന നോവലും ഞാൻ പരിഭാഷപ്പെടുത്തിയിട്ടുണ്ട് (ഡി.സി.ബുക്സ്).

ഏറെ പണിയെടുപ്പിക്കുകയും അതിനൊപ്പം പ്രകാശം തരികയും ചെയ്തത് 'മാതൃഭൂമി ബുക്സി' നിവേണ്ടി പരിഭാഷപ്പെടുത്തിയ Shunryu Zuzuki യുടെ Zen Mind Beginners Mind എന്ന ഗ്രന്ഥമാണ്. സെൻഗുരുവിന്റെ പ്രഭാഷണങ്ങളാണത്. പുറമെ ഗുരുവിന്റെ വാക്കുകൾ കായൽപരപ്പുപോലെ ശാന്തം, സാധാരണം. എന്നാൽ ഉള്ളിലേക്ക് അപായകരമെന്നു പറയാവുന്ന ആഴങ്ങൾ. മറ്റൊരു ഭാഷയിലേക്ക് ആ തിരിച്ചറിവുകളെ മൊഴിമാറ്റുക എളുപ്പമായിരുന്നില്ല. പദപ്രശ്നക്കളം പൂരിപ്പിക്കും പോലെ ഞാൻ വാക്കുകൾക്കു പരതി. പദങ്ങളുടെ ചേർച്ച നോക്കലുകൾ. സെൻബുദ്ധിസത്തിന്റെ മനോഹാരിത രുചിച്ചറിഞ്ഞു കൊണ്ടുള്ള നാളുകളായി അത്. റോബിൻ ശർമ (The monk who sold this ferrari), പ്രിമോ ലെവി (if this is a man), ജുംപാ ലാഹിരി (The Name sake) എന്നിവരെ പരിഭാഷപ്പെടുത്തിയതും ഏറെ പ്രിയത്തോടെയാണ്.

ഡി.സി ബുക്സിൽ നിന്ന് പത്ത് പരിഭാഷകൾ. വീടിനോടു ചേർന്നിരുന്ന് നിറവേറ്റാനൊക്കുന്ന ഈ ഇഷ്ടകർമ്മം എന്റെ ദിവസങ്ങളുടെ ഒരംശമാണിപ്പോൾ, ജീവിതത്തിന്റെ തന്നെ ഒരംശം. പുസ്തകത്താളുകളെ ഖനനഭൂമിയാക്കിക്കൊണ്ട് ഞാൻ കുഴിച്ചെടുക്കലുകൾ തുടരുന്നു, വാക്കുകളാണിവിടെ വീണ്ടെടുപ്പുകാത്ത് കിടക്കുന്നത്. ഓരോ താളിനുമുണ്ട് അവയുടേതായ നിഗൂഢതകൾ. ശ്രദ്ധാപൂർണ്ണമായ വായനയിലൂടെയാണവ വെളിപ്പെടുക. ഓരോന്നായി അവയെ പുറത്തെടുക്കുമ്പോൾ എന്റെ നിധിയറ നിറയുകയാണ്. ●

*(ജെനി ആൻഡ്രൂസ് - വിവർത്തനങ്ങളെ കൂടാതെ നിരവധി കവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.)*

# എഴുത്തിന്റെ ഉൾപ്പുളകങ്ങൾ



**പി. സീമ**

ടാഗോറിന്റെ ഏഴുലേഖനങ്ങളാണ് ഞാനാദ്യമായി വിവർത്തനം ചെയ്തത്. അർത്ഥസാന്ദ്രവും അഗാധവുമായ ആ രചനാരീതി ഭയപ്പെടുത്തിയെങ്കിലും ഞാൻ പിൻമാറിയില്ല. "അമ്മയിൽ നിന്നും അപ്പോൾ പിറന്നു വീണ ഒരു ഇരുണ്ട കുഞ്ഞിനെപ്പോലെയാണ് രാത്രി. ലക്ഷോപലക്ഷം നക്ഷത്രങ്ങൾ നിശ്ചലരായി തൊട്ടിലിനുചുറ്റും നിന്ന് അതിനെ നിരീക്ഷിച്ചുകൊണ്ടിരുന്നു. അല്ലാത്തപക്ഷം കുഞ്ഞുണരുമോ എന്നവർ ഭയപ്പെടുന്നു." ഞാനാദ്യമായി വിവർത്തനം ചെയ്ത ഈ വരികൾ വല്ലാത്ത ഉൾപ്പുളകത്തോടെ ഇപ്പഴും മനസ്സിൽ പതിഞ്ഞു കിടക്കുന്നു. കഥയെഴുതുന്ന സ്വഭാവം അക്ഷരങ്ങളുടെ സ്വതന്ത്രമായ കുതിപ്പിനു പ്രേരിപ്പിച്ചെങ്കിലും വിവർത്തനത്തിന്റെ പരിമിതി ഞാൻ തിരിച്ചറിഞ്ഞു. പിന്നീട്, ഏണസ്റ്റ് ഹെമിംഗ്വേയുടെ പാരീസ് എ മൂവബിൾ ഫീസ്റ്റ്, ടോൾസ്റ്റോയിയുടെ ബാല്യകാലാനുഭവങ്ങൾ(കുട്ടിക്കാലം), എച്ച്. ജി. വെൽസിന്റെ ദി അയലന്റ് ഓഫ് ഡോക്ടർ മോറെ- ഓരോന്നിനും ഓരോ എഴുത്തുരീതികൾ, അതനുസരിച്ചുള്ള വിവർത്തനരീതികൾ, അനുഭവലോകങ്ങൾ, പരിഭ്രാന്തപ്പെടുത്തുകയും ഭീതിപ്പെടുത്തുകയും ചെയ്യുന്ന നിമിഷങ്ങൾ- ഓരോ പുസ്തകവും മനസ്സിൽ തൊടുന്ന, നിറഞ്ഞുനിൽക്കുന്ന അനുഭവങ്ങളാണ്. ●

*(പി. സീമ - നോവലുകളും ചെറുകഥകളും എഴുതിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ താമസം.)*



കെ.മുത്തുലക്ഷ്മി

# വിവർത്തനം എന്ന അനുഭവം

വിവർത്തനം ഒരു വായനയാണ്. മനസ്സിലാക്കലും പഠനവുമാണ്; എഴുത്തിലൂടെയുള്ള ആവിഷ്കാരവുമാണ്. പുതിയൊരു വായനാലോകത്തിലേക്ക് ഒരു കൃതിയെ തുറന്നുവിടലുമാണത്. മറ്റൊരാളുടെ നാവായി വിവർത്തക പ്രവർത്തിക്കുന്നു. വിവർത്തകയും ആ മറ്റൊരാളും തമ്മിലുള്ള ബന്ധം എന്താണ്? എത്ര മാത്രമാണ് അവിടെ കുതറിമാറൽ ? എത്ര മാത്രമാണ് ഒട്ടിച്ചേരൽ ? പല സാഹിത്യരൂപങ്ങളിൽ പലതാകാം ഈ അനുപാതം. ചിലപ്പോഴൊക്കെ മറ്റെയാൾ ഒരു ഭാരവും ഉത്കണ്ഠയുമാകാം. ചിലപ്പോൾ വഴികാട്ടിയും. ചിലപ്പോഴൊക്കെ വിവർത്തക മറ്റെയാൾ തന്നെയായി മാറുന്നു. ഭാരവും ഉത്കണ്ഠയുമുണ്ടാക്കുന്ന വ്യക്തിയും വഴികാട്ടിയും തമ്മിലുള്ള ബന്ധമാണ് വിവർത്തനത്തിന്റെ സ്വഭാവത്തെ നിർണയിക്കുന്നതു എന്നു തോന്നുന്നു. പല നാവുകളിലൂടെയുള്ള പറച്ചിലാണ് വിവർത്തനം.




മൂലഭാഷയും വിവർത്തനം ചെയ്യപ്പെടുന്ന ഭാഷയും രണ്ട് വ്യത്യസ്തലോകങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ശാസ്ത്രഗ്രന്ഥങ്ങൾ, കവിത, കഥ, നോവൽ, ജീവചരിത്രം അങ്ങിനെ ഓരോ തരം രചനയുടെ വിവർത്തനത്തിലും മുൻഗണനയും പരിഗണനയും നൽകപ്പെടുക ഓരോ കാര്യത്തിനായിരിക്കും. ഉദാഹരണത്തിന് ശാസ്ത്രരചനകളുടെ വിവർത്തനത്തിലെ ആകാംക്ഷ അർഥം കൃത്യമായും ശരിയായും സംവേദനം ചെയ്യപ്പെടുന്നുണ്ടോ എന്നതായിരിക്കും. .കുറച്ചു വർഷങ്ങൾക്കു മുൻപ് ചെയ്ത രണ്ടു മലയാളവിവർത്തനങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണിതു പറയുന്നത്. നൂറ്റാണ്ടുകൾക്കുമുൻപ് സംസ്കൃതഭാഷയിൽ എഴുതപ്പെട്ട ചരകസംഹിത, സുശ്രുതസംഹിത എന്നീ ആയുർവേദശാസ്ത്രഗ്രന്ഥങ്ങൾക്ക് ആധുനികകാലത്ത് ഹൃദയശസ്ത്രക്രിയാവിദഗ്ധനായ ഡോ.എം.എസ്.വല്യത്താൻ ഇംഗ്ലീഷ്ഭാഷയിൽ എഴുതിയ പുനരാഖ്യാനങ്ങളാണ് *Legacy of Charaka, Legacy of Ssuruta* എന്നീ പുസ്തകങ്ങൾ. ആഗോളതലത്തിൽ ആധുനികമായ സന്ദർഭത്തിലേക്കാണ് ഈ പുസ്തകങ്ങളുടെ പിറവി. ഇവയുടെ മലയാളഭാഷയിലേക്കുള്ള മൊഴിമാറ്റം പ്രാദേശികമായ ചുവടുമാറ്റമാണ്. ഈ മലയാളവിവർത്തനങ്ങൾ അങ്ങിനെ മൂന്നു ഭാഷകളിലൂടെയുള്ള സഞ്ചാരമായിത്തീരുന്നു.സംസ്കൃതം, ഇംഗ്ലീഷ്, മലയാളം. ആയുർവേദം പോലെയുള്ള പ്രയുക്തശാസ്ത്രരചനകളുടെ വിവർത്തനമായതുകൊണ്ട് വിഷയം കൃത്യമായി സംവേദനം ചെയ്യണം

എന്നതിനായിരുന്നു മുൻഗണന. ഉ
ള്ളിലും പുറത്തുമുള്ള ശരീരഭാഗ
ങ്ങൾ, രോഗങ്ങൾ, രോഗാവസ്ഥകൾ,
ഔഷധങ്ങൾ എന്നിവയുടെ പേരു
കൾ വലിയ പട്ടികകളായി മുന്നിൽ
വന്നു. സംസ്കൃതത്തിലോ ഇംഗ്ലീഷി
ലോ ഉള്ള പേരുകളാണെങ്കിൽ ഏ
റെക്കുറെ മാനകമായ പദമാകും എ
ന്നുകരുതാം. ശുദ്ധമായ മലയാളപദ
ങ്ങൾക്കായി പരതുമ്പോൾ പ്രാദേശി
കമായ ഉക്തിവ്യത്യാസത്തോടെ നി
രവധിപദങ്ങൾ മുന്നിൽ അണിനിര
ന്നു. നിഘണ്ടുക്കളിൽ ചിലപ്പോഴൊ
ക്കെ ഇംഗ്ലീഷ് വാക്കുകളുടെ അർഥ
മായി ഇംഗ്ലീഷ് പദം മലയാളലിപി
യിൽ എഴുതിവെച്ചിരുന്നു. ( pump-
പമ്പ് ) അതുകൊണ്ട് ശുദ്ധഭാഷാവാ
ദത്തെ വിവർത്തനസമയത്ത് മാറ്റിവെ
ച്ചു എന്നതാണ് സത്യം. മൂന്നു ഭാഷ
കളുടെ ഇഴപിരിയലും തനിമയും ഒർ
മിപ്പിച്ചത് മൂന്നു സ്ഥലങ്ങളുടെയും
സന്ദർഭങ്ങളുടെയും സംഗമത്തെയാ
ണ്.

ആയുർവേദശാസ്ത്രം ആരെയാ
ണ് അഭിസംബോധന ചെയ്യുന്നത് എ
ന്ന സംശയം വായനയിൽ പല സ
ന്ദർഭങ്ങളിലും ഉയർന്നുവന്നിരുന്നു.
ഗുരു, ശിഷ്യൻ, രോഗി തുടങ്ങിയ പു
ല്ലിംഗരൂപങ്ങൾ സാമാന്യമായ അർ
ഥത്തിൽ ഉപയോഗിക്കുന്നു എന്നുതു
ടങ്ങിയ ഭാഷാകാര്യങ്ങൾ പ്രാഥമിക
മായുണ്ട്. ഗുരു എന്ന വാക്ക് ആചാ
ര്യൻ എന്ന അർഥത്തിലാണെങ്കിൽ
നിത്യപുല്ലിംഗമാണ്. (സ്ത്രീലിംഗരൂ
പമില്ല) നിരവധി ശിഷ്യന്മാരെക്കുറി
ച്ച് പരാമർശമുള്ളപ്പോൾ ഒരു ശിഷ്യ
യെക്കുറിച്ചുപോലും പരാമർശമില്ല.
പക്ഷെ ഇംഗ്ലീഷിൽ preceptor,
teacher, patient തുടങ്ങിയ വാക്കു
കൾക്കു ലിംഗഭേദമില്ലാത്തതുകൊണ്ട്
അല്പം ശ്വാസം വിടാനായി. മലയാ
ളത്തിൽ ലിംഗഭേദം സംസ്കൃത
ത്തോളം പ്രകടമല്ല എന്ന കാര്യവു
മുണ്ട്.

പക്ഷെ ഭാഷക്കുള്ളിലാണ് പ്രശ്
നം ഗുരുതരമായത്. ചരകൻ മുന്നിൽ
കാണുന്ന രോഗി ആണോ പെണ്ണോ?
പഞ്ചഭൂതസിദ്ധാന്തത്തിന്റേയും ത്രി
ദോഷസിദ്ധാന്തത്തിന്റെയും അടി
സ്ഥാനത്തിൽ പ്രപഞ്ചവുമായുള്ള
സാത്മ്യത്തിൽ ഊന്നിക്കൊണ്ട് ആ

**ആയുർവേദശാസ്ത്രം ആരെയാണ് അഭിസംബോധന ചെയ്യുന്നത് എന്ന സംശയം വായനയിൽ പല സന്ദർഭങ്ങളിലും ഉയർന്നുവന്നിരുന്നു. ഗുരു, ശിഷ്യൻ, രോഗി തുടങ്ങിയ പുല്ലിംഗരൂപങ്ങൾ സാമാന്യമായ അർഥത്തിൽ ഉപയോഗിക്കുന്നു എന്നു തുടങ്ങിയ ഭാഷാകാര്യങ്ങൾ പ്രാഥമികമായുണ്ട്.**

രോഗ്യദർശനം മുന്നോട്ട് വെക്കുന്ന
ആയുർവേദത്തിൽ ചില പ്രയോഗ
സന്ദർഭങ്ങളെങ്കിലും ആൺകേന്ദ്രിത
മാണോ? ഉദാഹരണത്തിന്, ജ്വരത്തി
ന്റെ ചികിത്സയുടെ ഭാഗമായി വരു
ന്ന ചില പരാമർശങ്ങൾ. അവിടെ
രോഗി ആരാണ്? ഒരു ആണിനെയാ
ണു അവിടെ അഭിസംബോധന ചെ
യ്യുന്നതെന്നാണ് ആ ആഖ്യാനരീതി
നമ്മോടു സൂചിപ്പിക്കുക. ഉഷ്ണജ്വ
രബാധിതനായ (പുരുഷ)രോഗിക്ക്
കുളിർമയേകാൻ ചന്ദനം പുരട്ടിയ
യൗവനയുക്തരായ സ്ത്രീകൾ വിശ
റികൊണ്ടുവീശി ചൂടകറ്റുന്നത് ആ
വശ്യമാണെന്നും പ്രമദകളായ സ്
ത്രീകളുടെ ആലിംഗനം ശീതജ്വര
ത്തിന്റ മുക്തിക്ക് ഗുണകരമാണെ
ന്നും ചരകൻ പറയുന്നു. നല്ല കാ
ര്യം. പക്ഷെ, രോഗി സ്ത്രീയാണെ
ങ്കിലോ എന്ന ചോദ്യം അവിടെ ഉയ
രുന്നില്ല. മാത്രമല്ല രോഗിയെ അങ്ങി
നെ പുണരുന്നതിലൂടെ പകരാവുന്ന
പനി സ്ത്രീകളെ ബാധിക്കാനുള്ള
സാഹചര്യവും ഉണ്ട് എന്ന് ആയുർ
വേദരംഗത്തെ തല മുതിർന്ന ചികി
ത്സകയായ ആര്യവൈദ്യൻ.പി.മാധ
വിക്കുട്ടി ചൂണ്ടിക്കാണിക്കുന്നു.

വാജീകരണചികിത്സ വിധിക്ക
പ്പെടുന്നത് ആണിനു മാത്രമാണ്. ആ
യുർവേദത്തിൽ മാത്രമല്ല ആധുനി
കശാസ്ത്രത്തിലും സമാനമാണ് അ
വസ്ഥ. ഇപ്പോൾ പ്രചാരത്തിലുള്ള
വയാഗ്ര എന്ന മരുന്ന് പുരുഷന്മാർ
ക്ക് മാത്രമാണ് ഉപയോഗപ്രദമാകു
ന്നത്. സ്ത്രീകളിൽ അതു ഉപകാര
കമല്ല. ഇക്കാര്യത്തിൽ ഒരു സ്ത്രീമ
രുന്നിനു വേണ്ടി വിദേശങ്ങളിൽ ഗ
വേഷണങ്ങൾ നീണ്ട കാലമായി തു
ടരുന്നുവെന്നാണ് ജീവൻ ജോബ്
തോമസ്സ് തന്റെ ലേഖനത്തിൽ പറ
യുന്നത്. സ്ത്രീശരീരത്തിന്റെ ലൈം
ഗികത സ്വയം ഹർഷത്തിനായല്ല , മ
റ്റൊരാളുടെ ഹർഷത്തിനു ഉപകര
ണം മാത്രമെന്ന് വായിക്കാൻ ഇതു
നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. സ്ത്രീ
ലൈംഗികത ശാസ്ത്രത്തിന്റെ ഒരു
അപ്രാപ്യമേഖലയാണോ അതോ പ
രിഗണനാപ്പട്ടികയിൽ അപ്രധാനമാ
ണോ ? എന്നാൽ ഗർഭധാരണവും
പ്രസവവും പോലെയുള്ള സ്ത്രീയ
വസ്ഥകളെ അവളുടെ മാനസികവും
ശാരീരികവുമായ ആരോഗ്യത്തെ
മുൻ നിർത്തിത്തന്നെ ആയുർവേദ
ത്തിൽ സമഗ്രമായി വിവരിക്കുന്നു.
ആ ഘട്ടങ്ങളിലെ സ്ത്രീസുരക്ഷ സ
മൂഹത്തിന്റെ ആകെത്തന്നെയുള്ള ഉ
ത്തരവാദിത്തമാണെന്ന രീതിയിലാ
ണു ആ ഭാഗങ്ങൾ.

Legacy of Charaka, Legacy of
Ssuruta എന്ന് ഡോ. വല്യത്താൻ
നൽകിയ തലക്കെട്ടുകളിലെ Legacy
എന്ന വാക്കിനു ഇണങ്ങിയ മലയാ
ളപദം കണ്ടെത്തുക എന്നത് സഫ
ലമാകാത്ത പ്രയത്നമായാണ് അനു
ഭവപ്പെട്ടത്. നിഘണ്ടുക്കളിൽ പൈ
തൃകം എന്ന വാക്കാണു പൊതുവെ
കണ്ടത്. ചരകപൈതൃകം, സുശ്രുത
പൈതൃകം എന്നീ തലക്കെട്ടുകൾ മ
നസ്സിൽ വിസമ്മതിച്ചുകൊണ്ടാണു
സ്വീകരിച്ചതും. പൈതൃകം എന്ന വാ
ക്കിനു പൂർവികം എന്ന വാക്കു പക
രം വെക്കാമെന്നു ഒരദ്ധ്യാപകൻ പി
ന്നീട് പറയുകയുണ്ടായി. എങ്കിലും
അതു സാദ്ധ്യമാവുകയുണ്ടായില്ല.

വിവർത്തനം എന്ന പ്രക്രിയ ത
ന്നെയാണ് വിവർത്തനപാഠത്തിന്റെ
ഗൈഡ്. ആശയങ്ങൾ 'കൂട് വിട്ട് കൂ
ട് മാറുന്ന ' ആ പ്രക്രിയ നമുക്കു മു
ന്നിൽ സങ്കീർണമെങ്കിലും ചലനാത്മ
കമായ ലോകം തുറന്നുതരുന്നു. ●

*(ഡോ. കെ. മുത്തുലക്ഷ്മി സംസ്കൃ
തസർവ്വകലാശാലയിൽ അധ്യാപികയാ
ണ്)*

**കവർസ്റ്റോറി**



**കബനി സി.**

# വിവർത്തനം, സ്ത്രീ...

തന്റേതായ ഒരിടം കണ്ടെത്താനുള്ള യാത്രയിലാണ് ഓരോ സ്ത്രീയും. ആ ഇടത്തിനായുള്ള തിരച്ചിൽ ചിലപ്പോൾ ബോധപൂർവ്വമാകാം. ചിലപ്പോൾ അബോധപൂർവ്വമാകാം. ബോധപൂർവ്വമായ അന്വേഷണങ്ങൾ പരാജയപ്പെട്ട ചരിത്രവും അബോധപൂർവ്വമായ അന്വേഷണങ്ങൾ വിജയിച്ച ചരിത്രവുമുണ്ട്. ഒരേ സമയം ബോധപൂർവ്വവും അബോധപൂർവ്വവുമായ അന്വേഷണത്തിലൂടെ സ്വന്തമായ ഒരിടം കണ്ടെത്താൻ ശ്രമിക്കുന്നതിന്റെ ഭാഗമാണ് വിവർത്തനരംഗത്തെ എന്റെ പ്രവർത്തനം. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കാണ് ഞാൻ വിവർത്തനം ചെയ്യുന്നത്. പത്തു വർഷക്കാലമായി ഞാൻ ഈ രംഗത്തുണ്ട്. ഒരു സ്ത്രീയെന്ന നിലയിൽ ഈ രംഗത്തെ അനുഭവങ്ങൾ പങ്കു വെക്കാൻ, അതോടൊപ്പം തന്നെ വിവർത്തനരംഗത്ത് സ്ത്രീയ്ക്ക് സവിശേഷമായ ഒരിടമുണ്ടോ എന്ന് പരിശോധിക്കാനുമാണ് ഈ കുറിപ്പ്.

ഞാനാദ്യമായി വിവർത്തനം ചെയ്തത് മഹാശ്വേതാദേവി ജ്ഞാനപീഠപുരസ്ക്കാരം സ്വീകരിച്ചുകൊണ്ട് നടത്തിയ പ്രഭാഷണമാണ്. വളരെ ലളിതമായ ഭാഷയിൽ,എന്നാൽ തികഞ്ഞ തന്റേടത്തോടെ,ആർജ്ജവത്തോടെ അവർ നടത്തിയ പ്രഭാഷണം എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. പിന്നീട് പതിയെ ഗൗരവമുള്ള ലേഖനങ്ങൾ വിവർത്തനം ചെയ്യാൻ തുടങ്ങി. രാം പുനിയാനിയുടെ, കാഞ്ച എലയ്യയുടെ, അശിസ് നന്ദിയുടെ, കല്പനാ ശർമ്മയുടെ ലേഖനങ്ങൾ. അന്നെല്ലാം വിവർത്തനത്തിന്റെ ഭാഷയെ കുറിച്ച് വലിയ വേവലാതികളൊന്നും തന്നെ ഉണ്ടായിരുന്നില്ല. അനുയോജ്യമായ വാക്ക് തേടി ആലോചനയിൽ മുഴുകിയതോ നിഘണ്ടു തപ്പിയതോ ഓർമ്മയില്ല. അപ്പോൾ കിട്ടിയ വാക്കെടുത്ത് പ്രയോഗിക്കുക എന്നത് മാത്രമായിരുന്നു രീതി. ബിരുദത്തിന് പഠിക്കുന്ന ഒരു പെൺകുട്ടിയുടെ എല്ലാ കുറവുകളോടെയും കൂടെ ആ ലേഖനങ്ങൾ വിവർത്തനം ചെയ്യപ്പെടുകയും വിവിധ പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ചു വരികയും ചെയ്തു. എന്റെ വിവർത്തനത്തിന്റെ ആ അമേച്വർ കാലഘട്ടത്തിന്റെ ഗുണം വിവിധ വിഷയങ്ങളെ കുറിച്ച് പരന്ന വായനയുണ്ടായി എന്നതാണ്. വിവർത്തനത്തിന് തെരഞ്ഞെടുത്തില്ലായിരുന്നെങ്കിൽ ഒരിക്കലും വായിക്കുകയില്ലാതിരുന്ന ആ ലേഖനങ്ങളിലൂടെ സ്വാംശീകരിച്ച പല കാര്യങ്ങളും പിന്നീടുള്ള ജീവിതത്തിൽ എനിക്കു തുണയായിട്ടുണ്ട്.




വിവർത്തനം എന്ന കരിയർ ഞാൻ ഗൗരവമായെടുക്കുന്നത് ജെറി മാന്ററുടെ അമേരിക്കൻ ആന്റി ടിവി ക്ലാസിക്കായ ഫോർ ആർഗ്യുമെന്റ്സ് ഫോർ ദി എലിമിനേഷൻ ഓഫ് ടെലിവിഷൻ വിവർത്തനം ചെയ്യുന്നതോടെയാണ്. വലിയ ആ കൃതി നാലിലൊന്നായി ചുരുക്കേണ്ട ചുമതല കൂടി എനിക്കുണ്ടായിരുന്നു. പ്രശസ്ത സാമൂഹ്യപ്രവർത്തകനായ ക്ലോഡ് അൽവാരിസിന്റെ 'അദർ ഇന്ത്യ പ്രസ് ' പ്രസിദ്ധീകരിച്ച ആ പുസ്തകത്തിന്റെ വിവർത്തനാവകാശം യാതൊരു ഉപാധികളുമില്ലാതെയാണ് അവർ നൽകിയത്. അതു കൊണ്ട തന്നെ അത് മികച്ച രീതിയിൽ തന്നെ മലയാളത്തിൽ അവതരിപ്പിക്കപ്പെട

ണം എന്ന് നിർബന്ധമുണ്ടായിരുന്നു. അങ്ങിനെ ആദ്യമായി ഞാൻ വാക്കുകൾ തേടി അലഞ്ഞു തുടങ്ങി.

മലയാളത്തിൽ 'വിവർത്തക' എന്ന പദത്തിന് തത്തുല്യമായി ഇംഗ്ലീഷിൽ ട്രാൻസ്ലേറ്റ്രസ് (translatress) എന്ന പദമുണ്ട്. 'വിവർത്തനം എന്ന പദത്തേക്കാൾ, 'വിവർത്തക' എന്ന പദത്തേക്കാൾ ഞാനുപയോഗിക്കാൻ ഇഷ്ടപ്പെടുന്ന പദങ്ങൾ 'ട്രാൻസ്ക്രിയേഷൻ' എന്നും 'ട്രാൻസ്ക്രിയേറ്റർ' എന്നുമാണ്. ഒരു ഭാഷയിൽ നിന്നും മറ്റൊരു ഭാഷയിലേക്ക് ആശയങ്ങൾ കൈമാറ്റം ചെയ്യപ്പെടുമ്പോൾ അവയ്ക്കിടയിൽ വാക്കുകളുടെ നൂൽപ്പാലം കെട്ടുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ട്രാൻസ്ക്രിയേറ്ററുടെത്. ട്രാൻസ്ക്രിയേഷൻ എന്നാൽ 'ക്രിയേഷൻ ട്രാൻസ് കൾച്ചേഴ്സ്' എന്നു തന്നെയാണർത്ഥം. 'വിവർത്തനത്തിൽ നഷ്ടപ്പെട്ടു പോകുന്നതെന്തോ അതാണ് കവിത' എന്നത് എന്നും ട്രാൻസ്ക്രിയേറ്റേഴ്സിനെ ഭയപ്പെടുത്തുന്ന നിർവ്വചനമാണ്. വിവർത്തനത്തെ വിലയിരുത്തുന്ന മറ്റൊരു വാക്യം കൂടിയുണ്ട്: വിവർത്തനം ഒരു സ്ത്രീയെപ്പോലെയാണ്. അത് വിശ്വസിക്കാവുന്നതാണെങ്കിൽ സുന്ദരമല്ല. സുന്ദരമാണെങ്കിൽ വിശ്വസിക്കാൻ കൊള്ളുന്നതല്ല. ഇതിലടങ്ങിയിരിക്കുന്ന സ്ത്രീ വിരുദ്ധ കാഴ്ചപ്പാട് മാറ്റിനിർത്തിയാൽ സംഗതി സത്യമാണെന്നു കാണാം. വിവർത്തനത്തെ ഒരേ സമയം തന്നെ സുന്ദരവും മൂലകൃതിയോട് ആത്മാർത്ഥത പുലർത്തുന്നതുമായി നിലനിർത്തുകയെന്നത് എളുപ്പമുള്ള പ്രവൃത്തിയല്ല തന്നെ.

ലേഖനങ്ങളും പിന്നെ രണ്ടു നാടകങ്ങളും (ചെക്കോസ്ളോവാക്യൻ നാടകകൃത്ത് മിലാൻ ഉധേയുടെ ബ്ലാക്ക് ഹ്യൂമർ നാടകമായ ഐ ലവ് എംഗൽസും ഗിരീഷ് കർണാടിന്റെ 'ടിപ്പുവിന്റെ പടവാളും') മാത്രം വിവർത്തനം ചെയ്ത മൂന്നോ നാലോ വർഷങ്ങൾക്ക് ശേഷമാണ് ഞാൻ ഫിക്ഷന്റെ ലോകത്തേക്ക് കടക്കുന്നത്. ഡി സി ബുക്സിനു വേണ്ടി പ്രശസ്ത യിദ്ദിഷ് എഴുത്തുകാരൻ അമോസ് ഓസിന്റെ 'ടു നോ എ വുമൻ' ആണ് 'ഒരു സ്ത്രീയെ അറിയാൻ' എന്ന പേരിൽ ഞാൻ ആദ്യമായി വി

> വിവർത്തനത്തെ വിലയിരുത്തുന്ന മറ്റൊരു വാക്യം കൂടിയുണ്ട്: വിവർത്തനം ഒരു സ്ത്രീയെപ്പോലെയാണ്. അത് വിശ്വസിക്കാവുന്നതാണെങ്കിൽ സുന്ദരമല്ല. സുന്ദരമാണെങ്കിൽ വിശ്വസിക്കാൻ കൊള്ളുന്നതല്ല. ഇതിലടങ്ങിയിരിക്കുന്ന സ്ത്രീ വിരുദ്ധ കാഴ്ചപ്പാട് മാറ്റി നിർത്തിയാൽ സംഗതി സത്യമാണെന്നു കാണാം.

വർത്തനം ചെയ്ത നോവൽ. വിവർത്തനം എന്ന സർഗ്ഗാത്മകപ്രവർത്തനം സ്ത്രീക്ക് നല്കുന്ന മറ്റൊരു സാദ്ധ്യത അങ്ങനെയാണ് മനസ്സിലാക്കുന്നത്. സ്ത്രീയായിപ്പോയത് കൊണ്ട്, ആ ആയിപ്പോകലിന്റെ സാമൂഹ്യവും സാംസ്ക്കാരികവും മാനസികവുമായ ചങ്ങലകൾ പൊട്ടിച്ചെറിയാനുള്ള തന്റേടം ഇല്ലാതെ പോയതു കൊണ്ട് ചെറിയ ജീവിതങ്ങൾ ജീവിച്ചു തീർക്കുന്നവർക്ക് മുന്നിൽ അനുഭവത്തിന്റെയും ചിന്തകളുടെയും ഒരു വലിയ ലോകം തന്നെ തുറന്നിടുന്നു വായനയും വിവർത്തനവും.

നോവൽ വിവർത്തനം ചെയ്യാനൊരുങ്ങിയപ്പോൾ എനിക്കാദ്യമായി കിട്ടിയ ഉപദേശം ആദ്യത്തെ രണ്ടു വായനയെങ്കിലും വായനക്കാരിയുടെ കണ്ണിലൂടെയും ഒടുവിലത്തേത് വിവർത്തകയുടെ കണ്ണിലൂടെയും ആയിരിക്കണമെന്നാണ്. വിവർത്തകയുടെ കണ്ണിലൂടെ വായിക്കുമ്പോൾ ഇതെങ്ങനെ വിവർത്തനം ചെയ്യും എന്ന ആധി വായനയെ ബാധിക്കും എന്നതുകൊണ്ടാവാം ഈ ഉപദേശം. അതുകൊണ്ടുതന്നെ ഞാനെപ്പോഴും വിവർത്തനം ചെയ്യേണ്ട പുസ്തകം കയ്യിലെടുക്കുന്നത് ഒരു വായനക്കാരി മാത്രമായിക്കൊണ്ടാണ്. എന്നാൽ ആ വായനയേക്കാൾ തീവ്രവായ അനുഭവം വിവർത്തനം ചെയ്യുമ്പോൾ ലഭിക്കുന്നു എന്നാണ് എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്. ജീവിക്കാനാവാതെ പോയ ജീവിതം മുന്നിൽ ഇതൾ വിരിയുന്നത് വിരൽതുമ്പിലൂടെ അനുഭവിക്കുന്നതു പോലെ തോന്നും വിവർത്തനം ചെയ്യുമ്പോൾ.

എനിക്ക് വിവർത്തനം ചെയ്യാൻ ഭാഗ്യം ലഭിച്ച ഒരു പുസ്തകമാണ് കെനിയയിലെ പരിസ്ഥിതിപ്രവർത്തകയായിരുന്ന വാംഗാരി മാതായിയുടെ ആത്മകഥയായ അൺബോവ്ഡ്-എ വുമൺസ് സ്റ്റോറി (തലകുനിക്കാതെ -ഒരു പെണ്ണിന്റെ കഥ)എന്നത്.അങ്ങേയറ്റം അടിച്ചമർത്തപ്പെട്ട ഒരു ആഫ്രിക്കൻ കോളനിരാജ്യത്ത്,കറുത്തവർക്കിടയിൽ തന്നെ അങ്ങേയറ്റം അടിച്ചമർത്തപ്പെട്ട സ്ത്രീ സമൂഹത്തിൽ പിറന്ന വാംഗാരി സ്വപ്രയത്നം കൊണ്ട് ഉന്നതവിദ്യാഭ്യാസം നേടുന്നു. അതേ സമയം മണ്ണിനോടുള്ള പൊക്കിൾ കൊടി ബന്ധം മുറിച്ചെറിയുന്നുമില്ല. സമൂഹത്തിനെതിരെയും പുരുഷാധിപത്യത്തിനെതിരെയും പൊരുതി നേടുന്ന അവരുടെ വിജയം ചെറുതല്ല. ദാമ്പത്യത്തിലെ താളപ്പിഴകൾ പറയുന്ന ഇടത്ത് അവർ ചോദിക്കുന്നുണ്ട്...ഉള്ള കഴിവുകൾ കുറച്ചു കാണിക്കണമെന്ന്,ദൈവം തന്ന കഴിവുകൾ പ്രകടിപ്പിക്കരുതെന്ന്, രണ്ടാം തരക്കാരിയായി നടിക്കണമെന്ന്, എപ്പോഴും തല കുനിച്ച് പിടിക്കണമെന്ന്, എന്നാലേ ദാമ്പത്യം സുഗമമായി മുന്നോട്ടു പോകുകയുള്ളൂ എന്ന് എന്തേ ആരും എന്നോട് പറഞ്ഞില്ല ? വിവാഹമോചനത്തിനു ശേഷമുള്ള ജീവിതത്തെക്കുറിച്ച് അവർ പറയുന്നതിങ്ങനെയാണ്..അടിച്ചമർത്തപ്പെട്ടവളായി ജീവിച്ചിരുന്നെങ്കിലും കുറച്ചു കാര്യങ്ങൾ എനിക്കു ചെയ്യാൻ കഴിയുമായിരുന്നു. പക്ഷേ അതെന്റെ മാത്രം ജീവിതമാകുമായിരുന്നില്ല. ഇത് എന്റെ മാത്രം ജീവിതമാണ്. എന്റെ മാത്രം. ഏതൊരു സ്ത്രീയും സ്വപ്നം കാണുന്ന തരം തന്റേടവും ആത്മധൈര്യവും പ്രകടിപ്പിക്കുന്ന വാംഗാരി മാതായിയുടെ ആത്മകഥയുടെ വിവർത്തനം ഏതാണ്ട് ഒരു വർഷം കൊണ്ടാണ് പൂർത്തിയാക്കാനായത്. ഇക്കാലമത്രയും ഇപ്പോഴും അവരെന്റെ കൂടെത്തന്നെയുണ്ട്. 2011ൽ അർബുദബാധിതയായി മാ

തായി മരണമടഞ്ഞപ്പോൾ ഏറെ പ്രിയപ്പെട്ട ആരോ വിട പറഞ്ഞതു പോലെയാണ് എനിക്ക് തോന്നിയത്. വിവർത്തനം ചെയ്യുമ്പോൾ ലഭിക്കുന്ന ഇത്തരം അനുഭൂതികൾ കൈമോശം വരരുതെന്ന് നിർബന്ധമുള്ളതു കൊണ്ടാണ് തിരക്കു പിടിച്ച ഔദ്യോഗിക ജീവിതത്തിനിടയിലും, കുടുംബ ജീവിതത്തിനിടയിലും വിവർത്തനത്തെ മുറുകെപ്പിടിക്കുന്നത്.

വിവർത്തക എന്ന നിലയിലുള്ള എന്റെ കഴിവിന് വെല്ലുവിളിയായ കൃതിയാണ് പൗലോ കോയ്‌ലോയുടെ പിദ്ര നദിയോരത്തിരുന്ന് അവൾ തേങ്ങിക്കരഞ്ഞു (ബൈ ദി റിവർ പിദ്ര, ഐ സാറ്റ് ഡൗൺ ആന്റ് വെപ്റ്റ്)എന്ന കൃതി വിവർത്തനം ചെയ്യാൻ തുടങ്ങിയപ്പോഴാണ് വിവർത്തനത്തിന്റെ നേരായ ക്ലേശങ്ങൾ അനുഭവിക്കാനായത്. ബൈബിൾ പഴയ നിയമം നിരവധി തവണമറിച്ചു നോക്കേണ്ടി വന്നു നിറയെ ബൈബിൾ ബിംബങ്ങളുള്ള ഉള്ള ഈ കൃതി വിവർത്തനം ചെയ്യാനുള്ള ഭാഷാതലത്തിലെത്താൻ. മറ്റേത് സർഗ്ഗാത്മക പ്രവർത്തനത്തെയും പോലെ വിവർത്തനത്തെയും വിവർത്തകരുടെ സാമൂഹ്യ,രാഷ്ട്രീയ,ബൗദ്ധിക പശ്ചാത്തലത്തിൽ നിന്ന് വേർപ്പെടുത്തിയെടുക്കാനാവില്ല. സ്ത്രീകൾ നടത്തുന്ന വിവർത്തനത്തിൽ തീർച്ചയായും അവരുടേതായ പ്രത്യയശാസ്ത്രച്ചായ്‌വുകൾ കാണാനാകും. സ്ത്രീ കഥാപാത്രങ്ങളെ ശക്തിപ്പെടുത്താനുള്ള ത്വര പൊതുവേ സ്ത്രീകൾക്കുണ്ട്. അതുപോലെ ഭാഷാപ്രയോഗത്തിലും സ്ത്രീപക്ഷപരമായ ചായ്‌വുകൾ കാണാം. 'അവനവന്റെ'എന്ന് എഴുത്തുകാരെഴുതിയാലും 'അവരവരുടെ' എന്ന് തന്നെയാണ് ഞാൻ വിവർത്തനം ചെയ്യാറുള്ളത്. എഴുത്തുകാരന്റെ ലിംഗപദവിപരമായ മുൻവിധികളുടെ തിരുത്തലെന്നോ എഴുത്തുകാരനോടുള്ള അനീതിയെന്നോ അവിശ്വസ്തതയെന്നോ ഇതിനെ വ്യാഖ്യാനിക്കാം.

രതിവർണ്ണനകളും അശ്ലീലപദങ്ങളും എങ്ങനെ വിവർത്തനം ചെയ്യണമെന്നത് വിവർത്തനപ്രക്രിയയിൽ ഏർപ്പെടുന്ന സ്ത്രീയെ കുഴക്കുന്ന കാര്യമാണ്. സമൂഹം അടിച്ചേൽപ്പിക്കുന്ന സദാചാരനാട്യങ്ങൾ ഇക്കാര്യത്തിൽ സ്ത്രീകൾക്ക് പ്രകൃത്യാലുള്ള ആന്തരനിരോധനം (ഇൻബിൽറ്റ് ഇൻഹിബിഷൻ) നൽകുന്നുണ്ട്. ശോഭ ഡേയുടെ സോഷ്യലൈറ്റ് ഈവനിംഗ്സ് (ആസക്തിയുടെ അത്താഴവിരുന്ന്) സ്ട്രേഞ്ച് ഒബ്സഷൻ (അഭിനിവേശത്തിന്റെ തടവറ) എന്നിവ വിവർത്തനം ചെയ്തപ്പോൾ ഈ വിഷമം ഞാൻ അനുഭവിച്ചതാണ്. അതേസമയം ഇവ രണ്ടും വിവർത്തനത്തിന്റെ ആത്മാർത്ഥതക്കും ചടുലതയ്ക്കും കലർപ്പില്ലായ്മക്കും നല്ല വാക്കുകൾ നേടിയവയുമാണ്. പിന്നീട് ശോഭ ഡേയുടെ ജീവിതശൈലിക്കുറിപ്പുകളായ ശോഭ അറ്റ് സിക്സ്റ്റി മലയാളത്തിലെത്തിച്ചതും വാക്കുകളിലൂടെ അവരെ അറിയാമായിരുന്നതു കൊണ്ടു തന്നെ.

എഴുത്ത് പൂർണ്ണമായും പുരുഷന്റെ വിനോദമായിരുന്നു. എഴുതുന്ന സ്ത്രീകൾ പൊതു സമൂഹത്തിനു മുമ്പിൽ തുറന്നുകാട്ടപ്പെടുമെന്നും അവർക്കെതിരെ ആരോപണങ്ങളുയരുമെന്നുമായിരുന്നു പൊതുവെയുള്ള കാഴ്ചപ്പാട്. അതുകൊണ്ടു തന്നെ സാമൂഹ്യവും സാഹിത്യപരവുമായ അധികാരസമവാക്യങ്ങളെ അലോസരപ്പെടുത്താതെ ,'സഭ്യത'യുടെ അതിർത്തികൾ ലംഘിക്കാതെ സർഗ്ഗാത്മകപ്രവർത്തനങ്ങളിലേർപ്പെടാൻ സ്ത്രീകൾക്ക് അവസരം നൽകിയത് വിവർത്തനമാണ്.

സർഗ്ഗാത്മകസൃഷ്ടികളുടെ ദുർബ്ബലവും തരം താണതുമായ പാഠഭേദം എന്ന പദവിയാണ് ചരിത്രത്തിലുടനീളം വിവർത്തനത്തിനു ലഭിച്ചിട്ടുള്ളതെങ്കിലും സ്ത്രീകൾ ആദ്യകാലം മുതലേ ഇതിനെ ശക്തമായ ആത്മപ്രകാശന മാർഗ്ഗമായി തിരഞ്ഞെടുത്തതായി കാണാം. അക്ഷരലോകത്തേക്കുള്ള കിളിവാതിലായും സമകാലിക ബൗദ്ധിക,രാഷ്ട്രീയ രംഗത്തേക്ക് സംഭാവന നൽകാനുള്ള വഴിയായും വിവർത്തനം സ്ത്രീകളെ സഹായിച്ചിട്ടുണ്ട്. എഴുത്ത് എന്ന സർഗ്ഗാത്മക പ്രവർത്തിയിൽ നിന്ന് സ്ത്രീകൾ വിലക്കി മാറ്റി നിർത്തപ്പെട്ട മദ്ധ്യകാലഘട്ടത്തിലും നവോത്ഥാനകാലഘട്ടത്തിലും വിവർത്തനം സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായിരുന്നു. ജൂലിയൻ ഓഫ് നോർവിച്ച്, മാർഗ്ഗറി കെംപ് തുടങ്ങിയ വളരെ പ്രതിഭാധനരായ സ്ത്രീകൾ ഈ കാലഘട്ടങ്ങളിൽ വിവർത്തന രംഗത്തുണ്ടായിരുന്നു. എഴുത്ത് പൂർണ്ണമായും പുരുഷന്റെ വിനോദമായിരുന്നു. എഴുതുന്ന സ്ത്രീകൾ പൊതു സമൂഹത്തിനു മുമ്പിൽ തുറന്നുകാട്ടപ്പെടുമെന്നും അവർക്കെതിരെ ആരോപണങ്ങളുയരുമെന്നുമായിരുന്നു പൊതുവെയുള്ള കാഴ്ചപ്പാട്. അതുകൊണ്ടു തന്നെ സാമൂഹ്യവും സാഹിത്യപരവുമായ അധികാരസമവാക്യങ്ങളെ അലോസരപ്പെടുത്താതെ ,'സഭ്യത'യുടെ അതിർത്തികൾ ലംഘിക്കാതെ സർഗ്ഗാത്മകപ്രവർത്തനങ്ങളിലേർപ്പെടാൻ സ്ത്രീകൾക്ക് അവസരം നൽകിയത് വിവർത്തനമാണ്.

ചില കൃതികൾ വിവർത്തനം ചെയ്യപ്പെടുന്നതിലൂടെ വിവർത്തനപ്രക്രിയ വിപ്ലവപ്രവർത്തനത്തിന്റെ, ആക്റ്റിവിസത്തിന്റെ തലത്തിലേക്കുയരുന്നതു കാണാം. പതിനെട്ട്,പത്തൊമ്പത് നൂറ്റാണ്ടുകളിൽ അടിമക്കച്ചവടത്തെ നിരോധിക്കാനുള്ള പോരാട്ടത്തിലും ഫെമിനിസ്റ്റ് പ്രസ്ഥാനത്തിലും അനുബന്ധമായ കൃതികൾ സ്ത്രീകൾ വിവർത്തനം ചെയ്ത് പ്രചരിപ്പിച്ചത് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. മേരി വോൾസ്റ്റോൺ ക്രാഫ്റ്റിന്റെ വിന്റിക്കേഷൻ ഓഫ് ദി റൈറ്റ്സ് ഓഫ് വിമൻ ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത് ഹെൻറീറ്റ ഹെർസ് എന്ന സ്ത്രീ ആണ്. ഈ വിവർത്തനം ജർമ്മനിയിൽ ഫെമിനി

സ്റ്റ് പ്രസ്ഥാനത്തിന്റെ പിറവിക്കു തന്നെ കാരണമായി. ഇതുപോലെത്തന്നെ നിരവധി രാഷ്ട്രീയകൃതികളും സ്ത്രീകൾ ചെയ്ത വിവർത്തനത്തിലൂടെ വിവിധരാഷ്ട്രങ്ങളിലെത്തിയിട്ടുണ്ട്. അതേ സമയം സിമോൺ ഡി ബുവ്വയുടെ കൃതികൾ പുരുഷവിവർത്തകർ താറുമാറാക്കിയതു പോലുള്ള ഉദാഹരണങ്ങളുമുണ്ട്. ചുരുക്കം ചില സ്ത്രീകൾ മാത്രമാണ് തങ്ങളുടെ വിവർത്തനാനുഭവങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. കഥയോടും കഥാപാത്രങ്ങളോടും ചിലപ്പോൾ എഴുത്തുകാരനോട് തന്നെയും കലഹിച്ചുകൊണ്ടുള്ള വിവർത്തനാനുഭവങ്ങൾ സ്ത്രീകളുടെ കാര്യത്തിൽ എത്രമാത്രം തീവ്രമാണെന്നറിയാൻ അവസരങ്ങൾ ചുരുക്കമാണ്.

മലയാള വിവർത്തനരംഗത്തെ മഹാമേരുവായ എം പി സദാശിവൻ ഒരു കൃതി വിവർത്തനം ചെയ്യുന്ന കാലയളവിൽ അതിലെ കഥാപാത്രങ്ങൾ മുമ്പിൽ നിരന്നു നിൽക്കുന്നതായും തന്നെ വട്ടം ചുറ്റുന്നതായും വിവർത്തകനുമായി വാഗ്വാദത്തിലേർപ്പെടുന്നതായും തോന്നാറുണ്ടെന്ന് എഴുതിയിട്ടുണ്ട്. ഇക്കാര്യം എനിക്ക് ഏറ്റവും കൂടുതൽ അനുഭവപ്പെട്ടിരിക്കുന്നത് സ്ത്രീ കഥാപാത്രങ്ങളുടെ കാര്യത്തിലാണ്. ഒരു സ്ത്രീ വിവർത്തനപ്രക്രിയയിലേർപ്പെടുമ്പോൾ സ്വാഭാവികമായും സംഭവിക്കുന്ന ചായ്‌വാണിത്. ടു നോ എ വുമൺ എന്ന അമോസ് ഓസ് നോവലിലെ നായിക ഇവ്രിയ ഇത്തരത്തിൽ എന്നോട് സംസാരിക്കുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. ഇസ്രയേലിലെ രമത്ത് ലോതനിൽ അയൽക്കാരനെ പുണർന്നു കിടക്കുന്ന നിലയിൽ അയാളോടൊപ്പം വൈദ്യുതാഘാതമേറ്റു മരിച്ച ഇവ്രിയ. അവളുടെ ഭർത്താവ് ഇസ്രയേൽ ഭരണകൂടത്തിനു വേണ്ടി പ്രവർത്തിക്കുന്ന ചാരനാണ്. 'തട്ടിൻപുറത്തെ നാണക്കേട്: ബ്രോന്റി സഹോദരിമാരുടെ കൃതികളിലെ ലൈംഗികത,മരണം' എന്ന വിഷയത്തിൽ ഗവേഷണം നടത്തുകയായിരുന്നു ഇവ്രിയ. എങ്ങനെയാകാം ഇവ്രിയ മരിച്ചതെന്ന് ഭർത്താവ് പലവട്ടം തിരിച്ചും മറിച്ചും ആലോചിക്കുന്നുണ്ട്. നോവലിന്റെ ഒരു

വിവർത്തകയ്ക്കു മാത്രമല്ല വിവർത്തനത്തിനും 'ജെന്റർ' ഉണ്ട്. വിവർത്തനം ചെയ്യാനുള്ള പുസ്തകങ്ങൾക്കിടയിൽ ഒരു സ്ത്രീയെന്ന നിലയിൽ ഒരു തെരഞ്ഞെടുപ്പ് വിവർത്തക നടത്തേണ്ടതുണ്ട്. അങ്ങേയറ്റം സ്ത്രീവിരുദ്ധമായ, പ്രത്യേകിച്ചും സെക്ഷ്വൽ വയലൻസിനെ പ്രോത്സാഹിപ്പിക്കുന്ന പുസ്തകങ്ങളെ തീർച്ചയായും തള്ളിക്കളയുക തന്നെ വേണം.

ഭാഗത്തും, ഭർത്താവിന്റെ കുഴഞ്ഞുമറിഞ്ഞ ഓർമ്മകളിലൊഴിച്ച്, ജീവനോടെ പ്രത്യക്ഷപ്പെടാത്ത ഇവ്രിയ വിവർത്തനത്തിനിടക്ക് പലവട്ടം എന്നോട് സംസാരിച്ചിട്ടുണ്ട്.

മ്യാൻമാറിലെ ജനാധിപത്യപോരാട്ടത്തിന്റെ മുന്നണിപ്പോരാളിയും സമാധാനത്തിനുള്ള നോബൽ പുരസ്ക്കാരജേതാവുമായ ആംഗ് സാൻ സൂചിയുടെ ലെറ്റേഴ്സ് ഫ്രം ബർമ്മ എന്ന പുസ്തകം വിവർത്തനം ചെയ്തതും വേറിട്ട അനുഭവമാണ്. ആയുസ്സിന്റെ നല്ലൊരു പങ്ക് വീട്ടുതടങ്കിലിൽ കഴിഞ്ഞ അവരുടെ വ്യക്തിത്വത്തിന്റെ തരളമായ മറ്റൊരു മുഖം തുറന്നു കാട്ടുന്നതാണ് അങ്ങേയറ്റം വൈകാരികമായ ഈ ഓർമ്മക്കുറിപ്പുകൾ. "കൂട്ടിനു പുറത്തെ ഇളംകുരുവികൾ" എന്ന കുറിപ്പിൽ അവർ വേവലാതിപ്പെടുന്നത് അച്ഛനോ അമ്മയോ, ചിലപ്പോൾ രണ്ടുപേരും രാഷ്ട്രീയകാരണങ്ങളാൽ തുറുങ്കിലടയ്ക്കപ്പെടുമ്പോൾ പുറത്ത് ക്രൂരമായ ലോകത്ത് ഒറ്റപ്പെട്ടു പോകുന്ന കുഞ്ഞുങ്ങളെ കുറിച്ചാണ്.

സ്ത്രീകൾ എഴുതിയ,പ്രത്യേകിച്ച് 'ഫയർബ്രാന്റ്' എന്ന് ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട സ്ത്രീകളുടെ കൃതികൾ വിവർത്തനം ചെയ്യുകയെന്നത് എന്നെ സംബന്ധിച്ചിടത്തോളം സന്തോഷകരവും സർഗ്ഗാത്മകവുമായ പ്രവർത്തനമാണ്. സ്ത്രീകളുടെ മുൻകയ്യിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന "സമത-എ കലക്റ്റീവ് ഫോർ ജൻഡർ ജസ്റ്റിസ്' നു വേണ്ടിയാണ് വാംഗാരി മാതായ്,ബെനസീർ ഭൂട്ടോ എന്നിവരുടെ ആത്മകഥകളും ആംഗ് സാൻ സൂചിയുടെ കുറിപ്പുകളും വിവർത്തനം ചെയ്തത്. ജപ്പാനിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ പുരുഷന്മാരുടെ ശാരീരികാവശ്യങ്ങൾ തൃപ്തിപ്പെടുത്താനും, അടുക്കളയിലും കൃഷിക്കളങ്ങളിലും പണിയെടുക്കാനുമുള്ള നേർച്ചക്കോഴികളായി കയറ്റിയയക്കപ്പെടുന്ന പെൺകൊടികളുടെ ദുരിതജീവിതം വരച്ചിടുന്ന ജൂലി ഒസ്തൂക്കയുടെ 'ദി ബുദ്ധ ഇൻ ദി അറ്റിക്ക് ' എന്ന ആറ്റിക്കുറുക്കിയ കുഞ്ഞുനോവലാണ് ഇപ്പോൾ സമതയ്ക്കു വേണ്ടി വിവർത്തനം ചെയ്തു കൊണ്ടിരിക്കുന്നത്.

വിവർത്തകയ്ക്കു മാത്രമല്ല വിവർത്തനത്തിനും 'ജെന്റർ' ഉണ്ട്. വിവർത്തനം ചെയ്യാനുള്ള പുസ്തകങ്ങൾക്കിടയിൽ ഒരു സ്ത്രീയെന്ന നിലയിൽ ഒരു തെരഞ്ഞെടുപ്പ് വിവർത്തക നടത്തേണ്ടതുണ്ട്. അങ്ങേയറ്റം സ്ത്രീവിരുദ്ധമായ, പ്രത്യേകിച്ചും സെക്ഷ്വൽ വയലൻസിനെ പ്രോത്സാഹിപ്പിക്കുന്ന പുസ്തകങ്ങളെ തീർച്ചയായും തള്ളിക്കളയുക തന്നെ വേണം. വിവർത്തനം ഉപജീവനമാർഗ്ഗമല്ലെങ്കിൽ, വിവർത്തക എന്ന നിലയിൽ ആത്മവിശ്വാസമുണ്ടെങ്കിൽ ഈ തെരഞ്ഞെടുപ്പ് എളുപ്പമാണ്. ഇങ്ങനെ തിരഞ്ഞെടുത്ത കൃതികളിൽ തന്നെ എഴുത്തുകാരുടെ സമ്മതത്തോടെയല്ലാതെ ചില സ്ത്രീവിരുദ്ധ നിലപാടുകൾ കടന്നു വരുന്നുണ്ടാകാം. കാലാകാലങ്ങളായി അംഗീകരിക്കപ്പെട്ട ചില സ്ത്രീ വിരുദ്ധ ഭാഷാപ്രയോഗങ്ങളും. കൃതിയുടെ പൊതുവായ ഭാവത്തിന് എതിരുനിൽക്കുന്ന ഇത്തരം വഴിതെറ്റലുകളെ കൃതിയുടെ ആത്മാവ് നിലനിർത്തിക്കൊണ്ടു തന്നെ ഒന്നു തലോടേണ്ട ചുമതലയും ഒരു വിവർത്തകയ്ക്കുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ●

*(കബനി ചന്ദ്രൻ ഗ്രാമവികസന വകുപ്പിൽ ബ്ലോക് ഡവലപ്മെന്റ് ഓഫീസറായി ജോലി ചെയ്യുന്നു. പച്ച മറ്റൊരു നിറമല്ല എന്ന ലേഖന സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.)*

**കവിത**





**ആർഷ ചന്ദ്രൻ**

# ഉണർവിലേക്കുള്ള ദൂരം

നിറുകയിൽ കത്തിനിന്ന സൂര്യൻ
തലയിലേക്ക് ഇറങ്ങിവരുന്നു.
കാഴ്ചയിൽ
വേനൽക്കിളി അവസാനതൂവലും
കൊഴിച്ചു-
നഗ്നതയിലെ ഞരമ്പുകളെ-
വലിഞ്ഞ് മുറുക്കി
അതങ്ങനെ നെഞ്ചിൽ കിടന്ന്
പിടയാൻ തുടങ്ങി.
ഓരോ പിടച്ചിലിലും പ്രാണവേദനയുടെ
നീറ്റൽ ഉള്ളംകാലിൽ ഇക്കിളിക്കൂട്ടി
പടർന്ന് നെഞ്ചിടുക്കിലേക്ക്
നൂഴ്ന്നിറങ്ങി
അകപ്പൊരുളിന്റെ ചിത്രം
കൈവെള്ളയിൽ വരച്ചു.
ഒറ്റ ശ്വാസത്തിന്റെ പുഴ കടക്കും മുൻപേ-
ഞാൻ ഞാനല്ലാതായി




എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| **കാലയളവ്** | **അടക്കേണ്ട തുക** | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No............... |

A/c No : 14130100072122 IFSC code: FDRL 0001413

ഇതിനോടൊപ്പം Rs.......................................DD/MO അയക്കുന്നു. എന്ന്..................................................

മേൽവിലാസം.........................................................................................................................

.......................................................................................................................................പിൻ.................................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370

കവർസ്റ്റോറി



ഹഫ്സത്ത്

# എന്റെ വിവർത്തനാനുഭവങ്ങൾ

**വി**വർത്തനരംഗത്ത് ഞാൻ എത്തിച്ചേർന്നത് വളരെ യാദൃശ്ചികമായാണ് എന്ന് പറയാം. തളിപ്പറമ്പ് സർ സയ്യിദ് കോളേജിൽ ബി എസ്സിക്കു പഠിക്കുമ്പോൾ ഹിന്ദി ഉപന്യസമത്സരത്തിനു സമ്മാനം കിട്ടിയ ബടേ ലോകോം കാ ഹാസ്യ വിനോദ് എന്ന പുസ്തകം അവധിക്കാലത്ത് വിവർത്തനം ചെയ്തത് ചന്ദ്രിക വാരാന്തപ്പതിപ്പിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചതോടെ എന്റെ വിവർത്തകജീവിതത്തിനും തുടക്കം കുറിച്ചു.

എന്റെ വിവർത്തനം പത്രത്തിൽ വരുന്നതറിഞ്ഞ് ഏറ്റവും സന്തോഷിച്ചത് ഗുരുനാഥനായ ഇബ്രാഹിം ശരീഫ് സാറായിരുന്നു. അദ്ദേഹം ഹിന്ദിയിലെ സമാന്തര എഴുത്തുകാരിൽ (സമാന്തർ കഹാനി)പ്രശസ്തനായ ചെറുകഥാകൃത്തും. ആന്ധ്രസ്വദേശിയായ ശരീഫ് സാർ 1968 മുതൽ മൂന്നു വർഷം സർസയ്യിദിലെ അധ്യാപനായിരുന്നു. 1968ൽ പ്രീഡിഗ്രിക്കു ചേർന്ന ഞാൻ സാറിന്റെ പ്രിയ ശിഷ്യയായി മാറി. ഇനി എന്റെ കഥകൾ വിവർത്തനം ചെയ്തു നോക്കൂ എന്ന സ്നേഹത്തിനു മുമ്പിൽ ഞാൻ വീണ്ടും വിവർത്തനപ്രക്രിയയൽ മുഴുകി. ചന്ദ്രിക ആഴ്ചപ്പതിപ്പിൽ ആ കഥകൾ പ്രസിദ്ധീകരിച്ചു വരുന്ന സമയത്താണ് ഞാൻ ഹിന്ദി എം. എ യ്ക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ ചേരുന്നത്. മാതൃഭൂമി ആഴ്ചപപ്പതിപ്പിൽ ഞാൻ ആദ്യമായി എഴുതിയത് ശരീഫ്സാറിനെ കുറിച്ചുള്ള അനുസ്മരണമാണ്. 1977 ജൂലായി 3ന് പുറത്തിറങ്ങിയ മാതൃഭൂമിയിൽ അവസാനിക്കാത്ത കഥ എന്ന അനുസ്മരണം പ്രസിദ്ധീകരിച്ചു. എം. ടി.യുമായുള്ള എന്റെ ബന്ധം ആരംഭിച്ചത് ഇവിടെനിന്നാണ്. എം. എ പഠനത്തിന്റെ ഭാഗമായി മഞ്ഞ് വിവർത്തനം ചെയ്യാനാഗ്രഹിച്ച് എം. ടിയോട് സംസാരിച്ചപ്പോഴേ അദ്ദേഹം സസന്തോഷം സമ്മതം തന്നു. എന്നിട്ട് പതുക്കെ പറഞ്ഞുതുടങ്ങി അത് ചെയ്യാൻ ജി. എൻ. പിള്ളയ്ക്ക് സമ്മതം കൊടുത്തതായിരുന്നു. അപ്പോഴാണ് ശരീഫ് എന്നെ ഇന്റർവ്യൂ ചെയ്യാൻ വന്നത്. നോവലുകളുടെ കൂട്ടത്തിൽ മഞ്ഞിന്റെ കാവ്യാത്മകതയും മറ്റും പരാമർശിപ്പോൾ അത് വിവർത്തനം ചെയ്യാനുള്ള ആഗ്രഹം ശെരീഫ് പ്രകടിപ്പിച്ചു. അത് കേട്ട് ജി എൻ പിള്ളയോട് വിവർത്തനം ചെയ്യേണ്ടെന്ന് പറയുകയായിരുന്നുവത്രേ. അങ്ങനെ ശരീഫ് സാർ വീണ്ടും എന്റെ വിവർത്തനജീവിതത്തിലിടപെട്ടു. അദ്ദേഹം ചെയ്യാനാഗ്രഹിച്ച കാര്യമാണ് ഞാൻ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത് എന്നത് എന്നെ അതീവ ജാഗരൂകയാക്കി. കാവ്യത്മകത ഒട്ടും ചോർന്നുപോകാതെ വിവർത്തനം ചെയ്യാൻ സൂപ്പർവൈസിംഗ് ടീച്ചറായിരുന്ന ഗോപിനാഥൻസാറും ബ്രണ്ണൻ കോളേജിൽ അധ്യാപകനായിരുന്ന ബാലകൃഷ്ണൻസാറും എന്നെ സഹായിക്കുകയുണ്ടായി. ചില സംശയങ്ങൾ എം. ടിയെ നേരിട്ടുകണ്ടും ചോദിച്ചു. ശീർഷകത്തെക്കുറിച്ച് തീരുമാനമെടുക്കുക പ്രയാസമായിരുന്നു. ഒടുവിൽ മഞ്ഞ് എന്ന് ഹിന്ദിയിൽ ട്രാൻസ്ക്രൈബ് ചെയ്ത് ചേർക്കുകയാണുണ്ടായത്. 1978ൽ പൂർത്തിയാക്കിയ വിവർത്തനം പ്രസിദ്ധീകരിച്ചത് 1982ലായിരുന്നു.

ഈ സമയത്താണ് മഞ്ഞ് സിനിമയാക്കാൻ തീരുമാനിക്കുന്നത്. മലയാളത്തിലും ഹിന്ദിയിലും ഒരേസമയത്താണ് സിനിമയെടുക്കുന്നതെന്നും പറഞ്ഞ് വിവർത്തനത്തിന്റെ ഒരു കോപ്പി കിട്ടിയാൽ നന്നായിരുന്നു എന്ന് പറഞ്ഞ് എം. ടി വാങ്ങിയിരുന്നു. അതിനും ശേഷമാണ് കേരളഹിന്ദി സാഹിത്യഅക്കാദമി തുഷാർ എന്ന പേരിൽ അത് പ്രസിദ്ധീരിക്കുന്നത്. ഡൽഹിയിൽ വെച്ച് ഒരു കേന്ദ്രമന്ത്രിക്കു നൽകിയാണ് അതിന്റെ പ്രകാശനകർമ്മം നടത്തിയത്. പ്രശസ്ത ഹിന്ദികവി ക്ഷേമചന്ദ്രസുമൻ ആണ് തുഷാറിന് സ്വാഗതമെഴുതിയത്. വിവർത്തനത്തിന്റെ ഭാഷയെയും ഭാവത്തെയും കുറിച്ച് അദ്ദേഹവും കേരളഹിന്ദിസഹിത്യഅക്കാദമിയുടെ ഡോ. ചന്ദ്രശേഖരൻനായരും എഴുതിയ അഭിപ്രായങ്ങൾ മുപ്പത്തിരണ്ടു വർഷങ്ങൾ പിന്നിട്ടിട്ടും അറുപതുകഴിഞ്ഞ ഈ അവസ്ഥയിലും എനിക്കു പ്രചോദനമേകുന്നു. 1996ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ ഒരു സെമിനാറിനെത്തിയ മനോഹർ ശ്യാം ജോഷിയുടെ ശ്രമഫലമായി കിത്താബ് ഘർ തുഷാർ വീണ്ടും പ്രസിദ്ധീകരിച്ചു.

*(ഡോ. സി. പി. ഹഫ്സത്ത് സർസയ്യിദ് കോളേജ്, തളിപ്പറമ്പിലെ ഹിന്ദി വിഭാഗം പ്രൊഫസറായിരുന്നു.)* ●

**പെൺപക്ഷം**



**അജിത കെ.**

# അരുവിക്കര സൂചിപ്പിക്കുന്നതെന്ത്?

**കേ**രളത്തിലെ മുന്നണി രാഷ്ട്രീയത്തിൽ ഏറെ ചലനങ്ങളുണ്ടാക്കിയ ഒരു തെരഞ്ഞെടുപ്പാണ് അരുവിക്കരയിൽ നടന്നത്. കേരളനിയമസഭാ സ്പീക്കറായിരുന്ന കോൺഗ്രസ് നേതാവ് ജി.കാർത്തികേയൻ മരണമടഞ്ഞതു മൂലം ഒഴിഞ്ഞ നിയമസഭാ സീറ്റ് നിറയ്ക്കാനുള്ള മത്സരത്തിൽ അവസാനം അദ്ദേഹത്തിന്റെ മകൻ ശബരീനാഥ് ഒട്ടും മോശമല്ലാത്തവിധം വിജയിച്ചു. ഈ പ്രക്രിയ വിശകലനം ചെയ്യേണ്ടത് ഒരാവശ്യമായിത്തീർന്നിരിക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ ഒരു സാധാരണ പ്രവണത ഒരു മുന്നണി അധികാരത്തിൽ വന്ന് അതിന്റെ കാലാവധി തികയ്ക്കാൻ കുറച്ചുമാസങ്ങൾ മാത്രമുള്ളപ്പോൾ ആ സർക്കാർ ആകെ അഴിമതിയുടേയും മറ്റ് പലതരത്തിലുള്ള 'സ്കാൻഡലു'കളുടേയും നാറ്റത്തിൽ വീണുകഴിഞ്ഞു കാണും. ആ കാലയളവിൽ നടക്കുന്ന ഇത്തരം ഉപതെരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ എല്ലായ്പ്പോഴും നിലവിലുള്ള ഭരണത്തിനെതിരായ വിധിയെഴുത്തുകളായിരുന്നു. അതായത് ഭരണവിരുദ്ധവികാരം ശക്തമായിക്കൊണ്ടിരിക്കുകയാണെന്നും അടുത്ത അഞ്ചുവർഷം എതിർമുന്നണിയുടേതു തന്നെയായിരിക്കുമെന്നും സൂചന നല്കുന്ന ഇത്തരം ചുമരെഴുത്തുകളാണ് ഇത്രയുംകാലം നമ്മൾ കണ്ടിട്ടുള്ളത്. പക്ഷേ പതിവിൽ നിന്ന് വ്യത്യസ്തമായി എത്രതന്നെ ചീഞ്ഞുനാറിയ അഴിമതിക്കഥകൾ ഉണ്ടായിട്ടും ഭരണത്തോടൊപ്പം നിൽക്കാൻ ജനങ്ങൾ കാണിച്ച താല്പര്യം പാപ്പരായിക്കൊണ്ടിരിക്കുന്ന ഇടതുമുന്നണിയെ ആകെ ഉലച്ചിരിക്കുന്നു എന്നത് അതിശയോക്തിയല്ല. അഴിമതിയുടെ തോതിലുള്ള ഏറ്റക്കുറച്ചിലുകളല്ലാതെ ഗുണപരമായി രണ്ട് മുന്നണികളും തമ്മിൽ ഏറെ വ്യത്യാസമില്ലെന്ന് തോന്നാൻ തുടങ്ങിയിട്ട് കുറച്ചുനാളായി. ജനകീയനായ സഖാവ് അച്ചുതാനന്ദനെ അടിച്ച് മൂലക്കിരുത്തിക്കൊണ്ടിരിക്കുന്ന സി.പി.എമ്മിനാണ് ഈ ഫലം ഏറെ പ്രഹരമേൽപ്പിച്ചിരിക്കുന്നത്.

ജനങ്ങൾക്ക് പാർട്ടിയിലുള്ള വിശ്വാസത്തിൽ വന്നുകൊണ്ടിരിക്കുന്ന വലിയ വിള്ളലുകൾ ഇനിയെങ്കിലും കണ്ടില്ലെന്ന് നടിച്ച് തുടർന്നുകൊണ്ടിരിക്കുന്ന അതേ പാതയിൽ പാർട്ടി തുടരുകയാണെങ്കിൽ ഭാവി ഇരുണ്ടതാണ് എന്ന് കൃത്യമായ സന്ദേശം ഇത് നല്കുന്നു. എല്ലാ സ്ഥാപിത താല്പര്യക്കാരുമായും വർഗ്ഗീയശക്തികളുമായും വിട്ടുവീഴ്ചകളും ഒത്തുതീർപ്പുകളും നടത്തുമ്പോൾ തങ്ങളുടെ ജനകീയ അടിത്തറയാണ് തകർന്നുകൊണ്ടിരിക്കുന്നതെന്ന് ഇവർക്ക് ഇനിയും മനസ്സിലായില്ലെന്നുണ്ടോ?

തീർച്ചയായും ശ്രീ. ജി.കാർത്തികേയൻ എന്ന ജനസമ്മതിയുള്ള നേതാവിന്റെ മകൻ എന്ന നേട്ടം ശബരീനാഥിന് ഏറെ ഗുണം ചെയ്തിട്ടുണ്ട്. പക്ഷേ, അതിനേക്കാളേറെ ശ്രദ്ധേയമായത് ബി.ജെ.പിയുടെ വോട്ടിന്റെ കുതിച്ചുകയറ്റമാണ്. അഞ്ചിരട്ടിയാണ് അതിന്റെ വർദ്ധനവുണ്ടായതെന്നത് അങ്ങേയറ്റം ആപത്കരമായ ഒരു സൂചനയാണ്. കേരളരാഷ്ട്രീയത്തിന്റെ പുരോഗമനസ്വഭാവം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും ബി.ജെ.പി ഒറ്റ കക്ഷി എന്ന നിലയിൽ കോൺഗ്രസ്സിന് ബദലായി കേരളത്തിലും ഉയർന്നുവരികയാണെന്നുമുള്ള ആശങ്ക ഒരിക്കലും അസ്ഥാനത്തല്ല. കേരളത്തിലെ യഥാർത്ഥ ഇടതുപക്ഷകക്ഷികളും ജനകീയ ശക്തികളും ഈ ഫലത്തിൽ നിന്ന് ഗൗരവമേറിയ പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. കേരളരാഷ്ട്രീയം വർഗ്ഗീയവല്ക്കരിക്കപ്പെട്ടു തുടങ്ങിയിട്ട്, കേരളത്തിന്റെ മതനിരപേക്ഷമായ അന്തരീക്ഷം എല്ലാ ഭാഗത്തുനിന്നു ദ്രവിച്ചു തുടങ്ങിയിട്ട്, കുറച്ചുവർഷങ്ങളായി. ബി.ജെ.പിയുടെ ഈ മുന്നേറ്റത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് യഥാർത്ഥ ജനകീയ ബദലുണ്ടാക്കാൻ ഇനി എന്തിനു വൈകിക്കണം?

ഈ തെരഞ്ഞെടുപ്പിൽ 'Nota' നാലാം സ്ഥാനത്തായിരുന്നു എന്നത് ഏറെ ആശ്വാസകരമായ ഒരു സൂചനയായി നമുക്കെടുക്കാം... അല്ലേ? ●



ജ്യോതിനാരായണൻ

# അരുവിക്കര തെരഞ്ഞെടുപ്പ് രാഷ്ട്രീയപ്രസ്ഥാനങ്ങൾ പഠിച്ചില്ലെങ്കിലും ജനം പഠിക്കണം

അരുവിക്കര നിയോജകമണ്ഡലത്തിലെ എം.എൽ.എയും മുൻ സ്പീക്കറുമായ ജി.കാർത്തികേയന്റെ മരണത്തെ തുടർന്നുണ്ടായ ഉപതെരഞ്ഞെടുപ്പാണ് കഴിഞ്ഞ നാളുകളിൽ കേരളത്തിലെ ഏറ്റവും പ്രധാന രാഷ്ട്രീയ ചർച്ചാവിഷയം. യു.ഡി.എഫ് സ്ഥാനാർത്ഥിയും ജി.കാർത്തികേയന്റെ മകനുമായ ശബരീനാഥിന്റെ വിജയവും എൽ.ഡി.എഫ് സ്ഥാനാർത്ഥിയുടെ തോൽവിയും ബി.ജെ.പി സ്ഥാനാർത്ഥി ഒ.രാജഗോപാലിന് ലഭിച്ച വോട്ടിന്റെ വർദ്ധനവും സാധാരണ ജനങ്ങളുടെ ഇടയിൽ ജീവിക്കുന്ന രാഷ്ട്രീയനിരീക്ഷകർക്ക് അത്ഭുതമില്ല. മനുഷ്യരെ അറിയാത്ത പാർട്ടികളിലെ നേതാക്കൾ ഞെട്ടി. ഇടതുപക്ഷം ജയിച്ചാൽ ഭരണരംഗത്ത് വലിയ മാറ്റമുണ്ടാകുമെന്ന സി.പി.എം പാർട്ടി സെക്രട്ടറിയുടെ പരസ്യപ്രസ്താവനയും അച്യുതാനന്ദനെ ഒഴിവാക്കുമെന്നും പിണറായി മുഖ്യമന്ത്രിയാകുമെന്നും അങ്ങനെ സംഭവിച്ചാൽ ടി.പി.ചന്ദ്രശേഖരൻ വധം പോലുള്ള അക്രമങ്ങൾ വർദ്ധിക്കുമെന്ന എതിർചേരിയുടെ പ്രചരണവും ജനങ്ങളെ സ്വാധീനിച്ചിട്ടുണ്ടാകാം. കേരളത്തിലെ ജനങ്ങൾക്ക് പണ്ടൊന്നും ചിന്തിക്കാൻ കഴിയാത്തവിധം മോശപ്പെട്ട ഒരു ഭരണം നടത്തിയിട്ടും പ്രതിപക്ഷം പരാജയപ്പെട്ടത് തോൽവിയുടെ ശക്തി ഇരട്ടിയാക്കുന്നു. കൂടെ നിൽക്കുന്ന ഇടതുപക്ഷ സ്വഭാവമുള്ളവരെ ഒഴിവാക്കി (RSP, ജനതാദൾ), മുസ്ലിംലീഗ്, കേരളകോൺഗ്രസ്, മതസംഘടനകൾ തുടങ്ങിയവരോട് കൂട്ടുപിടിച്ചും വിവാദവ്യവസായി രാധാകൃഷ്ണനെപ്പോലുള്ളവരെ ന്യായീകരിച്ചും അഴിമതിയോട് സന്ധി ചെയ്തും അധികാരത്തിലേറാൻ എന്തു വൃത്തികേടും കാണിക്കുന്ന ഒരു ഇടതുപക്ഷത്തെയാണ് മാധ്യമങ്ങൾ ജനങ്ങളുടെ മുന്നിൽ തുറന്നുവയ്ക്കുന്നത്.

കേന്ദ്രത്തിൽ നരേന്ദ്രമോദി അധികാരത്തിൽ വന്നതും രാഷ്ട്രീയത്തിനപ്പുറം മുസ്ലിം വിഭാഗത്തിന്റെ മതാചാരസ്വഭാവവും ഹിന്ദുവോട്ടിന്റെ ധ്രുവീകരണത്തിനിരയായി. കൂടാതെ ഇടതുപക്ഷത്തിനോടുള്ള അവിശ്വാസവും ഒ.രാജഗോപാലന്റെ വ്യക്തിസ്വാധീനവും ബി.ജെ.പിയുടെ വോട്ട് വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. കേരളത്തിലെ ഏറ്റവും വലിയ ഒറ്റപാർട്ടി അവകാശപ്പെടുംവിധം ബി.ജെ.പിക്ക് ഇടം കിട്ടിയത് കേരള രാഷ്ട്രീയ ചരിത്രത്തിൽ ഗുണകരമല്ല. ഏതു മതമായാലും മതാധിപത്യം ജനാധിപത്യത്തിന്റെ ധ്വംസനവും ആദ്യം പിടിമുറുക്കുന്നത് സ്ത്രീകളുടെ സ്വാതന്ത്ര്യത്തിലും ജീവിതത്തിലുമായിരിക്കുമെന്നു നമുക്കറിയാം. ജി.കാർത്തികേയനോടുള്ള വൈകാരികബന്ധം, ഭരണസ്വാധീനം, മറ്റ് മാർഗ്ഗങ്ങളില്ലാതേയും കോൺഗ്രസ്സിന് വോട്ട് നൽകി. ശബരിനാഥ് ജയിച്ചു. കഴിഞ്ഞ കുറെ നാളുകളായി കേരളത്തിൽ തെരഞ്ഞെടുപ്പ് വിജയങ്ങളിൽ ബഹുഭൂരിപക്ഷവും വിജയിക്കുന്നത് ജയിച്ച സ്ഥാനാർത്ഥിയുടെ ഗുണം കൊണ്ടല്ല തോല്ക്കുന്നവർ അതിനേക്കാൾ മോശമായതുകൊണ്ടാണ്. ജനങ്ങൾ നിസ്സഹായാവസ്ഥയിലാണ് ഇപ്പോൾ ഒരു പാർട്ടിക്ക് വോട്ട് ചെയ്യുന്നത്. അല്ലെങ്കിൽ ഇത്രയും അഴിമതി, അക്രമങ്ങൾ, പ്രതിവിധിയെ കുറിച്ച് ചിന്തിക്കുന്നുപോലുമില്ലാത്ത രോഗങ്ങൾ, കച്ചവടം മാത്രമായ ചികിത്സ, വിവരക്കേട് മാത്രമായ വിദ്യാഭ്യാസം, വിഷവും മായവും കലർന്ന ഭക്ഷണം, കുട്ടികൾക്കും സ്ത്രീകൾക്കും എതിരായ അതിക്രമങ്ങൾ, വീടും സ്ഥലവും ഒഴിപ്പിക്കൽ, മാലിന്യം, ഗതാഗതക്കുരുക്കുകൾ, വിലക്കയറ്റം, ഇത്രയും ജീവിതം ദുരിതമാക്കുന്ന ഒരു ഭരണം നടത്തുന്നവരെ വിജയിപ്പിക്കുക മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി. ടിവി-പത്ര മാധ്യമങ്ങൾ വഴി ഇത് ജനങ്ങൾ അറിയാഞ്ഞിട്ടല്ല. ഇവിടെ പി.സി.ജോർജ്ജ്, പി.ഡി.പി തുടങ്ങിയ മറ്റ് മത്സരാർത്ഥികൾ തികച്ചും ശൂന്യമാക്കപ്പെടുന്നു. കേരളത്തിലെ രാഷ്ട്രീയം മുന്നണിധ്രുവീകരണം വ്യക്തമാക്കുന്നതാണിത്. എന്തുകൊണ്ട് പാർട്ടികൾ വിഘടിക്കുമ്പോൾ, രാഷ്ട്രീയമായി തലേദിവസംവരെ എത്ര ശത്രുക്കളായിരുന്നാലും എതിർമുന്ന

ണിയിൽ ചെന്ന് ചേരുന്നു എന്ന് വ്യക്തമാക്കുന്നു.

ഡൽഹിയിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ പൊതുസമ്മതനായ, ജനങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന ഒരു സ്ഥാനാർത്ഥിയെ മത്സരിപ്പിക്കാൻ പോലും ആം ആദ്മി പോലുള്ള ഒരു പാർട്ടിക്ക് കഴിഞ്ഞില്ല എന്നത് അത്തരം പാർട്ടികളുടെ പരിമിതികൾ ബോദ്ധ്യപ്പെടുത്തുന്നു.

ഇന്നത്തെ മനോഭാവത്തിൽ രാഷ്ട്രീയപാർട്ടികൾ പുതിയപാഠമൊന്നും പഠിക്കാൻ പോകുന്നില്ല. എന്നാൽ ജനങ്ങൾ സാഹചര്യങ്ങൾ മനസ്സിലാക്കുകയും രാഷ്ട്രീയപ്രസ്ഥാനങ്ങളെ രാഷ്ട്രീയം പഠിപ്പിക്കുകയും വേണം അതിന് തയ്യാറായില്ലെങ്കിൽ അനുഭവിക്കേണ്ടത് ജനങ്ങൾ തന്നെയായിരിക്കും. ഈ വർഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കും അടുത്തവർഷം കേരള നിയമസഭയിലേക്കും തെരഞ്ഞെടുപ്പ് നടക്കും. ഇപ്പോഴും രാഷ്ട്രീയപാർട്ടികൾ സീറ്റുകൾ വീതം വയ്ക്കുകയാണ്. തീർച്ചയായും ജനങ്ങൾ കൂടിയിരുന്ന് തങ്ങളുടെ മണ്ഡലത്തിലേക്ക് ആര് മത്സരിക്കണമെന്ന് ആലോചിക്കണം. രാഷ്ട്രീയപാർട്ടികൾ മത്സരിപ്പിക്കുന്നതിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഗതികേടല്ല, ആരൊക്കെ മത്സരിക്കണമെന്ന് കൂടി ജനങ്ങൾ പറയണം. അവർ വേണമെങ്കിൽ പിൻതാങ്ങട്ടെ! തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അമ്പതുശതമാനത്തിലധികം സ്ത്രീകൾ വന്നിട്ടും അഴിമതി, സ്ത്രീപീഡനം, വികസനനയങ്ങൾ ഒന്നിനും വലിയ മാറ്റങ്ങൾ ഉണ്ടാകാത്തത് എന്തുകൊണ്ടെന്ന് ചിന്തിക്കണം. രാഷ്ട്രീയപാർട്ടികളുടെ പരമ്പരാഗതരീതിയിൽ തന്നെയാണ് ഭരണം. കാരണം സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് ഏറെ കാലം പാർട്ടിയിൽ പ്രവർത്തിച്ചവർ, പുരുഷപാർട്ടിപ്രവർത്തകരുടെ കുടുംബാംഗങ്ങൾ പ്രത്യേകിച്ച് രാഷ്ട്രീയനിലപാടില്ലാത്ത 'എഫിഷ്യന്റായ' പാർട്ടികൾ പറഞ്ഞാൽ അനുസരിക്കുന്നവർ, (മത്സരിപ്പിക്കാൻ സ്ത്രീകളുടെ സമ്മതം ചോദിക്കുമ്പോൾ പറയുന്നത് 'ഇടയ്ക്ക് ഒന്ന് പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്താൽ മതി. ബാക്കിയെല്ലാം ഞങ്ങൾ നോക്കിക്കോളാം. സ്വന്തം അഭിപ്രായമുള്ളവരേയും ചോദ്യം ചെയ്യുന്നവരേയും മത്സരിപ്പിക്കാറില്ല. കേരളത്തിലാകട്ടെ ഒരുവിധം നന്നായി പഠിക്കുന്നവർ സ്ഥിരവരുമാനമുള്ള ജോലിക്ക് പോകുന്നു. പിന്നെ കുടുംബവും പ്രാരാബ്ധവും അവർ ഭരണ-രാഷ്ട്രീയരംഗത്തേക്ക് വരാറില്ല. രാഷ്ട്രീയ-ഭരണരംഗങ്ങളിലെ അഴിമതിയും അക്രമവും അപ്രായോഗികമായ നിയമങ്ങളും നീതിബോധമുള്ളവരെ ഈ രംഗത്തുനിന്ന് അകറ്റുന്നു.

ഹിന്ദുത്വവാദികളായ ബി.ജെ.പിയുടെ വളർച്ച അരുവിക്കര തെരഞ്ഞെടുപ്പിൽ തെളിയുന്നത്. ജനാധിപത്യ വിശ്വാസികൾ അസ്വസ്ഥതയോടെയാണ് കാണുന്നത്. മതന്യൂനപക്ഷങ്ങൾ എന്ന പേരുപയോഗിച്ച് തങ്ങളുടെ ആചാരങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ മറ്റ് മതങ്ങൾ ധ്രുവീകരിക്കുന്നതിനിടയാക്കും. മാത്രമല്ല, നിഷ്പക്ഷരായവർ മൗനംപാലിക്കാനും ഇടയാക്കും. ഒരുവശത്ത് പച്ച ബ്ലൗസ്സും ചോദ്യപേപ്പറിൽ നക്ഷത്രവും ചന്ദ്രകലയും കൈവെട്ടും വരുമ്പോൾ മറുവശത്ത് ബീഫ് നിരോധനവും നിർബന്ധിത യോഗയും പോലെയുള്ള നിയമങ്ങളും വരുന്നു. തങ്ങളുടെ മതങ്ങൾക്കനുസരിച്ച് ജീവിക്കാൻ, എല്ലാ വിഭാഗക്കാരും ജനാധിപത്യത്തെ അംഗീകരിക്കണം. രാഷ്ട്രീയനേതാക്കളെപ്പോലെ മതനേതാക്കളേയും ഇക്കാര്യം സാധാരണജനങ്ങൾ പഠിപ്പിക്കേണ്ടിയിരിക്കുന്നു.

പാർലമെന്റ് അംഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കാൻ തീരുമാനമായി. ഇപ്പോൾ തന്നെ ശമ്പളം മറ്റ് അലവൻസുകളും ആനുകൂല്യങ്ങളും പാർലമെന്റിന് താങ്ങാവുന്നതിലധികമാണ്. (ഭരണപരമായ നയങ്ങളും തീരുമാനങ്ങളും പാർലമെന്റിന് വെളിയിലാണ് നടക്കുന്നത്) ഇന്ത്യൻജനതയുടെ പ്രതിനിധികളാണ് ജനപ്രതിനിധികൾ. ബഹുഭൂരിപക്ഷം ഇന്ത്യക്കാരും ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ളവരാകുമ്പോഴാണ് അവരെ പ്രതിനിധീകരിക്കുന്നവർ അവരുടെ പേരിൽ കോടികൾ കൈപ്പറ്റുന്നത്. എം.പിമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനെതിരെ ശക്തമായി പ്രതിഷേധിക്കുക.

●


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുമ്പ്
പ്രസിദ്ധീകരിക്കാത്തതും
മൗലികവുമായ രചനകൾ
( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും
അയക്കേണ്ടതാണ്.

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | :20രൂപ |
| വാർഷിക വരിസംഖ്യ | :200രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | :1000 രൂപ |

ഉപ്പും മുളകും



ഗീത

# പെണ്ണിന്റെ അനുപാതം

കഴിഞ്ഞ ദിവസത്തെ പത്രത്തിൽക്കണ്ട രണ്ടു വാർത്തകളാണ് ഈ കുറിപ്പിനാധാരം. ഒന്നാമത്തേത് സ്ത്രീപുരുഷാനുപാതത്തിൽ സ്ത്രീകളുടെ നിരക്ക് താഴ്ന്നുവരുന്നുവെന്നതാണ്. മറ്റതാകട്ടെ, പെൺകുട്ടികളുടെ നേർക്കുള്ള ലൈംഗികാതിക്രമം വർദ്ധിച്ചുവരുന്നതിനെക്കുറിച്ചുള്ളതുമായിരുന്നു. വാസ്തവത്തിൽ ഇവ ഒന്നുതന്നെയാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന ലൈംഗികാതിക്രമക്കേസ്സുകളുടെ ആധിക്യം നമ്മോട് സവിശേഷമായി ചിലതുണർത്തിക്കേണ്ടതുണ്ട്.

‘ലൈംഗികാതിക്രമം‘ എന്ന വാക്കിന് ബലാത്സംഗം എന്നു മാത്രമല്ലല്ലോ അർത്ഥം. പെണ്ണാണ്/ പെൺകുഞ്ഞാണ് എന്ന കാരണത്താൽ വ്യവസ്ഥയുടെ അധികാരിയായ പുരുഷൻ അവർക്കുമേൽ നടത്തുന്ന ഏത് അതിക്രമത്തേയും നമുക്ക് ഈ വകുപ്പിൽപ്പെടുത്താവുന്നതാണ്. ‘സെക്സ്‘ ആയാലും ‘ജെണ്ടർ‘ ആയാലും ‘ലിംഗപരം‘ /‘ലൈംഗികം‘ എന്ന സംസ്കൃതവാക്കുകൊണ്ടാണ് മലയാളി തൃപ്തിപ്പെടുന്നത്. എത്രമാത്രം സ്ത്രീവിരുദ്ധമാണ് ‘ലൈംഗിക’മെന്നത് പുരുഷാവയവത്തെ മാത്രം കേന്ദ്രീകരിച്ച ഒരു (ശാരീരിക) വാക്കാണ്. അതൊരിക്കലും സ്ത്രീപദവിയെ കുറിക്കുന്നില്ല.

പക്ഷേ നിർഭാഗ്യവശാൽ ഇവിടെ ‘ലൈംഗിക’ ശബ്ദം തന്നെ ഉപയോഗിക്കേണ്ടി വന്നിരിക്കുന്നു. പെൺഭ്രൂണഹത്യ മുതൽ കൂട്ടബലാത്സംഗവും വൃദ്ധയോടുള്ള അവഹേളനവും വരെ ഈ അതിക്രമത്തിലുൾപ്പെടുന്നു. ജനിച്ചു വീഴുന്നതിനു മുമ്പെന്ന പോലെ അതിനുശേഷവും പെൺകുട്ടിക്കുമേൽ നടത്തപ്പെടുന്ന അത്യാചാരങ്ങളെല്ലാം ആ നിലക്ക് ’ലൈംഗിക അതിക്രമമാണ്. ഭക്ഷണ വിവേചനവും പരിഗണനാവ്യത്യാസവുമുൾപ്പടെ. എന്നാൽ പൊതുവേ ഇവയൊന്നും അതിക്രമങ്ങളായി കണക്കാക്കപ്പെടുന്നില്ല. അതുകൊണ്ടു തന്നെ അവ പൊതുമണ്ഡലത്തിൽ ദൃശ്യമല്ല. പക്ഷേ നമുക്കറിയാം വിദ്യാസമ്പന്നരുടെ വീടുകളിലും വിദ്യാലയങ്ങളിലും സർക്കാർ ആപ്പീസുകളിലൊക്കെയും ഇതുണ്ട്. എന്നാൽ പൊതുവെ ഇവയൊക്കെയും ’സ്വാഭാവിക’ മെന്ന് വിലയിരുത്തി കൊണ്ടാടപ്പെടുന്നു.

പെൺകുഞ്ഞുങ്ങൾ നേരിടുന്ന ശാരീരിക ചൂഷണങ്ങളിൽ ഒരു ചെറിയ ശതമാനം മാത്രമാണ് കേസുകളായി രജിസ്ട്രർ ചെയ്യപ്പെടുന്നത്. വളരെയടുത്ത ബന്ധുക്കളിൽ നിന്നോ അച്ഛനിൽ നിന്നുതന്നെയോ ശാരീരികക്ഷതങ്ങളേറ്റ് ആശുപത്രിയിലെത്തുന്ന പെൺകുട്ടികളിലൂടെയാണ് ഈ വിവരങ്ങൾ ലോകമറിയുന്നത്. അവയിൽത്തന്നെ ചെറിയൊരു ശതമാനം മാത്രമാണ് കേസുകളായി മുമ്പോട്ടു പോകുന്നത്. അതായത് രജിസ്റ്റർ ചെയ്യാത്ത ’ലൈംഗികാ’തിക്രമങ്ങൾ രജിസ്റ്റർ ചെയ്തവയേക്കാൾ എത്രയോ ഇരട്ടിയാണ്.

ആഭിജാത്യം, അഭിമാനം എന്നിവയെപ്പറ്റി നാം വെച്ചു പുലർത്തുന്ന മിഥ്യാധാരണകൾ പലതും പ്രതികളെ മറച്ചു പിടിക്കുന്നവയും രക്ഷപ്പെടാൻ സഹായിക്കുന്നവയുമാണ്. ഏറ്റവും പുതിയകാലത്തെ കലാപ്രകടനങ്ങളിൽപ്പോലും ലൈംഗികാതിക്രമത്തിന്റെ അംശങ്ങൾ മറഞ്ഞിരിക്കുന്നു. കൊണ്ടാടപ്പെടുന്ന റിയാലിറ്റി ഷോകളിൽ പലതും പരസ്യമായ ശിശു/ബാലപീഡനങ്ങളാണ്. മുതിർന്ന പെണ്ണിനെപ്പോലെ പെരുമാറാൻ കുഞ്ഞിനെ നിർബന്ധിക്കുന്ന ഇത്തരം മത്സരവേദികൾ ഒരിക്കലും ചോദ്യം ചെയ്യപ്പെടാറില്ല. രക്ഷിതാക്കൾ പ്രത്യക്ഷമായിത്തന്നെ ഏറ്റെടുത്തു പൊടിപൂരമാക്കുന്നു ഈ മത്സരരംഗം. നവമുതലാളിത്തത്തിന്റെ ജനാധിപത്യവിരുദ്ധതയുടെ അസ്സൽ തെളിവുകളാണ്. ’കല’യുടെ ലേബലിൽ നടക്കുന്ന ഈ പ്രകടനങ്ങളിലെ ’ലൈംഗികാ’തിക്രമ ഘടകങ്ങൾ പുറത്തുവരാൻ ഇനിയുമെത്രകാലം കഴിയേണ്ടി വരും?

ഇവയെ ഒന്നാകെ ചേർത്തു വെച്ചുകാണുമ്പോഴാണ് പെൺകുട്ടികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങളുടെ മുഴുവൻ ചിത്രവും ലഭിക്കുകയുള്ളൂ. അതാണ് പെൺകുട്ടികളുടെ എണ്ണക്കുറവിന്റെ കാരണങ്ങളിലേക്കു നയിക്കുന്ന അനേക ചൂണ്ടുപലകകളിൽ മുഖ്യമായ ഒന്ന്.

(പരാമർശിക്കപ്പെട്ട വാർത്തകൾ 30–6–2015 ന്റെ മാതൃഭൂമി ദിനപത്രത്തിലുള്ളവയാണ്.) ●



# വാസ്തവം



ഡോ.ജാൻസി ജോസ്

ഒരു പ്രസ്ഥാനം എങ്ങനെയൊക്കെ അധഃപതിക്കാമെന്ന വിലയിരുത്തലിൽ മനസ്സിലാകുന്നത് ഇതൊക്കെയാണ്. പാർട്ടിക്ക് വിളനിലമൊരുക്കിയ തലമൂത്ത നേതാവിനെ പൊതുവേദിയിൽ അപമാനിക്കുക, പ്രധാന മീറ്റിംഗുകളിൽ പങ്കെടുപ്പിക്കാതിരിക്കുക, എന്തിനേറെ; അകത്തും പുറത്തും അല്ലാതാക്കുക. അങ്ങനെയുള്ള പ്രസ്ഥാനങ്ങൾക്ക് ജനങ്ങൾ കൊടുക്കുന്ന തിരിച്ചടി അരുവിക്കര മോഡലായിരിക്കുമെന്നും മനസ്സിലാവുന്നു. അതുപോലെ, അനീതിക്കും അഴിമതിക്കുമൊന്നും ഇന്ന് ജനങ്ങൾ വിലകൽപ്പിക്കുന്നില്ല എന്നതിന് തെളിവുകൂടിയായി കാണേണ്ടിയിരിക്കുന്നു അരുവിക്കര ഫലം. ജനം കണ്ടും കേട്ടും പഠിച്ച ഒന്നുണ്ട്. ക്ഷേമമല്ല ക്ഷയമാണ് സമൂഹത്തിനു പോലും നല്കേണ്ടത്. കൊന്നോ കൊള്ളയടിച്ചോ കുതികാൽ വെട്ടിയോ കഴുമരത്തിൽ കയറ്റിയോ പണമുണ്ടാക്കിയാൽ മതി എന്നായിട്ടുണ്ട് നാട്ടുകാർക്കെല്ലാം. അതുകൊണ്ട് അഴിമതിയിൽ മുങ്ങിനിൽക്കുന്നവർക്കു പോലും അവർ വോട്ടു ചെയ്യും. അത് കട്ടായം! ഒരു പ്രസ്ഥാനത്തിലെ എല്ലാവരും ഒരുപോലെയാവുകയും കൂട്ടായ്മ നിലനിർത്തുകയും ചെയ്യുന്നത് ജനത്തിന് മനസ്സിലാവും. അരുവിക്കര തെരഞ്ഞെടുപ്പ് കോലാഹലത്തിനിടയിൽ ഭരണം മറന്ന് പോയ ഭരണപക്ഷത്തേയാണ് നമുക്ക് കാണാൻ കഴിയുന്നത്. റേഡിയേഷൻ ടേബിളിൽ ബെൽറ്റ് ഉപയോഗിക്കാതെ തുണികെട്ടി ചികിത്സ നടത്തുന്നത് നമുക്ക് ചേർന്ന കാര്യമാണ്. മനുഷ്യൻ നിർമ്മിച്ചതൊക്കെ മനുഷ്യനെ തിരിഞ്ഞു കൊത്തിക്കൊണ്ടിരിക്കുന്നു. മാത്രമല്ല, ജനം തെരഞ്ഞെടുത്തവർ ജനക്ഷേമം മറക്കുന്നു. രാഷ്ട്രീയ ശിങ്കിടികൾക്ക് സർക്കാർ ജോലി കൊടുക്കുന്നതും സർക്കാർ ഉദ്യോഗസ്ഥർക്ക് ആവശ്യത്തിനും അനാവശ്യത്തിനും ശമ്പളവർദ്ധനവ് നടത്തുന്നതും ഇവിടെ ക്രമമായി നടന്നുവരുന്നുണ്ട്. സാധനങ്ങളുടെ വില വർദ്ധിക്കുന്നതുകൊണ്ട് ശമ്പളം കൂടുന്നു. കോഴയുടേയും പദ്ധതികളുടേയും തുക കൂടുന്നു. അന്നന്ന് അദ്ധ്വാനിക്കുന്നവരും കുടുംബം പുലർത്താൻ തുണിഷോപ്പുകളിലും അടുക്കളകളിലും രാപ്പകലില്ലാതെ അദ്ധ്വാനിക്കുന്നവരുമായ സ്ത്രീകൾ അവരുടെ മക്കളെയും കൊണ്ട് എങ്ങനെ ജീവിക്കും? കഷ്ടപ്പെട്ട് മക്കളെയും വളർത്തി മുന്നോട്ടു പോകാം എന്നു വെച്ചാൽ തന്നെ ഗവൺമെന്റ് അവരുടെ പെൺമക്കൾക്കായി നിർഭയ ഹോമുകൾ പോലുള്ള പുതിയ സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കുക മാത്രമാണ് ചെയ്യുന്നത്.

ആർക്കാണ് ഇവിടെ ജീവിക്കാൻ സാഹചര്യമുള്ളത്? ഒരു പെണ്ണിനേ വഴിനടക്കാൻ പഠിപ്പും വിവരോം ഉള്ളവർ (അദ്ദേഹം തന്നെ പറഞ്ഞതാണ്) പോലും സമ്മതിക്കില്ലാന്നല്ലേ ശ്രീ. ബാബു ജോസഫ് കുഴിമറ്റത്തെപ്പോലുള്ളവർ പോലും പറയുന്നത്. അങ്ങനെയെങ്കിൽ നാമമാത്ര വസ്ത്രവുമായി നടക്കുന്ന സായ്പന്മാരുടെ നാട്ടിലെത്തിയാൽ ഇവരുടെയൊക്കെ സ്ഥിതി എന്തായിരിക്കും. ഒലിപ്പീരെന്നു കേട്ടിട്ടേയുള്ളൂ. ഇവിടെയായിരിക്കും തനി ഒലിപ്പീര്. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു വലിയ വള്ളിനിക്കറിനു പകരം പഴുപ്പിച്ച ഇരുമ്പിൻ നിക്കറാണ് ഇവരെ ധരിപ്പിക്കേണ്ടതെന്ന്. പെണ്ണിന്റെ കാര്യത്തിൽ മാത്രമല്ല പൊതുവെ നമ്മുടെ രാഷ്ട്രീയ സാഹചര്യം ഇരകളെ പീഡിപ്പിക്കുന്നതു തന്നെയാണ്. ജനക്ഷേമത്തിനു വേണ്ടി ഉപയോഗിക്കേണ്ട ഫണ്ടു മുഴുവൻ കീശയിലാക്കുന്നവരെ തെരഞ്ഞുപിടിക്കാനുള്ള ഉത്തരവാദിത്തവും ജനം ഏറ്റെടുക്കണം. അധികാരത്തിന്റെ അരികുപറ്റി തെളിഞ്ഞു നടക്കുന്നവർക്കും ഈ ഉത്തരവാദിത്തമുണ്ട്. ●

കഥ

# രാത്രിയിൽ ഒറ്റക്കിറങ്ങി നടക്കുന്നവൾ



രുഗ്മിണി

ഇരുട്ടിനെ കുത്തിത്തുളച്ചു കൊണ്ട് കിതച്ചെത്തിയ രാത്രി വണ്ടിയിൽ നിന്നുമിറങ്ങി അവൾ നടന്നു. അനന്തമായ പാളം മുറിച്ചു കടന്നു നേർത്ത ഒറ്റയടിപ്പാതയിലേക്ക്. അവൾ നടക്കുകയല്ല-ഓടുകയായിരുന്നു. മുടിയും സാരിയും പറത്തിക്കൊണ്ട് ഇരുട്ടിലൂടെ അവൾ ഓടി. ദൂരെ നിന്നു മോങ്ങുന്ന കുറുക്കന്മാരുടെ ഓരി മാത്രം അവളെ പിന്തുടർന്നു.

അന്നുമതേ രാത്രി വണ്ടിയിൽ നിന്നുമവൾ ഇറങ്ങി നടന്നു. തലേന്നത്തേക്കാൾ അല്പം ധൈര്യം ഉണ്ടായിരുന്നുവെങ്കിലും അവൾ ധൃതിയിൽ ഓടുകതന്നെയായിരുന്നു. ചില ചൂളംവിളികൾ അവളെ പിന്തുടർന്നു. അവൾ തന്റെ വേഗം കൂട്ടി. പിന്നാലെ ചില പാദപതനങ്ങളുടേയും വേഗം കൂടുന്നത് അവളറിഞ്ഞു. സാരിത്തുമ്പിലാരോ പിടിച്ചു വലിച്ചു. അവൾക്കു തിരിഞ്ഞു നോക്കണം എന്നുള്ള ധൈര്യം കൂടി ഉണ്ടായില്ല. സർവ്വശക്തിയുമെടുത്തവൾ ഓടി. പിന്നെ തന്റെ രക്ഷാസങ്കേതത്തിൽ ചെന്നു വീണതേ അവൾ അറിഞ്ഞുള്ളൂ.

പിറ്റേന്നവൾ ഉണർന്നത് വലിയൊരു ബഹളത്തിലേക്കാണ്. തന്റെ കൂടാരത്തിന് അല്പം അകലെ കുറ്റിക്കാട്ടിൽ ഒരു നാടോടിക്കുഞ്ഞ് ചതഞ്ഞരഞ്ഞ് ചോരവാർന്ന് ഉറുമ്പരിച്ച് മരണത്തോട് മല്ലടിച്ച് കിടന്നിരുന്നു. ഏതാനും നാടോടികൾ മാത്രമാണ് അവിടെ ബഹളം വെക്കാനുണ്ടായിരുന്നത്. ആ കുഞ്ഞിനെ ആശുപത്രിയിൽ എത്തിച്ചാണ് അന്നവൾ തന്റെ അന്നത്തിനായുള്ള യാത്രക്ക് പുറപ്പെട്ടത്. തിരിച്ചുള്ള ആ രാത്രിയാത്രയിൽ മുഴുവൻ ഏതോ മനുഷ്യചെന്നായ്ക്കൾ കടിച്ചുകീറിയ കുഞ്ഞുടലായിരുന്നു അവളുടെ മനസ്സിൽ.

ഭയം അവളിൽ അടിമുടി നിറഞ്ഞു. തന്റെ ഹൃദയമിടിപ്പ് പെരുമ്പറമുഴക്കമായും കാലൊച്ചകൾ ദിക്കുകളിൽ അലയടിക്കുന്നതായും അവൾക്ക് തോന്നി. ഒറ്റയടിപ്പാത പകുതിയോളം പിന്നിട്ടപ്പോൾ എവിടെ നിന്നൊക്കെയോ രണ്ടു മൂന്നുപേർ അവൾക്കു നേരെ നടന്നടുക്കുന്നുണ്ടായിരുന്നു. തിരിഞ്ഞോടാൻ തുടങ്ങിയ അവളെ അവർ ഓടിയെത്തിപ്പിടിച്ച് ബലമായി തടഞ്ഞുവെക്കുകയും ചെയ്തപ്പോൾ അവൾ രക്ഷപ്പെടാൻ മറ്റൊരു വഴിയും കാണാഞ്ഞ് അലറിവിളിച്ചു. രണ്ടുപേർ അങ്ങോട്ട് ഓടിയടുക്കുന്നതുകണ്ടാവാം അക്രമികൾ അവളെ വിട്ട് ഓടിക്കളഞ്ഞു. അവൾ തന്റെ കൂടാരത്തിലേക്ക്....

പിറ്റേന്ന് യാത്രപുറപ്പെടുമ്പോൾ പ്രാണരക്ഷാർത്ഥം ചെറിയൊരായുധം അവൾ തന്റെ കയ്യിൽ കരുതിയിരുന്നു. ട്രെയിൻ ഇറങ്ങി ഒറ്റയടിപ്പാതയിലേക്ക് കടന്നപ്പോൾ തന്നെ ചില ആളുകൾ തന്നെ പിൻതുടരുന്നതായി



അവൾക്കു തോന്നി. താമസിയാതെ അവർ ഒരുമിച്ച് ചേർന്ന് ആക്രമിക്കാനൊരുമ്പെട്ടു. മങ്ങിയ വെളിച്ചത്തിലും അവരുടെ മുഖങ്ങൾ അവൾ ശ്രദ്ധിച്ചു. പരിചമുള്ള മുഖങ്ങളായിരുന്നു അതിലുണ്ടായിരുന്നത്. അവൾ പെട്ടെന്ന് തന്റെ ആയുധമെടുത്ത് വീശി. അമ്പരുന്ന് പോയ അക്രമികൾ ചിതറിയോടി. അവൾ രക്ഷപ്പെട്ടു സ്വന്തം വഴിയിലൂടേയും.

പിന്നീട് കുറച്ചു ദിവസങ്ങൾ തന്റെ യാത്രയിൽ പ്രശ്നങ്ങളൊന്നുമില്ലാതെ കടന്നുപോയി. ഇനിയൊന്നും തനിക്ക് പേടിക്കാനില്ലെന്നും ഈ വഴികൾ തന്റേതുകൂടിയാണെന്നും അവൾ സ്വയം സമാധാനിച്ചു.

വളരെ ആവേശത്തോടു കൂടി യാത്ര പുറപ്പെട്ട ഒരു ദിവസമായിരുന്നു അത്. സ്റ്റേഷനിലേക്കു നടക്കുമ്പോൾ കുറച്ചകലെ ഒരാൾക്കൂട്ടം കണ്ടവൾ റെയിൽവെ ട്രാക്കിലേക്കു നടന്നു. ആ കാഴ്ച അവളെ ഞെട്ടിച്ചു കളഞ്ഞു. അരയും തലയും തകർക്കപ്പെട്ട ഒരു സ്ത്രീ ശരീരം പകുതി മുക്കാലും നഗ്നമായി കിടന്നിരുന്നു. അവിടെക്കണ്ട വസ്ത്രങ്ങളുടെ അവശിഷ്ടങ്ങൾ തനിക്കേറെ പരിചിതമാണല്ലോ എന്നോർത്തു. അതെ, അവൾ തന്നെ. ഇന്നലെ തന്നോടൊപ്പം വളരെ സന്തോഷവതിയായി യാത്ര ചെയ്ത ആ പെൺകുട്ടി. അവൾ അവിടെ തളർന്നിരുന്നു പോയി. ട്രെയിൻ ഇറങ്ങി ട്രാക്കിലൂടെ വീട്ടിലേക്കു നടന്ന അവളെ ഏതോ മനുഷ്യമൃഗം - അതോ മൃഗങ്ങളോ കടിച്ചു കീറി വലിച്ചെറിഞ്ഞിരിക്കുകയാണ്. ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരുന്ന അവളെ ഈ വിധം....!

അവൾ തിരിച്ച് തന്റെ കൂടാരത്തിലേക്ക് തന്നെ മടങ്ങി. പക്ഷേ അടുത്തദിവസം പുറപ്പെടുക തന്നെ ചെയ്തു. കാരണം ജീവിക്കണമെങ്കിൽ അവൾ പോയേ തീരൂ. ശോകമൂകമായിരുന്നു അന്നത്തെ യാത്ര. കൂട്ടത്തിലൊരാൾ നഷ്ടപ്പെട്ടതിന്റെ ദുഃഖവും അജ്ഞാതനായ ശത്രുവിനെക്കുറിച്ചുള്ള ഭയവും ഉരുണ്ടുകൂടിയ കണ്ണുകളുമായാണ് ഓരോ സ്ത്രീയും അതിലിരുന്നത്. തിരിച്ചുള്ള യാത്രയിൽ ട്രെയിനിറങ്ങി ഒറ്റ

സ്റ്റേഷനിലേക്കു നടക്കുമ്പോൾ കുറച്ചകലെ ഒരാൾക്കൂട്ടം കണ്ടവൾ റെയിൽവെ ട്രാക്കിലേക്കു നടന്നു. ആ കാഴ്ച അവളെ ഞെട്ടിച്ചു കളഞ്ഞു. അരയും തലയും തകർക്കപ്പെട്ട ഒരു സ്ത്രീ ശരീരം പകുതി മുക്കാലും നഗ്നമായി കിടന്നിരുന്നു. അവിടെക്കണ്ട വസ്ത്രങ്ങളുടെ അവശിഷ്ടങ്ങൾ തനിക്കേറെ പരിചിതമാണല്ലോ എന്നോർത്തു. അതെ, അവൾ തന്നെ. ഇന്നലെ തന്നോടൊപ്പം വളരെ സന്തോഷവതിയായി യാത്ര ചെയ്ത ആ പെൺകുട്ടി.

യടിപ്പാതയിലൂടെ നടക്കാൻ തുടങ്ങിയതു മുതൽ ഒരു തരം മരവിപ്പായിരുന്നു മനസ്സിൽ. കുറച്ചു ദൂരം നടന്നതും എതിരേ നടന്നുവന്ന ഒരാൾ അവളുടെ കൈ കടന്നു പിടിച്ചു. പിടിവലിയിൽ കയ്യിൽ കരുതിയ ആയുധം ദൂരെയെങ്ങോ തെറിച്ചു പോയി. അയാളുടെ പിടിയിൽ നിന്നും കുതറി മാറുന്നതിനിടയിൽ അവളുടെ മുടി അഴിഞ്ഞുലഞ്ഞു. അവൾ തന്റെ ശക്തി മുഴുവൻ കൈകളിലേക്ക് ആവാഹിച്ച് ഇരുന്നു കുടഞ്ഞു. അയാൾ കുറച്ചകലേക്ക് തെറിച്ചു വീണു. ഉള്ളിലുള്ള അഗ്നി കണ്ണുകളിൽ നിറച്ച് കൂർപ്പിച്ച നഖങ്ങൾ വിടർത്തി തന്റെ വായ്ക്ക് ഇരുവശത്തും രണ്ട് കോമ്പല്ലുകൾ ഉണ്ടെന്ന് വിശ്വസിച്ച് അവൾ ഉറക്കെ പൊട്ടിച്ചിരിച്ചു. അഴിഞ്ഞുലഞ്ഞ മുടി ആട്ടിക്കൊണ്ട് അയാൾക്ക് നേരെ നഖങ്ങൾ നീട്ടി അലറിക്കൊണ്ടവൾ അയാളോടടുത്തു. ജീവനുംകൊണ്ട് അയാൾ ഓടിപ്പോകുന്നത് കണ്ട് അട്ടഹസിക്കുകയായിരുന്നു അവൾ ഉറക്കെ ഉറക്കെ.

പിന്നെ ഓരോ ദിവസവും അവൾ കൂടുതൽ കൂടുതൽ കരുത്ത് നേടുകയായിരുന്നു.

അതിനിടെ അവളുടെ വഴികളിൽ ഓരോ പെൺശവങ്ങൾ വന്നു വീണുകൊണ്ടിരുന്നു. കത്തിക്കരിഞ്ഞതും വെള്ളം കുടിച്ചതും രക്തം ചിന്തിയതുമെല്ലാം- എല്ലാം വേട്ടയാടപ്പെട്ടവർ. വേട്ടക്കാരുടെ രോമത്തിൽ പോലും ആരും തൊട്ടില്ല. ആ ഇരകൾക്കുവേണ്ടി കരയണമെന്നുണ്ടായിരുന്നെങ്കിലും അവൾ കരഞ്ഞില്ല. ഒടുവിൽ തന്റെ കൂടാരത്തിലെ ഒരേയൊരു കൂട്ട്- ചുക്കിച്ചുളിഞ്ഞ് തളർന്ന് കിടന്നിരുന്ന ആ ദേഹത്തെപ്പോലും വെറുതെവിടാതിരുന്ന മൃഗീയത. അല്പം ജീവനെങ്കിലും ബാക്കി വെച്ചിരുന്നെങ്കിൽ.... അപ്പോൾ മാത്രം. അവൾ അറിയാതെ വിതുമ്പിപ്പോയി.

പക്ഷേ, അവൾക്ക് തന്റെ യാത്ര തുടർന്നേ തീരൂ- ജീവിതം തുടർന്നേ തീരൂ. കല്ലുപോലെ ഉറഞ്ഞു പോയ ഒരു മനസ്സുമായി അവൾ യാത്ര പുറപ്പെട്ടു. തിരികെ ട്രെയിൻ ഇറങ്ങിയുള്ള രാത്രിയാത്രയിൽ ചിരിച്ചുകൊണ്ടാണ് അവൾ നടത്തം തുടങ്ങിയത്. തന്റെ വഴിയിലാകെ പാലപ്പൂമണം നിറയുന്നതായി അവൾക്ക് തോന്നി. വെളുത്തസാരിയിൽ മുടിയഴിച്ചിട്ട് അവൾ നടന്നു. ആരൊക്കയോ എതിരേ വരുന്നതുകണ്ട് നടത്തം പതുക്കെയാക്കി. പരിചിതമായ മുഖങ്ങൾ അവർ ഒരാക്രമണത്തിന് വരുന്നത് പോലെ തോന്നി. അവരിൽ നേതാവെന്ന് തോന്നിക്കുന്ന ഒരുവൻ തനിക്ക് നേരെ നടന്നടുത്തു. കൈകൾ ഞെരിച്ച് മുഖത്തോടടുപ്പിച്ചു. അവൾ അതിൽ നിന്ന് പിടിവിടുവിപ്പിച്ചു. കണ്ണുകളിൽ തീ പാറി... കോമ്പല്ലുകൾ തിളങ്ങി... തന്റെ കൂർത്ത നഖങ്ങൾ അയാളുടെ ദേഹത്തിലേക്ക് താഴ്ന്നിറക്കി. ഒരലർച്ചയോടെ അയാൾ വീണുപോയി.

പിറ്റേന്ന് അതുവഴിപോയ യാത്രക്കാർ ഒരു പുരുഷന്റേതെന്നു തോന്നിക്കുന്ന ശരീരഅവശിഷ്ടങ്ങൾ കണ്ടു. വാർത്ത നാടാകെ കാട്ടുതീ പോലെ പടർന്നു. പിന്നീടവളെ പേടിച്ചാരും ആ വഴി നടന്നീല്ല.

●

**കവർസ്റ്റോറി**



**പി. ജയലക്ഷ്മി**

# പരിഭാഷയുടെ വെല്ലുവിളികൾ

> എഴുതപ്പെട്ട ഭാഷയിലൂടെ വായിച്ച് ഭാഷയുടെ മധുരം നുകരുക എന്നത് ആ ഭാഷ വഴങ്ങുന്നവർക്ക് മാത്രം കഴിയുന്ന ഒന്നാണ്. എന്നാൽ പരിഭാഷയിലൂടെ അവയുടെ പരിമളം ദേശാന്തരങ്ങൾ കടന്നുചെല്ലുന്നു. അങ്ങനെ നോക്കുമ്പോൾ സാഹിത്യം അത് അഭിസംബോധന ചെയ്യുന്ന പരിമിതമായ ഭൂമിക വിട്ട് സാർവ്വലൗകികതയെ പ്രാപിക്കുന്നിടത്താണ് പരിഭാഷയുടെ പ്രസക്തി എന്നു കാണാം.

ഹൃദയത്തെ തൊട്ടറിയുന്നവർക്ക് മാത്രമേ പ്രണയത്തെ അറിയാൻ കഴിയൂ എന്നതു പോലെ ഭാഷയെ സ്നേഹിക്കുന്നവർക്ക് മാത്രം കൈനീട്ടി തൊടാവുന്ന ഒന്നാണ് പരിഭാഷ. എഴുതപ്പെടുന്നത് അനുവാചകരിലേക്ക് എത്തുന്നത് ഭാഷയിലൂടെയാണ്. എഴുതപ്പെട്ട ഭാഷയിലൂടെ വായിച്ച് ഭാഷയുടെ മധുരം നുകരുക എന്നത് ആ ഭാഷ വഴങ്ങുന്നവർക്ക് മാത്രം കഴിയുന്ന ഒന്നാണ്. എന്നാൽ പരിഭാഷയിലൂടെ അവയുടെ പരിമളം ദേശാന്തരങ്ങൾ കടന്നുചെല്ലുന്നു. അങ്ങനെ നോക്കുമ്പോൾ സാഹിത്യം അത് അഭിസംബോധന ചെയ്യുന്ന പരിമിതമായ ഭൂമിക വിട്ട് സാർവ്വലൗകികതയെ പ്രാപിക്കുന്നിടത്താണ് പരിഭാഷയുടെ പ്രസക്തി എന്നു കാണാം. നല്ല പരിഭാഷ എന്നത് അത്ര അനായാസകരമായ പ്രവൃത്തിയാണെന്ന് പറയാൻ കഴിയില്ല. പരിഭാഷക എന്ന നിലയിൽ ചുരുങ്ങിയകാലത്തെ അനുഭവം അതാണ് എന്നെ പഠിപ്പിച്ചത്. ഭൂമിശാസ്ത്രപരമായ അതിരുകളാൽ നിർണ്ണയിക്കപ്പെടുന്നതും ഒരു പ്രത്യേക ഭൂമികയിൽ വ്യവഹരിക്കപ്പെടുന്നതുമായ ഭാഷയുടെ തികച്ചും പ്രാദേശികവും വംശീയവുമായ സാംസ്കാരിക ബിംബങ്ങൾ മറ്റൊരു വ്യത്യസ്തമായ ഭൂമികയിലേയ്ക്ക് യുക്തിസഹമായി ആവാഹിക്കുന്നതിലാണ് പരിഭാഷയുടെ വിജയം.

ചെറുകഥകൾ മാത്രം എഴുതിയിരുന്ന ഞാൻ യാദൃശ്ചികമായാണ് പരിഭാഷയുടെ ലോകത്തേക്ക് എത്തിപ്പെടുന്നത്. ദസ്തയേവ്സ്കിയുടെ കത്തുകൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്താൻ കഴിയുമോയെന്ന ചോദ്യത്തിനു മുന്നിൽ പകച്ചു നിൽക്കുകയും അതിന്റെ വെല്ലുവിളിയോർത്ത് പിന്തിരിയുകയും ചെയ്യുമ്പോൾ ഒരു സാമ്പിൾ ആയി ഒന്നോ രണ്ടോ കത്തുകൾ പരിഭാഷപ്പെടുത്തി നോക്കൂ, വഴങ്ങുന്നില്ലെങ്കിൽ വിട്ടുകളയൂ എന്ന് ഒരു സുഹൃത്തിന്റെ സ്നേഹപൂർണ്ണമായ പ്രേരണയാണ് എനിക്ക് പിൻബലമായത്. ആശയങ്ങളുടെ, തത്വജ്ഞാനത്തിന്റെ, വൈകാരികതയുടെ ഒക്കെ നിറകുംഭങ്ങളായ ദസ്തയേവ്സ്കിയുടെ കഥാലോകത്തിന്റെ സങ്കീർണ്ണതയാണ് എന്നെ പരിഭാഷയിൽ നിന്ന് പിന്തിരിപ്പിച്ച ഘടകം. എന്നാൽ ദസ്തയേവ്സ്കി എന്ന അസാധാരണ മനുഷ്യന്റെ പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന കത്തുകളിൽ ചിലത് അതിലെ ഉള്ളടക്കത്തിന്റെ ലാളിത്യം കൊണ്ട് എന്നെ ആകർഷിക്കുകയും അതിന്റെ പരിഭാഷ അധികം പ്രയാസം കൂടാതെ നിർവ്വഹിക്കാൻ എനിക്ക് കഴിയുകയും ചെയ്തു. അയച്ച സാമ്പിൾ പ്രസാധകരുടെ ഇൻ ഹൗസ് വിദഗ്ധർ അംഗീകരിക്കുകയും നല്ല അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തതോടെ എന്റെ ആത്മവിശ്വാസം വർദ്ധിക്കുകയും പരിഭാഷയുമായി മുന്നോട്ടു പോകുകയുമാണ് ഉണ്ടായത്.

കടുകട്ടിയായ സിലബസിൽ പരീക്ഷ അഭിമുഖീകരിക്കേണ്ടി വന്ന കുട്ടിയുടെ മനോഭാവമാണ് ദസ്തയേവ്സ്കിയെ പോലെയൊരു വിശ്വസാഹിത്യകാരൻ എഴുതിയത് പരിഭാഷപ്പെടുത്താൻ കിട്ടിയ അവസരം എ

ന്നിൽ സൃഷ്ടിച്ചത്. അതിൽ ഉന്നത വിജയം നേടിയതുപോലെയായി എനിക്ക് ലഭിച്ച അഭിനന്ദനവാക്കുകൾ. പുസ്തകത്തിലെ ഏതാനും അദ്ധ്യായങ്ങൾ 'തന്മ' എന്ന പ്രസിദ്ധീകരണത്തിൽ അച്ചടിച്ചുവന്നതു കണ്ട് പ്രശസ്ത കവി ഒ.എൻ.വി കുറുപ്പ് പ്രത്യേകം അഭിനന്ദിക്കുകയും മൗലികമായ രചനകൾ നിർവ്വഹിക്കുന്നതോടൊപ്പം എഴുത്തിനെ സ്നേഹിക്കുന്ന ഒരാൾക്ക് ഭാഷയോട് ചെയ്യാവുന്ന ഏറ്റവും വലിയ സേവനമാണ് പരിഭാഷ എന്നു പറയുകയും ചെയ്തത് പരിഭാഷയോടുള്ള എന്റെ സമീപനം മാറാൻ സഹായിച്ചു. സർഗ്ഗാത്മകതയുടെ അംശം മൗലിക രചനകളിൽ മാത്രമേയുള്ളൂ എന്ന ധാരണയ്ക്ക് പതിയെ ഇളക്കം തട്ടുന്നതും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കുട്ടികളുടെ നോവലായ ഫ്രാങ്ക് ബോമിന്റെ 'Life and Adventures of Santa Clause എന്ന പുസ്തകം പരിഭാഷപ്പെടുത്തിയത് ഒരു പരിഭാഷക എന്ന നിലയിൽ എനിക്ക് സന്തോഷം പകർന്ന അനുഭവമാണ്.

മലയാളത്തിലിറങ്ങുന്ന പല പരിഭാഷകളും വേണ്ടത്ര അവധാനതയോടെയല്ല പലപ്പോഴും തയ്യാറാക്കുന്നത്. ഇതുതന്നെയാണ് അവയുടെ നിലവാരത്തകർച്ചയ്ക്ക് കാരണം എന്നു തോന്നുന്നു. കേരളത്തിലെ പേരുകേട്ട ചില പ്രസാധക സ്ഥാപനങ്ങൾ പരിഭാഷയ്ക്കായി തെരഞ്ഞെടുക്കുന്ന കൃതികളുടേയും നിലവാരം എന്തെന്ന് ഗൗരവപൂർവ്വം പരിശോധിക്കപ്പെടേണ്ടതാണ്. വിവർത്തനത്തിനായി തെരഞ്ഞെടുക്കുമ്പോൾ വാണിജ്യപരമായ ഘടകം മാത്രമേ പ്രസാധകർ പലപ്പോഴും കണക്കിലെടുക്കുന്നുള്ളൂ എന്നതാണ് യാഥാർത്ഥ്യം. സമയലാഭത്തിനായി ഒരു പുസ്തകം വീതിച്ച് നൽകി ഒരു കൂട്ടം പരിഭാഷകരെ ഇരുത്തി പരിഭാഷ നടത്തുമ്പോൾ ഭാഷയുടെ ഒഴുക്കും, ഏകതാനതയും, സൗന്ദര്യവും നിലനിർത്താൻ കഴിയുമോ എന്നത് ആലോചിക്കേണ്ടതാണ്. ഇത്തരം സമീപനം മൂലമാണ് ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യപ്പെടുന്ന മറ്റു യൂറോപ്യൻ ഭാഷകളിലെ പരിഭാഷകളുടെ നിലവാരത്തിനൊത്ത് ഉയരാൻ നമ്മുടെ പരിഭാഷകൾക്ക് കഴിയാതെ പോകുന്നത്. ●

*(ചെറുകഥാകൃത്തും വിവർത്തകയുമായ പി. ജയലക്ഷ്മി കേരളനിയമസഭാ സെക്രട്ടറിയേറ്റിൽ അഡീഷണൽ സെക്രട്ടറിയാണ്.)*

# 'ഈ നേരം കൊണ്ട് സ്വന്തമായെന്തെങ്കിലും എഴുതിക്കൂടേ'



**എം. സാജിത**

അമൃതാപ്രീതമാണ് എനിക്കേറ്റവും ഇഷ്ടപ്പെട്ട എഴുത്തുകാരി. കുട്ടിക്കാലത്ത് ആശാപൂർണ്ണാദേവി, ശ്രീകൃഷ്ണ ആലനഹള്ളി എന്നിവരുടെ നോവലുകളും വായിച്ചിരുന്നു. ഇവയോടൊക്കെയുള്ള ഇഷ്ടമാണോ എന്നെ വിവർത്തനത്തിലെത്തിച്ചത്?. ഖലീൽ ജിബ്രാൻ, ടാഗോർ, പുഷ്കിൻ തുടങ്ങിയവരുടെ കവിതകൾ മലയാളീകരിച്ച് എഴുതിവെയ്ക്കുന്നത് എന്റെ അക്കാലത്തെ സ്വകാര്യ ആനന്ദങ്ങളായിരുന്നു. എങ്കിലും 1988–89 കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന ഒഡേസ ജേർണലിനുവേണ്ടി ഭാസ്കർചന്ദവർക്കറിന്റെ 'ഉപകരണസംഗീതം ഇന്ത്യയിൽ'എന്ന ലേഖനത്തിന്റെ വിവർത്തനമാണ് ആദ്യം അച്ചടിച്ചുവന്നത്. അത് ചെയ്യാനേല്പിച്ചത് എന്റെ പിതാവ് ഹമീദ് മണ്ണിശ്ശേരിയും. ജോൺ എബ്രഹാമിന്റെ ജനകീയസിനിമ 'അമ്മ അറിയാൻ' എടുക്കുന്ന കാലത്ത് രൂപീകരിച്ച ഒഡേസമൂവീസിന്റെ പ്രവർത്തകരിൽ ചിലരാണ് ജേർണലിനും നേതൃത്വം നൽകിയത്. സിനിമയും സംഗീതവും പ്രധാന ഉള്ളടക്കമായ ജേണലും അതിന്റെ പ്രവർത്തകരും പിന്നീട് ചരിത്രത്തിന്റെ ഭാഗമായി.

വർഷങ്ങൾക്കു ശേഷം രണ്ടായിരാമാണ്ടിലാണ് ഖലീൽ ജിബ്രാന്റെ 'അപ്സരസ്സുകളുടെ താഴ്വര' (*Nymphs of the Valley*) അച്ചടിച്ചു പുറത്തുവന്നത്(പാപ്പിയോൺ പബ്ലിക്കേഷൻസ്). പിന്നീട്, ചാർലിചാപ്ലിന്റെ 'എന്റെ കുട്ടിക്കാലം' ( മാതൃഭൂമി ബുക്സ്, 2004), ഖലീൽ ജിബ്രാന്റെ 'ഒടിഞ്ഞ ചിറകുകൾ'(*Broken Wings*), ആൻഫ്രാങ്കിന്റെ 'ഒളിത്താവളത്തിൽ നിന്നുള്ള കഥകൾ'(ഡി.സി. ബുക്സ്, 2008), ഹെലൻകെല്ലറിന്റെ 'എന്റെ ജീവിത കഥ' (ഒലീവ് പബ്ലിക്കേഷൻസ്, 2009), ജൂതവംശഹത്യയെ അതിജീവിച്ച ഹീബ്രു എഴുത്തുകാരനായ അഹറോൺ അപ്പൽഫെൽദ്-ന്റെ വംശഹത്യാപ്രമേയമുള്ള നോവൽ 'ബാഡെൻഹീം1939'(ഡി.സി .ബുക്സ്), ഏറ്റവുമൊടുവിലായി ജയശ്രീമിശ്രയുടെ 'രഹസ്യങ്ങളും നുണകളും' എന്ന നോവലും(ഡി.സി. ബുക്സ്) പ്രസിദ്ധീകരിച്ചു. ഇവകൂടാതെ ആനുകാലികങ്ങളിൽ കഥകളും ലേഖനങ്ങളും പരിഭാഷകളായി വന്നിട്ടുണ്ട്. ഇത്രയുമായിട്ടും വിവർത്തനം ഒരു മോശം സംഗതിയാണെന്നു കരുതുന്നവരുടെ, 'ഈ നേരം കൊണ്ട് സ്വന്തമായെന്തെങ്കിലും എഴുതിക്കൂടേ' എന്ന ചോദ്യത്തിൽനിന്ന് രക്ഷപ്പെടാനായിട്ടില്ല. സ്വന്തമായി എഴുതുന്നതിനെക്കാൾ പ്രയാസമാണ് പല വിവർത്തനങ്ങളും എന്ന് അവർക്കറിയില്ലായിരിക്കാം. എന്റെ പരിഭാഷകളെല്ലാം പരിപൂർണ്ണമാണ് എന്നു ഞാൻ കരുതുന്നില്ല. എങ്കിലും ഇത് ഞാൻ ആസ്വദിക്കുന്നു. നമുക്ക് താല്പര്യം തോന്നുന്ന കൃതികൾ മാത്രമേ ആത്മാർത്ഥമായി പരിഭാഷപ്പെടുത്താൻ കഴിയൂ എന്ന് ഞാൻ കരുതുന്നു.

*(എം. സാജിത കോഴിക്കോട് ജില്ലയിലെ മണ്ണൂരിൽ താമസിക്കുന്നു. സ്കൂൾ അധ്യാപികയാണ്.)*

**കവിത**

**ജാനമ്മ കുഞ്ഞുണ്ണി**

# സീത ചോദിച്ചു പിന്നെയും

സീത ചോദിച്ചു രാമനോടാർദ്രയായ്
സാധുവാമെന്നെ സ്വീകരിച്ചീടുമോ?
രാവണന്റെ തലയറുത്താഢ്യനായ്
രാമനന്നുമൊഴിഞ്ഞു പോലീവിധം
പത്നിയെ വീണ്ടെടുപ്പതിനല്ല ഞാൻ
വൻപടയെ നയിച്ചതെന്നോർക്കനീ
എൻ കുലത്തിൽ യശ്ശസ്സിനു മാത്രമായ്
അസുരവംശം മുടിച്ചതു നിർണ്ണയം
രാവണാന്തികേ നാളുകൾ വാർത്ത നീ
രാമഗേഹത്തിനന്യയായ് തീർന്നുപോയ്
രാജപത്നിയായ് വാഴണമെങ്കിലോ
അഗ്നിയിൽ മുങ്ങി ശുദ്ധിവരുത്തണം
പുരുഷവാക്കു ചൊരിഞ്ഞ ശ്രീരാമനെ
വല്ലവാംഗി സഗദ്ഗതം നോക്കിനാൾ
പതിതയെന്നോ പതിയുടെ കല്ലിതം
ചകിതയായ് സ്വയം ചോദിച്ചു സീതയും
ഭൂമിപുത്രിയെ രാവണന്നേകുവാൻ
രാമനല്ലയോ ഹേതുവായ് നിന്നതും
പെൺകുലത്തിന്നുടൽചീന്തുകാരുടെ
പച്ചവേഷമീ കാണുന്നതും കേൾപ്പതും
സീത ചോദിച്ചു പിന്നെയും രാമനോട്
സൂര്യവംശം ചതിയ്ക്കുമോ നാരിയെ
യുദ്ധനീതിയിൽ നീ ധർമ്മപത്നിയെ
യാനപാത്രമായ് ചുംബിച്ചെറിയുമോ?



കവർസ്റ്റോറി



സുനീത ബാലകൃഷ്ണൻ

# വാക്ക് തിരികെ വന്ന വഴി

**വാ**ക്ക് ആവേശിച്ച വിരലുകൾക്ക് മോചനമുണ്ടോ ? ഇല്ല എന്നാണെന്റെ അനുഭവം. അത് സാദ്ധ്യമാക്കിയതോ വവർത്തനവും. വാക്ക് ലാവ പോലെ തിളച്ചുമറിഞ്ഞ് കുത്തിയൊഴുകിയ കൗമാരത്തിനു ശേഷം, ഇരുപതാം വയസ്സിൽ സർക്കാർ ഉദ്യോഗസ്ഥ, ഇരുപത്തിരണ്ടാം വയസ്സിൽ ഭാര്യ, പിന്നെ, രണ്ടു മക്കളുടെ അമ്മ,.വാക്ക് എന്നോട് പിണങ്ങി, വായന വിട്ടുപോയി.

ആയിടെ ഒരു സഹൃത്ത് ആവശ്യപ്പെട്ടതനുസരിച്ച് ഒരു മാസികയ്ക്കു വേണ്ടി ലേഖനം വിവർത്തനം ചെയ്യാനാരംഭിച്ചു. രാമലിംഗംപിള്ളയും ഞാനും കൂടി അതു ചെയ്യാൻ അഞ്ചുമണിക്കൂറെടുത്തു. എല്ലാവരും ഉറങ്ങിയ ശേഷമാണ് ജോലി തുടങ്ങിയത്. ഉറക്കം വന്നും വിരലുകൾക്ക് ശീലം മറന്ന അക്ഷരം നോവിച്ചും ഞാനന്ന് വല്ലാതെ വശംകെട്ടു. കടലാസു മുഴുവൻ വെട്ടും തിരുത്തുമായിരുന്നു. ഒടുവിൽ നാലാമത്തെ തവണയെഴുതി കടലാസുകൾ മുന്നിൽ നിരത്തിയപ്പോൾ എനിക്ക് കരച്ചിൽ വന്നു;സന്തോഷവും. ഏതായാലും അത് നല്ല തുടക്കമായി. എഡിറ്റർ ഇടയ്ക്കിടെ ഒരടുക്ക് കടലാസുമായി പാഞ്ഞുവരും; രാത്രി പകലാക്കി ഞാനെഴുതിയ കടലാസുമായി തിരിച്ചു പോകും. ഇടയ്ക്ക് ചിലപ്പോൾ ഓറഞ്ച് നിറമുള്ള കവറുകളിൽ രണ്ടോ മൂന്നോ നൂറുരൂപാ നോട്ടും ഇരട്ടിമധുരമായി എനിക്കു കിട്ടും. ഈ ലേഖനപരമ്പര പുസ്തകമായിറങ്ങി. എന്റെ പേരച്ചടിച്ച ആദ്യ പുസ്തകം.




വാക്ക് ആവേശിച്ച വിരലുകൾക്ക് മോചനമുണ്ടോ ? ഇല്ല എന്നാണെന്റെ അനുഭവം. അത് സാദ്ധ്യമാക്കിയതോ വവർത്തനവും. വാക്ക് ലാവ പോലെ തിളച്ചുമറിഞ്ഞ് കുത്തിയൊഴുകിയ കൗമാരത്തിനു ശേഷം, ഇരുപതാം വയസ്സിൽ സർക്കാർ ഉദ്യോഗസ്ഥ, ഇരുപത്തിരണ്ടാം വയസ്സിൽ ഭാര്യ, പിന്നെ, രണ്ടു മക്കളുടെ അമ്മ,. വാക്ക് എന്നോട് പിണങ്ങി, വായന വിട്ടുപോയി.

എന്റെ ആത്മവിശ്വാസം വർദ്ധിക്കുകയായിരുന്നു. ആയിടെ നടന്ന ഒരു ടെലിവിഷൻ മത്സരപരിപാടിയിൽ നിന്ന് ലഭിച്ച പണക്കിഴി ഉപയോഗിച്ച് വാങ്ങിയ കമ്പ്യൂട്ടറാണ് എന്റെ ജീവിതത്തിലെ അടുത്ത വഴിത്തിരിവായത്. ഇന്റർനെറ്റിലെ content എഴുതൽ എന്ന വരുമാനമുള്ള പുതിയ പ്രൊഫഷനും ഞാൻ കണ്ടെത്തി. ഇതിനിടെ ഒരു പ്രമുഖ നോവലിസ്റ്റിന്റെ പുതിയ നോവൽ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്താൻ സമീപിച്ചത്ആ മേഖലയിൽ bilingual translator ആയിമാറ്റി. പുസ്തകരൂപത്തിലുള്ള തർജ്ജമ ഔദ്യോഗികതലത്തിൽ മുറുമുറുപ്പുകൾക്ക് കാരണമായി. അങ്ങനെയൊരു ദിവസം ഇരുപത്തിരണ്ടുകൊല്ലത്തെ സേവനം മതിയാക്കി വിശാലമായ ലോകത്തേക്ക് ഞാനിറങ്ങി. എന്റെ ആയുധവും സമ്പത്തും വാക്കു മാത്രം.

ഇന്റർനെറ്റിലെ contentഎഴുത്തിലെ വരുമാനം 2008ലെ സാമ്പത്തികമാന്ദ്യത്തിൽ കുത്തനെ താഴ്ന്നു. ആയിടെയ്ക്കാണ് ജയശ്രീമിശ്രയുടെ റാണി എന്ന റാണിലക്ഷ്മീഭായിയുടെ ജീവിതകഥകൾ കോർത്തിണക്കിയ നോവൽ പരിഭാഷ ചെയ്തത്. അതിനു പിന്നാലെ ഝുംപാ ലാഹിരിയുടെ പുലിത്സർ സമ്മാനാർഹമായ Interpreter of Maladiesഎന്ന നോവലും മലയാളത്തിലേക്ക് ചെയ്തു. ഉദ്യോഗത്തിന്റെ സുരക്ഷിതത്വം വലിച്ചെറിഞ്ഞശേഷമുണ്ടായ സാമ്പത്തികപ്രതിസന്ധി തരണം ചെയ്തത് വിവർത്തനത്തിന്റെ കൈ പിടിച്ചാണ്. സ്ഥാപനങ്ങൾ, വ്യക്തികൾ, ഗവേഷകർ എന്നവർക്ക് വേണ്ടി ധാരാളം പരിഭാഷകൾ അക്കാലത്ത് ചെയ്തു. നല്ലൊരു വരുമാനമാർഗ്ഗമായിരുന്നു അ

ത്.അതിനിടെ ഇന്റർനെറ്റുവഴി സൗഹൃത്തുക്കളായ ചില അന്യഭാഷാ എഴുത്തുകാർ മലയാളവായനാലോകത്തെ എത്തിപ്പിടിക്കാനുള്ള ബന്ധമായി എന്നെ കണ്ടുതുടങ്ങി. പരിചയമുള്ള പുസ്തകപ്രസാധകരുമായി ഇവരെ അടുപ്പിക്കാൻ കഴിഞ്ഞത് വാക്കിന്റെ ലോകം ചൊരിഞ്ഞുതന്ന അടുത്ത അനുഗ്രഹം, ആനന്ദം.

സ്വന്തമായും ചിലത് ഞാനെഴുതി. കവിതയും കഥയും. ഇംഗ്ലീഷിലെഴുതിയ ഇവയെനിക്ക് രണ്ടു പുരസ്കാരങ്ങളും നേടിത്തന്നു; കുറച്ച് മാധ്യമശ്രദ്ധയും. അത് ഒരു പ്രമുഖ ഇംഗ്ലീഷ് പത്രത്തിന്റെ വാരാന്തപതിപ്പിലേക്ക് ഫീച്ചർ എഴുതാനുള്ള അവസരത്തിലേക്കാണ് എത്തിച്ചത്. അതൊരു പതിവായി. അങ്ങനെ കൗമാരകാലം മുതൽ കൊതിച്ച ഒരു കുപ്പായം കൂടി തുന്നിക്കിട്ടി; പത്രപ്രവർത്തക. ജീവിതം സുന്ദരസുരഭിലമായി. അന്തർദ്ദേശീയപത്രമാസികകളിൽ ഒന്നുരണ്ടുകഥകൾ വന്നു. എല്ലാറ്റിലുമുപരി വായന ശക്തമായി.

ആയിടെ ആൻ മോർഗൻ എന്ന ബ്രിട്ടീഷ്പത്രപ്രവർത്തക ഒരു വായനാപദ്ധതിയെക്കുറിച്ചെന്നോട് സംസാരിച്ചു. ഒരു കൊല്ലം കൊണ്ട് ലോകത്തെ എല്ലാ രാജ്യങ്ങളിലെയും ഓരോ പസ്തകം വായിക്കുകയും ബ്ലോഗെഴുതുകയുമെന്നതായിരുന്നു പദ്ധതി. ആനിന്റെ മുന്നിലെ ഏറ്റവും വലിയ ചോദ്യം ഇന്ത്യയായിരുന്നു. ഇന്ത്യയുടെ പുസ്തകമേത് എന്ന കുഴപ്പിക്കുന്ന ചോദ്യം A Year of Reading Across the World എന്ന തന്റെ ബ്ലോഗിലിട്ടു. ഇംഗ്ലീഷിലെഴുതിയ പുസ്തകങ്ങളിലന്വേഷിച്ച ആനിനു മുന്നിൽ ഇന്ത്യയിലെ സമ്പന്നമായ പ്രദേശികഭാഷാസാഹിത്യത്തെ കുറിച്ച് സൂചിപ്പിക്കുകയും എന്റെ നിർദ്ദേശമായി എം. ടി.യുടെ ഏത് പുസ്തകവും വായിക്കൂ എന്ന് പറയുകയും ചെയ്തു. ഒടുവിൽ ആൻ ബ്ലോഗിലെഴുതിയ പുസ്തകം എം. ടി.യുടെ കാലമായിരുന്നു (വിവ. ഗീതാകൃഷ്ണൻകുട്ടി). പിന്നീട് ആൻ സംസാരിക്കുമ്പോഴൊക്കെ ഇന്ത്യയെന്ന വായനാത്ഭുതവും എം.ടിയും പിന്നെ ഞാനും കടന്നുവന്നു.

അപ്പോഴാണ് ഇന്ത്യൻ ഭാഷകളെ കുറിച്ച് പറയാൻ ഞാനാര് എന്നാലോചിച്ചത്. മലയാളത്തെ കൂടാതെ ചില ബംഗാളി, മറാത്തി, കന്നട നോവലുകൾ..അതുകൊണ്ട് 2015ൽ ഞാനുമൊരു വായനായാത്ര നടത്തുകയാണ്. Reading Across India എന്ന wordpress ബ്ലോഗിൽ. സ്ത്രീ എഴുതിയ കാലികപ്രാധാന്യമുള്ള നോവലാകും ഓരോ ഭാഷയിൽ നിന്നും തിരഞ്ഞെടുക്കുക. എല്ലാ ഭാഷയും തൊട്ടുവന്നാൽ വീണ്ടും മറ്റൊരു സ്ത്രീ എഴു ത്തുകാരിയുമായി ഈ യാത്ര തുടരും.. ●

*(പത്രപ്രവർത്തകയും വിവർത്തകയുമായ സുനീത തിരുവനന്തപുരത്ത് താമസിക്കുന്നു)*

# വിവർത്തനവും ഞാനും



**കെ. ഉഷ**

തികച്ചും യാദൃശ്ചികമായി വിവർത്തനരംഗത്തെത്തിയ വ്യക്തിയാണ് ഞാൻ. കണ്ണൂരിലെ കൈരളി ബുക്സ് മാനേജർ പലതും സംസാരിക്കുന്നതിനിടയിലാണ് ആൻഫ്രാങ്കിന്റെ ഡയറി വിവർത്തനം ചെയ്തുകൂടെ എന്നു ചോദിക്കുന്നത്. ആൻഫ്രാങ്കിന് ഇനിയുമൊരു വിവർത്തനം മലയാളത്തിലാവശ്യമുണ്ടോ എന്നാണാദ്യം ചിന്തിച്ചത്. വായിച്ചപ്പോൾ ആൻഫ്രാങ്കിനെ പൂർണ്ണമായി ഇനിയും മലയാളത്തിനു കിട്ടിയില്ലെന്ന് ബോധ്യമായത്. അങ്ങനെയാണ് ശ്രമിക്കാം എന്ന മറുപടി നൽകിയത്. പുസ്തകം ആഴത്തിൽ വായിക്കാൻ തുടങ്ങിയപ്പോഴാണ് മാസങ്ങൾക്ക് മുമ്പ് വായിച്ച ഒരു കൃതി ഓർമ്മയിലെത്തിയത്. *A Women in Berlin* ഡയറിക്കുറിപ്പുകൾ തന്നെ. ആനിന്റെ ഡയറിയുടെ മറുവശമാണിതെന്നു പറയാം. സോവിയറ്റ് യൂണിയനിലെ വിമോചനസേന രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനം ബർലിനിലെ സ്ത്രീസമൂഹത്തോട് ചെയ്ത അതിക്രമങ്ങളാണ് പേര് വെളിപ്പെടുത്താത്ത സ്ത്രീ വിവരിച്ചത്. ബർലിനിലെ സ്ത്രീകൾ ഹിറ്റ്ലറിന്റെ കഴിവിൽ അമിതമായി വിശ്വസിച്ചിരുന്നവരാണ്. യുദ്ധം സ്ത്രീകൾക്ക് നൽകുന്നതെന്താണ്? ദാരിദ്ര്യം, ഭീതി, അനാഥത്വം. ഒപ്പം തന്റെ ശരീരത്തിലുള്ള അവകാശവും അവർക്ക് നഷ്ടപ്പെടുന്നു. എല്ലാവിധ അധിനിവേശങ്ങളിലും ആദ്യം ഇരയാവുന്നത് സ്ത്രീകളും കുട്ടികളുമാണെന്ന് ഈ രണ്ടു കൃതികളും പറയുന്നു. ഈ രണ്ടു കൃതികളും കൈരളിബുക്സ് ഒരുമിച്ച് പ്രസിദ്ധീകരിക്കുകയാണുണ്ടായത്. ●

*(നിരവധി ബാലസാഹിത്യകൃതികളെഴുതിയ ശ്രീമതി. ഉഷ ഹയർസെക്കന്ററി അധ്യാപികയായിരുന്നു)*

കവർസ്റ്റോറി



# ചില വിവർത്തനാനുഭവങ്ങൾ

സി. കമലാദേവി

എങ്ങനെ ഞാൻ വിവർത്തകയായി? ഞാനെന്നോടുതന്നെ ചോദിക്കാറുള്ള ചോദ്യമാണിത്. മാതൃഭാഷയ്ക്കു പുറമേ മറ്റൊരു ഭാഷ കൂടി പഠിക്കാനുള്ള ആഗ്രഹം സാധിച്ചത് വിവാഹാനന്തരം മൈസൂരിലെത്തിയപ്പോഴാണ്. കന്നഡയറിയാതെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവാത്ത അവസ്ഥ. ഗൃഹനായികയായ എനിക്ക് വീട്ടിൽ ജോലിക്കു വരുന്നവർ, പാൽക്കാരൻ, തോട്ടപ്പണിചെയ്യുന്നവർ എന്നിവരോട് ഇടപഴകേണ്ടിവന്നു. ഇവരുടെ സംസാരഭാഷയുടെ നാട്ടുവഴക്കമാണ് കന്നഡയിൽ ഞാനാദ്യം പഠിച്ചത്. പിന്നീട് മൈസൂർ സർവ്വകലാശാലയുടെ കന്നഡ ക്ലാസ്സിൽ ചേർന്നു പഠിച്ചു. തുടർന്ന് കന്നട ഇൻസ്റ്റിറ്റ്യൂട്ടിൽ താരതമ്യപഠനസ്വഭാവമുള്ള സൗത്ത് ഇന്ത്യൻ സ്റ്റഡീസിൽ ജോലി ചെയ്തതാണ് എന്നെ വിവർത്തനത്തിലേക്കെത്തിച്ചത്.

1974നു ശേഷമാണ് എന്റെ വിവർത്തനശ്രമങ്ങൾ ആരംഭിക്കുന്നത്. മാധവിക്കുട്ടിയുടെ 'സ്വയംവരം' എന്ന കഥയുടെ കന്നഡവിവർത്തനം. ഒരു സദസ്സിലാണത് ആദ്യമായവതരിപ്പിച്ചത്– അത്തരമൊരു കഥ, പ്രമേയം എല്ലാം അവർക്ക് പുതിയ അനുഭവമായിരുന്നു. ആ കഥയുടെ ആഘാതം മാറിയത് പിന്നീട് 'കോലാട്' വിവർത്തനം ചെയ്തപ്പോൾ ലഭിച്ച അംഗീകാരത്തിലൂടെ തിരിച്ചറിയാനായി. ഓരോ ഭാഷയുടെയും സാംസ്കാരിക പരിസരം എങ്ങനെ അന്യഭാഷാകൃതികളെ സ്വീകരിക്കുന്നു എന്ന ആശങ്ക വിവർത്തകർക്കുണ്ടാവുന്നത്

> കേരളത്തിലെ എന്റെ ഗ്രാമത്തിൽ പാടത്തും പറമ്പിലുമൊക്കെ പണിയെടുത്തിരുന്നവരുടെ ഭാഷാപ്രയോഗമുപയോഗിച്ചാണ് ഞാനത് പൂർത്തിയാക്കിയത്. 1996ൽ ഹംപിയിലെ കന്നടസർവ്വകലാശാലയും കേരളസാഹിത്യഅക്കാദമിയും സംയുക്തമായി സംഘടിപ്പിച്ച കന്നട-മലയാളം കവിതാശില്പശാലയിൽ കവികളും ദ്വിഭാഷികളും ഒത്തുകൂടി കവിത വായിച്ചും വിശകലനം ചെയ്തും വിവർത്തനപ്രക്രിയയിലേർപ്പെട്ടു. വിവർത്തിത സമാഹാരം പ്രസിദ്ധീകരിക്കുകയും ചെയ്തു. സാംസ്കാരികസ്ഥാപനങ്ങൾ ഒത്തുചേർന്നാൽ ഭാഷാസാംസ്കാരികസമന്വയത്തിനു വേണ്ടി എന്തൊക്കെ ചെയ്യാനാവും എന്നതിന്റെ രൂപരേഖ കൂടിയായിരുന്നു ഈ ശില്പശാല.

സ്വാഭാവികമത്രേ. ചിലയവസരങ്ങളിൽ മൂലഗ്രന്ഥകാരനും ഈ വിഷയത്തിൽ കുതൂഹലം ഉണ്ടായേക്കാം. ഭുജംഗന്റെ ദശാവതാരങ്ങൾ മാതൃഭൂമിയിൽ വന്നു കൊണ്ടിരുന്നപ്പോൾ ഉൽകണ്ഠാകുലനായ ആലനഹള്ളി ശ്രീകൃഷ്ണയെ ഈ സന്ദർഭത്തിൽ ഓർത്തുപോകുന്നു. മൂലഭാഷയെ കവിഞ്ഞ് ലക്ഷ്യഭാഷയിൽ അംഗീകാരം കിട്ടുന്ന കൃതികൾ കുറവല്ലല്ലോ.

1980കളിൽ മൈസൂരിൽ വെച്ചു നടന്ന കന്നഡ-മലയാളം ചെറുകഥാശില്പശാലയിൽ പങ്കെടുത്തവരിൽ ഏക സ്ത്രീസാന്നിധ്യമായിരുന്നു ഞാൻ. കന്നടയുടെ പ്രാദേശികഭേദങ്ങളാണ് പൊതുവെ വിവർത്തനത്തിൽ പ്രശ്നമാകാറുള്ളത്. തെക്കൻ കർണ്ണാടകത്തിലെ നാട്ടുമൊഴിവഴക്കങ്ങൾ നിറഞ്ഞ വൈദേഹിയുടെ 'അക്കു' എന്ന നീണ്ടകഥയും കൊരഗ ജാതിക്കാരുടെ ജീവിതപശ്ചാത്തലത്തിലെഴുതിയ കും. വീരഭദ്രപ്പയുടെ 'എലുഗൻ എന്ന കൊരഗനും ചവുഡൻ എന്ന പന്നിയും' എന്ന കഥയും ഭാഷാപരവും സാംസ്കാരികവുമായ വെല്ലുവിളികളെ മറികടന്ന് ഈ ശില്പശാലയിൽ ചെയ്തുതീർത്തതാണ്. അതുപോലെ തന്നെ ദേവന്നൂർ മഹാദേവന്റെ ദലിതഭാഷയുടെ സത്യസന്ധതയുള്ള ഒഡലാളം (വിശപ്പിന്റെ ആഴം)എന്ന നോവൽ പരിഭാഷയിലും ഏറെ പ്രയാസങ്ങളുണ്ടായി. കേരളത്തിലെ എന്റെ ഗ്രാമത്തിൽ പാടത്തും പറമ്പിലുമൊക്കെ പണിയെടുത്തിരുന്നവരുടെ ഭാഷാപ്രയോഗമുപയോഗിച്ചാണ് ഞാനത് പൂർത്തിയാക്കിയത്. 1996ൽ ഹംപിയിലെ കന്നടസർവ്വകലാശാലയും കേരളസാഹിത്യഅക്കാദമിയും സംയുക്തമായി സംഘടിപ്പിച്ച കന്നട-മലയാളം കവിതാശില്പശാലയിൽ കവികളും ദ്വിഭാഷികളും ഒത്തുകൂടി കവിത വായിച്ചും വിശകലനം ചെയ്തും വിവർത്തനപ്രക്രിയയിലേർപ്പെട്ടു. വിവർത്തിതസമാഹാരം പ്രസിദ്ധീകരിക്കുകയും ചെയ്തു. സാംസ്കാരികസ്ഥാപനങ്ങൾ ഒത്തുചേർന്നാൽ ഭാഷാസാംസ്കാരികസമന്വയത്തിനു വേണ്ടി എന്തൊക്കെ ചെയ്യാനാവും എന്നതിന്റെ രൂപരേഖ കൂടിയായിരുന്നു ഈ ശില്പശാല.

ഔദ്യോഗികജീവിതത്തിൽ നിന്ന് വിരമിച്ച് നാട്ടിലെത്തിയിട്ടാണ് ഗിരീഷ് കർണ്ണാഡിന്റെ തുഗ്ലക്ക്, ഹയവദന, നാഗമണ്ഡല എന്ന മൂന്ന് നാടകങ്ങളുടെ വിവർത്തനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിൽ ഹയവദന എന്നെ കുഴക്കുകതന്നെ ചെയ്തു. അർത്ഥഗ്രഹണത്തിനു ക്ലേശമുണ്ടാക്കുന്ന പ്രാദേശികഭാഷാപ്രയോഗങ്ങളും കോറസ്സ് മട്ടിലുള്ള ഗാനസന്ദർഭങ്ങളും ഏറെ പ്രശ്നമുണ്ടാക്കി. ഗാനങ്ങൾ കഥയുടെ അന്തരീക്ഷത്തെയും സന്ദർഭങ്ങളെയും പൂർവ്വസൂചനയോടെ അവതരിപ്പിക്കുന്നവയുമാണ്. നാടൻപാട്ടുകളുടെ പൈതൃകവുമായി ഗാഢസമ്പർക്കം പുലർത്തുന്ന കന്നഡഭാഷയുടെ മിഴിവും വടിവും മലയാളത്തിലേക്ക് ഒരുവിധം ഒപ്പിച്ചെടുത്തുവെന്നേ പറയാനാവൂ. കന്നഡയിലെ ശിവശരണരുടെ വചനകവിതകൾ വിവർത്തനം ചെയ്തത് ആത്മശുദ്ധീകരണത്തിന്റെ ഒരനുഭവം കൂടി പകർന്നുതന്നത് വ്യത്യസ്തമായ വിവർത്തനാനുഭവമായിരുന്നു. പരിചിതപദങ്ങളാണെന്ന് തോന്നുമെങ്കിലും വീരശൈവമതത്തിന്റെ നിയതമായ അർത്ഥവ്യവസ്ഥകൾക്ക് വിധേയമാക്കിയാണ് വചനകവികൾ പ്രയോഗിച്ചിരിക്കുന്നത്. ആ പദങ്ങളിൽ പ്രത്യേകശ്രദ്ധ വെയ്ക്കേണ്ടിവന്നു. പദങ്ങൾ തേടിയുള്ള മനസ്സിന്റെ നിരന്തരമായ അലച്ചിലിലും അന്വേഷണത്തിലും ഞാനഭിരമിക്കുന്നു. അവയുടെ ഇണക്കങ്ങളും പിണക്കങ്ങളും കുസൃതികളും പരിഭവങ്ങളും ഒളിച്ചുകളിയും എന്നെ ആഹ്ലാദിപ്പിക്കുന്നു. വിരസവും ശുഷ്കവുമാകുമായിരുന്ന ജീവിതസന്ദർഭങ്ങളെ സാർത്ഥകവും സജീവവുമാക്കിത്തീർക്കുന്നു.

*( കന്നട-മലയാള വിവർത്തകയായ സി. കമലാദേവി തൃശ്ശൂരിൽ താമസിക്കുന്നു)*

കവർസ്റ്റോറി



പ്രഭ സക്കറിയാസ്

# വിവർത്തന വഴികൾ

**ഹൈ**ദ്രാബാദിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാന്ഗ്വെജസ് സർവകലാശാലയിൽ എംഫിൽ സാഹിത്യബിരുദത്തിന് പഠിക്കുന്ന കാലത്താണ് ഞാൻ ആദ്യമായി ഒരു പുസ്തകം വിവർത്തനം ചെയ്യുന്നത്. ഡിസി ബുക്ക്സ് പ്രസിദ്ധീകരിച്ച ടോണി മോറിസന്റെ സുല. വിവർത്തനം എന്ന കല പഠിച്ചത് 'സുല' സർവകലാശാലയിലാണ് എന്ന് ഞാൻ പറയും. തിരുത്തിയും എഴുതിയും വീണ്ടും തിരുത്തിയും ഏറെ സമയമെടുത്താണ് സുല ചെയ്തത്. ടോണി മോറിസൻ ജീവിച്ചിരിക്കുന്ന ഒരു സാഹിത്യവിസ്മയമാണ് എന്നാണു ഞാൻ വിശ്വസിക്കുന്നത്. കവിത തുളുമ്പുന്ന വാക്കുകൾ എന്നൊക്കെ പറഞ്ഞാൽ അതൊരു നീതികേടാകും. അത്തരം ക്ലീഷേ പദങ്ങൾ കൊണ്ട് ടോണി മോറിസനെ അളക്കാനാകില്ല. ആഫ്രിക്കനമേരിക്കൻ ജീവിതങ്ങളിൽ നിന്നാണ് കഥകൾ വരുന്നതെങ്കിലും ക്ലാസിക്കുകൾക്കുള്ള ഒരു സാർവലൗകികസ്വഭാവം ആ എഴുത്തിനുണ്ട്. വായിക്കുന്നവർക്ക് തങ്ങളുടെ കഥയെന്നു തോന്നുന്ന തരം എഴുത്ത്. പിന്നീട് അഞ്ചോളം പുസ്തകങ്ങൾ വിവർത്തനം ചെയ്തെങ്കിലും ആദ്യപുസ്തകത്തിന്റെ വിവർത്തനാനുഭവങ്ങളാണ് എന്റെ വിവർത്തനസ്വഭാവം രൂപപ്പെടുത്തിയത്. അദ്ധ്യായങ്ങൾ കുറെ എഴുതിക്കഴിഞ്ഞാണ് ഇത് ടോണി മോറിസന്റെ കഥ പോലെ വായിക്കാനാകുന്നില്ല എന്ന് തോന്നിയത്. ഓരോ വാചകവും ശ്രദ്ധയോടെ വീണ്ടും തിരുത്തിയെഴുതിയപ്പോൾ രണ്ടുഭാഷകൾ ഒരേപോലെ കൈകാര്യം ചെയ്യാനാകുമെന്ന് എന്തെങ്കിലും ഗർവ്വുണ്ടായിരുന്നെങ്കിൽ അത് അലിഞ്ഞുതീർന്നു. ഇപ്പോഴും ആ വിവർത്തനം എടുക്കുമ്പോൾ കൈവിറയ്ക്കും. ഇനിയും തിരിച്ചുപോയി എഴുതിയതത്രയും തിരുത്താൻ എനിക്ക് തോന്നുന്നത് ഒരു വിവർത്തക എന്ന നിലയിൽ ജീവിതത്തിൽ ഞാൻ അനുഭവിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയും പ്രതിസന്ധിയും ഒക്കെയാണ്.




വായനാസുഖമുള്ള ഒരുപാട് അന്യഭാഷാവിവർത്തനങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ടെങ്കിലും 'വിവർത്തനം ബോറാണ്' എന്ന് പറഞ്ഞ് ഇംഗ്ലീഷ് തേടിപ്പിടിച്ചുവായിക്കുന്ന ഗണത്തിൽ പെടരുതേ എന്ന് മാത്രമാണ് ഓരോ പുസ്തകം വിവർത്തനം ചെയ്യുമ്പോഴും ചിന്തിക്കുക. ഏത് കൃതി വിവർത്തനം ചെയ്യുമ്പോഴും ഒരു വിവർത്തക എന്ന നിലയിൽ ഞാൻ പ്രധാനമായി ഓർക്കുക വായനക്കാരെയാണ്. മൂലകൃതിയോടുള്ള വിശ്വസ്തത പരമാവധി നിലനിറുത്താൻ ശ്രമിക്കുമെങ്കിലും വായനക്കാരനുമായി സംവദിക്കാൻ വിവർത്തനത്തിന് കഴിയുന്ന രീതിയിലുള്ള ചെറിയ മാറ്റങ്ങളും തീരെച്ചെറിയ സ്വാതന്ത്ര്യങ്ങളും എടുക്കാറുണ്ട്. പദാനുപദവിവർത്തനം ചെയ്യുന്നതിലും ഭേദം വായനക്കാർ അന്യഭാഷകൾ പഠിച്ചു മൂലകൃതികൾ വായിക്കട്ടെ എന്ന് കരുതുന്നതാണ്.

രണ്ടുഭാഷയും അറിയുന്നതുകൊണ്ട് അനായാസം ചെയ്യാൻ കഴിയുന്ന ഒന്നല്ല വിവർത്തനം. ഒരുപാട് പരിശ്രമം ആവശ്യമുള്ള ഒരു ജോലിയാണിത്. മൂലകൃതിയുടെ സാംസ്കാരികരാഷ്ട്രീയ പരിസരം മനസിലാക്കുന്നതുപോലെ തന്നെ പ്രധാനമാണ് വിവർത്തനഭാഷയുടെ സാംസ്കാരികരാഷ്ട്രീയ ചുറ്റുപാടുകളെപ്പറ്റി ധാരണയുണ്ടാകലും. പിന്നീട് നടക്കുന്ന

ത് ഇത് രണ്ടും തമ്മിലുള്ള ഒരു ചേർത്തുവയ്ക്കലാണ്. അതിനിടെ പല പൊടിക്കൈകളും വേണ്ടിവരും. പഴഞ്ചൊല്ലുകളായും പറച്ചിലുകളായും അർത്ഥത്തെ പുനസൃഷ്ടിക്കാൻ കഴിയണം. പദാനുപദവിവർത്തനം പിശകിപ്പോകുന്നത് ഇവിടെയാണ്. ബോറൻ പുസ്തകം എന്ന് ബോറല്ലാത്ത ഒരു പുസ്തകത്തെ വായനക്കാർക്ക് മാറ്റിനിറുത്താൻ തോന്നിയാൽ അതിന്റെ ഉത്തരവാദിത്തം വിവർത്തകരുടെതാണ്. ഒരു പുസ്തകം വായിച്ച് വായിക്കുന്നയൊപ്പം വിവർത്തനം എഴുതിയെഴുതി ഒരു വിവർത്തനയന്ത്രമായി മാറിയാൽ പറ്റില്ല. ഒരു പുസ്തകം പല വട്ടം വായിച്ച് അതിനെപ്പറ്റിയും എഴുത്തുകാരെപ്പറ്റിയും മനസിലാക്കിയാലാണ് വിവർത്തനത്തിന് കൂടുതൽ ഭംഗി വരിക. എഴുത്തുകാരോടൊപ്പമിരുന്ന് അവരുടെ ചിന്തയെയാണ് വിവർത്തനം ചെയ്യുന്നത്, അവർ എഴുതിവെച്ച വാക്കുകളെയല്ല.

ചിലപ്പോൾ ചില സാഹചര്യങ്ങളിൽ വിവർത്തനം ഒരു രാഷ്ട്രീയപ്രവർത്തനം കൂടിയായി മാറാറുണ്ട്. വിവർത്തനഫീസുവാങ്ങാതെയും പേരുവയ്ക്കാതെയും അങ്ങനെ ചിലത് ചെയ്യാറുണ്ട്. പേര് വയ്ക്കാതെചെയ്യുന്ന മറ്റുചില വിവർത്തനങ്ങൾ പണത്തിനുവേണ്ടിയാണ് ചെയ്യാറ്. അതൊക്കെ വേറെ പേരുകളിൽ പ്രസിദ്ധപ്പെടുന്നുണ്ടോ എന്നുപോലും അന്വേഷിക്കാറുമില്ല. മലയാളത്തിൽ ജീവചരിത്രമെഴുതി അത് ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിച്ച ഒരു പ്രവാസിമലയാളിയെ ഓർമ്മയുണ്ട്. നല്ല ശമ്പളം വാങ്ങിയാണ് ആ വിവർത്തനം ചെയ്തുകൊടുത്തത്. അതും പ്രസിദ്ധീകരിച്ചോ എന്നൊന്നും അറിയില്ല, അന്വേഷിച്ചുമില്ല. സ്ത്രീകളല്ലേ, ചെറിയ പൈസയ്ക്ക് വിവർത്തനം ചെയ്ത് വാങ്ങാമെന്നും പിന്നീട് 'കാര്യമാത്രപ്രസക്തരായ' ആൺപേരുകാരെക്കൊണ്ട് പരിശോധിപ്പിച്ച് വിലയിരുത്തി തിരുത്തിക്കാമെന്ന് കരുതുന്നവരും വിരളമല്ല. സ്ത്രീകൾക്ക് കുറഞ്ഞ കൂലി മതിയെന്നു കരുതുന്നവർ തൊഴിലുറപ്പിൽ മാത്രമല്ല സാഹിത്യവിവർത്തനത്തിലുമുണ്ട്. വിവർത്തനത്തിന് അർഹിക്കുന്ന പ്രാധാന്യം പൊതുവേ ലഭിക്കാറില്ല.വിവർത്തനത്തെ സാഹിത്യപ്രവർത്തനത്തിലെ ഒരു രണ്ടാംകിട ജോലിയായി കരുതുന്നവർ ഒരുപാടുണ്ട്. അത് ദുഃഖകരവുമാണ്.

വളരെ ശ്രമകരമായ ഈ ജോലി ചെയ്യുന്നവർ പലപ്പോഴും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരോ മറ്റുജോലികളുടെ ഇടവേളകളിൽ ഒരു ഹോബി പോലെ ചെയ്യുന്നവരോ ഒക്കെയാണ്. വിവർത്തനം മികച്ച വരുമാനമുള്ള ഒരു ജോലിയൊന്നുമല്ല. വിവർത്തനങ്ങൾ ചെയ്തുകൊണ്ടുമാത്രം ആർക്കും ജീവിക്കാൻ കഴിയില്ല എന്നതൊരു സത്യമാണ്. അതുകൊണ്ടാകും വിവർത്തനപരിശീലന ഇടങ്ങളോ മുഴുവൻസമയവിവർത്തകർ എന്നൊരു കൂട്ടമോ ഉണ്ടാകാത്തതും. ●

*(കോട്ടയം സി. എം. എസ്. കോളേജ്, ഇംഗ്ലീഷ് വിഭാഗത്തിൽ അധ്യാപികയാണ്.)*

# വിവർത്തനം ഒരു ഉൾവിളിയാണ്



**ഐറിസ്**

**വ്യ**ക്തിയുടെ സ്വത്വാവിഷ്കരണമാർഗ്ഗങ്ങളിലൊന്നാണ് ഓരോ എഴുത്തും. ഇതാ എന്റെ സ്വത്വം; എന്റെ മാത്രമായ അനുഭവം; ഇതാണ് ജീവിതം തന്ന കാഴ്ചയെന്ന് ഓരോ മൊഴിമാറ്റവും പറയാതെ പറയുന്നു. വൈവിധ്യമാർന്ന ലോകത്ത് എന്റെ സ്വത്വമെന്തെന്ന അന്വേഷണമാണ് എഴുത്തിന്റെ വഴികളിലെത്തിച്ചത്. പിതൃമേധാവിത്വത്തിൽ നിന്ന് ഉയിരെടുത്ത പേമാരികളിൽ കരഞ്ഞു കുതിർന്നാണ് സ്വർഗ്ഗവും പാതാളവും എന്റെയല്ലെന്നും പെണ്മ ഈ മണ്ണിന്റേതാണെന്നും കരുത്തോടെ ഞാൻ കണ്ടെത്തി. അതിനാൽ വിവർത്തനം എൻരെ സ്വത്വാവിഷ്കരണത്തിനുള്ള കനൽവഴിയായി. വ്യവസ്ഥകൾക്കതീതമായി പ്രണയത്തെകരുതിയ, ജീവിതാർത്ഥം തെരഞ്ഞ ജലാലുദ്ദീൻ റൂമിയുടെ റൂബായികളാണ് അച്ചടിമഷി പുരണ്ട ആദ്യ പുസ്തകം. വ്യക്തിജീവിതത്തിലെ തകർച്ചയിൽ നിന്ന് കരകേറാൻ ഉഴറിയ എന്നെ റൂമി കണ്ടെത്തുകയായിരുന്നു എന്നതാണ് സത്യം. റൂമിയുടെ ഭാവഗീതങ്ങൾ എന്റെ മനസ്സിലുണ്ടാക്കിയ അനുരണനങ്ങളായിരുന്നു എന്റെ മൊഴിമാറ്റം. അതിനായി പേർഷ്യൻ കവിതകളിലൂടെ, സൂഫിസത്തിന്റെ അതിഭാവുകങ്ങളിലൂടെ ഞാൻ ഏറെ സഞ്ചരിച്ചു. എന്നെ വിസ്മയിപ്പിച്ച റാബിയ ബസ്രി, അസ്വസ്ഥയാക്കിയ ലല്ല എന്ന കാശ്മീരി സൂഫി, മീര, അക്ക മഹാദേവി, മിർസാഘാലിബ്, ഫയിസ് മുഹമ്മദ് ഫയിസ്... ഇവയിലൂടെയാണ് പ്രണയത്തിന്റെ പ്രതിരോധവും ശക്തിയും ആവാഹിച്ച സൂഫിരചനകളിലേക്ക് മനം നിറഞ്ഞൊഴുകാൻ എനിക്കായത്. വിവർത്തനം ഒരു കാവ്യസപര്യയല്ല; ആയുധമെടുത്തുള്ള പോരാട്ടമാണ്.

('വിവർത്തനം- സ്വത്വങ്ങളുടെ കൂടുമാറ്റം' എന്ന ലേഖനത്തിൽ നിന്നുള്ള ഭാഗം) ●

*(ഡോ. ഐറിസ് സെന്റ് സേവ്യേർസ് കോളേജ്, തുമ്പയിലെ അധ്യാപികയായിരുന്നു.)*

**കവർസ്റ്റോറി**

**മിനിപ്രിയ ആർ.**

# പരിസ്ഥിതിയും പരിഭാഷയും

**പ്ര**കൃതിയെ അറിയുക എത് അനന്തമായ വിവർ ത്തനാനുഭവമാണ്.ഭാഷയ്ക്കുപരിയായി പ്രകൃതിയും സാംസ്കാരികമായ അനുഭവങ്ങളും ആസ്വാദ്യതയും ഇഴുകിച്ചേർന്നിരിക്കുന്ന കവിതകൾ മലയാള ഭാഷയുടെ മുതൽക്കൂട്ടാണ്. എം.ആർ.രേണുകുമാറിന്റെ 'വെഷക്കായ' യിലെ കവിതകൾ ഹിന്ദിയിലേക്ക് മൊഴിമാറ്റം ചെയ്യുമ്പോൾ സ്രോത- ലക്ഷ്യ ഭാഷകൾക്കുപരിയായി ecological translation ന്റെ തലത്തിലേക്ക് ദൃഷ്ടിയൂന്നേണ്ടി വരുന്നത് വിവർത്തനത്തിലെ പ്രധാന വെല്ലുവിളികളിലൊന്നാണ്. ഒറ്റത്തെങ്ങിൻ തടിപ്പാലവും, വേലിപ്പത്തലും, ഓലപ്പന്തും, മെടഞ്ഞ് ചെരിച്ചു കുത്തിയ പച്ചയോലത്തണലും, കോലുമഷി തേച്ച് കണ്ണാടിയാക്കിയ സ്ലേറ്റും, മാവിന്റെ മണ്ടേന്ന് കിളിപ്പാതി തിരഞ്ഞു വീഴ്ത്തുന്നതും, കാനവാഴപ്പൂക്കളും തൊഴുത്തും കറവപ്പാത്രവും ചൂണ്ടയിടലും പഴനിലത്ത് ചെല്ലി ചെത്തുതും എല്ലാം ലക്ഷ്യഭാഷയിലേക്കെത്തിക്കുമ്പോൾ മൊഴിയേക്കാൾ മണ്ണിനെ വിവർത്തനം ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം വിവർത്തകർ ഏറ്റെടുക്കേണ്ടി വരുന്നു. യജമാനന്റെ വീട്ടിലെ കിണറിൽ നിന്ന് ബക്കറ്റിൽ നിറച്ച വെള്ളവും തോടുകളിൽ നിന്നും പനയോലക്കുമ്പിളിൽ നിറച്ചവെള്ളവും സന്ധ്യയ്ക്ക് കള്ളുകുടമായി മാറുന്ന ചാച്ചനുമെല്ലാം എസ്.ജോസഫിന്റെ കവിതയിലുടനീളം കാണപ്പെടുന്ന ചെറുദ്വീപുകളാണ്. രേണുകുമാറിന്റെ കവിതകളിലെ എരിവും ചൂടും കുത്തിമറിയുന്ന ചുക്കുകാപ്പിയും, കപ്പക്കറിയുടെയും മഞ്ഞപ്പീരയുടെയും മഞ്ഞയും, പൊള്ളിച്ച കരിമീന്റെ മൊരിയും, പച്ചക്കുപ്പിയിലെ കള്ളിന്റെ മണവും പ്രാദേശികമായ തനതു ചേരുവകളെക്കൂടി ഉൾക്കൊള്ളുന്ന കവിയിടങ്ങളാണ്. ലക്ഷ്യഭാഷയിൽ സമാനമായ പ്രാദേശിക ചേരുവകളെക്കണ്ടെത്തുക ക്ലിഷ്ടവും എന്നാൽ രസകരവുമായ ദൗത്യം ഒരു തരം cultural intervention തന്നെയാണ്. ●

*(മിനിപ്രിയ സേക്രഡ് ഹാർട്ട് കോളേജ്,തേവരയിലെ ഹിന്ദിവിഭാഗം അധ്യാപികയും മലയാളം-ഹിന്ദി വിവർത്തകയുമാണ്.)*

# എന്റെ വിവർത്തനാനുഭവം



**അനിത എം. പി.**

**ലോ**കത്തുള്ളവർക്കെല്ലാം ഒരേ ഭാഷയിൽ സംസാരിക്കാനാവത്തതിന്റെ ഖേദം തീർക്കലാണ് വിവർത്തനങ്ങൾ എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. മാർക് ട്വയിന്റെ ആത്മകഥയും അദ്ദേഹത്തിന്റെ തന്നെ *A Double Barrelled Dectective Story* എന്ന നീണ്ടകഥയും വിവർത്തനങ്ങളായി പുറത്തുവന്ന എന്റെ വിവർത്തനശ്രമങ്ങൾ. വിശ്വസ്തതയും സുതാര്യതയും കൂടാതെ വായനാസുഖവും കൂടി, ഗ്രന്ഥകാരൻ/രി- വിവർത്തകർ- വായനക്കാർ എന്നീ കൂട്ടുകെട്ടിന് അനിവാര്യമാണെന്ന് ഞാൻ കരുതിയിരുന്നു. എന്നാലീ ധാരണകളെ മാറ്റിമറിച്ച് മൂലഗ്രന്ഥത്തിന്റെ സംസ്കാരത്തെ നമ്മുടെ സംസ്കാരത്തിലേക്കു പറിച്ചുനടാതെ അതേ പശ്ചാത്തലത്തിൽ വിവർത്തനം ചെയ്യാനാണ് എഡിറ്റർ ആവശ്യപ്പെട്ടത്. അതുകൊണ്ട് ഒരു 'മാറിനടത്തം' തന്നെയാണ് എന്റെ വിവർത്തനാനുഭവം. ●

**കവർസ്റ്റോറി**



**ബിന്ദു വി.എസ്**

# ടച്ച് ൽ നിന്ന് സ്പർശത്തിലേക്ക്

ഉള്ളിൽ അടക്കിയവയുടെ ഏറ്റവും നല്ല വിവർത്തനമാണ് ജീവിതം .ഒന്നും അതേപടി ആവിഷ്ക്കരിക്കാനാവില്ല. എല്ലാം എല്ലാവരിലേക്കും പകർത്തപ്പെടുകയും ചെയ്യും. കൃതി അന്യമായിരിക്കെ പരിഭാഷപ്പെടുത്തുവാൻ ഒരുങ്ങുന്നതും ഇതേ വിധം തന്നെ. അന്യത്തെ വായനയിലൂടെ തന്നിൽ ലയിപ്പിക്കുകയും എഴുത്തുകാരുടെ മനസ്സ് ചെന്ന ഇടങ്ങളിൽ അതേ കണ്ണ് കൊണ്ട് സഞ്ചരിക്കുകയും ചെയ്യുന്ന അത്ഭുതപ്രക്രിയ ആയിട്ടാണ് വിവർത്തന വേളകൾ എനിക്കനുഭവപ്പെട്ടത് സ്ത്രീവാദിയും ദളിത് എഴുത്തുകാരിയും ആക്ടിവിസ്റ്റുമായ മീന കന്ദസാമിയുടെ ഇംഗ്ലീഷ് കവിതാസമാഹാരമായ ടച്ച് [touch], സ്പർശമെന്ന പേ




രിൽ മലയാളത്തിലേക്ക് മൊഴി മാറ്റം നടത്തുക യായിരുന്നു ഞാൻ.

തീവ്രവും സമരാസക്തവുമായ എഴുത്ത്. ലാവാ പ്രവാഹം പോലെ ചിന്തകൾ. ചില കവിതകൾ ചാരം മൂടിയ കനലുകൾ പോലെ ഏതു നിമിഷത്തിലും ആളിക്കത്താവുന്നവ .തനിക്കു പറയാനുള്ളത് മുഴുവൻ ഒരു ഒളിവാക്കു പോലും ഇല്ലാതെ തുറന്നിട്ടിരിക്കുന്ന പേജുകൾ. തൊലിപ്പുറം പൊട്ടാൻ മടികാണിക്കുന്ന മലയാളകവിതകൾ കൂടുതലറിയുന്ന എനിക്ക് പക്ഷേ, സംഘപാരമ്പര്യം ഉൾച്ചേർന്ന ഈ കവിതകൾ ആ വിധത്തിൽ അപരിചിതങ്ങളായിരുന്നില്ല. തമിഴിൽ നിന്നും മലയാളത്തിലേക്ക് വന്നു കൊണ്ടിരുന്ന പല കവിതകളും തുറന്നെഴു ത്തിന്റെ പിടച്ചി ലുകളുൾച്ചേർന്നവയായിരുന്നു. കവിതയാണോ ജീവിതമാണോ അവയിൽ എന്ന് വിലയിരുത്തിയാൽ രണ്ടും ചേർന്ന് വായനക്കാരെ അനുഭവിപ്പിച്ചത് തീക്ഷ്ണങ്ങളായ ജീവചരിതമായിരുന്നു എന്നു കാണാം. ചരിത്രം ചോദ്യം ചെയ്യപ്പെടുകയും മിത്തുകൾ പുനരാവിഷ് ക്കരിക്കുകയും ചെയ്തു. മീനയുടേത് ഉൾപ്പെടെ പല കവിതകളും നിരോധിക്കപ്പെടുകയുണ്ടായി. ഭീഷണിപ്പെടുത്തലുകൾക്കും തിരസ്കാരങ്ങൾക്കും ഇടയിൽ ജീവിക്കുകയും പാർശ്വ വൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങളിൽ ആത്മാർഥതയോടെ ഇടപെടുകയും ചെയ്യുന്ന ഒരാൾ എഴുതുന്ന കവിതകൾ പലതും പാരമ്പര്യത്തെയും അതുവരെയുണ്ടായിരുന്ന മൂല്യസങ്കൽപ്പങ്ങളെയും സംസ്കാരനിർവചനങ്ങളെ തന്നെയും പിഴുതെടുക്കുന്നവ ആയിരിക്കും. മീനയുടെ സ്ത്രീപക്ഷ കവിതകൾ അപാരവും അനുസ്യൂത വു

**തമിഴിൽ നിന്നും മലയാളത്തിലേക്ക് വന്നു കൊണ്ടിരുന്ന പല കവിതകളും തുറന്നെഴുത്തിന്റെ പിടച്ചിലുകളുൾച്ചേർന്നവയായിരുന്നു. കവിതയാണോ ജീവിതമാണോ അവയിൽ എന്ന് വിലയിരുത്തിയാൽ രണ്ടും ചേർന്ന് വായനക്കാരെ അനുഭവിപ്പിച്ചത് തീക്ഷ്ണങ്ങളായ ജീവചരിതമായിരുന്നു എന്നു കാണാം.**

മായ ഊർജ്ജമുള്ളവയാണ്. പലപ്പോഴും യുദ്ധസമാനമായ അന്തരീക്ഷം അവ ഒരുക്കി. അവയിലൂടെ കടന്നുപോകുമ്പോൾ പരിഭ്രമം തോന്നാതിരിക്കാൻ കാരണമെന്തെന്ന് ഞാൻ പിന്നീട് ചിന്തിച്ചിട്ടുണ്ട്.

വിവർത്തനത്തിലെ സത്യസന്ധതയും എന്റെ ഭാഷയും ചേർത്ത് മീനയെ വായിക്കാനാരംഭിച്ചു. എഴുതുകയും തിരുത്തുകയും എത്ര ചെയ്തിട്ടും ഞാൻ ആഗ്രഹിച്ച ഭാഷ ഉരുത്തിരിഞ്ഞു വന്നില്ല. വാക്കുകൾ പലപ്പോഴും പഴകിയതോ തേഞ്ഞതോ ഒടിഞ്ഞു പോയതോ ആയ അവയുടെ നരച്ച മുഖം കാട്ടി. അതുപയോഗിച്ചു പരിഭാഷ നിർവഹിച്ചാൽ ഈ എഴുത്തുകാരിയോട് ഞാൻ കാട്ടുന്ന ഏറ്റവും വലിയ അനീതി യാകുമെന്ന ബോധ്യമുണ്ടായി. കീഴാള സ്വരം നിരാലംബമായി പതിഞ്ഞു ചേർന്നിരിക്കുന്ന എഴുത്തിനു ഏറ്റവും യോജിച്ച വാക്കുകൾ ഞാൻ ദ്രാവിഡപ്പഴമയിൽ നിന്നും തേടിപ്പിടിച്ചു . തിരുക്കുറലും പതിറ്റുപ്പത്തും തിരുപ്പാവൈയും ഉൾപ്പെടെ പഴയ, പുതിയ തമിഴ് കൃതികൾ തേടി നടന്നു വീണ്ടും വായിക്കേണ്ടിവന്നു. ആ വായനയാണ് എനിക്ക് മീനയുടെ കവിതകളുടെ ബഹുരൂപം കണ്ടെത്തുന്നതിനു സഹായിച്ചത്. അധസ്ഥിതരുടെ നിലവിളിയും പ്രതിഷേധവും അന്തർധാരയായിരിക്കുന്ന, അവയെ നിരാകരിക്കുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾക്ക് നേരെയുള്ള കടുത്ത വിമർശനമാണ് ടച്ച്. വ്യക്തി, ഭാഷ. ആശയം, കവിത എന്നിങ്ങനെ പലതരത്തിൽ എനിക്ക് വെല്ലുവിളിയായിരുന്നു ആ പുസ്തകം. 'പകത് ഇല്ലാത്ത എഴുത്തല്ല മീനയുടേത് എന്ന് ഞാൻ തിരിച്ചറിഞ്ഞു. രാഷ്ട്രീയപ്രതിരോധമായും സ്ത്രീ ദളിത് പക്ഷമായും പ്രവർത്തിക്കുന്ന ആ കവിതകളിൽ ഞാൻ കേട്ട മറ്റൊരു സ്വരം മീനയുടെ വൈയക്തികമായ ദുഖങ്ങളുടെതായിരുന്നു. എങ്കിലും പരിഭാഷ പ്പെടുത്തുന്ന സമയത്ത് .അവരുമായി സംസാരിക്കേണ്ട എന്ന് തീരുമാനിക്കുകയും ചെയ്തു. .മീന സ്വയം ഒരു നല്ല വിവർത്തകയാണ് എന്നതും എന്നെ പരിമിതപ്പെടുത്തി.

ചുംബനങ്ങളെ പോലും വിശദീകരിക്കേണ്ടി വരുന്ന കേരളത്തിൽ മീനയുടെ കവിതകൾ ആക്രമിക്കപ്പെട്ടേക്കാം എന്ന എന്റെ ഭയം അസ്ഥാനത്തായിരുന്നില്ല എന്ന് പിന്നീട് മനസ്സിലാകുകയും ചെയ്തു. കുറേ കവിതകളുടെ ഭാഷാന്തരണം മാത്രമല്ല ഞാൻ ഏറ്റെടുത്തത്. അത് കവിയുടെ ജീവിതദർശനത്തോട് നീതി പുലർത്തുന്ന തരത്തിലാവണം എന്നത് കൂടി ആയിരുന്നു. അതിൽ വിജയിക്കുക അസാധ്യമായിരുന്നു.

പുസ്തകത്തിലെ 84 കവിതകളും അഗ്നി രേഖകൾ പോലെ തിളങ്ങി നിന്നു. റീഡ്, റെബൽ എന്നതായിരുന്നു മീനയുടെ മുദ്രാവാക്യം പോലും. സംഘർഷങ്ങളുടെയും ആശങ്കയുടെയും ദിനങ്ങളായി എനിക്ക്. മലയാളി വായനസമൂഹത്തെ കുറിച്ച് കൂടി ഉള്ളതായിരുന്നു അത്. മീന തുറന്നെഴുത്തിന്റെ തുറസ്സിൽ വച്ച് എന്റെ ശരീരത്തെ ഞാൻ കണ്ടുമുട്ടിയതും അന്നായിരുന്നു. അത് തന്നെയാണ് എന്നിൽ സംഭ്രമങ്ങൾ ഉണ്ടാക്കിയതും. തെറി വാക്കുകൾ എന്ന് കരുതി മലയാളി അയിത്തം കൽപ്പിച്ചി രിക്കുന്ന വാക്കുകൾ മീന ധാരാളം ഉപയോഗിച്ചു . അഥവാ ആ വാക്കു പരിഭാഷപ്പെടുത്താൻ എനിക്ക് തെറിച്ചു പറയുന്നവ തന്നെ ഉപയോഗിക്കേണ്ടിവന്നു. മറ്റൊന്ന്, കവിതയുടെ ഭാഗമായ ചരിത്ര, സ്ഥല പരാമർശങ്ങളാണ്. ആ സ്ഥലങ്ങളെക്കുറിച്ചും അവിടെ നടന്ന ദളിത് വിരുദ്ധഅതിക്രമങ്ങളെ ക്കുറിച്ചും എനിക്ക് വിശകലനം നൽകേണ്ടിവന്നു.

ചുംബനങ്ങളെ പോലും വിശദീകരിക്കേണ്ടി വരുന്ന കേരളത്തിൽ മീനയുടെ കവിതകൾ ആക്രമിക്കപ്പെട്ടേക്കാം എന്ന എന്റെ ഭയം അസ്ഥാനത്തായിരുന്നില്ല എന്ന് പിന്നീട് മനസ്സിലാകുകയും ചെയ്തു. കുറേ കവിതകളുടെ ഭാഷാന്തരണം മാത്രമല്ല ഞാൻ ഏറ്റെടുത്തത്. അത് കവിയുടെ ജീവിതദർശനത്തോട് നീതി പുലർത്തുന്ന തരത്തിലാവണം എന്നത് കൂടി ആയിരുന്നു. അതിൽ വിജയിക്കുക അസാധ്യമായിരുന്നു. പാശ്ചാത്യങ്ങളായ ചില പ്രകൃതി കാഴ്ചകളെ മലയാളത്തിലേക്ക് മടക്കി വിളിക്കുക എന്നത് ശ്രമകരമായി. 'മോഹൻദാസ് കരംചന്ദ് ഗാന്ധി 'യാണ് ഏറ്റവും വിവാദമായ കവിതയായി മാറിയത്. ഒറിജിനൽ വായിച്ചപ്പോൾ ഒരു ഞെട്ടലുണ്ടായി എന്നത് വാസ്തവമാണ്. മീന ഗാന്ധിയെ അഭിമുഖീകരിച്ചത് അദ്ദേഹത്തെ ജാതിമൂർത്തിയായി കണ്ടുകൊണ്ടാണ്. ലോകത്തെ കൈപ്പിടിയിൽ ഒതുക്കിയ ബിംബങ്ങളായ ഊന്നുവടിയും മോണകാട്ടിയുള്ള ചിരിയും ആ കവിതയിൽ വിമർശിക്കപ്പെട്ടു. അതിനോട് നീതി പുലർത്താൻ എനിക്ക് രൂപാന്തരീകരണം തന്നെ സംഭവിക്കണമായിരുന്നു. അതുവരെയുള്ള വിശ്വാസധാരകളെ അത്രമേൽ നിശിതമായി മാറ്റി മറിക്കുക അസാധാരണമായിരുന്നു. എങ്കിലും ആ ജോലി ഞാൻ ചെയ്തു. കവിത മലയാള രൂപം പൂണ്ടു. പ്രകാശന വേളയിൽ ഉൾപ്പെടെ പ്രശ്ന കലുഷിതമായ സംഭവങ്ങൾ ഉണ്ടായി .വിവർത്തക എന്ന നിലയിൽ ഞാനും നേരിട്ടു ചില അപകടങ്ങൾ. അതവിടെ നിൽക്കട്ടെ. സ്പർശം എന്നാ വാക്കിനു പകരം 'തൊടീൽ 'എന്ന് മതിയായിരുന്നുവെന്ന് പിന്നീട് തോന്നി! ഇപ്പോഴും ഈ വിവർത്തനത്തിന്റെ പേരിൽ എന്നെ തേടി എത്തുന്ന ഫോൺ വിളികൾ സന്തോഷം തരുന്നു .ചില കവിതകൾ ചിലർ ഉദ്ധരിക്കുന്നതും കാണാറുണ്ട്. എല്ലാ വിവർത്തനസിദ്ധാന്തങ്ങൾക്കുമപ്പുറം എന്റെ ഹൃദയഭാഷയുടെ ലാവണ്യബോധം ഈ കവിതകളിലെല്ലാം അലിഞ്ഞു കിടപ്പുണ്ട് എന്നതാണ് വാസ്തവം. ●

*(ബിന്ദു വി. എസ് അധ്യാപികയാണ്. ആനുകാലികങ്ങളിൽ കവിതകളും ലേഖനങ്ങളും എഴുതാറുണ്ട്.)*

**കവർസ്റ്റോറി**



**റിൻസി എബ്രാഹം**

# വിവർത്തകർ അനുഭവിച്ചു വായിച്ചില്ലെങ്കിൽ വിവർത്തനം വായിക്കുന്നവർ അനുഭവിക്കും

അനുകൂലസാഹചര്യങ്ങളെക്കാൾ പലപ്പോഴും പ്രതികൂലസാഹചര്യങ്ങളാണ് ജീവിതത്തിൽ വഴിത്തിരിവുകളുണ്ടാക്കുന്നത്. മടിപിടിച്ച് ഉറങ്ങിക്കിടക്കുന്ന നമ്മിലെ സാധ്യതകളെ തട്ടിയുണർത്തുന്ന നാഴികമണികൾ. അങ്ങനൊരു സാഹചര്യത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തിന്റെ ഭാഗമായാണ് പണ്ടു വായിച്ചുമറന്ന പ്രിയപ്പെട്ട പുസ്തകങ്ങളെ പുനർവായന നടത്താനൊരുങ്ങിയത്. തികച്ചും അമ്പരപ്പിക്കുന്ന ഒരനുഭവം. അന്നുവരെ കാണാതിരുന്ന എഴുത്തുകാരന്റെ മനസ്സ്, എഴുത്തിനായി അദ്ദേഹം സഞ്ചരിച്ച വഴികൾ, അക്ഷരങ്ങളായി പുനർജനിച്ച തീവ്രമായ അനുഭവങ്ങൾ, ഒക്കെ പതുക്കെപ്പതുക്കെ അനാവരണം ചെയ്യപ്പെടുന്ന വിവരിക്കാനാകാത്ത ഒരനുഭവം. അനുഭവിച്ചു വായിക്കലാണ് വിവർത്തനത്തിന്റെ ആദ്യപടി എന്നെനിക്കുതോന്നുന്നു.

പേടിപ്പെടുത്തുന്ന കഥകൾ ചെറുപ്പം മുതലേ എന്റെയൊരു ദൗർബല്യമായിരുന്നു. ബ്രാം സ്റ്റോക്കറുടെ ദി ജുവൽ ഒഫ് സെവൻ സ്റ്റാർസ് എന്ന പുസ്തകമായിരുന്നു നിത്യാഭ്യാസം കൊണ്ട് ആനയെ എടുക്കുന്ന ആ പഴയ മനുഷ്യനിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് വിവർത്തനം ചെയ്യാനിറങ്ങിത്തിരിച്ച ആദ്യപുസ്തകം. ഈ പുസ്തകം അധികമാർക്കുമറിയില്ലങ്കിലും മറ്റൊരു പേരിൽ, മറ്റൊരു രൂപത്തിൽ ഒട്ടനവധിപേർക്ക് സുപരിചിതമാണത്– മമ്മി റിട്ടേൺസ് എന്ന സീരിസിലുള്ള ഇംഗ്ളീഷ് സിനിമകൾക്ക് ആധാരം ഈ പുസ്തകമാണ്. ട്രലോനി എന്ന ഇംഗ്ളീഷ് ഗവേഷകൻ ഈജിപ്റ്റോളജിയിൽ നടത്തുന്ന ഗവേഷണങ്ങൾക്കൊടുവിൽ ഉയർത്തെണീക്കുന്ന ഈജിപ്ഷ്യൻ രാജ്ഞിയായ തേരാറാണിയെക്കുറിച്ചാണ് കഥ. ഒരു ശാസ്ത്രജ്ഞനു മാത്രം സാധ്യമാകുന്ന സൂക്ഷ്മതയോടെയാണ് ബ്രാം സ്റ്റോക്കർ ഓരോ കാര്യങ്ങളും വിവരിച്ചിരിക്കുന്നത്.




അത്രയൊന്നും സൂക്ഷ്മദൃക്കുകളല്ലാത്ത ശരാശരി വായനക്കാരനെ സംബന്ധിച്ചിടത്തോളം ഒരു വേള വിരസതയോളമെത്തുന്ന വർണ്ണനകൾ. പലപ്പോഴും പരിഭാഷക്ക് അതീതമായവ. അവയോടൊക്കെ നീതി പുലർത്താനായോ എന്നെനിക്കറിയില്ല. ഒന്നെനിക്കറിയാം; ആദ്യ ഗർഭത്തിനു കിട്ടുന്ന പരിഗണനയും കരുതലും ഇതിനു ലഭിച്ചിട്ടുണ്ട്. മൂന്ന് തവണയെങ്കിലും മൂലകൃതി വായിച്ച് അതിനെ പുതിയ സാഹചര്യത്തിലാക്കാൻ വേണ്ട കൂട്ടിക്കിഴിക്കലുകളും നടത്തിയിട്ടാണ് എഴുതാനാരംഭിച്ചത്. ഞാൻ നടത്തിയ തയ്യാറെടുപ്പുകൾ ചെറുതായി കണ്ടുകൂടാ എന്നൊരോർമ്മപ്പെടുത്തൽ മാത്രം. വിവർത്തനം ആയാസരഹിതമായി നടത്താവുന്ന ഒന്നല്ല എന്നാണെന്റെ അനുഭവസാക്ഷ്യം. സപ്തർഷികളുടെ അമൂല്യരത്നത്തിനുശേഷം ആറു വിവർത്തനങ്ങൾ നടത്തിയെങ്കിലും അവയ്ക്കൊന്നിനും ഇത്രയേറേ തയ്യാറെടുപ്പുകൾ വേണ്ടിവന്നില്ല. കാരണം അവയൊന്നും ഇത്രയേറെ സൂക്ഷ്മമായി അവതരിപ്പിക്കപ്പെട്ടവയല്ലെന്ന് എനിക്ക് തോന്നുന്നു. വിശ്വാസങ്ങളും ഭ്രമാത്മകതയും തമ്മിലുള്ള ഒരു പോരാട്ടമായാണ് ബ്രാം സ്റ്റോക്കറുടെ 'ജ്യൂവൽ' എനിക്കനുഭവപ്പെട്ടത്. ഇരുളുപറ്റി മനുഷ്യനെ ഭയപ്പെടുത്താനെത്തുന്ന കള്ളിയങ്കാട്ടു നീലിമാരിൽ നിന്ന് തികച്ചും വ്യത്യസ്തയാണ് സ്റ്റോക്കറുടെ തേരാറാണി. ദീർഘവീക്ഷണവും വ്യക്തമായ കാഴ്ചപ്പാടുകളുമുള്ളവൾ. അവൾ ആ കാലഘട്ടത്തിനനുരൂപയാകാതെ പോയതിൽ അത്ഭുതപ്പെടാനില്ല. തന്റെ ഓർമ്മകൾ പോലും തുടച്ചുനീക്കാൻ ശ്രമിച്ച പുരോഹിതഗണത്തെ ഇച്ഛാശക്തി കൊണ്ടു തോല്പിച്ച തേരാറാണി ഈ കാലഘട്ടത്തിലും പ്രസക്ത തന്നെ. ●

*(ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക. അരുവിത്താഴ്വരയിലെ ഗ്രാമത്തിൽ(ഇൻ ദ റവീൻ, ആന്റൺ ചെക്കോവ്), പാപ്പാ ഹെമിങ്‌വേ(എ.ഇ. ഹോച്നർ), അവൻ മൃതനായിരുന്നു(ഡി.എച്ച്. ലോറൻസ്) തുടങ്ങിയവ പ്രധാന വിവർത്തനങ്ങൾ.)*

കവർസ്റ്റോറി

# ഇലകളിലേക്ക് വിവർത്തനം ചെയ്തവ



രോഷ്നി സ്വപ്ന

പെൺകവികളുടെ വാക്കുകൾക്ക് മൂർച്ച കൂടുതലുണ്ട്. സ്ത്രൈണരാഷ്ട്രീയത്തിന്റെ വിവിധ മുഖങ്ങൾ, തലങ്ങൾ, മാനങ്ങൾ ഇവരിലുണ്ട്. ഇരകളുടെയും വേട്ടക്കാരുടെയും അമ്മമാരുടെയും മുലകളിൽ ഒരേ രക്തം പകർന്ന ദൈവത്തെ പോലും ഇവർ ചോദ്യം ചെയ്യുന്നു. സ്ത്രീജീവിതത്തിനു ചുറ്റും രൂപപ്പെട്ടുവരുന്ന കറുത്തഗർത്തങ്ങളെ ക്കുറിച്ചെഴുതുമ്പോഴും എഴുത്തെന്ന സ്വാതന്ത്ര്യത്തിന്റെ ആനന്ദം ഇവരിലുണ്ട്.

വിവർത്തനത്തിലേക്ക് കൊണ്ടെത്തിച്ച കാരണമെന്തെന്ന് എനിക്കറിയില്ല. എങ്കിലും വായനയുടെ ഒരു മാന്ത്രികപ്രേരണ അതിനുപിന്നിലുണ്ട്. ചില അന്യഭാഷാകവിതകൾ വായിക്കുമ്പോൾ സ്വന്തം ഭാഷയുടെ സ്വപ്നത്തിലാണല്ലോയെന്ന് ഓർമ്മവരും. ആ വായനയാണെനിക്ക് വിവർത്തനം. എന്റെ വായനകളുടെ പരമാനന്ദം. കവിതകൾ മാത്രമാണ് ഞാൻ വിവർത്തനത്തിനു തിരഞ്ഞെടുത്തത്. ഓരോ കവിതയും ഓരോ പ്രപഞ്ചമാണ് എനിക്ക് സമ്മാനിച്ചത്.

ഫ്രഞ്ച് മഹാകവി ബോദ്‌ലയറിന്റെ നൂറോളം കവിതകൾ, സിറിയൻ കവി അഡോണിസിന്റെ എഴുപത്തിയഞ്ചുകവിതകൾ, മയക്കോവ്സ്കിയുടെ അറുപതു കവിതകൾ, സിൽവിയാപ്ലാത്ത്, പ്രാചീനഗ്രീക്ക് കവയത്രി സാഫോ, എമിലിഡിക്കൻസ്, മുപ്പതോളം അറബ് കവിതകൾ, അമ്പത് രാജ്യങ്ങളിലെ അമ്പത് സ്ത്രീകളുടെ കവിതകൾ, പിന്നെ ഇന്ത്യയിലെ പല ഭാഷകളിൽ നിന്ന് മലയാളത്തിലേക്ക് നൂറോളം കവിതകൾ.. ..വായനയുടെഘട്ടത്തിൽ തന്നെ നമുക്കുള്ളിലേക്ക് വിവർത്തനരൂപത്തിൽ ഒരു പരിവർത്തനം നടക്കുന്നുണ്ട്. അത് നിശബ്ദമായ ഒരു ധ്യാനം പോലെയാണ്. വായനയുടെ ഒരടരിൽവെച്ച് ഒരേ രേഖയിൽ അത് സംഭവിക്കുന്നു.

അന്യഭാഷകളിലെ സ്ത്രീകവിതകളുടെ വിവർത്തനങ്ങൾ ചെയ്തുതുടങ്ങിയപ്പോൾ അഗ്നിപർവ്വതം പോലെന്തോ ഉള്ളിൽ പ്രകമ്പനം കൊണ്ടു. ഇരുപത്താറ് ശതാബ്ദങ്ങൾക്കുമുമ്പ് ഗ്രീസിൽ ജീവിച്ച സാഫോ പ്രണയത്തിനും കവിതയ്ക്കും വേണ്ടി മുൾകിരീടവും മരണവും എറ്റുവാങ്ങിയ വ്യക്തിത്വമായിരുന്നു.

നീതൊട്ടപ്പോൾ ഞാൻ പൊള്ളിയോ

അതോ ഞാനേ അഗ്നിയായോ?

എന്ന് വാക്കിനെ അതിന്റെ അത്യുന്നതങ്ങളിലെത്തിച്ചു സാഫോ. 'ഞങ്ങളുടെ രാഷ്ട്രത്തിന്റെ അതിരുകൾ ഞങ്ങളുടെ സംസ്കാരമാണ്' എന്നുറക്കെ പ്രഖ്യാപിച്ച് ആ സംസ്കാരത്തിന്റെ കത്തുന്ന അടയാളങ്ങളായി തന്റെ കവിതകളെ കണ്ട ഇറാനിയൻ കവി ഫരീദാഹസ്സൻ, അവിശുദ്ധമായ ചിന്തകളും വാക്കുകളും കൊണ്ട് ഏറ്റവുമൊടുവിലത്തെ കൈത്തിരി പോലും വീശിക്കെടുത്തികളഞ്ഞ ലോകത്ത് യുദ്ധത്തിനും കലാപങ്ങൾക്കും അക്രമങ്ങൾക്കുമെതിരെ അക്ഷരം കൊണ്ട് പോരാടുന്ന ഒരുപാട് പെൺകവികൾ ലോകം മുഴുവനുമുണ്ട്. യുദ്ധങ്ങൾ നിറഞ്ഞാടിയ പലസ്തീനിലെയും ഇറാഖിലെയും സിറിയയിലെയുമൊക്കെ കവയിത്രികൾ, തങ്ങളുടെ കവിതകളെയാണ് യുദ്ധത്തിനും ചോരയ്ക്കുമെതിരെ ഉയർത്തിപ്പിടിക്കുന്നത്. യുദ്ധത്തിനെതിരെ പേനകൊണ്ട് പടപരുതുന്ന ഇവരുടെ പ്രതിരോധവീര്യം കൊടുങ്കാറ്റു പോലെയാണ്. പെൺകവികളുടെ വാക്കുകൾക്ക് മൂർച്ച കൂടുതലുണ്ട്. സ്ത്രൈണരാഷ്ട്രീയത്തിന്റെ വിവിധ മുഖങ്ങൾ, തലങ്ങൾ, മാനങ്ങൾ ഇവരിലുണ്ട്. ഇരകളുടെയും വേട്ടക്കാരുടെയും അമ്മമാരുടെയും മുലകളിൽ ഒരേ രക്തം പകർന്ന ദൈവത്തെ പോലും ഇവർ ചോദ്യം ചെയ്യുന്നു. സ്ത്രീജീവിതത്തിനു ചുറ്റും രൂപപ്പെട്ടുവരുന്ന കറുത്ത ഗർത്തങ്ങളെ ക്കുറിച്ചെഴുതുമ്പോഴും എഴുത്തെന്ന സ്വാതന്ത്ര്യത്തിന്റെ ആനന്ദം ഇവരിലുണ്ട്.

ഞാൻ വായിച്ച ലോകങ്ങളെ അനുഭവിച്ച ജന്മങ്ങളെ മറ്റുള്ളവർക്കു കൂടി പകർന്നു നൽകാനുള്ള ആഗ്രഹമാണ് ഈ വിവർത്തനങ്ങൾക്കു പിന്നിലുള്ളത്. മറ്റേതോ കാലങ്ങളിൽ ആരൊക്കെയോ എനിക്കു മാത്രം വായിക്കാനായി അവശേഷിപ്പിച്ചുകടന്നുപോയവയെ കണ്ടെത്തണമെന്ന അത്യാഗ്രഹവും ഇതിനു പിന്നിലുണ്ട്.

'ഇലകളിലേക്കു വിവർത്തനം ചെയ്തെടുത്ത കവിതകൾ' എന്ന ലേഖനത്തിലെ ഭാഗങ്ങൾ.. ●

*(ഡോ.രോഷ്നി സ്വപ്ന തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിലെ അധ്യാപികയാണ്. )*




ശാസ്ത്രം



സീമ ശ്രീലയം

# കരയുന്നു കടലും

'ആരോഗ്യമുള്ള സമുദ്രങ്ങൾ, ആരോഗ്യമുള്ള ഗ്രഹം' എന്ന സന്ദേശവുമായാണ് ഇത്തവണ ലോക സമുദ്രദിനം കടന്നുപോയത്. എല്ലാ വർഷവും ജൂൺ എട്ട് ആണ് സമുദ്രദിനമായി ആചരിക്കുന്നത്. ഭൂമിയിൽ ആദ്യമായി ജീവൻ അങ്കുരിച്ചത് സമുദ്രത്തിലാണ്. സൂക്ഷ്മ പ്ലവകങ്ങൾ മുതൽ നീലത്തിമിംഗലം വരെ നീളുന്ന ജൈവവൈവിധ്യത്തിന്റെ കലവറയാണ് സമുദ്രങ്ങൾ. മനുഷ്യന്റെ ഭക്ഷണാവശ്യം നിറവേറ്റുന്നതിലും സമുദ്രങ്ങളുടെ പങ്ക് വലുതാണ്. കടൽത്തീരത്തൊരു സായാഹ്ന സവാരി നടത്തുപോൾ ലഭിക്കുന്ന മാനസികോല്ലാസവും ഒന്നു വേറെ തന്നെ. ഉപ്പും മറ്റ് രാസവസ്തുക്കളും സ്വർണ്ണവും രത്നങ്ങളും മുത്തുകളുമൊക്കെയുണ്ട് സമുദ്രത്തിൽ. നിലയ്ക്കാത്ത ഊർജസ്രോതസ്സ് കൂടിയാണ് സമുദ്രം. എന്നാൽ എല്ലാം ഏറ്റുവാങ്ങാൻ കരുത്തുണ്ടെന്നു കരുതുന്ന സമുദ്രങ്ങൾ ആഗോളതാപനത്തിന്റെയും മലിനീകരണത്തിന്റെയും അമിതചൂഷണത്തിന്റെയും നടുവിലാണിപ്പോൾ.സമുദ്രത്തിന്റെ ആരോഗ്യം തകരുമ്പോൾ നമ്മുടെ നിലനില്പ് തന്നെയാണ് പരുങ്ങലിലാവുന്നത്.

കാലാവസ്ഥാ നിയന്ത്രണത്തിൽ സമുദ്രങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. കടൽക്കാറ്റുകളും സമുദ്രജലപ്രവാഹങ്ങളുമൊക്കെ ആഗോള കാലാവസ്ഥയെ സ്വാധീനിക്കുന്നുണ്ട്. ആഗോളതാപനത്തിനു കാരണമാവുന്ന കാർബൺ ഡൈ ഓക്സൈഡിനെ വൻ തോതിൽ ആഗിരണം ചെയ്യുന്നുമുണ്ട് സമുദ്രങ്ങൾ. എന്നാൽ ഭൂമിക്ക് പൊള്ളിപ്പനിക്കുമ്പോൾ കടലിനും പൊള്ളുന്നുണ്ട്. ഇത് വാണിജ്യവാതങ്ങളെയും സമുദ്രജലപ്രവാഹങ്ങളെയും ദോഷകരമായി ബാധിക്കും. പൊള്ളുന്ന ചൂടിൽ ധ്രുവപ്രദേശങ്ങളിലെയും മഞ്ഞുപർവ്വതങ്ങളിലെയുമൊക്കെ മഞ്ഞുരുകുമ്പോൾ സമുദ്രജലനിരപ്പ് ഉയർന്നുകൊണ്ടേയിരിക്കുന്നു. കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്തു ചെയ്ത് അമ്ലമയമായിക്കൊണ്ടിരിക്കുകയാണ് സമുദ്രജലം. ആസ്ട്രേലിയയിലെ ഗ്രേറ്റ് ബാരിയർ റീഫ് അടക്കമുള്ള പവിഴപ്പുറ്റുകൾക്കും കടലിലെ മറ്റ് ആവാസവ്യവസ്ഥകൾക്കും വൻ ഭീഷണിയാണിത്.

അക്ഷരാർഥത്തിൽ കുപ്പത്തൊട്ടികളായി മാറിക്കൊണ്ടിരിക്കുകയാണ് സമുദ്രങ്ങൾ. ഓരോ ദിവസവും അത്രയധികം മാലിന്യങ്ങളാണ് കടലിലേക്ക് ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ വ്യാവസായിക മാലിന്യങ്ങളും നഗരമാലിന്യങ്ങളുമൊക്കെ ഉൾപ്പെടും. പത്തുമുതൽ ഇരുപത് മില്ല്യൻ ടൺ വരെ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് പ്രതിവർഷം സമുദ്രങ്ങളിലേക്ക് ഒഴുകിയെത്തുന്നതെന്ന് യു.എൻ.ഇ.പി യുടെ പഠനറിപ്പോർട്ട് അപായമണികൾ മുഴക്കുന്നു. പസഫിക് സമുദ്രത്തിൽ മാത്രം ഇരുന്നൂറിലധികം സ്പീഷിസ്സുകൾ പ്ലാസ്റ്റിക് മാലിന്യ ഭീഷണിയിലാണ്. ലെഡും കോൺക്രീറ്റും കൊണ്ടടച്ച പെട്ടികളിലാക്കി ആഴക്കടലിൽ തള്ളുന്ന ആണവമാലിന്യങ്ങളും മുങ്ങിപ്പോവുന്ന ആണവമുങ്ങിക്കപ്പലുകളും ഉയർത്തുന്ന ഭീഷണി വേറെ. താപവൈദ്യുത നിലയങ്ങളിൽ നിന്നൊഴുക്കിവിടുന്ന ചൂടുള്ള വെള്ളവും സമുദ്രജീവികൾക്ക് ഭീഷണിയാണ്. എണ്ണക്കപ്പലുകളിൽ നിന്നും മറ്റും ചോരുന്ന എണ്ണയും ഒരു പാടപോലെ സമുദ്രജലത്തിൽ തങ്ങി നിന്ന് വൻ മലിനീകരണപ്രശ്നമുണ്ടാക്കുന്നുണ്ട്.

സമുദ്രങ്ങളുടെ പ്രാധാന്യം, സമുദ്രങ്ങൾ നേരിടുന്ന വെല്ലുവിളികൾ, അമിതചൂഷണത്തിൽ നിന്നും സമുദ്രങ്ങളെ രക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ചൊക്കെ അന്താരാഷ്ട്രതലത്തിൽ അവബോധമുണ്ടാവുകയും ലോകരാജ്യങ്ങൾ സമുദ്രങ്ങളുടെ സംരക്ഷണത്തിനായി കൈകോർത്ത് പ്രവർത്തിക്കുകയും ചെയ്താലേ ഇനി രക്ഷയുള്ളൂ. നമ്മുടെയും വരും തലമുറകളുടെയും നിലനില്പിന് ഇത് അത്യാവശ്യമാണ്.

# വിവർത്തനവും ലിംഗപരതയും

എഴുത്തുകാരുടെ ലൈംഗികസത്തയിലൂടെ ഉരുത്തിരിയുന്നതാണ് ഓരോ രചനയും. വായനയും ഇത്തരത്തിലാണ്. സി എസ് ചന്ദ്രികയുടെ 'റ്ററ്റുള' എന്ന കഥ വിവർത്തനം ചെയ്യുമ്പോൾ സ്ത്രീ, ഉദ്യോഗസ്ഥ, അമ്മ, ഭാര്യ, കുടുംബിനി എന്നീ പല ലിംഗാധിഷ്ഠിതറോളുകൾ വഹിക്കുന്ന കഥാപാത്രത്തിന്റെ മാനസ്സികപിരിമുറുക്കം തിരിച്ചറിയാനും തന്മയീഭാവത്തിലെത്താനും പ്രാപ്തയാക്കി. എന്നാൽ നാരായന്റെ *കൊച്ചരേത്തി* പരിഭാഷപ്പെടുത്തിയപ്പോൾ ലിംഗാധിഷ്ഠിതാവബോധം തടസ്സപ്പെടുത്തിയ സന്ദർഭങ്ങളുമുണ്ടായി. ഭർത്താവ് കൊച്ചുരാമനെക്കുറിച്ചോർക്കുന്ന കുഞ്ഞിപ്പെണ്ണിന്റെ ചിന്തകൾ കഥാകൃത്ത് വിവരിക്കുന്നതിങ്ങനെ: ചിലപ്പോഴൊക്കെ പെരുമാറ്റം പരുക്കനാവും. "കഴുത്തിൽ ചരടു കെട്ടിയവന്റെ ചീത്തകേൾക്കാത്ത, തല്ലു കൊള്ളാത്ത പെണ്ണേതാണ്?"( പു. 60) എനിക്ക് തീരെ ഉൾക്കൊള്ളാനാവാത്ത വീക്ഷണം. ശരിയാണ്. ലളിതമായ ഭാഷ. കണ്ണും പൂട്ടി വിവർത്തനം ചെയ്യാം. പക്ഷേ നെഗറ്റീവ് മൈൻഡ് വന്നു കഴിഞ്ഞാൽ അത് വിവർത്തനത്തെ മുഴുവൻ ബാധിക്കും. ഒരു മാർഗ്ഗമേയുള്ളു. മൂലകൃതിയെ സ്വാധീനിച്ച ലിംഗ, ഗോത്ര,സാമൂഹിക, സാംസ്കാരിക പശ്ചാത്തലത്തിൽ ഫോക്കസ് ചെയ്ത് വിവർത്തനം ചെയ്യുക. മൂലകൃതി അക്കരെയെത്തിക്കുക എന്ന കർമ്മം ഭംഗിയായി നിർവ്വഹിക്കുക. ●

*(ഡോ. കാതറിൻ തങ്കമ്മ എറണാകുളം സെന്റ് തെരേസാസ് കോളേജിലെ അധ്യാപികയായിരുന്നു.)*



**കാതറിൻ തങ്കമ്മ**


# സാഹിത്യ ക്യാമ്പ്

2015 ആഗസ്റ്റ് 21, 22 തീയതികളിൽ സംഘടിതയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് വെച്ച് സാഹിത്യക്യാമ്പ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന 30 സ്ത്രീകൾക്കു വേണ്ടി സംഘടിപ്പിക്കുന്ന ക്യാമ്പിൽ മലയാളത്തിലെ പ്രമുഖ എഴുത്തുകാരുമായുള്ള ചർച്ചകളും സംവാദങ്ങളുമാണ് ഉദ്ദേശിക്കുന്നത്. താല്പര്യമുള്ളവർ അവരുടെ ഒരു സൃഷ്ടി (പ്രസിദ്ധീകരിച്ചതോ അല്ലാത്തതോ) ബയോഡാറ്റയും ഫോട്ടോയും സഹിതം ജൂലൈ 30നു മുമ്പ് താഴെ കാണുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. പ്രായപരിധി 18 വയസ്സ് മുതൽ 45 വയസ്സ് വരെ.

**9495230146**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി,

കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com





Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# അസംഘടിതമേഖല തൊഴിലാളി യൂണിയൻ കേരള (AMTU)

അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ (കേരള)യുടെ സംസ്ഥാന കൺവെൻഷൻ **28-06-2015 ന് കോഴിക്കോട് ശിക്ഷക് സദനിൽ** നടന്നു. ഹോസ്പിറ്റൽ, ഹോട്ടൽ, പുസ്തകശാല, അച്ചാർകമ്പനി, വർക്ക്ഷോപ്പ്, തട്ടുകട, ടെക്സ്റ്റൈൽ എന്നിവിടങ്ങളിലെ ജീവനക്കാർ, ഖരമാലിന്യ പ്രവർത്തകർ, വീട്ടുജോലിക്കാർ, തയ്യൽ തൊഴിലാളികൾ, മൊബൈൽ ഫോൺ ജീവനക്കാർ, കുടുംബശ്രീ യു.പി.എ. കമ്മ്യൂണിറ്റി ഓർഗനൈസർമാർ തുടങ്ങി പല മേഖലകളിൽ നിന്നും നൂറിലേറെ തൊഴിലാളികൾ കൺവെൻഷനിൽ പങ്കെടുത്തു. പ്രമുഖ സാമൂഹ്യപ്രവർത്തകയായ കെ. അജിതയാണ് ഉദ്ഘാടനം ചെയ്തത്.

അസംഘടിതമേഖലയിൽ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളിൽ ഭൂരിപക്ഷം സ്ത്രീകളാണ്. ഇവർ കുടുംബത്തിലും പൊതുഇടങ്ങളിലും തൊഴിലിടങ്ങളിലും ഒരുപോലെ ലിംഗപരമായ ചൂഷണം അനുഭവിക്കുന്നവരാണ്. ഈ മേഖലയിൽ ഭൂരിപക്ഷം വരുന്ന തൊഴിലാളികളെ മനുഷ്യരായി പരിഗണിക്കുകയോ തൊഴിലാളിയായിട്ട് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് കൺവെൻഷനിൽ പ്രധാനമായി ഉയർന്നുവന്ന ആവശ്യം.

1. പല മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുക
2. ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള അവകാശം
3. മണിക്കൂറുകൾ നിജപ്പെടുത്തി അധികം ചെയ്യുന്ന ജോലിക്ക് ഓവർടൈം വേതനം നിർബന്ധമാക്കുക
4. മിനിമം വേതനം നിർബന്ധമായി തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
5. കുടുംബശ്രീ യു.പി.എ.കമ്മ്യൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്തി സർക്കാർ വാക്ക് പാലിക്കുക

എന്നീ ആവശ്യങ്ങളും കൺവെൻഷനിൽ ഉയർന്നുവന്നു.

യോഗത്തിൽ ലതിക.എം, പി.വിജി., ഷീന.എം.പി., ഷൈല ചാക്കോ, അഡ്വ: അണിമ, കബനി, പി.ടി. ഹരിദാസ് എന്നിവർ പങ്കെടുത്തു സംസാരിച്ചു. യോഗത്തിൽ സംസ്ഥാന കമ്മിറ്റിയുടെയും പല ജില്ലാകമ്മിറ്റികളുടെയും ഭാരവാഹികളെ തിരഞ്ഞെടുത്തു.

സംസ്ഥാന പ്രസിഡണ്ടായി ഷീന. എം.പി.യെയും, സംസ്ഥാന സെക്രട്ടറിയായി പി. വിജിയെയും, ജില്ലാ പ്രസിഡണ്ടായി ഷൈല ചാക്കോയെയും, ജില്ലാ സെക്രട്ടറിയായി എം. ലതികയെയും യോഗം തെരഞ്ഞെടുത്തു.






Arab Women Stories
40
അറബി
പെൺ
കഥകൾ
K 315
QUD/A


Arab
Women
Stories
40
അറബി
പെൺ
കഥകൾ
ഇരുട്ടുമറയിൽ അകപ്പെട്ട സ്ത്രീജീവിതങ്ങളുടെ ആത്മസംഘർഷങ്ങളെ തൊട്ടറിഞ്ഞ് പുരുഷാധികാരത്തെ എഴുത്തുകൊണ്ട് നേരിട്ട അറബ് എഴുത്തുകാരികളുടെ വിപ്ലവാത്മകമായ കഥകൾ.
ചരിത്രത്തെയും മിത്തുകളെയും ചേർത്തുവെച്ച് വർത്തമാനകാല രാഷ്ട്രീയ അധികാരങ്ങളെ ചോദ്യംചെയ്തുകൊണ്ട് സ്ത്രീ അനുഭവിക്കേണ്ട സ്വാതന്ത്ര്യത്തെക്കുറിച്ച് ധൈര്യം ചോർന്നുപോകാതെ ഇടപെടുകയാണ് ഈ എഴുത്തുകാരികൾ തങ്ങളുടെ കഥകളിലൂടെ.
ഈജിപ്ത് ,ലബനോൺ, ഇറാഖ്, പലസ്തീൻ, ജോർദാൻ, സിറിയ, സഊദി അറേബ്യ, യു. എ. ഇ, ബഹറൈൻ, ഒമാൻ, കുവൈത്ത്, യമൻ, അൾജീരിയ, ലിബിയ, സുഡാൻ, മൊറോക്കൊ എന്നീ രാജ്യങ്ങളിലെ നാല്പതോളം കരുത്താർന്ന കഥകളുടെ സമാഹാരം.
പരിഭാഷ: എസ്. എ. ഖുദ്സി
Malayalam
Arabi Pen Kathakal
S. A. Qudsi
വില ₹ 260
ഒലിവ്
കഥ
2013 September • www.olivepublications.com
ISBN 978-93-82934-43-1
two hundred sixty rupees
Cover Design: Anil Vega

Cartoon


8
MARCH
9 :
MARCH !!!
TOMAS-13